# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ4, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 4, വെള്ളി

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. പാലോട് രവി**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...60

**II ചട്ടം 64 പ്രകാരമുള്ള പ്രസ്താവന**

ശ്രീ. കെ. എം. മാണി ...404

**III ക്രമപ്രശ്നം**

രാജിവച്ച മന്ത്രിയുടെ പ്രസ്താവന

**റൂളിംഗ്**

മി. സ്പീക്കർ ...406

**ചട്ടം 64 പ്രകാരമുള്ള പ്രസ്താവന - (തുടർച്ച)**

**IV അടിയന്തരപ്രമേയം**

കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി ...408

(അവതരണാനുമതി നിഷേധിച്ചു )

**V ശ്രദ്ധ ക്ഷണിക്കൽ**

(1) ഭിന്നശേഷിക്കാരുടെ പുനരധിവാസം— ...423

ശ്രീ. സി. മോയിൻകുട്ടി

(2) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി—

ശ്രീ. സാജു പോൾ ...428

**VI സബ്മിഷൻ**

തൊഴിൽ വകുപ്പുമന്ത്രി സഭയിൽ നടത്തിയ വെളിപ്പെടുത്തൽ—
പ്രതിപക്ഷ നേതാവ് ( ശ്രീ. വി. എസ്. അച്യുതാനന്ദൻ ) ...434

**VII മേശപ്പുറത്തുവച്ച കടലാസുകൾ** ...438

പേജ്

**VIII റിപ്പോർട്ട് സമർപ്പണം**

**IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് ...442

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ ...442

(i) 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ—

ശ്രീ. ടി. എൻ. പ്രതാപൻ ...442

ചർച്ച തുടരും ...

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 4, വെള്ളി*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2015 ഡിസംബർ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u> : യെസ്.....പ്ലീസ്...പ്ലീസ്.......ഓർഡർ............ഓർഡർ........ചോദ്യം നമ്പർ 121, ശ്രീ. പി. ശ്രീരാമകൃഷ്ണൻ,......(ബഹളം)....... ബഹുമാനപ്പെട്ട അംഗം ചോദ്യം ചോദിക്കുന്നുണ്ടോ? .......(ബഹളം).......രാവിലെതന്നെ തുടങ്ങണോ? സഭാസമ്മേളനം തുടങ്ങിയതല്ലേയുള്ളു ...........ചോദ്യം നമ്പർ 121.......ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി .......

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം

1 (*121) ശ്രീ പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. എം. എ. ബേബി:
ഡോ. ടി. എം. തോമസ് ഐസക്:
ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾക്ക് പണം നൽകാൻ നിർദ്ദേശം നൽകാറുണ്ടോ;

(ബി) പ്രധാനപ്പെട്ട ഏതെല്ലാം കാര്യങ്ങൾക്കാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നിർദ്ദേശം നൽകുന്നതിനു മുമ്പ് പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്താറുണ്ടായിരുന്നുവോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ,

(എ&ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യമായതിനാൽ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയെ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അംഗൻവാടി പോഷകാഹാര വിതരണം, എസ്.എസ്.എ., ആർ.എം.എസ്.എ., പാലയേറ്റീവ് കെയർ പ്രോജക്ടുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകൽ, ഐ.എ.വൈ അധികവിഹിതം നൽകൽ, പൊതുശ്മശാനവും അറവുശാലകളും ഇല്ലാത്തയിടങ്ങളിൽ അവ സ്ഥാപിക്കുന്നതിനുള്ള വിഹിതം, കിലയെ കൽപ്പിത സർവ്വകലാശാലയായി ഉയർത്തുന്നതിന് കില കോർപ്പസ് ഫണ്ടിലേക്കുള്ള വിഹിതം, കേരളോത്സവങ്ങൾ, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി.), ജലനിധിക്കുള്ള വിഹിതം, സാമൂഹ്യ സുരക്ഷാമിഷൻ തുടങ്ങിയ ഒട്ടേറെ കേന്ദ്രസംസ്ഥാന സർക്കാർ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ...അവർക്ക് ലഭിക്കുന്ന

ബഡ്ജറ്റ് വിഹിതത്തിൽ നിന്നുൾപ്പെടെ വിഹിതം മാറ്റിവയ്ക്കാൻ നിർദ്ദേശം നൽകാറുണ്ട്.

(സി&ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലം കൂടി അവലോകനം ചെയ്താണ് കാലാകാലങ്ങളിൽ നൽകുന്നത്. അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനമെടുത്തത് അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശിക ആസൂത്രണത്തിന്റെയും ഏറ്റവും ശക്തമായ നീക്കങ്ങളിൽ ഒന്നായിരുന്നു. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വലിയ തോതിൽ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. 2013-14-ൽ 23 ശതമാനവും 2014-15-ൽ 23.5 ശതമാനവും പദ്ധതിവിഹിതം മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 40 ശതമാനം പദ്ധതിവിഹിതം കൊടുക്കാൻ തീരുമാനിച്ചതിൽനിന്നും പുറകോട്ടു പോകാൻ രാഷ്ട്രീയ തീരുമാനമെന്തെങ്കിലും സർക്കാർ എടുത്തിട്ടുണ്ടോ; 40 ശതമാനം പദ്ധതി വിഹിതം ലഭിച്ചു എന്ന് ഉറപ്പു വരുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഡോ. എം. കെ. മുനീർ</u> : സർ, 40 ശതമാനം പദ്ധതിവിഹിതം എന്നു പറയുമ്പോഴും, 2006-07 കാലഘട്ടം മുതൽ എടുത്തുനോക്കിക്കഴിഞ്ഞാൽ പദ്ധതിവിഹിതം കൃത്യമായി ഒരു കാലഘട്ടത്തിലും ചെലവായിട്ടില്ല എന്ന് മനസ്സിലാകുന്നതാണ്. 40 ശതമാനം തുക കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ചെലവായിട്ടില്ല. 25 ശതമാനം മാത്രമേ ചെലവായിട്ടുള്ളൂ. മാത്രമല്ല, പ്ലാൻ ഫണ്ട് എന്നു പറഞ്ഞാൽ പ്ലാനിന്റെ തുക മുഴുവൻ ഇതിൽ വരണം. പക്ഷേ, പ്ലാൻ ഫണ്ടിന്റെ കൂടെ ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റും വേൾഡ് ബാങ്ക് തുകയും കൂടി ഒരുമിച്ച് ചേർക്കാൻ തീരുമാനിക്കുകയും പ്ലാൻ ഫണ്ടിന്റെ പേരുതന്നെ ഡവലപ്മെന്റ് ഫണ്ട് എന്നാക്കി മാറ്റുകയും ചെയ്തതിന്റെ ഫലമായി നമുക്ക് പ്ലാൻ ഫണ്ടിൽ നിന്നും കൊടുക്കുന്ന വിഹിതം കുറയുകയാണ് ചെയ്തിട്ടുള്ളത്. ഫിനാൻസ് കമ്മീഷന്റെ റെക്കമെന്റേഷൻസ് വരുന്നെന്ന് കേൾക്കുന്നു. അപ്പോൾ ഇതുരണ്ടും മാറ്റാം. രണ്ടും മാറ്റിക്കഴിഞ്ഞാൽ കൂടുതൽ വിഹിതം പ്ലാൻ ഫണ്ടായിത്തന്നെ കൊടുക്കാൻ സാധിക്കും. പ്ലാൻ ഫണ്ട്

വിഹിതം ഇവിടെ വെട്ടിക്കുറച്ചിട്ടില്ല. സാധാരണ രീതിയിൽ കൊടുക്കുന്ന എല്ലാ ഫണ്ടും ഇപ്പോൾ വയ്ക്കുന്നുണ്ട്. മാത്രമല്ല, 2006-11 കാലഘട്ടത്തിൽ 10,760 കോടി രൂപയാണ് കൊടുത്തിട്ടുള്ളതെങ്കിൽ ഈ വർഷം 24,950 കോടി രൂപ നമുക്ക് ആകെ വികസന ഫണ്ടും മെയിന്റനൻസ് ഫണ്ടുമായി കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ 40 ശതമാനം പദ്ധതി വിഹിതം പ്രായോഗികമാക്കാൻ കഴിയുന്നില്ല എന്ന് അദ്ദേഹം സമ്മതിച്ചിരിക്കുകയാണ്. അദ്ദേഹം ഇവിടെ എഴുതിത്തന്ന മറുപടിയിൽ വിവിധ പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന ഗവൺമെന്റ് പണം നല്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കിയത്. അതിലൊന്നാണ് സാമൂഹ്യ സുരക്ഷാ മിഷൻ. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഏതാണ്ട് 50 കോടിരൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുത്തത്. അതിൽ മിഷൻ വഴി നടപ്പിലാക്കുന്ന ആശ്വാസ കിരണം, താലോലം, സ്നേഹസ്പർശം തുടങ്ങിയ വിവിധ തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ഈ പദ്ധതികൾക്കൊന്നും ഇപ്പോൾ ആവശ്യമായ ധനസഹായം കൊടുക്കാൻ കഴിയാത്ത സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമൂഹ്യ സുരക്ഷാമിഷനുവേണ്ടി പിരിച്ചെടുത്തിട്ടുള്ള തുക എങ്ങനെ വിനിയോഗിച്ചെന്ന് കൃത്യമായി സഭയിൽ പറയാൻ സാധിക്കുമോ?

ഡോ. എം. കെ. മുനീർ : സർ, 40 ശതമാനം തുക കൊടുക്കാൻ പറ്റില്ല എന്നല്ല ഞാൻ പറഞ്ഞത്. കാലാകാലങ്ങളിൽ 40 ശതമാനം പദ്ധതി വിഹിതം ഇതുവരെ എത്തിച്ചിട്ടില്ല എന്നാണ്. ഞങ്ങൾ അത് 40 ശതമാനത്തിൽ എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. 40 ശതമാനം തന്നെ കൊടുക്കണം. അത് പ്രായോഗികമാക്കുന്നതിനുവേണ്ടിയുള്ള നടപടി എന്ന നിലയ്ക്കാണ് ഇപ്പോൾ കൂട്ടി ചേർത്തിട്ടുള്ള ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റും വേൾഡ് ബാങ്ക് ഗ്രാന്റും മാറ്റി വച്ചുകൊണ്ട് ആ ഗ്യാപിലുള്ള ഫണ്ടുകൂടി പ്ലാൻ ഫണ്ടിൽ നിന്നും കൊടുക്കുവാനുള്ള നടപടികൾ എടുക്കാൻ പോകുന്നത്.

രണ്ടാമതായി, സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും പണം വേണമെന്ന് നിർബന്ധമായി പറഞ്ഞിട്ടുള്ളതല്ല. വൈകല്യമുള്ള ആളുകൾക്കും പ്രായമുള്ള ആളുകൾക്കും കൊടുക്കാനായി 5 ശതമാനം ഫണ്ടുണ്ട്. കുറഞ്ഞത് 5 ശതമാനമാണ്, ആ തുക എത്രവരെ വേണമെങ്കിലും പോകാം. അത് ചെയ്യുമ്പോൾ നിങ്ങൾക്ക് കുറച്ച് പ്രോജക്ട്സ് ഉണ്ടെന്നു പറഞ്ഞതുകൊണ്ട് നമ്മൾ പ്രോജക്ട്സ് വച്ചതാണ്. ആ പ്രോജക്ടിൽ എല്ലാ പഞ്ചായത്തും തുക വയ്ക്കുകയാണെങ്കിൽ 70 കോടിയോളം രൂപ ലഭിക്കുന്നതാണ്.

പക്ഷേ, എല്ലാ പഞ്ചായത്തും വയ്ക്കുന്നില്ല, പറ്റുന്നവർ വയ്ക്കുന്നു. പക്ഷേ, സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾക്ക് ഒരു തടസ്സവും ഇപ്പോൾ ഇതിന്റെ പേരിൽ ഉണ്ടായിട്ടില്ല. കാരണം അതിന് ബഡ്ജറ്റ് പ്രൊവിഷനുണ്ട്. ഓരോ എം.എൽ.എ.-മാരും മുൻകയ്യെടുത്തുകൊണ്ട് 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം ഓരോ സ്കൂളിലെയും ഹെഡ്മിസ്ട്രസ് വഴി സബ്മിറ്റ് ചെയ്യുന്ന മുറയ്ക്ക് ഗ്രാന്റ് വിതരണം ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, അരൂർ എം.എൽ.എ. 'സ്നേഹപൂർവ്വം' പദ്ധതി കൃത്യമായി ഇനിഷ്യേറ്റ് ചെയ്ത് എല്ലാ സ്കൂളിൽ നിന്നും ലിസ്റ്റ് എടുത്തതിന്റെ പേരിൽ അവർക്ക് മുഴുവൻ ഗ്രാന്റും കിട്ടുന്നുണ്ട്. ഇങ്ങനെ എം.എൽ.എ-മാർ മുൻകയ്യെടുക്കുന്ന സ്ഥലങ്ങളിലെല്ലാം കിട്ടുന്നുണ്ട്. ഓരോ വർഷവും നൂറ് ശതമാനം തുക എത്ര പഞ്ചായത്തുകൾ ചെലവഴിക്കുന്നു എന്നാണ് ആദ്യം നോക്കേണ്ടത്. അതിൽ നിന്നും എന്തെങ്കിലും മിച്ചം വരുന്നുണ്ടെങ്കിൽ അത് സാമൂഹ്യ സുരക്ഷാ മിഷനിൽ കൊടുക്കുന്നതുവഴി പാവപ്പെട്ട ആളുകൾക്ക് കേൾക്കാനും സംസാരിക്കാനുമുള്ള സാഹചര്യമുണ്ടാകുകയാണെങ്കിൽ അതിനെ എന്തിനാണ് നിങ്ങൾ എതിർക്കുന്നത്?

മി. സ്പീക്കർ : യെസ്, ...പ്ലീസ്....പ്ലീസ്.....ശ്രീ. എം. എ. ബേബി, നോട്ട് ഇൻ ദി സീറ്റ്.

ഡോ. ടി. എം. തോമസ് ഐസക്കിനുവേണ്ടി പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നും മറ്റു സ്കീമുകളിലേക്ക് പണം നൽകേണ്ടിവരുന്നു എന്ന് അങ്ങ് സൂചിപ്പിച്ചു. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും പഞ്ചായത്തിന്റെ തനതായ ഉപയോഗത്തിനുള്ള പദ്ധതി വിഹിതം കുറയുകയാണ് ചെയ്യുന്നത്. അങ്ങനെ വരുന്ന സാഹചര്യത്തിൽ ഇതിനൊരു പ്രതിവിധിയെന്ന നിലയിൽ ഭാവിയിൽ പഞ്ചായത്തുകളെ സാമ്പത്തികമായി ശാക്തീകരിക്കാനുള്ള ഏകവഴി എന്നുപറയുന്നത് മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ഫിനാൻഷ്യൽ ഇന്റഗ്രേഷനാണ്. ഞാൻ എന്റെ മണ്ഡലത്തിൽ പദ്ധതി വിഹിതത്തിന്റെ ശാക്തീകരണത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഇത്തരത്തിൽ ശ്രമിക്കുമ്പോൾ വ്യത്യസ്ത സോഴ്സുകളിൽ നിന്നുള്ള വ്യത്യസ്ത സമ്പത്തിന് വ്യത്യസ്തമായ നോംസാണുള്ളത്. ഇത് പഞ്ചായത്തിൽ ഇന്റഗ്രേറ്റ് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് ഫിനാൻഷ്യൽ ഇന്റഗ്രേഷനിലൂടെയുള്ള സാമ്പത്തിക ശാക്തീകരണത്തിനു തടസ്സം വരുന്നു. ഇതിനു പകരമായി തനതായ രീതിയിൽ ഇത് ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പഞ്ചായത്ത് പദ്ധതി രൂപീകരണം വഴി പുതിയത് രൂപപ്പെടുത്താൻ ശ്രമിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, തീർച്ചയായും. ഇതിനാണ് നാം ശ്രമിച്ചു

കൊണ്ടിരിക്കുന്നത്. അതായത് എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് തുടങ്ങി വിവിധ ഫണ്ടുകളുണ്ട്. ഇതിനായി രണ്ട് ജി.ഒ.-കൾ ഇറക്കിക്കഴിഞ്ഞു. ഉദാഹരണത്തിന് നോൺ റോഡ് ഫണ്ട്, എം.എൽ.എ. ഫണ്ട്, സോഷ്യൽ ജസ്റ്റിസ് ഫണ്ട് എന്നിവയുപയോഗിച്ച് ക്ലസ്റ്റർ രൂപത്തിൽ അംഗൻവാടികളുണ്ടാക്കാം. മോട്ടോറൈസ്ഡ് വെഹിക്കിൾ കൊടുക്കണമെങ്കിൽ അതിനായി മറ്റൊരു ജി.ഒ. ഇറക്കിയിട്ടുണ്ട്. അതിലും അസറ്റ് ഫണ്ട് ഉപയോഗിക്കാം.

പ്രൊഫ. സി. രവീന്ദ്രനാഥ്: .........(മൈക്ക് ഓഫ്)...........

ഡോ. എം. കെ. മുനീർ: സർ,.... അതില്ല. അതിനെ ഇന്റഗ്രേറ്റ് ചെയ്യുന്നതിനു വേണ്ടിയാണ് രണ്ട് സ്പെഷ്യൽ ജി.ഒ.-കൾ ഇറക്കിയിട്ടുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ...... അങ്ങ് അവിടെത്തന്നെ അങ്ങോട്ടും ഇങ്ങോട്ടും മറുപടി പറഞ്ഞാൽ ..........

ഡോ. എം. കെ. മുനീർ: സർ, അറിയാതെ സംഭവിച്ചുപോയതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചോദിക്കുന്ന ചോദ്യത്തിന് മറുപടി പറയണം. പ്ലീസ്.....

ഡോ. എം. കെ. മുനീർ: സർ, ഇന്റഗ്രേഷൻ എന്നത് നല്ലൊരു തത്വമാണ്. മാത്രമല്ല, ഇപ്പോൾ പ്രധാനമായും കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്നുപറയുന്നത് എസ്.എസ്.എ., ആർ.എം.എസ്.എ. എന്നിവയാണ്. എസ്.എസ്.എ.-ക്ക് പണം കൊടുക്കാൻ തുടങ്ങിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമല്ല, പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി അന്നുമുതൽ എസ്.എസ്.എ. ഫണ്ട് കൊടുക്കാൻ തുടങ്ങിയിട്ടുള്ളതാണ്. അതുപോലെ ആർ.എം.എസ്.എ.-യിലെ ഒരു ഡയറക്ഷൻ എന്നുപറയുന്നത് ജില്ലാ പഞ്ചായത്തുകൾ അതിന്റെ കോൺട്രിബ്യൂഷൻ കൊടുക്കണമെന്നുള്ളതാണ്. അല്ലാത്തതൊക്കെ പഞ്ചായത്തുകൾക്ക് താൽപ്പര്യമുണ്ടെങ്കിൽ ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്; നിർബന്ധമായി ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. മാത്രമല്ല, പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമാക്കി, പാവപ്പെട്ടവർക്ക് കൊടുക്കാനുള്ള സെക്ടറിൽനിന്നും, 5 ശതമാനത്തിൽനിന്നും കൊടുക്കണമെങ്കിൽ കൊടുക്കാമെന്നാണ്. പക്ഷേ എല്ലാ പഞ്ചായത്തുകളും ചെയ്യാത്തതിന്റെ പേരിൽ അത്രയും ഫണ്ട് ഇപ്പോഴും പിരിക്കാൻ കഴിയുന്നില്ല.

ശ്രീമതി കെ. കെ. ലതിക: സർ, ഇന്റഗ്രേഷന്റെ പ്രശ്നം കാരണം വീൽചെയർ കൊടുക്കണമെന്നാവശ്യപ്പെട്ടിട്ട് ഇതുവരെ പ്രാവർത്തികമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മുമ്പ് പഞ്ചായത്തുകൾ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച പണം

ഇപ്പോൾ കോമൺ അക്കൗണ്ടിലേക്ക് വന്നതോടുകൂടി പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെയാകെ ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളോടൊപ്പം സ്പിൽ ഓവർ വർക്കിന് പണം ചെലവഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. പഞ്ചായത്തിന്റെ അക്കൗണ്ട് സീറോ ബാലൻസ് അക്കൗണ്ടാക്കാൻ നിർദ്ദേശം നൽകിയതിലൂടെ അത്യാവശ്യ ചെലവുകൾ നടത്തുന്നതിനുപോലും പഞ്ചായത്തുകൾക്ക് പ്രയാസം നേരിടുന്നു. ഗ്രാമ പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന ലഭിക്കുന്ന പദ്ധതി വികസനപ്രവർത്തനത്തിന് പഞ്ചായത്തിന്റെ അക്കൗണ്ടിൽ പണം ഉണ്ടെങ്കിൽ അത് മാറ്റാൻ കഴിയുന്നില്ല. ഐ.കെ.എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിന്റെ പ്രശ്നമാണെന്നാണ് സർക്കാർ പറയുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാൻ അതിലൂടെയാണ് കഴിയുന്നത്.

ഡോ. എം. കെ. മുനീർ: സർ, Good Finance Management യഥാർത്ഥത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിൽക്കുമ്പോൾ മാത്രമാണ് അത് ഗുഡ് ഫിനാൻസായി മാറുന്നത്. ട്രഷറി അക്കൗണ്ടിലേക്ക്, അതായത് പബ്ലിക് അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചുകഴിഞ്ഞാൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം പണം ചെലവായി എന്നാണ്. അപ്പോൾ ഗവൺമെന്റിന് അതൊരു ലയബിലിറ്റിയായി മാറുകയും public borrowing അടക്കമുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയാതെ വരികയും ചെയ്യും. ഫിനാൻഷ്യലായി പറയുമ്പോൾ ഗുഡ് മാനേജ്മെന്റ് അല്ലാത്ത രീതിയിൽ നടന്നതിനെ കുറച്ച് സിസ്റ്റമാറ്റിക്കാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ നിർത്തുക എന്നുള്ള തീരുമാനം ഒരു തരത്തിലും നമ്മളെ ബാധിക്കാത്ത വിഷയമാണ്. ഉദാഹരണത്തിന്, മുമ്പ് ഓരോ മാസത്തിലുമാണ് ഫണ്ട് റിലീസ് ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ നാലുമാസത്തേക്കുള്ളത് മൂന്നുഗഡു ആയിട്ടാണ് കൊടുക്കുന്നത്. അതിന്റെ അർത്ഥം മാർച്ച്, ഏപ്രിൽ മാസമാകുമ്പോഴേക്കും വരാനിരിക്കുന്ന നാലു മാസത്തേക്കുള്ള ഫണ്ട് ആദ്യമേ കൊടുക്കുകയാണ്. അങ്ങനെ രണ്ട് ഗഡുക്കൾ കൊടുത്തുകഴിഞ്ഞാൽ അതിന്റെ അർത്ഥം 8 മാസത്തേത് കൊടുത്തു കഴിഞ്ഞുവെന്നാണ്. ഡിസംബർ മാസം ആകുമ്പോഴേക്കും അടുത്ത ഗഡുവും കൊടുത്തു കഴിഞ്ഞാൽ, സാധാരണ മാർച്ചുമാസം ട്രഷറിയുടെ മുമ്പിൽ കാത്തു നിൽക്കുന്ന അവസ്ഥമാറി ഡിസംബർ അവസാനത്തോടുകൂടി അവർക്ക് 12 ഗഡുക്കളും കിട്ടുന്ന സ്ഥിതിയുണ്ടാവുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ് വേൾഡ് ബാങ്ക് ഫണ്ടും ഫിനാൻസ് കമ്മീഷൻ ഫണ്ടും കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ ആ രണ്ട് ഫണ്ടും റിലീസ് ചെയ്തുകൊണ്ടുള്ള ഓർഡർ കഴിഞ്ഞദിവസം ധനകാര്യ വകുപ്പ് ഇറക്കിയിരിക്കുന്നു. അതിന്റെ അർത്ഥം

500 കോടി രൂപ  എക്സ്ട്രാ കിട്ടിയിരിക്കുന്നു എന്നാണ്. അപ്പോൾ പണമില്ലാത്തതിന്റെ പേരിലല്ല, ഇപ്പോൾത്തന്നെ ഇഷ്ടംപോലെ പണം ചെലവഴിക്കാനുണ്ട്. അത് കൃത്യമായി ചെലവഴിച്ച് ബിൽ ഹാജരാക്കിയാൽ അപ്പോൾത്തന്നെ ബില്ലുമാറുന്ന പുതിയ സിസ്റ്റം അവർക്ക് ഗുണകരമാണ്. അങ്ങ് പഞ്ചായത്തുകളോട് ചോദിച്ചാൽ  കൂടുതൽ വ്യക്തമായി അവർ  പറഞ്ഞുതരും.

ശ്രീ. അൻവർ സാദത്ത്: സർ, ഫണ്ട് ചെലവഴിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ നമ്മുടെ ഗ്രാമങ്ങളിൽ വീട് പണിതുകൊടുക്കുവാൻ വേണ്ടത്ര രീതിയിൽ ഫണ്ടുപയോഗിക്കാൻ പലപ്പോഴും പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. പല ആളുകൾക്കും സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത അവസ്ഥയുണ്ട്. വീട് ലഭിക്കാൻ അർഹതയുള്ള പല ആളുകളും പഞ്ചായത്ത് പ്രസിഡന്റുമാരേയും എം.എൽ.എ.-മാരേയും ഈ ആവശ്യവുമായി സമീപിക്കാറുണ്ട്. ഗ്രാമപ്രദേശങ്ങളിൽ വീട് പണിയുന്നതിനുവേണ്ടി കൂടുതൽ ഫണ്ട് വകയിരുത്തുവാൻ ഈ ഗവൺമെന്റിന് സാധിക്കുമോ ?

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്തുകൾക്ക് വീടുകൾ വയ്ക്കുന്നതിനു വേണ്ടി സ്കീമുണ്ടാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അവർക്ക് റീ-പേമെന്റിനുള്ള കപ്പാസിറ്റിയുണ്ടോയെന്ന് ഫിനാൻസ് വിംഗ് പരിശോധിച്ച് പറഞ്ഞുകഴിഞ്ഞാൽ അവർക്ക് സ്കീം വയ്ക്കാവുന്നതാണ്.  പ്രൊഫ. സി. രവീന്ദ്രനാഥ് സൂചിപ്പിച്ചതുപോലെ ഈ രംഗത്തും ഒരു ഇന്റഗ്രേഷൻ നടത്താൻ കഴിയുമോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.  ഇവിടെ ഫിഷറീസ്, ന്യൂനപക്ഷ ക്ഷേമവകുപ്പ്, ഹൗസിംഗ് ബോർഡ്, ഐ.എ.വൈ. എന്നിവയുടെ  പദ്ധതികളുണ്ട്. ഇതെല്ലാംകൂടി പൂൾ ചെയ്തശേഷം പഞ്ചായത്തുകളിൽ സ്ഥലമുള്ളിടത്തൊക്കെ വീടുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു സമഗ്ര പാർപ്പിട പദ്ധതി കൊണ്ടുവരുന്നതിനെ കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് തമിഴ്നാട്ടിൽ പോയി അവർ വീട്  വയ്ക്കുന്നതിന്റെ  മാതൃക നോക്കിവന്നിട്ടുണ്ട്. അത് പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. അത് വന്നുകഴിഞ്ഞാൽ കൂടുതൽ വീടുകളുണ്ടാക്കാനും കൂടുതൽ വീടുകൾ റിപ്പയർ ചെയ്യാനും സഹായകരമാകും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ,  പല പഞ്ചായത്തുകളിലും പഞ്ചായത്തിന്റെ കീഴിൽ വരുന്ന, പഞ്ചായത്തുകൾ സംരക്ഷിക്കേണ്ട ധാരാളം സ്വത്തുക്കളുണ്ട്.  അത് പി.ഡബ്ല്യൂ.ഡി, വാട്ടർ അതോറിറ്റി, റവന്യൂ തുടങ്ങി ഏത് വകുപ്പിന്റെ കീഴിൽ

വരുന്നതാണെങ്കിലും അവയുടെ സംരക്ഷണം പഞ്ചായത്തിന്റെ അധികാരത്തിൽ വരുന്നതാണ്. പക്ഷേ പഞ്ചായത്തിന് അത് സംരക്ഷിക്കുന്നതിനാവശ്യമായ ഗ്രാന്റ് ഇല്ല. പഞ്ചായത്തിന്റെ കീഴിൽ വരുന്ന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്, സംരക്ഷണ ചെലവുകൂടി വേണ്ടിവരും. രണ്ടാമതായി ഞാൻതന്നെ ഉന്നയിച്ച ഒരു വിഷയത്തെ കുറിച്ച് പറയാം. ഏതെങ്കിലും വകുപ്പിന്റെ വസ്തു പഞ്ചായത്തിലുണ്ടെങ്കിൽ അംഗൻവാടി നിർമ്മിക്കുന്നതിന് പഞ്ചായത്ത് സ്ഥലം ആവശ്യപ്പെട്ടാൽ വിട്ടുനൽകണമെന്ന് പറഞ്ഞിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ നിലമേൽ പഞ്ചായത്തിൽ ഒരു വർഷമായി പി.ഡബ്ല്യൂ.ഡി.-യ്ക്ക് ആവശ്യമില്ലാതെ കിടക്കുന്ന വസ്തുവിൽനിന്ന് അംഗൻവാടി നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം ചോദിച്ചിട്ട് ഇതുവരെ കൊടുത്തിട്ടില്ല. സഭയിൽ നൽകുന്ന ഉത്തരങ്ങൾക്കും വിശദീകരണങ്ങൾക്കും ഒരു നടപ്പാക്കൽ പ്രക്രിയ കേരളത്തിൽ ഇല്ലാത്തത് എന്തുകൊണ്ടാണ്; അതിനെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, അങ്ങ് പറഞ്ഞകാര്യം ശരിയാണ്. കാരണം പല ഡിപ്പാർട്ടുമെന്റുകളും അവരവരുടെ സ്ഥലങ്ങൾ അവരുടെ സാമ്രാജ്യമാണ് എന്നൊരു ധാരണ വച്ചുപുലർത്തുന്നുണ്ട്. ഉദാഹരണത്തിന് സ്കൂളുകളിലേയ്ക്ക് ലാന്റ് തന്നുകഴിഞ്ഞാൽ അംഗൻവാടികൾക്കുവേണ്ടി കൊടുക്കാം എന്നുള്ളൊരു തീരുമാനം മന്ത്രി എടുത്തുവെങ്കിലും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ ഇത് എന്റെ ഭൂമിയാണ് എന്നുള്ള രീതിയിൽ നിൽക്കുന്നതുകൊണ്ട് മന്ത്രിയുടെ തീരുമാനം നടപ്പിലാക്കാൻ കഴിയുന്നില്ല. അതുപോലെ പി.റ്റി.എ. തയ്യാറായിട്ടുപോലും പലരും അതിന് സമ്മതിക്കുന്നില്ല. ഈയൊരു തത്വം യാഥാർത്ഥ്യമായി വരേണ്ടതാണ് എന്നുള്ളതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കാരണം എത്രയോ രൂപ കൊടുത്തിട്ടാണ് പഞ്ചായത്തുകൾ സ്ഥലം അക്വയർ ചെയ്യുന്നത്. ഭൂമി വെറുതെ കിടക്കുന്നുണ്ടെങ്കിൽ പൊതു ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നതിനുവേണ്ടി എല്ലാ ഡിപ്പാർട്ടുമെന്റുകളും മുന്നോട്ടുവരണമെന്നുള്ള അഭ്യർത്ഥന കൂടി ഞാൻ അങ്ങേക്കുവേണ്ടി സഭയിൽ വയ്ക്കുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ തുണ്ട് ഭൂമികളിൽ താമസിക്കുന്നവർ ക്രിമേഷന് സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. പഞ്ചായത്തുകളിൽ ഇലക്ട്രിക് ക്രിമേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് ഭാരിച്ച സംഖ്യ ചെലവ് വരികയാണ്. പഞ്ചായത്തുകൾക്ക് നിജപ്പെടുത്തിയിട്ടുള്ള സെക്ടറുകളിൽനിന്നും പണം നീക്കിവച്ച് മറ്റൊന്നും ഉണ്ടാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിനുവേണ്ടി പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നും ഒരു നിശ്ചിത സംഖ്യ നീക്കിവച്ചാൽ ബാക്കി പ്രത്യേക ഗ്രാന്റായി കൊടുക്കാൻ കഴിയുമോ ?

<u>ഡോ. എം. കെ. മുനീർ</u>: സർ, പ്രധാനമായും രണ്ട് കാര്യങ്ങളാണ്

ചെയ്തിട്ടുള്ളത്. ഒന്ന് ക്രിമേഷൻ. രണ്ട് മോഡണൈസ്ഡ് സ്ലോട്ടർ ഹൗസസ്. ഈ രണ്ട് കാര്യത്തിനും സ്റ്റേറ്റ് ഗവൺമെന്റിന്റെ കയ്യിൽ 10 കോടി രൂപ വീതമുണ്ട്. പക്ഷേ അതിനായി സ്ഥലം കിട്ടുക എന്നുള്ളത് വലിയൊരു പ്രശ്നമാണ്. അതുകൊണ്ട് നമ്മളിപ്പോൾ ഒരു തീരുമാനമെടുത്തു. നാലോ അഞ്ചോ പഞ്ചായത്തുകൾ ഒരുമിച്ച് ക്ലസ്റ്ററായി രൂപംകൊണ്ട് ഒരു common cremation ground അല്ലെങ്കിൽ common slaughter house ഉണ്ടാക്കാം. അങ്ങനെ അവർ ചെയ്യുകയാണെങ്കിൽ അതിനുവേണ്ടി നൂറുശതമാനം തുകയും സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുന്നതാണ്. കാരണം ബഹുമാനപ്പെട്ട കോടതി പറയുന്നത് cremation ground-ഉം slaughter house-ഉം വരുന്നില്ല എന്നാണ്. ഇവ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇപ്പോൾ ഏകദേശം പത്തോളം മോഡേൺ സ്ലോട്ടർ ഹൗസുകൾ വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ക്ലസ്റ്റർ രൂപത്തിൽ ചെയ്യുന്നുണ്ട്. പ്രതിപക്ഷ എം.എൽ.എ.-മാർ അതുമായി ബന്ധപ്പെട്ടു വന്നത് പ്രോസസ്സ് ചെയ്ത് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന് യാതൊരു തടസ്സവുമില്ല. ഇതിനായി നൂറുശതമാനം ഗ്രാന്റ് കൊടുക്കാം എന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ബി. സത്യൻ</u>: സർ, പദ്ധതി ഏകോപനവും പദ്ധതി പണത്തിന്റെ നിർവ്വഹണവും പ്രവർത്തനവും ഒരു ഭാഗത്ത് നിൽക്കുമ്പോൾ, ജില്ലാതല ആസൂത്രണ സമിതികളാണ് പദ്ധതി ഏകോപനം നടത്തുന്നത്. അതിൽ ഏറ്റവും പ്രധാനമായി ഞാൻ ശ്രദ്ധയിൽകൊണ്ടുവരുന്നത്, എൽ.പി. സ്കൂളുകളിലെ സ്ഥിതിയാണ്. ലോവർ പ്രൈമറി സ്കൂളുകളിലേക്ക് കുട്ടികൾ വരേണ്ടത് അംഗൻവാടികളിൽ നിന്നാണ്. അംഗൻവാടികളുടെയും ലോവർ പ്രൈമറി സ്കൂളുകളുടെയും നിയന്ത്രണം ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമാണ്. ഇത് രണ്ടും തമ്മിൽ ഒരു ലിങ്കേജ് ഉണ്ടാക്കി പദ്ധതി ഏകോപനം നടക്കുന്ന സമയത്തുതന്നെ ഇതിനെ ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു പ്രോജക്ട് തയ്യാറാക്കി അതിന് അംഗീകാരം കൊടുക്കുകയും ചെയ്താൽ അംഗൻവാടിയിൽനിന്നും കുട്ടികളെ എൽ.പി. സ്കൂളുകളിലേക്ക് കൊണ്ടുവരാനും, പല സ്കൂളുകളിൽനിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും സാധിക്കും. ഇതുസംബന്ധിച്ച് പ്രത്യേകമായൊരു പദ്ധതിക്ക് ഊന്നൽ നൽകാൻ അങ്ങ് തയ്യാറാകുമോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, പ്രീ-പ്രൈമറി സ്കൂളുകളുടെ സിലബസിന് തുല്യമായ സിലബസ് അംഗൻവാടിയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ അംഗൻവാടിയിലുള്ള കരിക്കുലം വളരെ നല്ലതാണ്. സ്കൂൾ ക്യാമ്പസ്സുകളിലേക്ക്, പ്രീ-പ്രൈമറി സ്കൂളുകളിലേക്ക്

അംഗൻവാടികൾ വരികയാണെങ്കിൽ അതിന്റെ തുടർച്ചയായി അതേ കുട്ടികൾക്ക് അതേ സ്കൂളിലേയ്ക്ക് വരാൻ പറ്റുന്ന സാഹചര്യമുണ്ടാകും. അപ്പോൾ ഗവൺമെന്റ് സ്കൂളുകളെ ശക്തിപ്പെടുത്താൻ സാധിക്കും. പ്രീ-പ്രൈമറി സ്കൂളുകളിൽനിന്നും വ്യത്യസ്തമായി ന്യൂട്രീഷ്യൻ കൂടി ലഭിക്കുന്നുവെന്നുള്ളതാണ് അംഗൻവാടി കുട്ടികളുടെ പ്രത്യേകത. ഈ അടുത്തകാലത്ത് അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികളുടെ ബുദ്ധിയും മറ്റ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ബുദ്ധിയും തമ്മിൽ താരതമ്യം ചെയ്തപ്പോൾ ഐ.ക്യു.-വിൽ അംഗൻവാടിയിലെ കുട്ടികൾക്കാണ് കൂടുതൽ ബുദ്ധിയുള്ളതെന്ന് കണ്ടെത്തിയിരിക്കുന്നു. കാരണം, അവർക്ക് ബ്രെയിൻ ഡവലപ്മെന്റ് സമയത്ത് കിട്ടേണ്ട ന്യൂട്രീഷ്യൻ കിട്ടുന്നുവെന്നുള്ളതാണ്. അതുകൊണ്ട് എല്ലാ അർത്ഥത്തിലും അംഗൻവാടികൾക്ക് പ്രാധാന്യം കൊടുക്കുകയും അതിനെ പ്രീ-പ്രൈമറി ലെവലിലേയ്ക്ക് കൊണ്ടുവരികയും അവിടെനിന്നും അടുത്ത ലെവലിലേക്ക് പോകേണ്ട കുട്ടികൾക്ക് ആ സ്കൂളിൽ പഠിക്കാൻ പറ്റുന്ന രീതിയിലേക്ക് സ്കൂൾ ക്യാമ്പസ്സുകളിലെ സ്ഥലങ്ങളിൽ പ്രീ-പ്രൈമറി സ്കൂൾ പോലെ അംഗൻവാടികൾ മാറുന്നൊരു കാലമുണ്ടാകണം. ഇതൊരു വിദൂര സ്വപ്നമാണെങ്കിലും അത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സാജുപോൾ: സർ, ഇപ്പോൾ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട് വന്നിരിക്കുന്ന അംഗങ്ങളിൽ ബഹുഭൂരിപക്ഷവും പുതിയ ആളുകളാണ്. അവർക്ക് ക്ഷേമപദ്ധതികളെക്കുറിച്ച് നല്ല അവബോധം ലഭിക്കാൻ സാമൂഹ്യ സുരക്ഷാമിഷൻ പ്രസിദ്ധീകരിച്ച ഗൈഡ് വളരെ പ്രയോജനപ്രദമാണ്. കഴിഞ്ഞ വർഷം ഈ ഗൈഡ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് മാത്രമാണ് വിതരണം ചെയ്തിരുന്നത്. അത് മെമ്പർമാർക്കുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കണം. കൂടാതെ, സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസും മറ്റും ചില കമ്പനികളെ ഏൽപ്പിച്ചിരിക്കുകയാണ്. 250 പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസാണ് കൊല്ലത്തുള്ള ഒരു സ്ഥാപനത്തിൽ ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് ഇന്നലെ ഒരു പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. മാസങ്ങൾ കഴിഞ്ഞാലും ഇത് നടപ്പാക്കാൻ സാധിക്കാത്തൊരു സ്ഥിതിയുണ്ടാകും. അതിന് പ്രായോഗികമായൊരു നടപടി സർക്കാർ സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് പഞ്ചായത്തുകൾ പറഞ്ഞതനുസരിച്ച് അന്ന് കെ.എസ്.ഇ.ബി.-യുമായി കോ-ഓർഡിനേറ്റ് ചെയ്തപ്പോൾ അവർക്ക് ധാരാളം ജോലി തിരക്കുള്ളതുകൊണ്ട് സാധിക്കില്ലെന്ന് പറഞ്ഞു. അതുകൊണ്ട് പഞ്ചായത്തുകൾതന്നെ അതിന്റെ മെയിന്റനൻസിനുവേണ്ടി

മുന്നോട്ടുവരാമെന്ന് പറഞ്ഞിരുന്നു. ഞങ്ങൾ അതിനു വേണ്ടി ഗവൺമെന്റ് സെക്ടറിലുള്ള നാലോ അഞ്ചോ കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്ത് കൊടുത്തിരിക്കുകയാണ്. അതിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പരിശോധിക്കുകയും എളുപ്പമാക്കി കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ചെയ്യുന്നതുമാണ്. അവരുടെ സജഷൻ അനുസരിച്ച് ചെയ്യാൻ തയ്യാറാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം അനുവദിക്കുമ്പോൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡമാണ് ഇപ്പോൾ നിർണ്ണയിച്ചിട്ടുള്ളത്. നല്ല തനത് വരുമാനമുള്ള പഞ്ചായത്തുകൾ വികസനരംഗത്ത് വിപുലമായ പദ്ധതികൾ തയ്യാറാക്കുമ്പോൾ തൊട്ടടുത്ത് നിൽക്കുന്ന തനത് വരുമാനമില്ലാത്തതും എന്നാൽ ഗ്രാമീണവും ഒട്ടേറെ ദുർബലവിഭാഗങ്ങൾ ജീവിക്കുന്നതുമായ പഞ്ചായത്തുകൾക്ക് അതുപോലെ വികസന പ്രവർത്തനം നടത്താൻ കഴിയാത്തൊരു അന്തരീക്ഷം നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ദുർബലവിഭാഗങ്ങൾ ഏറെ താമസിക്കുന്നതും തനത് വരുമാനമില്ലാത്തതുമായ പഞ്ചായത്തുകളെ മറ്റ് പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോഴുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ ഭാഗത്തു നിന്നുണ്ടാകുമോ?

ഡോ. എം. കെ. മുനീർ: സർ, ലോകബാങ്കിന്റെ 400 കോടിരൂപ ഡോളർ വിനിമയത്തിൽ മാറ്റമുണ്ടായപ്പോൾ അപ്രതീക്ഷിതമായി നമുക്ക് അധികം കിട്ടിയിരിക്കുകയാണ്. മൈനസ് പഞ്ചായത്തുകളെ അപ്‌ലിഫ്റ്റ് ചെയ്യുന്നതിനുവേണ്ടി ഇതിൽനിന്നും 3 കോടിരൂപ വീതം വരുമാനമാർഗ്ഗമില്ലാത്ത പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ട്. പക്ഷേ എപ്പോഴും സ്പൂൺ ഫീഡിംഗ് സാധിക്കില്ല. തുക അനുവദിച്ചാൽ പഞ്ചായത്തുകൾ പിന്നീട് തനത് വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. അല്ലാതെ കാലാകാലങ്ങളിൽ നീന്തുന്നതിന് അടിയിൽ കൈ വച്ചുകഴിഞ്ഞാൽ അവർ ഒരിക്കലും നീന്തൽ പഠിക്കില്ല.

**പോഷകാഹാര വിതരണപദ്ധതി**

2 (*122) ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര വിതരണ പദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ലെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പോഷകാഹാര കുറവുമൂലം പ്രശ്നങ്ങളുള്ള കുട്ടികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) പോഷകാഹാര വിതരണ പദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ലെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടില്ല. ഐ.സി.ഡി.എസ്. പദ്ധതിയിലൂടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ നൽകി വരുന്നു. ഒരു അംഗൻവാടിയുടെ പരിധിയിൽ വരുന്ന 3 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികളുടെയും തൂക്കം എല്ലാ മാസവും, 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായ പരിധിയിലുള്ള കുട്ടികളുടെ തൂക്കം മൂന്ന് മാസത്തിൽ ഒരിക്കൽ എടുക്കുകയും ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഗ്രോത്ത് ചാർട്ട് ഉപയോഗിച്ച് ഇവരുടെ വളർച്ചാ നിരീക്ഷണം നടത്തുകയും ചെയ്യുന്നു. ന്യൂനപോഷണമുള്ള കുട്ടികളെ വളർച്ചാ നിരീക്ഷണത്തിലൂടെ കണ്ടെത്തുകയും ന്യൂനപോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പോഷകാഹാര വിതരണ പദ്ധതി കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

(ബി) പോഷകാഹാര കുറവുമൂലം പ്രശ്നങ്ങളുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. ഇതു കുറഞ്ഞുവരുന്നതായി ഐ.സി.ഡി.എസ്. സ്ഥിതി വിവര കണക്ക് കാണിക്കുന്നു. അങ്കണവാടികളിൽ എല്ലാ മാസവും 3 വയസ്സുവരെ പ്രായത്തിലുള്ള കുട്ടികളുടെ തൂക്കവും മൂന്ന് മാസത്തിലൊരിക്കൽ 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായ പരിധിയിലുള്ള കുട്ടികളുടെ തൂക്കവും എടുക്കുകയും ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഗ്രോത്ത് ചാർട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ലോകാരോഗ്യ സംഘടന ഗ്രോത്ത് ചാർട്ടിലൂടെ പോഷകാഹാരക്കുറവ് മൂലം പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് നടപടി തുടർച്ചയായി ചെയ്തു വരുന്നു. കൂടാതെ പോഷകാഹാരക്കുറവ് മൂലം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ അമ്മമാരുടെ ഗർഭധാരണ സമയം മുതൽ അംഗൻവാടികൾ വഴി സേവനങ്ങൾ നൽകിവരുന്നുണ്ട്.

(സി) ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് വഴി അട്ടപ്പാടി സംയോജിത ശിശു വികസന പദ്ധതി പ്രദേശത്ത് 'അന്നപ്രദായിനി' എന്ന പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ 175 അംഗൻവാടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 മാസത്തിനും 3 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾ, 3 വയസ്സ് മുതൽ 6 വയസ്സുവരെ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, 60 വയസ്സിനുമേൽ പ്രായമായവർ, പദ്ധതി പ്രദേശത്തെ ഭിന്നശേഷിയുള്ളവർ, കിടപ്പിലായവർ എന്നിവർക്ക് അന്നപ്രദായിനി എന്ന ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിച്ച് അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോഷകാഹാര കുറവുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടില്ലെന്നും കാര്യങ്ങളെല്ലാം നല്ല നിലയിൽ പോകുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയിരിക്കുന്ന മറുപടിയിൽ പറയുന്നത്. കേരളത്തിലെ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം നാലിരട്ടിയായി എന്നാണ് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ പഠനം പറയുന്നത്. അതുപോലെ പോഷകാഹാരത്തിന്റെയും പൊതു ആരോഗ്യത്തിന്റെയും കാര്യത്തിൽ കേരളം വളരെ പിറകോട്ടാണെന്നാണ് ആധികാരികമായിട്ടുള്ള പഠനം വ്യക്തമാക്കുന്നത്. അത് മറച്ചുവച്ചുകൊണ്ടുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കുമുമ്പാകെ വച്ചിരിക്കുന്നത്.

സഭയിൽ പോഷകാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അഭിമാനത്തോടു കൂടിമാത്രമേ ചർച്ച ചെയ്യാൻ സാധിക്കുകയുള്ളൂ. വയനാട് ജില്ലയിലെ അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുമൂലം 117 കുട്ടികളും അമ്മമാരും മരണപ്പെടുകയുണ്ടായി. ആ സമയത്ത് മന്ത്രിമാരെല്ലാം കൊടിവച്ച് അവിടെപോയി കുറേകാര്യങ്ങൾ ചെയ്തുവെന്നാണ് പറയുന്നത്. പക്ഷേ അടുത്ത ദിവസം നമ്മൾ ഞെട്ടലോടുകൂടി കണ്ട ഒരു കാര്യം വയനാട്ടിലെ പേരാവൂരിൽ പഴകിയ ഭക്ഷണങ്ങളും അതുപോലുള്ള സാധനങ്ങളും.....

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, ചോദ്യത്തിലേക്ക് വരണം..........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. പേരാവൂരിൽ പഴകിയ ഭക്ഷണങ്ങൾ ഡംമ്പ് ചെയ്യുന്ന സ്ഥലത്ത് കുട്ടികൾ സ്ഥിരമായി മതിൽ ചാടിക്കടന്ന് ഈ പഴകിയ ഭക്ഷണസാധനങ്ങൾ തെരഞ്ഞെടുത്തു കൊണ്ടുപോയി

കഴിക്കുന്നുവെന്നാണ്. കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി ചെലവഴിക്കുമ്പോൾ ഇപ്പോഴും ആദിവാസി കുട്ടികൾ വേസ്റ്റ് ഭക്ഷണം പെറുക്കിയെടുത്തുകൊണ്ടുപോയി കഴിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. മാത്രമല്ല, കാട്ടുനായ്ക്കൻ വിഭാഗത്തിൽപ്പെട്ട ആദിവാസി കുട്ടികൾ സ്കൂളിലെ ബാക്കിവരുന്ന ഭക്ഷണം ബക്കറ്റിലാക്കി കൊണ്ടു പോകുകയാണ് ചെയ്യുന്നത്. ശനി, ഞായർ ദിവസങ്ങളിൽ ആ കുട്ടികൾ പട്ടിണി കിടക്കുകയാണ്. ഇത് കേരളത്തിലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ടും സർക്കാർ പറയുന്നത്, എല്ലാം ശരിയാണ്, പോഷകാഹാരമെല്ലാം സമൃദ്ധിയായി കിട്ടിക്കൊണ്ടിരിക്കുന്നു, ഒരു കുഴപ്പവുമില്ല എന്നൊക്കെയാണ്. ഇവിടെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്; ഇത് ശരിയായ നിലയിൽ പഠിച്ചിട്ടുണ്ടോ; ആദിവാസി കുട്ടികൾ പട്ടിണി കിടക്കാതിരിക്കാൻ വേണ്ടിയുള്ള എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് ആത്മാർത്ഥമായി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ശ്രീ. വി. എസ്. സുനിൽകുമാറിന് എവിടെനിന്നാണ് ഈ വിവരം ലഭിച്ചതെന്ന് എനിക്കറിയില്ല. നമ്മൾ അവിടന്നും ഇവിടന്നുമൊക്കെ കേൾക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസാരിക്കരുത്. ഞാൻ അങ്ങനെതന്നെ പറയും, കാരണം ഞാനിത് ദിവസവും മോണിറ്റർ ചെയ്യുന്ന ആളാണ്. ഇപ്പോൾ രണ്ട് കിലോഗ്രാം വെയിറ്റിൽ കുറവുള്ള കുട്ടികൾ ജനിക്കുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യാ ഗവൺമെന്റ് നടത്തിയിട്ടുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ജീൻ ഡ്രേസെ എഴുതിയ ഒരു ലേഖനം ndtp.com-ൽ വന്നിട്ടുണ്ട്. അതിന്റെ ഹെഡിംഗ് Child Development-Kerala Tops; Gujarat Flops; Bihar Hopes എന്നാണ്. കേരളമാണ് ചൈൽഡ് ഡവലപ്മെന്റിൽ ഏറ്റവും മുന്നിൽ എന്നാണ് കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുള്ള Rapid Survey on Children 2013-14 എന്ന പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി അവർ പറഞ്ഞിരിക്കുന്നത്, Note that absolute value of the index is not strictly comparable across years. 2013-14 as it happens to the ranking is quiet similar in both years and its basic features are similar at the top of the list comes Kerala, Himachal Pradesh and Tamil Nadu states that might be called super models എന്നാണ്. ചൈൽഡ് ഡവലപ്മെന്റിൽ കേരളമാണ് സൂപ്പർ മോഡലെന്ന് ജീൻ ഡ്രേസെ പറയുമ്പോൾ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ധാരാളം ലേഖനങ്ങളെഴുതിയിട്ടുള്ള ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവരുള്ള നിയമസഭയിൽ അങ്ങ് ഈ ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുതാപരമായി കാര്യങ്ങൾ കാണണം.

ഏതെങ്കിലും പത്രങ്ങൾ എവിടെയെങ്കിലും നടന്നിട്ടുള്ള സംഭവങ്ങളെ ഊതിവീർപ്പിച്ച കാണിക്കുന്നത് ചൈൽഡ് ഡെവലപ്മെന്റിൽ കേരളം സൂപ്പർ മോഡലാണ് എന്നുള്ളതിനെ നമ്മൾ തന്നെ തരംതാഴ്ത്തുന്ന ഒരവസ്ഥയാണ്. അങ്ങനെ ഒരവസ്ഥയുണ്ടാക്കാതെ ശ്രീ. വി. എസ്. സുനിൽ കുമാർ ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ആദിവാസി കുട്ടികളെക്കുറിച്ച് ഒന്നും പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. ഞാൻ കേന്ദ്ര ശിശുക്ഷേമ മന്ത്രാലയത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. കേരളം പിറകിലാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. കേരളം ഇന്ത്യയിൽ വളരെ മികച്ചതാണെങ്കിലും നേരത്തെയുണ്ടായിരുന്ന സ്ഥിതിയിൽനിന്ന് പിന്നിലേക്ക് പോയിരിക്കുകയാണ്. 117 ആദിവാസി കുട്ടികൾ മരിക്കുകയും കുട്ടികൾ വേസ്റ്റ് ഭക്ഷണം അന്വേഷിച്ച പോകുന്ന സ്ഥിതിയുണ്ടാവുകയും സ്കൂളിൽ മിച്ചം വരുന്ന ഭക്ഷണം കുട്ടികൾ വീട്ടിൽ കൊണ്ടുപോയി കഴിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായിട്ടും മന്ത്രി വളരെ അഭിമാനത്തോടുകൂടി പറയുന്നത് കേരളം വളരെ മുന്നിലാണെന്നാണ്. നിങ്ങൾ ആദിവാസി കുട്ടികൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചതെന്നും പറയേണ്ടതല്ലേ? ആദിവാസികൾക്കുവേണ്ടി കോടിക്കണക്കിനു രൂപ സർക്കാർ ചെലവഴിക്കുകയാണ്. അവർക്കുവേണ്ടി ആ തുക ബാങ്കിൽ നിക്ഷേപിച്ചിരുന്നെങ്കിൽ ആദിവാസി കുടുംബം ലക്ഷപ്രഭുക്കളായി മാറുമായിരുന്നു. ആദിവാസി കുട്ടികൾ പട്ടിണി കിടക്കുകയാണ്. അത് മനസ്സിലാക്കാതെ മന്ത്രി ഏതോ ഒരാളുടെ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുകയാണ്. തപാൽവഴി നീന്തൽ പഠിച്ചതുപോലെ സംസാരിക്കരുത്. ആദിവാസി കുട്ടികളുടെ കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. വി. എസ്. സുനിൽ കുമാർ സംസാരിക്കാനെടുത്ത അത്രയും സമയം തന്നെ മറുപടി പറയാനായി എനിക്കും അനുവദിക്കണം. കാരണം രേഖയിൽ ചോദ്യം ഒരു രീതിയിലും ഉത്തരം മറ്റൊന്നാവുകയും ചെയ്യുന്നത് ശരിയല്ല. അദ്ദേഹത്തോട് ഞാൻ ആദ്യമായി പറയുന്നത് അദ്ദേഹം അട്ടപ്പാടി സന്ദർശിക്കണമെന്നാണ്. അട്ടപ്പാടിയിലുള്ള ഓരോ കുട്ടിയുടെയും ബർത്ത് വെയിറ്റും മറ്റും അവിടെ സ്റ്റഡി ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മൊബൈലിൽ ആവശ്യമെങ്കിൽ ഇത് ലഭ്യമാക്കാം. ഓരോ മരണവും എങ്ങനെയാണുണ്ടാകുന്നത് എന്നത് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതനുസരിച്ച് രണ്ട് മാസത്തെ കണക്ക് പരിശോധിച്ചാൽ ലോ ബർത്ത് വെയിറ്റിൽ കുട്ടികൾ ജനിക്കുന്നില്ലെന്ന് കാണാം.

എല്ലാ കുട്ടികളും രണ്ട് കിലോഗ്രാമിൽ കൂടുതൽ വെയിറ്റിലാണ് ജനിക്കുന്നത്. മരണം നടന്നിട്ടുണ്ട് എന്നത് ശരിയാണ്. അതിനുശേഷം ഞങ്ങൾ ഇടപെട്ടപ്പോൾ അക്കാര്യത്തിൽ മാറ്റമുണ്ടായി. ശ്രീ. വി. എസ്. സുനിൽകുമാർ അട്ടപ്പാടി സന്ദർശിക്കണം. ഞാൻ അഞ്ച് പ്രാവശ്യം അവിടെ പോയിട്ടുണ്ട്. മൂന്ന് ദിവസം അവിടെ തങ്ങുകയും അവിടെയുള്ള എല്ലാ ഊരുകളിലും താമസിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേന്ദ്ര ശിശുക്ഷേമ മന്ത്രാലയത്തിന്റെ പുതിയ റിപ്പോർട്ടിനെക്കുറിച്ചുള്ള പരാമർശങ്ങൾക്കാണ് രോഷാകുലനായി ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ മറുപടി പറഞ്ഞത്. അതിൽ പറയുന്നത് കേരളത്തിലെ അംഗൻവാടികളുടെ പ്രവർത്തനം താളം തെറ്റിക്കൊണ്ടിരിക്കുന്നു എന്നാണ്. ഇവിടെ ഒരു കാര്യവും നടക്കുന്നില്ല എന്നല്ല, നേരത്തെ ഉണ്ടായിരുന്നതിൽനിന്ന് പിറകോട്ട് പോകുന്ന എന്ന രീതിയിലുള്ള റിപ്പോർട്ടുകൾ കേന്ദ്ര ശിശുക്ഷേമ മന്ത്രാലയത്തിന്റേതായി പുറത്തുവന്നിരിക്കുന്നു എന്ന വസ്തുതയാണ് ചൂണ്ടിക്കാണിച്ചത്. ഗർഭിണികൾക്ക് പോഷകാഹാരം ലഭിക്കാത്തതിനെത്തുടർന്ന് ഗർഭസ്ഥ ശിശു മരണപ്പെടുന്നതുൾപ്പെടെയുള്ള സംഭവങ്ങൾ നിരന്തരമായി നടക്കുന്ന ഒരു സംസ്ഥാനത്ത്, അട്ടപ്പാടി പോലുള്ള മേഖലയിൽ എല്ലാ പോഷകാഹാരവും കൃത്യമായി വിതരണം ചെയ്യുന്നു എന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? മുതിർന്ന പെൺകുട്ടികളെയും ഗർഭിണികളെയും ഈ പദ്ധതിയുടെ പരിധിയിൽ പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, അട്ടപ്പാടിയിൽ 190 കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിച്ചിട്ടുണ്ട്. സപ്ലിമെന്ററി ന്യൂട്രീഷനാണ് ഇപ്പോൾ അവിടെ കൊടുക്കുന്നത്. സപ്ലിമെന്ററി ന്യൂട്രീഷൻ കൊണ്ട് അമ്മമാരുടെയും മറ്റുള്ളവരുടെയും ആരോഗ്യം സംരക്ഷിക്കപ്പെടുന്നില്ല. അതിനാൽ എക്സ്ട്രാ ഫുഡ് കൊടുക്കണമെന്നുള്ളതാണ് നിയമം. അതനുസരിച്ച് ഉച്ചയ്ക്ക് പ്രത്യേക ഫുഡ് കൊടുക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ആദ്യമായി കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത് കേരളത്തിലാണ്. അതിൽ ഇരുപതോളമെണ്ണം അവിടെ എത്തിക്കാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് തൽക്കാലം പ്രവർത്തിക്കുന്നില്ല. ഇന്നലെ ഞാനെടുത്ത കണക്കാണ് ഇവിടെ പറയുന്നത്. അങ്ങ് അവിടെ സന്ദർശിക്കണം, കൂടെ ഞാനും വരാം.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിനുള്ള മറുപടി പറയട്ടെ. ........(ബഹളം)...........

ഡോ. എം. കെ. മുനീർ: സർ, ഞാൻ അങ്ങയോട് തന്നെയാണ് പറയുന്നത്.

നമുക്ക് ഒരുമിച്ച് പോകാം. അങ്ങ് എവിടെയോ ഉള്ള കണക്കുകൾ പറയുകയാണ്. ഇന്ന് രാവിലെ ഞാനെടുത്ത കണക്കാണ് ഇവിടെ പറയുന്നത്. ........(ബഹളം).....

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങയെ ഞാൻ വിളിച്ചില്ല. ........ (ബഹളം)... അങ്ങനെ ചോദിക്കാൻ പറ്റില്ല. വേറൊരു അംഗത്തെ ചോദ്യം ചോദിക്കാനായി വിളിക്കുമ്പോൾ ഇങ്ങനെ ചോദ്യം ചോദിക്കരുത്.

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മുടെ പഠന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമീണമേഖലയിൽ മുഴുവൻ സർവ്വേ നടത്തിയാൽ മാത്രമേ അതൊരു പഠന റിപ്പോർട്ടായി മാറുകയുള്ളൂ. ഏതെങ്കിലും ചില പ്രത്യേക പ്രദേശങ്ങളിലെ ആഗോള ശതമാനമോ ദേശീയാടിസ്ഥാനത്തിലുള്ള ശതമാനമോ പരിശോധിച്ചാൽ തീർച്ചയായും കേരളം മുന്നിലാണെന്ന് അഭിമാനപൂർവം നമുക്ക് പറയാൻ കഴിയും. എന്നാൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയിലെ പ്രശ്നങ്ങളാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന പ്രശ്നം, നമ്മുടെ ജീവിത ശൈലിയുമായി ബന്ധപ്പെട്ട് ഗർഭസ്ഥ ശിശുക്കൾ ഉൾപ്പെടെ ആരോഗ്യം വേണ്ടത്ര ഇല്ലാത്തവരായാണ് വളർന്നുവരുന്നത്. മുമ്പ് നമ്മുടെ അമ്മമാരെല്ലാം ധാരാളം ഇലക്കറികൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ അവർ ആരോഗ്യവതി കളായിരുന്നു. ഇന്നത്തെ ഭക്ഷണക്രമവുമായി ബന്ധപ്പെട്ടുവരുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. പോഷകാഹാര വിതരണ പദ്ധതിയിലൂടെ ഭക്ഷണം നൽകുന്നു ണ്ടെങ്കിൽപ്പോലും ഏഴാം ക്ലാസ് വരെയുള്ള കുട്ടികളുടെ കാര്യം പരിശോധിച്ചാൽ കായികക്ഷമതയിൽ 30 ശതമാനത്തിൽ താഴെയാണ് കേരളമെന്ന് കാണാം. ഇത് നമ്മൾ ഗൗരവപൂർവം കാണേണ്ട പ്രശ്നമാണ് എന്നത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ ജീവിതശൈലിയിൽ വന്ന മാറ്റം ഒരു പ്രശ്നം തന്നെയാണ്. മുമ്പ് നമ്മുടെ വീട്ടുമുറ്റത്തും അംഗൻവാടികളിലും പച്ചക്കറികളും ഇലവർഗ്ഗങ്ങളും വളർത്തുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ രണ്ട് ഇഷ്യൂവാണുള്ളത്. ലോ ബർത്ത് വെയിറ്റ് എന്ന പ്രശ്നവും അതുപോലെ സമ്പന്ന വിഭാഗങ്ങളെ സംബന്ധിച്ച് obesity എന്ന പ്രശ്നവും. സമ്പന്ന വിഭാഗത്തിൽപ്പെട്ടവർ junk food കഴിക്കുന്നതിന്റെ ഫലമായി അവരും പ്രതിസന്ധികൾ നേരിടുന്നുണ്ട്. അതും മോർട്ടാലിറ്റിയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള അവസ്ഥയുണ്ടാക്കും. ഇപ്പോൾ ജുവനൈൽ ഡയബറ്റിസ് ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു. ജനിച്ച ഉടൻ തന്നെ ഡയബറ്റിസ് ആരംഭിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. യഥാർത്ഥത്തിൽ ന്യൂട്രീഷനെക്കുറിച്ചുള്ള അവബോധം വേണമെന്നുള്ളതുകൊണ്ട് ഗ്രാമസഭകളിൽ ഒരു ഗ്രാമസഭയെ ന്യൂട്രീഷനുമായി ബന്ധപ്പെട്ടുള്ള അവബോധമുണ്ടാക്കുന്നതിനായി

ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം മെമ്പറെ അറിയിക്കുകയാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേയിൽ പോഷകാഹാര കാര്യത്തിലും പൊതു ആരോഗ്യകാര്യത്തിലും കേരളം പിറകോട്ടാണ് എന്നുള്ള റിപ്പോർട്ട് വളരെ പ്രസക്തമാണ്. കേരളത്തിന്റെ ഐ.റ്റി.ഡി.പി മേഖലയായ അട്ടപ്പാടിയിലെ ശിശുമരണം അതിന് ഉദാഹരണമാണ്. ഇതെല്ലാം നിലനിൽക്കെ ഇപ്പോഴും അട്ടപ്പാടിയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് ന്യൂട്രീഷൻ പോലുള്ള അവശ്യവസ്തുക്കൾ നൽകുന്നു എന്നുള്ള മന്ത്രിയുടെ റിപ്പോർട്ട് നമ്മുടെ ജനസമൂഹം വളരെ നിസ്വാർത്ഥമായി പരിശോധന നടത്തുന്നതോടൊപ്പം ആദിവാസി മേഖലകളിൽ ശിശുവിഭാഗത്തിനു വേണ്ടിയുള്ള നിർദ്ദിഷ്ട പദ്ധതികൾക്കായി കേന്ദ്രാവിഷ്കൃത ഫണ്ട് എത്രത്തോളം ചെലവഴിച്ചുവെന്നുള്ള യാഥാർത്ഥ്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സഭയിൽ റിപ്പോർട്ട് നൽകാൻ സാധിക്കുമോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, അക്കാര്യം പറയുന്നതിന് പ്രത്യേക നോട്ടീസ് വേണ്ടതാണ്. പക്ഷേ എത്ര തുക അതിനുവേണ്ടി ചെലവഴിച്ചുവെന്നതും അവിടത്തെ ബെർത്ത് വെയ്റ്റ് എത്രയാണെന്നതും അറിയുന്നതിനുള്ള സോഫ്റ്റ്‌വെയർ രൂപപെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എത്ര കണക്കുവേണമെങ്കിലും കൃത്യമായി തരുന്നതിന് കഴിയും. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ മെമ്പറുടെ ഓൺലൈനിലേക്ക് ആ സോഫ്റ്റ്‌വെയർ തരുന്നതാണ്. ഓരോ കുട്ടിക്കും ഏത് രീതിയിൽ അവിടെ പോഷകാഹാരം ലഭിക്കുന്നുവെന്നതിന്റെ കൃത്യമായ കണക്ക് മെമ്പർക്ക് ലഭ്യമാക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് എടുക്കുന്ന നടപടികളെല്ലാം വളരെ സ്തുത്യർഹമാണ്. ഞാൻ ഈ രംഗത്ത് പ്രവർത്തിച്ചതിന്റെ എക്സ്പീരിയൻസ് വച്ച് പറയുകയാണ്, നമ്മുടെ സർക്കാർ തുടങ്ങിയ പല സ്കീമുകളും 'ജനനിയും' 'എം.ആർ.റ്റി.എസ്.' ആയാലും എല്ലാ ഇൻഡിക്കേറ്റേഴ്സും 'മാം' ആയാലും 'സാം' ആയാലും അതുപോലെ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്തപ്പോൾ കേരളത്തിന്റെ രീതികളെക്കുറിച്ചാണ് ആൾക്കാർ ഏറ്റവും കൂടുതൽ പുകഴ്ത്തിയത്. ഇടതുപക്ഷ സഹകാരികളായ പല എൻ.ജി.ഒ.-കളും ഏറ്റവും കൂടുതൽ പുകഴ്ത്തുന്നത് കേരളത്തിന്റെ മോഡലിനെ തന്നെയാണ്. കുറച്ച് വർഷങ്ങൾക്കുശേഷം നമ്മുടെ നാട് നേരിടുന്ന പ്രശ്നം എന്തെന്നാൽ ആരോഗ്യത്തിന് പ്രശ്നം വരുത്താവുന്ന, കുട്ടികൾ കഴിക്കുന്ന പാക്ക്ഡ് ഫുഡാണ്. അംഗൻവാടികളിൽ മിക്ക കുട്ടികളും വരുന്നത് തന്നെ ഇത്തരത്തിലുള്ള പാക്ക്ഡ് ഫുഡുമായാണ്. പലതും അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നതാണ്. മുതിർന്നവർ കഴിച്ചാൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നത് ഒരു

പരിധിവരെ മെറ്റബോളിസം തടയും. എന്നാൽ കൊച്ചുകുട്ടികൾ പാക്ക്ഡ് ഫുഡ് കഴിക്കുമ്പോൾ അവർക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകാം. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഞാൻ എവിടെ നിന്നെങ്കിലും എടുത്ത് പറയുന്ന ഒരു സ്റ്റഡി റിപ്പോർട്ടല്ല ഇവിടെ മുന്നോട്ട് വച്ചിട്ടുള്ളത്. ഇത് വളരെ കൃത്യമായി സെൻട്രൽ ഗവൺമെന്റ് നടത്തിയ ചൈൽഡ് ഡവലപ്മെന്റ് സർവ്വേയുടെ ഭാഗമായി വന്ന റിപ്പോർട്ടാണ്. ഈ റിപ്പോർട്ടിൽ നമ്മൾ അഭിമാനം കൊള്ളുന്നതിനുപകരം എന്തിനാണ് സ്വയം അപമാനിതമായ അവസ്ഥയിലേക്ക് പോകുന്നത്. 'സാം' 'മാം' എന്ന കണക്ക് കൃത്യമായി, ഒരു അമ്മ പ്രസവത്തിന് മുമ്പുള്ള ചികിത്സ എടുത്തിട്ടുണ്ടോ, ആവശ്യമായ ഇമ്മ്യൂണൈസേഷൻ നടത്തിയിട്ടുണ്ടോ എന്നുള്ളതൊക്കെ എവിടെയിരുന്നും മോണിറ്റർ ചെയ്യാൻ കഴിയുന്ന സംവിധാനം ഇന്ത്യയിലാദ്യമായി കൊണ്ടുവന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ ഇന്ത്യയിലാദ്യമായി കൊണ്ടുവന്നു. അട്ടപ്പാടിയിലുള്ള കുട്ടികൾ ലോ ബെർത്ത് വെയ്റ്റിൽ മരണപ്പെടുന്നതിൽ സന്തോഷിക്കുന്ന ആരാണ് ഇവിടെയുള്ളത്? അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യങ്ങളിൽ ആവശ്യമായ എല്ലാ പിന്തുണയും നൽകും. വീട്ടിലേക്ക് കൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ ഫുഡ് സർവ്വീസസ് തുടങ്ങുന്നതിനുള്ള നടപടികൾ എടുക്കുകയാണ് ഇപ്പോൾ നമ്മൾ ചെയ്യുന്നത്. ജങ്ക് ഫുഡ് സൃഷ്ടിക്കുന്ന പ്രശ്നം ഞാൻ ആദ്യമേ പറഞ്ഞു. പാവപ്പെട്ട മേഖലയിൽ മാത്രമല്ല മിഡിൽ ക്ലാസ് ഫാമിലിയിലും obesity എന്ന പുതിയ കാര്യത്തെ കൂടി ചൈൽഡ് ഡവലപ്പ്മെന്റുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കേണ്ടതുണ്ട്. തീർച്ചയായും അത് പരിശോധിച്ച് തടയുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, ഇപ്പോൾ അംഗൻവാടിയിൽക്കൂടി കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വിതരണം ചെയ്യുന്ന ഭക്ഷണം ICDS നൽകുന്ന ഭക്ഷണ സാധനങ്ങൾ പാചകം ചെയ്തുകൊണ്ടാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇതിനുമുൻപുതന്നെ പുതിയ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതെല്ലാം കുത്തകകളെ ഏൽപ്പിച്ച് അവർ പാക്കറ്റിലാക്കി ICDS-ന്റെ ഭക്ഷണം വിതരണം ചെയ്യാനുള്ള അവകാശം നേടി. ഡൽഹിയിൽ അവർ നടപ്പിലാക്കിയെന്നാണ് അറിയാൻ കഴിഞ്ഞത്. വയനാട്ടിൽ ഇത്തരത്തിൽ ഗവൺമെന്റിന്റെ നിർദ്ദേശത്തോടുകൂടി 'ടാറ്റ' ഒരു സർവ്വേ നടത്തി. അവിടത്തെ അംഗൻവാടി അദ്ധ്യാപകരെല്ലാവരും കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തടഞ്ഞുവച്ച് ആ സർവ്വേ നിർത്തിവച്ചിരിക്കുകയാണ്. ഈ സർക്കാരിന്റെ

നയമെന്താണ്; അംഗൻവാടികളിൽക്കൂടി വിതരണം ചെയ്യുന്ന ഭക്ഷണം കുത്തകകളെ ഏൽപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനം കേരളത്തിലും നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? എന്താണ് ഗവൺമെന്റിന്റെ തീരുമാനം?

ഡോ. എം. കെ. മുനീർ: സർ, അത്തരം തീരുമാനം കേരളാ ഗവൺമെന്റ് എടുത്തിട്ടില്ല. കേരളാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും കുത്തകകളെ പ്രോത്സാഹിപ്പിച്ച് കുട്ടികളുടെ ആരോഗ്യത്തെ വകവയ്ക്കാതെ കുത്തകകൾ നൽകുന്ന പാക്ക്ഡ് ഫുഡ് വിതരണം ചെയ്തുകൊണ്ട് അതിൽ ലാഭം ഉണ്ടാക്കുന്നതിനോട് ഒരിക്കലും യോജിക്കുന്നില്ല.

ശ്രീ. വി. റ്റി. ബൽറാം: സർ, ഇന്ത്യയിലെ ഗ്രാമീണമേഖലയിലെ പോഷകാഹാരക്കുറവിനെ അഡ്രസ് ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞകുറേക്കാലങ്ങളായി മാതൃകാപരമായി നടന്നു വരുന്ന ഒരു പദ്ധതിയാണ് ICDS പദ്ധതി. പക്ഷേ കേന്ദ്രത്തിൽ ഭരണമാറ്റത്തിനൊടുവിൽ പുതിയ ഒരു ഗവൺമെന്റുണ്ടായപ്പോൾ ICDS പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്രവിഹിതം ഗണ്യമായി വെട്ടിക്കുറച്ചതായി വാർത്തകളിൽ കാണുന്നുണ്ട്. കേരളം പോലുള്ള സംസ്ഥാനത്തെ ഇത് ഏത് രീതിയിലാണ് ബാധിക്കുന്നത്? കേന്ദ്രത്തിൽ നിന്നുകിട്ടുന്ന വിഹിതം കുറയുന്നതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് അധികമായ ചില ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതായി വരുന്നുണ്ട്. അത് എങ്ങനെ നേരിടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അതുപോലതന്നെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിതാപകരമായ അവസ്ഥയിലാണ്. നബാർഡ് അടക്കമുള്ള ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾ ഉണ്ടാക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ പല സ്ഥലത്തുമില്ല. ചൈൽഡ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് പല സ്ഥലങ്ങളിലുമില്ല, പ്ലേ എക്യുപ്‌മെന്റ്സില്ല കൂടാതെ പല അംഗൻവാടികളിലും കറണ്ട് കണക്ഷൻ പോലും കിട്ടിയിട്ടില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സമയബന്ധിതമായി പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ഡോ. എം. കെ. മുനീർ: സർ, കേന്ദ്ര ഗവൺമെന്റ് ആദ്യം 90:10 റേഷ്യോയിലായിരുന്നു ഫണ്ട് അനുവദിച്ചിരുന്നത്. അതിൽ 10 ശതമാനം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും 90 ശതമാനം സെൻട്രൽ ഗവൺമെന്റിന്റെ വിഹിതവുമായിരുന്നു. അത് ഇപ്പോൾ 60:40 എന്ന റേഷ്യോയിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് വലിയ പ്രതിസന്ധി ICDS മേഖലയിൽ നമുക്ക് അഭിമുഖീകരിക്കേണ്ടി വരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ള മറുപടി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. എന്ത് സംഭവിച്ചാലും ഈ മേഖലയിൽ പ്രശ്നമുണ്ടാകാതിരിക്കുന്നതിനുവേണ്ടി ബാക്കിയുള്ള വിഹിതം സ്റ്റേറ്റ് ഗവൺമെന്റ് കോമ്പൻസേറ്റ്

ചെയ്യുമെന്ന് പറഞ്ഞു് ആ മേഖലയിലെ പ്രതിസന്ധി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നുവെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന തീർച്ചയായും ആശ്വാസകരമാണ്. അതനുസരിച്ച് ഈ മേഖലയിൽ പ്രതിസന്ധിയില്ലാതെ പോകും.

അതുപോലെതന്നെ അംഗൻവാടികളുടെ മോഡണൈസേഷനും. ചൈൽഡ് ഫ്രണ്ട്ലി ടോയ്‌ലറ്റും അതുപോലുള്ള അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാകണമെന്ന നിർബന്ധത്തോടുകൂടി പഞ്ചായത്തുകൾക്ക് കൈമാറിക്കൊടുത്തിട്ടുള്ള സ്ഥാപനമാണ് അംഗൻവാടികൾ. ആ നിലയ്ക്ക് നോൺ റോഡ് ഫണ്ടുകളിൽ വരുന്ന പണം ഉപയോഗിച്ച് ഇവ മോഡിഫൈ ചെയ്യണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ഫണ്ട് അവർ വയ്ക്കുകയാണെങ്കിൽ എം.എൽ.എ.-മാരുടെ അസറ്റ് ഡവലപ്പ്മെന്റ് ഫണ്ടും സോഷ്യൽ ജസ്റ്റീസ് ഫണ്ടും ചേർത്ത് അംഗൻവാടികളെ നല്ല നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

**ട്രേഡ് ലൈസൻസ്**

3 (*123) <u>ശ്രീ. കെ. ശിവദാസൻ നായർ:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ,

(എ) ഉണ്ട്.

(ബി) കഴിഞ്ഞ കുറെ വർഷങ്ങളായി നാമമാത്രമായ തുകയാണ് ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭകൾ ഈടാക്കി വരുന്നത്. ഫീസ് ചുമത്തുന്നതിന് ഏകീകരണമില്ലായിരുന്നു. ഒരേ സ്വഭാവമുള്ള കടകൾക്ക് അടുത്തടുത്ത നഗരസഭകളിൽ

വ്യത്യസ്തമായ ഫീസ് ഈടാക്കുന്ന സ്ഥിതിവിശേഷമാണ് നിലനിന്നിരുന്നത്. കടകളിലെ ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം ഫീസ് കണക്കാക്കി ലൈസൻസ് നൽകുന്ന രീതിയും നിലവിലുണ്ടായിരുന്നു. മാത്രമല്ല, പാൽ, കർപ്പൂരം, മെഴുകുതിരി, കശുവണ്ടി തുടങ്ങിയവ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും പടക്ക നിർമ്മാണശാലകൾ ഉൾപ്പെടെയുള്ളവയ്ക്കും ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്ന പേരിലാണ് ലൈസൻസ് നൽകിവന്നത്. ഫീസ് നിരക്കിലെ അശാസ്ത്രീയതയും പേരിലെ വൈരുദ്ധ്യവും ആക്ഷേപങ്ങൾക്ക് വഴിയൊരുക്കി. ഇത്തരമൊരു സാഹചര്യത്തിലാണ് പുതിയ ചട്ടങ്ങൾ ആവിഷ്കരിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 447, 448 വകുപ്പുകൾ ഭേദഗതി ചെയ്തത്. ഇതനുസരിച്ചുള്ള ചട്ടങ്ങൾ ഉണ്ടാക്കിവരുന്നു.

(സി) ഇതിലേക്കായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447, 448 വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. ശിവദാസൻ നായർക്കുവേണ്ടി (ശ്രീ. ബെന്നി ബെഹനാൻ) : സർ, നമ്മുടെ വ്യാപാര സ്ഥാപനങ്ങളുടെ സ്വഭാവത്തിൽത്തന്നെ ഇന്ന് കാതലായ മാറ്റം വരികയാണ്. ഷോപ്പിംഗ് മാൾ ഇപ്പോൾ സംസ്കാരത്തിന്റെ ഭാഗമാണ്. ഷോപ്പിംഗ് മാളുകൾ പടർന്നുപന്തലിക്കുന്നതുകൊണ്ട് നമ്മുടെ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പലതും പൂട്ടിപ്പോകുന്നതായി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ? അതുപോലെ തന്നെ ഈ വൻകിട സ്ഥാപനങ്ങളിൽനിന്നും ട്രേഡ് ലൈസൻസ് ഫീസ് അതിന്റെ വരുമാനത്തിനനുസരിച്ച് വാങ്ങുന്നതിനും അതുവഴി ചെറുകിട സ്ഥാപനങ്ങളെ സഹായിക്കുന്നതിനും തയ്യാറാകുമോ? ഇന്ന് ഷോപ്പിങ് മാളുകൾ പലപ്പോഴും വളരെ ജനസാന്ദ്രതയുള്ള പട്ടണത്തിന്റെ നടുക്കാണ് സ്ഥാപിക്കുന്നത്. അത് ട്രാഫിക് തടസ്സങ്ങളും അപകടങ്ങളുമുണ്ടാക്കുന്നു. അതുകൊണ്ട് ഷോപ്പിംഗ് മാളുകൾ നഗരത്തിന്റെ ഹൃദയ ഭാഗത്തുനിന്നും മാറ്റി കൂടുതൽ സ്ഥലസൗകര്യവും പാർക്കിംഗ് സൗകര്യവുമുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഷോപ്പിംഗ് മാളുകൾ ഇന്ന് പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും ചെറിയ പ്രദേശങ്ങളിൽവരെ തുടങ്ങിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ മുഴുവൻ ഇതുപോലുള്ള മാളുകളിലേക്കാണ് ഇപ്പോൾ ഷോപ്പിംഗിന് പോകുന്നത്. ഒരു റൂഫിന്റെ കീഴിൽ അവർക്കാവശ്യമുള്ള എല്ലാ സാധനങ്ങളും ലഭിക്കുന്നുണ്ടെന്നാണ് അവർ കാരണമായി പറയുന്നത്. അത് നമുക്ക് നിരുത്സാഹ

പെടുത്താൻ സാധിക്കുകയില്ല. പക്ഷേ, സാധാരണ ചെറിയ കടകളൊക്കെ ഇതുകൊണ്ട് പൂട്ടിപോകുന്നത് വിദേശ രാജ്യങ്ങളിലൊക്കെ ഉണ്ടായിട്ടുണ്ട്. നമ്മുടെ കേരളത്തിൽ അതിന്റെ ഒരു ഇഫക്ട് ഇതുവരെയും വന്നിട്ടില്ല. പക്ഷേ ഭാവിയിൽ സ്വാഭാവികമായും മാളുകൾ കൂടുതൽ വരികയാണെങ്കിൽ ചെറിയ കടകൾ പൂട്ടേണ്ടിവരുമെന്ന ഒരു പേടി നമുക്കുണ്ട്. ഏതായാലും ചെറിയ കടകളുടെ നിലനിൽപ്പിനുവേണ്ടി കുറെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് ചെറിയ കടകൾക്ക് ഏതാണ്ട് 3000 മുതൽ 3500 രൂപവരെ ടാക്സ് നൽകേണ്ടിയിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 500 രൂപയാക്കി അത് ചുരുക്കിയിട്ടുണ്ട്. ഇതേരീതിയിലുള്ള സഹായങ്ങൾ ചെറിയ കടകൾക്ക് നൽകുന്നുണ്ട്. അതുപോലെ തന്നെ പാർക്കിംഗ് സംവിധാനമില്ലാതെ ഒരിടത്തും ഷോപ്പിംഗ് മാളുകൾക്ക് ലൈസൻസ് നൽകുന്നില്ല. കൃത്യമായിട്ടുള്ള പാർക്കിംഗ് സംവിധാനമുണ്ടെങ്കിൽ മാത്രമേ മാളിന് ലൈസൻസ് കൊടുക്കുകയുള്ളൂ. പക്ഷേ പുതുതായി മാളുകൾ വരുമ്പോൾ അവിടെ ആദ്യത്തെ കുറച്ച് മാസങ്ങളിൽ വലിയ തിരക്കുണ്ടാകുമെങ്കിലും പിന്നീട് തിരക്ക് കുറയാറാണ് പതിവ്. ബിൽഡിംഗ് റൂൾസ് അനുസരിച്ച് പാർക്കിംഗ് ഇല്ലാത്ത സ്ഥലങ്ങളിൽ മാളിന് ലൈസൻസ് നൽകുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ : സർ, ട്രേഡ് ലൈസൻസ് നൽകുന്നതിനും അതിനെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിലവിലുള്ള അഴിമതിയും തെറ്റായ കീഴ്വഴക്കങ്ങളും ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഇന്ന് ട്രേഡ് ലൈസൻസ് പിരിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് ഹെൽത്ത് ഇൻസ്പെക്ടർമാരെയാണ്. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ജോലി ആരോഗ്യ പ്രശ്നങ്ങളും മലിനീകരണ പ്രശ്നങ്ങളും നോക്കുക എന്നതാണ്. പക്ഷേ അവരൊക്കെ ഇന്ന് ട്രേഡ് ലൈസൻസ് പിരിക്കുന്നവരാണ്. അതുകൊണ്ട് ട്രേഡ് ലൈസൻസ് പിരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരെ അവരുടേതായ ജോലിക്ക് നിയോഗിക്കുകയും ഇതിനുവേണ്ടി പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, നഗരസഭകളിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ജോലി വളരെ കൂടുതലാണെന്ന് പറയുന്നത് വാസ്തവമാണ്. ജനന മരണ രജിസ്ട്രേഷൻ, വെയ്സ്റ്റ് മാനേജ്മെന്റ്, ഷോപ്പുകളും ഹോട്ടലുകളും പരിശോധിക്കുക, ട്രേഡ് ലൈസൻസ് നൽകുക എന്നിവയെല്ലാം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ജോലിയാണ്. സ്വാഭാവികമായും അവർക്ക് വളരെ വലിയ രീതിയിലുള്ള ജോലിത്തിരക്ക്

വന്നിട്ടുണ്ടെന്നാണ് പറയുന്നത്. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊണ്ട് അവരുടെ ജോലിഭാരം കുറയ്ക്കാനുള്ള ശ്രമം സർക്കാർ നടത്തി കൊണ്ടിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, വ്യാപാരരംഗങ്ങളിലെ കാലാനുസൃതമായ മാറ്റങ്ങൾ ട്രേഡ് ലൈസൻസ് ലഭ്യമാക്കുന്നതിന്റെ സ്വഭാവത്തിലും ഉണ്ടായിട്ടുണ്ട്. കാലോചിതമായ മാറ്റംപോലെതന്നെ ട്രേഡ് ലൈസൻസ് ആധുനികവൽക്കരിക്കുന്നതിന്റെയും വേഗം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി ട്രേഡ് ലൈസൻസിംഗ് സംവിധാനം ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഇത് നല്ലൊരു നിർദ്ദേശമാണ്. ട്രേഡ് ലൈസൻസിംഗ് ഓൺലൈൻ ആക്കുന്നതിനുള്ള ശ്രമമുണ്ട്. എല്ലാ നഗരസഭകളിലും എല്ലാ കാര്യങ്ങളും ഇപ്പോൾ ഓൺലൈനിലാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ഇതും ഓൺലൈൻ ആക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. 35 വർഷമായി ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്നപേരിലായിരുന്നു ട്രേഡ് ലൈസൻസ് നൽകിയിരുന്നത്. ഇപ്പോൾ അതിന് മാറ്റം വരുത്തിയാണ് ട്രേഡ് ലൈസൻസാക്കിയത്. കടകൾക്ക് മാത്രമല്ല ഹോസ്പിറ്റലുകൾ, വക്കീൽ ഓഫീസുകൾ, മറ്റുള്ള ഓഫീസുകൾ എന്നിങ്ങനെയുള്ള എല്ലാ സർവ്വീസുകൾക്കും ഇത് ബാധകമാണ്. എല്ലാവരും ലൈസൻസെടുക്കേണ്ട സ്ഥിതിയുണ്ട്. പഴയ കാലത്ത് ഉണ്ടായിരുന്നതിനെക്കാളും മൂന്നിരട്ടി ട്രേഡ് ലൈസൻസുകളാണ് ഇപ്പോൾ നഗരസഭകൾക്ക് കൊടുക്കേണ്ടതായി വരുന്നത്. അതുകൊണ്ടുതന്നെ അവരുടെ വരുമാനം വർദ്ധിക്കാനുമിടയുണ്ട്.

ശ്രീ. കെ. മുരളീധരൻ : സർ, കേരളത്തിൽ ചില്ലറ വ്യാപാരം നടത്തുന്നവരിൽ 15 ശതമാനത്തിലധികംപേരും തെരുവോര കച്ചവടക്കാരാണ്. അവർക്കാണെങ്കിൽ വേണ്ടത്ര വിദ്യാഭ്യാസമോ മറ്റൊരു ഉപജീവന മാർഗ്ഗമോയില്ല. അവർക്ക് ഈ വഴിയോരകച്ചവടം കൊണ്ടുമാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളൂ. ഓരോ സ്ഥലത്തിന്റെയും പ്രത്യേകത കണക്കിലെടുത്തുകൊണ്ട് തെരുവോര കച്ചവടക്കാർക്ക് ലൈസൻസിംഗ് സംവിധാനമേർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അത് സംബന്ധിച്ചുള്ള എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഈ തെരുവോര കച്ചവടക്കാർക്ക് (വഴിവാണിഭക്കാർ) വേണ്ടി ഒരു ഐഡന്റിറ്റി കാർഡ് നൽകാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ ജില്ലകളുടെയും ക്യാപിറ്റൽ സിറ്റികളിൽ ഇതേ രീതിയിലുള്ള പദ്ധതികളുമായി മുമ്പോട്ടു പോകുകയാണ്.

വഴിവാണിഭക്കാരുടെ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്. എത്ര തെരുവ് കച്ചവടക്കാരുണ്ടെന്ന് മനസ്സിലാക്കി അവർക്കെല്ലാവർക്കും ഐഡന്റിറ്റികാർഡ് നൽകാനുള്ള ഒരു ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

ശ്രീ. സണ്ണി ജോസഫ് : സർ, പുതുതായി കണ്ണൂർ കോർപ്പറേഷനും അതുപോലെ പുതിയ മുൻസിപ്പാലിറ്റികളും രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടത്തി അവിടെ സമിതികൾ അധികാരത്തിൽ വന്നിരിക്കുന്നു. അവിടെ ആവശ്യമായ ഉദ്യോഗസ്ഥ നിയമനവും അതുപോലെതന്നെ പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കുമോ; പുതിയ മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനു കളിലെയും ഭരണ സംവിധാനത്തിൽ കാലതാമസമൊഴിവാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഡി. ആന്റ് ഒ. (ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ്) ലൈസൻസുമായി ഒരു ബന്ധവുമില്ലാത്ത ഒരു ചോദ്യമാണ് എന്നിരുന്നാലും അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇക്കാര്യം എല്ലാവരുമായി ചർച്ച ചെയ്തുകൊണ്ട് അതിനൊരു തീരുമാനമെടുത്തിട്ടുണ്ട്. അതിന് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണത്തിന് ഒരു തകരാറുമില്ലാതെ വളരെ സ്മൂത്തായി കൊണ്ടു പോകാനുള്ള എല്ലാ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, നഗരകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയോട് അതുമായി ബന്ധപ്പെട്ട ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ചോദിക്കുന്നത്. ഈ നഗരങ്ങളിലെ റിയൽ എസ്റ്റേറ്റുകൾ കെട്ടിപ്പൊക്കിയ ഫ്ലാറ്റുകൾക്ക് കേന്ദ്ര നിയമം ബാധകമാക്കേണ്ട കാര്യമില്ലെന്ന് ക്യാബിനറ്റിന് തീരുമാനിക്കാനുള്ള അധികാരത്തെ താങ്കൾ മുൻകയ്യെടുത്തല്ലേ നിർവ്വഹിച്ചത്; അത് ആരെ സഹായിക്കാനാണ്? നഗരസഭയിൽ നഗരങ്ങൾക്ക് വൻ വരുമാനമുണ്ടാക്കുന്ന, അതിന് ഫയർ ആന്റ് റെസ്ക്യൂവിന്റെ യാതൊരു നിയമങ്ങളും പാലിക്കേണ്ടതില്ലെന്ന് നിങ്ങൾ പറയുമ്പോൾ നിയമങ്ങൾ പാലിക്കണമെന്ന് പറയുന്ന ഉദ്യോഗസ്ഥരെ പന്തടിക്കുകയും ക്യാബിനറ്റ് കൂടി ഇവരെ ഒഴിവാക്കുകയും ചെയ്യുന്നു. ഇനി ഇഷ്ടംപോലെ കെട്ടിടങ്ങൾ കെട്ടിപ്പൊക്കാം. അതു ശരിയാണോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, അങ്ങ് പറയുന്നത് ശരിയല്ല. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ലൈസൻസ് കൊടുത്ത കെട്ടിടങ്ങളാണ് ഇതിൽ പലതും. ... (ബഹളം)..... ഞാൻ ഒരാളെയും കുറ്റം പറയുകയല്ല. ഞാൻ

വി. എസ്. സർക്കാരിനെ കുറ്റം പറയുകയല്ല. ആ കാലഘട്ടങ്ങളിൽ മുനിസിപ്പാലിറ്റികളിൽ, ...........(ബഹളം)........... ഞാൻ പറയുന്നതൊന്ന് ശ്രദ്ധിക്കണം. പ്ലീസ്..... ആ കാലഘട്ടങ്ങളിൽ ബിൽഡിംഗ് ലൈസൻസ് കൊടുത്ത പല ബിൽഡിംഗുകളും ഇതിലുണ്ട്. ആ കാലഘട്ടങ്ങളിൽ ലൈസൻസ് കൊടുക്കുന്ന സമയത്ത് കോർപ്പറേഷൻ വേണമെന്ന് എഴുതുന്ന ഫയർ ആന്റ് സേഫ്റ്റി മെഷേഴ്സ് ഉണ്ടോയെന്ന് നോക്കുന്ന ഉത്തരവാദിത്വം മാത്രമേ ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്കുള്ളൂ. അവർക്കില്ലാത്ത അധികാരങ്ങൾ അവർ ഉണ്ടാക്കേണ്ടതില്ല. നാഷണൽ ബിൽഡിംഗ് കോഡ് (എൻ.ബി.സി.) എന്നുപറയുന്നത് ഒരു ഗൈഡ്‌ലൈൻ മാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ.) ഉണ്ട്. അത് പല സർക്കാരുകളും പല കാലത്തും ഉണ്ടാക്കിയതാണ്. അതിനനുസരിച്ച് മാത്രം നമ്മൾ പോയാൽ മതി. സെൻട്രൽ ആക്ട് പ്രകാരമായിരുന്നില്ല അങ്ങയുടെ കാലത്ത് ലൈസൻസ് കൊടുത്തിരുന്നത്. ഒരു കാലത്തും അങ്ങനെ കൊടുത്തിട്ടില്ല. കേരള ബിൽഡിംഗ് റൂൾസ് അനുസരിച്ച് മാത്രമാണ് പണ്ട് ഫയർ ആന്റ് സേഫ്റ്റിക്കുള്ള ലൈസൻസ് കൊടുത്തിരുന്നത്. പഴയ കാലത്തും എൻ.ബി.സി. ഉണ്ടായിരുന്നു. ... (ബഹളം).... ഇതിൽ ഒരു അപാകതയുമില്ല. ഫ്ലാറ്റ് വാങ്ങിയിട്ടുള്ള പാവപ്പെട്ട ആളുകളെ മാത്രമാണ്, അല്ലാതെ വേറെയാരെയും ഉദ്ദേശിച്ചല്ല.... ........ .... (ബഹളം)......................

മി. സ്പീക്കർ: ഓർഡർ..... ഓർഡർ......ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷിക കടാശ്വാസ കമ്മീഷൻ

4 (*124) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ വഴിയുള്ള കടാശ്വാസത്തിന് വ്യക്തിഗത അപേക്ഷ നൽകാനുള്ള സമയപരിധി അവസാനിപ്പിച്ചുകൊണ്ട തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഏത് തീയതി വരെയുള്ള കടബാദ്ധ്യതകൾക്ക് മാത്രമാണ് ഇളവ് നൽകുന്നത്; വ്യക്തമാക്കുമോ;

(സി) കാർഷിക കടബാദ്ധ്യതയും ആത്മഹത്യയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇളവിനർഹതയുള്ള കാലാവധിയും, കടാശ്വാസത്തിന് അപേക്ഷിക്കാനുള്ള കാലാവധിയും ദീർഘിപ്പിച്ചു നൽകുന്നതിന് തയ്യാറാകുമോ;

(ഡി) കടാശ്വാസത്തിനായി ലഭിച്ച ആകെ അപേക്ഷകളിൽ കമ്മീഷൻ തീർപ്പാക്കാൻ ബാക്കിയുള്ളവ എത്രയാണ് ; കമ്മീഷൻ ശിപാർശ ചെയ്തവയിൽ സർക്കാർ ഇനിയും കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുക എത്ര?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ വഴിയുള്ള കടാശ്വാസത്തിന് വ്യക്തിഗത അപേക്ഷ നൽകുന്നതിന് 2015 ഒക്ടോബർ 31 വരെ സമയം അനുവദിച്ചിരുന്നു.

(ബി) വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകരിൽനിന്ന് 18-1-2007 നോ അതിനുമുമ്പോ ലഭിക്കാനുള്ള ബാദ്ധ്യതകൾക്കാണ് കടാശ്വാസം നൽകുന്നത്. വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി പിന്നീട് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) കാർഷിക കടബാദ്ധ്യതയും ആത്മഹത്യയും വർദ്ധിക്കുന്നതായി സർക്കാർ കരുതുന്നില്ല. കടാശ്വാസ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷമേ തീരുമാനിക്കാൻ കഴിയൂ.

(ഡി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. കമ്മീഷനിൽ അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ തിട്ടപ്പെടുത്തി വരുന്നു. 2015 ഒക്ടോബർ വരെ കമ്മീഷൻ നൽകിയ ശിപാർശ കണക്കിലെടുത്താൽ 33.84 കോടി രൂപ അനുവദിക്കേണ്ടതായുണ്ട്.

**സംസ്ഥാനത്തെ നെല്ലിന്റെ താങ്ങുവില**

5 (*125) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എം. ചന്ദ്രൻ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കർഷക സംഘടനകൾ താങ്ങുവിലയായി എന്തു തുക പ്രഖ്യാപിക്കാനാണ് ആവശ്യപ്പെട്ടത്; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) കർഷകർ ഉല്പാദിപ്പിച്ച നെല്ല് മുഴുവനും സ്വകാര്യ മില്ലുകാർ സംഭരിച്ചതിന് ശേഷം ഏറെ വൈകിയാണ് താങ്ങുവിലയിൽ വർദ്ധനവ് പ്രഖ്യാപിക്കപ്പെട്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധനയ്ക്ക് പരിഹാരമായിട്ടാണ് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ച് വരുന്നത്. നെല്ലിന്റെ താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാർ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 13.60 രൂപയായിരുന്നത്, 2015-16 ഒന്നാം സീസൺ മുതൽ കിലോയ്ക്ക് 14.10 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വില നൽകി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്ന സപ്ലൈകോയ്ക്ക് താങ്ങുവില

(MSP) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ താങ്ങുവില (MSP)-യും സംസ്ഥാന സർക്കാരിന്റെ സംഭരണവിലയും തമ്മിലുള്ള വ്യത്യാസം ഇൻസെന്റീവ് ബോണസായി സംസ്ഥാന സർക്കാർ നൽകുന്നു. നെല്ലിന്റെ സംഭരണവില കിലോക്ക് പത്തൊമ്പത് രൂപ നിരക്കിൽ നൽകിയിരുന്നത് 7-11-2015 -ലെ സ.ഉ. (എം.എസ്.)നമ്പർ 34/2015/ ഭ.സി.സ.വ പ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്. കർഷക സംഘടനകൾ പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള താങ്ങുവിലയുടെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി) താങ്ങുവിലയിലുള്ള വർദ്ധനവ് സംഭരണ സീസൺ ആരംഭിക്കുന്നതിനുമുമ്പായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

**കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം**

6 (*126) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടുംബശ്രീ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ വിദേശത്തുവച്ച് നടന്ന പരിപാടികളിൽ കുടുംബശ്രീയുടെ ചെലവിൽ യാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ):</u>

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.) മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) Attappady Comprehensive Integrated Tribal And PVTG Development Project, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.) പ്രധാനമന്ത്രി ആവാസ് യോജന (പി.എ.വൈ.) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. എന്നാൽ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ബി.എസ്.യു.പി., എസ്.ജെ.എസ്.ആർ.വൈ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക പ്ലാൻ ഫണ്ടിനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

(ഡി) ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം സ്ത്രീശാക്തീകരണത്തിന് വേണ്ടി ഉചിതമായ രീതിയിൽ ദക്ഷിണാഫ്രിക്കയിലും നടപ്പിലാക്കുന്നതിന് വേണ്ട ചർച്ചകൾ നടത്താനായി കുടുംബശ്രീ ചെയർമാനും അംഗങ്ങളും ദക്ഷിണാഫ്രിക്ക സന്ദർശിച്ചിരുന്നു. ഇതിനുള്ള മുഴുവൻ ചെലവും കേന്ദ്രഫണ്ടായ NRO-യാണ് വഹിച്ചത്. ഇതിന് കുടുംബശ്രീ ഫണ്ട് വിനിയോഗിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ എൻ.ആർ.ഒ.-യും ദക്ഷിണാഫ്രിക്കയിലെ ഫ്രീ സ്റ്റേറ്റ് പ്രോവിൻസുമായും ഒപ്പിടേണ്ട ധാരണാപത്രം തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

7(*127) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മ പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്.

(ബി) 2015-16 സാമ്പത്തികവർഷം ജലസംരക്ഷണം, ജലകൊയ്ത്ത്, ചെറുകിട ജലസേചനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, വനവത്ക്കരണം, ഹോർട്ടികൾച്ചർ, കാർഷിക-അനുബന്ധ മേഖലകൾ, റോഡുനിർമ്മാണം, സാനിട്ടേഷൻ, ഐ.എ.വൈ. ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിലായി 2,30,186.47 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 7,10,122 പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻ എം.എൽ.എ. ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിലേക്കായി ഒട്ടേറെ നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ച് കൂടുതൽ ആസ്തികൾ സൃഷ്ടിക്കുവാനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

**തടവിലാക്കപ്പെട്ട മലയാളികളെ രക്ഷപ്പെടുത്താൻ നടപടി**

8 (*128) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ

മാത്രം 11500 ഇൻഡ്യക്കാർ ജയിലുകളിൽ കഴിയുന്നതായ കേന്ദ്രസർക്കാരിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരിൽ എത്രപേർ മലയാളികളാണെന്നും അവരുടെ പേരിൽ ഗുരുതരമല്ലാത്ത കുറ്റങ്ങൾ ചുമത്തപ്പെട്ടവർ എത്ര പേരുണ്ടെന്നതും സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) മറ്റു രാജ്യങ്ങളിൽ മലയാളികൾ തടവിലാക്കപ്പെട്ടിട്ടുണ്ടോ എന്നത് കൂടി അന്വേഷിക്കുകയും തടവിലാക്കപ്പെട്ട നിരപരാധികളെ രക്ഷപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ഇന്ത്യാക്കാർ ജയിലുകളിൽ കഴിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട വിദേശ രാജ്യങ്ങളിലെ സർക്കാരോ ഇന്ത്യൻ എംബസിയോ ഇതുസംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടില്ല.

(സി) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാറില്ല. ജയിലുകളിൽ കഴിയുന്ന പ്രവാസി കേരളീയരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽനിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനുപുറമെ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന മലയാളികളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ഇതിനായി നിയമ സഹായമാവശ്യമായ വ്യക്തി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലെ എംബസികൾക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്.

**റബ്ബറിന്റെ വിലത്തകർച്ച**

9(*129) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലത്തകർച്ചയെ തുടർന്ന് പ്രഖ്യാപിച്ച റബ്ബർ സംഭരണ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെത്തുടർന്ന് റബ്ബർ വില പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടുണ്ടോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രഖ്യപിച്ച തുകയുടെയും നാളിതുവരെ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ നൽകുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടി പദ്ധതികളുടെ നടത്തിപ്പ് പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 31-3-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 84/2014/ കൃഷി, പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്ന പദ്ധതിയിൽ സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനായി 4 കോടി രൂപ അനുവദിച്ച് കൃഷി വകുപ്പിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 16-8-2014-ലെ സ.ഉ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എംഎസ്.)നമ്പർ 176/2014/ കൃഷി, പ്രകാരം റബ്ബർ സംഭരണത്തിനായി 5 കോടി രൂപ വീതവും 11-3-2015 ലെ സ.ഉ. (എംഎസ്.) 41/2015/ കൃഷി പ്രകാരം റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു കോടി രൂപ വീതവും സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16-ലെ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 28-11-2015 വരെ 135,274 സെയിൽസ് ബില്ലുകളിലായി 33.35 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

## നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ

10 (*130) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്. നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 2008-09-ൽ "Preparation of Master Plan and Detailed Town Plans"എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം-1-ന് സ.ഉ.(സാധാ)നമ്പർ 3982/2008/ തസ്വഭവ തീയതി 13-1-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ.(സാധാ) നമ്പർ 2766/2009/ തസ്വഭവ തീയതി 24-10-2009 സ.ഉ. (സാധാ) നമ്പർ 2767/2009/ തസ്വഭവ തീയതി 24-10-2009 എന്നീ ഉത്തരവുകൾ പ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-13-ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ.(സാധാ) നമ്പർ 1376/2012/തസ്വഭവ തീയതി 17-5-2012, സ.ഉ.(സാധാ) നമ്പർ 2664/2012/ തസ്വഭവ തീയതി 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി

നൽകുകയും ചെയ്തു. ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും (ഗ്രാമപഞ്ചായത്തുകൾക്കായുള്ള 2 മാസ്റ്റർ പ്ലാനുകൾക്ക് പുറമെ) തയ്യാറാക്കുന്നതിനായാണ് മേൽ സ്കീം വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ തയ്യാറാക്കി വന്ന 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുകയും 12 പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിലെ നിലവിലുള്ള എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ നിലവിൽ വരികയും അതുവഴി സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാവുക എന്നതാണ് ടി സ്കീമിന്റെ മുഖ്യ ലക്ഷ്യം.

(സി) ഇത് നടപ്പാക്കുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു Stake Holder Project Cell പ്രവർത്തിച്ചുവരുന്നു. കൂടാതെ സമയാസമയങ്ങളിൽ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ.(സാധാ) നമ്പർ 2766/2009/തസ്വഭവ തീയതി 24-10-2009 ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി State Project Cell-ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Hand outs, Toolkits, Guidelines എന്നിവ പുറപ്പെടുവിക്കുന്നു.

**ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത**

11 (*131) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ക്ഷീര മേഖലയിലേക്ക് ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോൽപ്പാദനത്തിന് പ്രചോദനം നൽകുക, ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീകരണം, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, സംസ്ഥാനത്തിനകത്തു നിന്നു തന്നെ ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയിലൂടെ ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽനിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്ക് മാറി പാലുൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് ക്ഷീരമേഖലയെ സ്വയംപര്യാപ്തമാക്കുക എന്നതാണ് വിവിധ പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. മിൽമയും മേഖലാ യൂണിയനുകളും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാലിന്റെ ഉൽപ്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോൽപ്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവയാണ് മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ വഴി ലക്ഷ്യമിടുന്നത്.

(സി) വിവിധ പദ്ധതികൾ ആവിഷ്കരിച്ച്, ഭരണാനുമതിയും ഫണ്ടും നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്.

## പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരണം

12 (*132) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ കെട്ടിക്കിടക്കുന്നതുമൂലമുണ്ടാകുന്ന മലിനീകരണം തടയുക, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യപരിപാലനം നടത്തുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, പൊതുനിരത്തുകൾ, ഓവുചാലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണതയും ഗണ്യമായി കുറയ്ക്കുക, പുനഃചംക്രമണ മൂല്യമുള്ള വസ്തുക്കൾ പരമാവധി പുനഃചംക്രമണ വിധേയമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്ക്രാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികളും ശുചിത്വമിഷൻ മുഖേന സ്വീകരിച്ചു വരുന്നുണ്ട്.

## പാർട്ട്ണർ കേരള മിഷൻ പദ്ധതി

13(*133) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ടണർ കേരള മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

(സി) 1. പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ച് അതിനെ പിപിപി പദ്ധതികളുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസി ആക്കിയിട്ടുണ്ട്.

2. മെസ്സേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.

3. പാർട്ട്ണർ കേരള മിഷൻ പ്രാദേശിക സർക്കാരുമായി ഒപ്പു വയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും അതാത് പ്രാദേശിക സർക്കാരുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

4. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്.

5. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പുവരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടത്തിയിട്ടുണ്ട്.

6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി തെരഞ്ഞെടുത്തിട്ടുള്ള ജനപ്രതിനിധികൾക്കായി കിലയുമായി ചേർന്ന് ട്രെയിനിംഗ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്.

8. പൊതു സ്വകാര്യ പങ്കാളിത്തപദ്ധതികളുമായി സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി. ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

9. 45 പദ്ധതികളുടെ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അതിൽ 17 പ്രോജക്ടുകളുടെ ആർ.എഫ്.ക്യൂ. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**നിർഭയ പദ്ധതി**

14 (*134) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് നിർഭയ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ചുവടെ ചേർക്കുന്ന നാല് മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

1. പ്രതിരോധം :

ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കിടയിലും ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗവിവേചനം, ഗാർഹിക പീഡനം, മദ്യപാനം, ഉപഭോഗാസക്തി, മുതലായവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

2. സംരക്ഷണം :

ശക്തമായ പ്രതിരോധ നടപടികളും പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ട് പീഡിതർക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നൽകി സ്വന്തം സമൂഹത്തിൽ മാന്യമായി കഴിയാൻ സഹായകരമായ സംരക്ഷണ സേവനങ്ങൾ നൽകിവരുന്നു.

3. നിയമ നടത്തിപ്പ് :

ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

4. പുനരധിവാസവും പുനരേകീകരണവും:

ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി സുഖപ്പെടുത്തി, അനുയോജ്യമായ

വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നു.

(സി) നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ജില്ലകളിലും നിർഭയ ഷെൽറ്റർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്നുവീതവും പ്രവർത്തിച്ചുവരുന്നു. പീഡനത്തിന് വിധേയമായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള പെൺകുട്ടികളെയാണ് നിർഭയ ഷെൽറ്റർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും കൂടാതെ പീഡിതരുടെ സുരക്ഷിതമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽറ്റർ ഹോം പ്രവർത്തിക്കുന്നത്. 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും വൺ സ്റ്റോപ് ക്രൈസിസ് സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് വൺ സ്റ്റോപ് ക്രൈസിസ് സെല്ലുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ മെഡിക്കൽ പരിശോധന, കൗൺസിലിംഗ്, നിയമ സഹായം, പോലീസ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. നിർഭയയ്ക്ക് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന 1800-425-1400 എന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ നിലവിലുണ്ട്. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഏകോപന സമിതിയും സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായ നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണ പദ്ധതി**

15(*135) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചതേങ്ങ സംഭരണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാന കൃഷിവകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. സംസ്ഥാനത്തെ പതിനൊന്ന് ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒരു കിലോ നാളികേരത്തിന് ഇരുപത്തിയഞ്ച് രൂപ നിരക്കിലാണ് ഇപ്പോൾ സംഭരിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്ന കൃഷി ഭവനുകളിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംഭരിക്കുന്ന നാളികേരത്തിന്റെ വില ബാങ്ക് അക്കൗണ്ടുകളിലൂടെ കർഷകർക്ക് നൽകുന്നുണ്ട്.

**പാലൊളി കമ്മിറ്റി**

16(*136) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പാലൊളി കമ്മിറ്റി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പാലൊളി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സച്ചാർ കമ്മിറ്റി ഈ മേഖലയിൽ എന്ത് പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ&ബി) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റി പഠിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് 6-5-2008 -ലെ സ.ഉ.(കൈ) 148/08/ പൊ.ഭ.വ. നമ്പർ ഉത്തരവായി സർക്കാർ അംഗീകരിക്കുകയും റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയത് അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തല കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും അവലോകനയോഗം കൂടുകയും ചെയ്തിട്ടുണ്ട്. പാലൊളി കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.minority welfare.kerala.gov.in) ലഭ്യമാണ്. ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണി ക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച പത്ത് കാര്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി* ചേർക്കുന്നു. മറ്റുവകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശിപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) ജസ്റ്റിസ് രജീന്ദർ സച്ചാർ അദ്ധ്യക്ഷനായുള്ള സമിതിയെ കേന്ദ്രസർക്കാർ നിയോഗിക്കുകയും സച്ചാർ കമ്മിറ്റി തയ്യാറാക്കിയ പഠന റിപ്പോർട്ട് 2006-ൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

**സ്നേഹസ്പർശം പദ്ധതി**

17 (*137) ശ്രീ. ടി. എൻ. പ്രതാപൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. അച്ചുതൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹസ്പർശം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) 2010 വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളായ വനിതകൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) അംഗൻവാടി വർക്കർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവർ മുഖാന്തരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മാനദണ്ഡങ്ങൾ പ്രകാരം അർഹത പരിശോധിച്ച് സാമൂഹ്യ സുരക്ഷാ മിഷന് നൽകുകയെന്നതാണ് പദ്ധതിയുടെ നടപടിക്രമം.

**കർഷകരുടെ രജിസ്ട്രേഷൻ**

18 (*138) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ കർഷകരെക്കുറിച്ചും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് ഉണ്ടാവേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരെക്കുറിച്ചും അവരുടെ കൃഷിയെ കുറിച്ചുമുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് ഉണ്ടാക്കി പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഈ ഡാറ്റാബേസ് ഉപയോഗിക്കുവാനാണ് ലക്ഷ്യമിടുന്നത്. കർഷക ഡാറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതുകൂടി കണക്കിലെടുത്ത് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്തുവരുന്നു. അഗ്രികാർഡ് എ.റ്റി.എം. കാർഡായും കിസാൻ ക്രെഡിറ്റ് കാർഡായും ഉപയോഗിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽനിന്നും ലഭ്യമാകുന്ന അപേക്ഷകൾ കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ 18.7 ലക്ഷം അപേക്ഷകൾ ലഭിക്കുകയും അതിൽ 17.58 ലക്ഷം അപേക്ഷകൾ ഓൺലൈനായി ഡാറ്റാബേസിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

**പാഠപുസ്തക അച്ചടി**

19 (*139) ശ്രീ. എം. ഹംസ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക അച്ചടിയിൽ കെ.ബി.പി.എസ്. വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷത്തെ പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ട എണ്ണം പുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് നൽകുവാൻ കെ.ബി.പി.എസ്.-നും സർക്കാർ പ്രസ്സുകൾക്കും കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ കെ.ബി.പി.എസ്. വീഴ്ച വരുത്തിയതായ വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായത്തെ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>):

(എ) 2010-11 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ ഒന്നുമുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേക്ക് വേണ്ടിയുള്ള പാഠപുസ്തകത്തിന്റെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. ആണ് നിർവ്വഹിച്ചുവരുന്നത്.

(ബി) 2015-ലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭരണാനുമതി സ.ഉ.(സാധ)നമ്പർ 4920/14/പൊവിവ നമ്പർ 11-11-2014-ലെ ഉത്തരവുപ്രകാരം സ്റ്റേഷനറി വകുപ്പിന് ലഭിച്ചു. ദർഘാസ് നടപടികൾ പൂർത്തിയാക്കി ഡിപിസി ശിപാർശ പ്രകാരം 24-1-2015-ലെ സ.ഉ. (സാധ) നമ്പർ 150/2015/ഉവിവ പ്രകാരം വാങ്ങൽ ഉത്തരവ് പുറപ്പെടുവിക്കുകയും 28-1-2015 ന് വിതരണ ഉത്തരവുകൾ നൽകുകയും 9-2-2015 മുതൽ കെ.ബി.പി.എസ്.-ന് അച്ചടിക്കുള്ള പേപ്പറും ബോർഡുകളും കരാറുകാർ വിതരണം ആരംഭിക്കുകയും ചെയ്തു. 2015-16 അദ്ധ്യയനവർഷത്തെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിക്കായി ഒന്നാംഘട്ടത്തിൽ ഏകദേശം 2 കോടി 33 ലക്ഷവും രണ്ടാം ഘട്ടത്തിൽ ഏകദേശം 1 കോടി 26 ലക്ഷവും പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഉത്തരവ് 28-10-2014-ലെ എ 2-16332014 റ്റിബിഒ.നമ്പർ ടെന്റേറ്റീവ് പ്രിന്റ് ഓർഡർ പ്രകാരം വിദ്യാഭ്യാസ വകുപ്പിൽ നിന്നും കെ.ബി. പി.എസ്.-ന് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ടത്തിൽ 1-10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിക്കുകയും 20-7-2015-ൽ വിതരണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ 7-11-2015- ൽ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) 2015-16 അദ്ധ്യയനവർഷത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ

പാഠപുസ്തക അച്ചടിക്കായി ഒന്നാം ഘട്ടത്തിൽ ഏകദേശം 2 കോടി 33 ലക്ഷവും രണ്ടാം ഘട്ടത്തിൽ ഏകദേശം 1 കോടി 26 ലക്ഷവും പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരവ് 28-10-2014-ലെ എ 2-1633/2014 റ്റിബിഒ. നമ്പർ ടെന്റേറ്റീവ് പ്രിന്റ് ഓർഡർ പ്രകാരം വിദ്യാഭ്യാസ വകുപ്പിൽ നിന്നും കെ.ബി.പി.എസ്.-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ്. 1-10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. 15-5-2015-നകം അച്ചടി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്.-ൽനിന്നും അറിയിച്ചതിനെ തുടർന്ന് 60 ലക്ഷത്തോളം പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് നിർദ്ദേശം നൽകുകയും 15-6-2015-ഓടെ 12 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 10 ലക്ഷം പുസ്തകങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും ബാക്കി പുസ്തകങ്ങൾ മുഴുവനും കെ.ബി.പി.എസ്.-ൽ അച്ചടിക്കുകയും ഒന്നാംവാല്യം പാഠപുസ്തകങ്ങൾ 20-7-2015 ൽ വിതരണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാംവാല്യം പുസ്തകങ്ങൾ കെ.ബി. പി.എസ്-ൽ തന്നെ 25-10-2015 നകം അച്ചടിച്ച് പൂർത്തിയാക്കി 30-10-2015 നകം ഇൻഡന്റ് പ്രകാരമുള്ള വിതരണം ക്രമീകരിച്ചിരുന്നു. ഇൻഡന്റിന്റെ അപാകതയും മറ്റും പരിശോധിച്ച് 7-11-2015-നകം മുഴുവൻ സൊസൈറ്റികളിലേയ്ക്കുമുള്ള പുസ്തകങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ഡി) കെ.ബി.പി.എസ്. വീഴ്ച വരുത്തിയതായി വിദ്യാഭ്യാസ വകുപ്പ് പരാമർശിച്ചിട്ടില്ല എന്ന് കെ.ബി.പി.എസ്. സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി

20 (*140) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈകല്യ നിവാരണത്തിനായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വൈകല്യങ്ങൾ ഉണ്ടാകുന്നത് പ്രതിരോധിക്കൽ, വൈകല്യങ്ങൾ കഴിവതും നേരത്തെ കണ്ടുപിടിക്കൽ, ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ അവരെ സഹായിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) 1. എം.എം.ആർ. പ്രതിരോധ കുത്തിവയ്പ്പ് :

മംപ്സ്, മീസിൽസ്, റൂബെല്ല എന്നീ വൈറസുകൾ ബാധിക്കുന്നതുമൂലം കുട്ടികൾക്കുണ്ടായേക്കാവുന്ന വൈകല്യങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ നൽകിവരുന്ന എം.എം.ആർ. പ്രതിരോധ കുത്തിവയ്പ്പിനാവശ്യമായ വാക്സിൻ എസ്.ഐ.ഡി.-യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 3,00,000 ഡോസ് വാക്സിനുകൾ ഇതിനായി നൽകിയിട്ടുണ്ട്.

2. റൂബെല്ലാ വാക്സിനേഷൻ :

ഗർഭിണികളിൽ റൂബെല്ലാ വൈറസ് ബാധിക്കുകയാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത തടയുന്നതിനായി സംസ്ഥാനത്തെ എയിഡഡ്/സർക്കാർ സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരോഗ്യവകുപ്പ് നടത്തുന്ന റൂബെല്ലാ വാക്സിനേഷന് ആവശ്യമായ വാക്സിൻ എസ്.ഐ.ഡി.-യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 544692 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിൻ നൽകിയിട്ടുണ്ട്.

3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡിഇഐസി) :

കുട്ടികളിലെ വളർച്ചാ വൈകല്യവും അനുബന്ധപ്രശ്നങ്ങളും നേരത്തെ തന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി സ്ഥലം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി

ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

4. നവജാത ശിശുക്കളുടെ കേൾവി പരിശോധന :

കേൾവി സംബന്ധമായ വൈകല്യം വളരെ നേരത്തെ തന്നെ കണ്ടെത്താൻ കഴിയുന്നതാണ്. ഇതിനായി കുട്ടികൾ ജനിച്ചാൽ ഉടൻ തന്നെ കേൾവിവൈകല്യം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഓട്ടോ അകൂസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് (OAE) കേരളത്തിലെ 40 സർക്കാർ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്.

5. പ്രതീക്ഷാ പദ്ധതി

മലപ്പുറം ജില്ലാ പഞ്ചായത്ത്, വൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന ഏർലി ഇന്റർവെൻഷൻ പദ്ധതിയായ പ്രതീക്ഷാ പദ്ധതിക്ക് കുട്ടികളെ സെന്ററുകളിൽ എത്തിക്കുവാൻ 10 വാഹനങ്ങൾ വാങ്ങുന്നതിന് 20 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. സമാനമായ പദ്ധതികൾ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തുകൾക്ക് വാഹനത്തിന്റെ വിലയുടെ 70% (പരമാവധി രണ്ട് ലക്ഷം രൂപ ഒരു വാഹനത്തിന്) എസ്.ഐ.ഡി. ഫണ്ടിൽനിന്നും നൽകുവാൻ തീരുമാനമായിട്ടുണ്ട്.

6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് :

വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന വളർച്ചാ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുവാൻ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസിനെ (IMHANS) ചുമതല പെടുത്തിയിട്ടുണ്ട്. ഇതിനായി 43,13,584 രൂപ ഇംഹാൻസിന് അനുവദിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതി വിലയിരുത്തിയ ശേഷം ആവശ്യമായ ഭേദഗതികളോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

7. ഓട്ടിസം

ഓട്ടിസം നേരത്തെ കണ്ടെത്തുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി ഓട്ടിസം ബാധിതരായ കുട്ടികളുടെ രക്ഷിതാക്കളെയും വിദഗ്ധരേയും പങ്കെടുപ്പിച്ചു കൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലകളിലും ഓട്ടിസം ബാധിതരായ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സഹായിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും റിസോഴ്സ് ആന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**കാർഷിക മേഖലയുടെ പുനർജ്ജീവനം**

21 (*141) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന വ്യാപാര ഉടമ്പടികൾ സംസ്ഥാനത്തെ ഭക്ഷ്യ, നാണ്യ ഉല്പാദകർക്ക് ഹാനികരമായി മാറിക്കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കാർഷിക മേഖല പുനർജ്ജീവിപ്പിച്ച് കൃഷി ലാഭകരമാക്കി കാർഷിക രംഗത്ത് കർഷകരെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ&ബി) ഉണ്ട്. വ്യാപാരകരാറുകളിൽ ഏർപ്പെടുമ്പോൾ സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യങ്ങൾ പരിപൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്ന് കേന്ദ്ര സർക്കാരിനോട് നിവേദനങ്ങളിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കാർഷിക മേഖല പുനർജ്ജീവിപ്പിച്ച് കൃഷി ലാഭകരമാക്കുകയും തദ്വാരാ കർഷകരെ കാർഷികരംഗത്ത് നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. കാർഷിക വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് വഴിയാണ് ഇത് സാധ്യമാക്കുന്നത്.

**കർഷക കടാശ്വാസ കമ്മീഷൻ**

22 (*142) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കമ്മീഷന്റെ പക്കൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം നൽകുമോ;

(സി) കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത നടപടികൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുശാസിക്കുന്ന തരത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുകയും അതത് വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ

കമ്മീഷൻ തിട്ടപ്പെടുത്തി വരുന്നു.

(സി&ഡി) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ കർഷകരിൽനിന്ന് ലഭിക്കേണ്ട ബാധ്യതകളാണ് കടാശ്വാസം നൽകുന്നതിന് പരിഗണിക്കുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസം ശിപാർശ ചെയ്തുകൊണ്ട് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കർഷകവിഹിതം അടയ്ക്കുന്ന കർഷകന് ടിയാൻ ബാങ്കിൽ ഈട് വച്ചിട്ടുള്ള പ്രമാണം സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ തിരികെ നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുപ്രകാരമുള്ള സർക്കാർ വിഹിതം (കടാശ്വാസം) ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനാൽ ആയത് കൂടി അടച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നവർക്കും വായ്പ പുതുക്കുന്നവർക്കും കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള കടാശ്വാസത്തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ആയത് 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശിപാർശ ചെയ്ത കടാശ്വാസത്തുക അനുവദിച്ചശേഷം സഹകരണസംഘം രജിസ്ട്രാർ മുഖേന നിർദ്ദിഷ്ട പരിശോധനകൾ നടത്തി തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കമ്മീഷനിൽനിന്ന് അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കുതന്നെ പരിശോധനക്കായി രജിസ്ട്രാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിച്ചു.

കമ്മീഷന്റെ ദൈനംദിനകാര്യങ്ങളിൽ കൈകാര്യം ചെയ്യേണ്ടതായി വരുന്ന നിയമപരമായ പ്രശ്നങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ ഓഫീസിൽ ലാ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അപേക്ഷകളിലെ തീർപ്പ് കൽപ്പിക്കൽ ത്വരിതപെടുത്തുന്നതിനും ഉതകുന്നവിധം രണ്ട് സീനിയർ കൃഷി ഓഫീസർമാരുടെയും ഒരു കൃഷി അസിസ്റ്റന്റിന്റെയും

സേവനം അനുവദിച്ചുനൽകിയിട്ടുണ്ട്. കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരമാവധി വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി മലയോര ജില്ലകളായ ഇടുക്കിയിലും വയനാട്ടും എല്ലാ മാസവും സിറ്റിംഗ് നടത്തുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.

**കുടുംബശ്രീയുടെ വിവിധ പദ്ധതികൾ**

23 (*143) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം നേടിക്കൊടുക്കുന്ന മൃഗസംരക്ഷണ കാർഷിക പദ്ധതികളായ എം.കെ.എസ്.പി., സമഗ്ര എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഫണ്ടിംഗ് സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ ; ഫണ്ട് കൃത്യസമയത്ത് തന്നെ ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിനായി ചെറുകിട പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനുപകരം മീഡിയാശ്രീ പോലുള്ള പദ്ധതികളുമായി മുന്നോട്ടു പോകാൻ കുടുംബശ്രീയെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇത്തരം പദ്ധതികൾ സ്ത്രീകളുടെ സ്വാശ്രയത്വത്തിന് എങ്ങനെ സഹായകരമാകും എന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. എം.കെ.എസ്.പി., സമഗ്ര എന്നീ പദ്ധതികളുടെ പുരോഗതി സിഡിഎസ് തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചാർജ്ജ് ഓഫീസർമാരുടെ മേൽനോട്ടത്തിലും ബ്ലോക്ക് തലത്തിൽ ചുമതലയുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർ വഴിയും ജില്ലാ സംസ്ഥാന തലങ്ങളിൽ കുടുംബശ്രീ ഉദ്യോഗസ്ഥർ മുഖേനയും സമയബന്ധിതമായി അവലോകനം നടത്താറുണ്ട്.

(ബി) എം.കെ.എസ്.പി. പദ്ധതിക്ക് 2011-2014 കാലഘട്ടത്തിലേക്കാണ് അനുമതി

ലഭിച്ചിരുന്നത്. 79,17,61,220 രൂപയാണ് ആകെ പദ്ധതി തുക. ആയതിന്റെ 36,12,06,890 രൂപ കേന്ദ്രവിഹിതമായും 27,85,54,330 രൂപ സംസ്ഥാന വിഹിതമായും 14,00,00,000 രൂപ എൻ.ആർ.എൽ.എം. പദ്ധതി മുഖേനയും 1,20,00,000 രൂപ എൻ.ആർ.ഇ.ജി.എസ്. മുഖേനയുമാണ് ലഭ്യമാകുന്നത്. കേന്ദ്ര വിഹിതമായി 9.3 കോടി രൂപ 9-11-2011 ൽ ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതം നൽകിയിട്ടില്ല. എം.കെ.എസ്.പി. പദ്ധതി 2014-15, 2015-16 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സമഗ്ര മൃഗസംരക്ഷണ മേഖലയിൽ 2012-13, 2013-14, 2014-15, 2015-16 കാലഘട്ടങ്ങളിൽ ആട്ടുഗ്രാമം, ക്ഷീരസാഗരം പദ്ധതികൾക്കായി 20,10,37,500 രൂപ കുടുംബശ്രീക്ക് ലഭ്യമായ സംസ്ഥാന വിഹിതത്തിൽ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ സ്ത്രീകളെ ചെറുകിട സംരംഭങ്ങളിൽ നിന്നും സാങ്കേതിക മേഖലകളിലേക്ക് കൂടി ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് ചെറുകിട പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം മീഡിയാശ്രീ പോലുള്ള സാങ്കേതിക പദ്ധതികൾ കൂടി കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തയ്യാറായിട്ടുള്ളത്.

(ഡി) മീഡിയാശ്രീ പദ്ധതി മുഖേന മാധ്യമരംഗത്തും ഡോക്യുമെന്ററി നിർമ്മാണത്തിലും കുടുംബശ്രീ അംഗങ്ങൾ പ്രവേശിക്കുവാനും അതുവഴി പ്രൊഫഷണൽ പരിശീലനം നേടുവാനും തൊഴിൽ കണ്ടെത്തുവാനും കഴിയും. പരിശീലനം സിദ്ധിച്ച വരെ ഭാവിയിൽ സുസ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ യൂണിറ്റുകളായി നിലനിർത്തി കൊണ്ട് സർക്കാർ തലത്തിലും അല്ലാതെയുമുള്ള ഡോക്യുമെന്റേഷൻ ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം

24 (*144) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണ വേളയിൽ ഉൽപാദനമേഖലയ്ക്ക് ഒരു നിശ്ചിത ശതമാനം തുക നീക്കി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കിയ സർക്കാരിന്റെ നടപടി ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നയംമൂലം ഉൽപാദനമേഖലക്ക് നീക്കിവയ്ക്കപ്പെട്ട തുക വളരെയേറെ കുറഞ്ഞിട്ടുണ്ട് എന്ന കാര്യം സർക്കാരിനറിയാമോ;

(സി) കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ഫണ്ട് നീക്കിവെക്കലും വിനിയോഗവും ഉണ്ടാകാത്തതുമൂലം സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ മുരടിപ്പ് സൃഷ്ടിച്ചിരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) വിലയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ.ഉ.(എംഎസ്.) നമ്പർ 362/2013/ തസ്വഭവ തീയതി 16-11-2013 പുറപ്പെടുവിച്ചിട്ടുള്ളത്. ഉൽപ്പാദന മേഖലക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുന്നതിന് സർക്കാർ കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉൽപ്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. എത്ര തുക ഈ മേഖലയ്ക്ക് ചെലവിടണമെന്ന കാര്യം തദ്ദേശ സർക്കാരുകൾ തീരുമാനിക്കുന്നതാണ് ഉചിതം.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉൽപ്പാദനമേഖലയിൽ എൺപത്തിയഞ്ച് ശതമാനം വരെ വികസന ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തല മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

(സി) ഇല്ല. ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഭക്ഷ്യവിളകൾ, പാൽ, മുട്ട മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ആവശ്യാനുസരണം ഫണ്ട് വിനിയോഗം നടന്നിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ**

25 (*145) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിൽ നിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങി സ്ഥാപിക്കണമെന്നും വിലയായ 1,28,000 രൂപ കിയോസ്ക് സ്ഥാപിച്ച് ഒരാഴ്ചയ്ക്കകം കെൽട്രോണിന് നേരിട്ട് നൽകേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്നും എത്ര കിയോസ്കുകൾ പഞ്ചായത്തുകൾ വാങ്ങുകയുണ്ടായി ;

(സി) കെൽട്രോൺ ഉല്പാദിപ്പിച്ചതാണോ കിയോസ്കുകൾ ; അല്ലെങ്കിൽ ഏത് സ്ഥാപനമാണ് അവ തയ്യാറാക്കിയിട്ടുണ്ടായിരുന്നത് ;

(ഡി) കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്താതിരുന്നത് എന്തുകൊണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് 22-7-2015-ലെ സ.ഉ.(കൈ) നമ്പർ 241/2015/തസ്വഭവ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽനിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങി സ്ഥാപിക്കണമെന്നും വിലയായ 1,28,000 രൂപ കിയോസ്ക് സ്ഥാപിച്ച് ഒരാഴ്ചയ്ക്കകം കെൽട്രോണിന് നേരിട്ട് നൽകേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുപ്രകാരം കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നുംതന്നെ പഞ്ചായത്ത് വാങ്ങിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനമായതിനാൽ കെൽട്രോണിൽനിന്നും വാങ്ങുവാൻ നിർദ്ദേശിക്കുകയാണുണ്ടായത്. കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് ഐ.റ്റി. ഉപകരണങ്ങൾ

ഇവ കെൽട്രോണിൽനിന്നും വാങ്ങുന്ന രീതി കഴിഞ്ഞ അനേക വർഷമായി നിലവിലുണ്ട്. എന്നാൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി കെൽട്രോൺ ഇ-ടെണ്ടർ ചെയ്തിരുന്നെങ്കിലും അനുയോജ്യരായ വെണ്ടറെ കിട്ടിയിരുന്നില്ല. തുടർന്ന് വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഇന്ദിരാ ആവാസ് യോജന പദ്ധതി**

26 (*146) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ ;

(ബി) വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വായ്പകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തിരിച്ചടയ്ക്കുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വായ്പാ തിരിച്ചടവിൽ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ;

(ഡി) വായ്പാ തിരിച്ചടവ് കുടിശ്ശിക ഇല്ലാതാക്കാൻ സർക്കാർതലത്തിൽ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) അതെ. 2011-12 വർഷം മുതൽ ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി തുക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് സ.ഉ.(എംഎസ്) നമ്പർ 90/13/ തസ്വഭവ

തീയതി 14/3/2013 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുക്കുന്നതിന് 24-5-2013 തീയതിയിലെ സ.ഉ.(കൈ) 193/13/തസ്വഭവ, 13-6-2013 തീയതിയിലെ 220/2013/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.

(ബി) വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് 2011-12 വർഷത്തെ വായ്പാത്തുകയുടെ തിരിച്ചടവ് സംബന്ധിച്ച് സ.ഉ. (കൈ)നമ്പർ 332/13/തസ്വഭവ തീയതി 9-10-2013 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാ തുകയുടെ മുതൽ പത്ത് തുല്യഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11.25% വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി മുതൽ തുക പ്രോജക്ട് വച്ച് പ്ലാൻ ഫണ്ടിൽനിന്നും തിരികെ അടച്ചുവരികയാണ്.

(ഡി) വായ്പാത്തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

27 (*147) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് തുടർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വകുപ്പ് വഴി കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക ശാസ്ത്രീയമായും സമയബന്ധിതമായും ഫലപ്രദമായും പദ്ധതികൾ ആവിഷ്കരിച്ച് വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി വകുപ്പിന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർ മിഷൻ അപ്രോച്ചിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ന്യൂനപക്ഷ ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉടനീളം 903 ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുകയുണ്ടായി. ഇവർ അതാത് പ്രദേശത്തെ ന്യൂനപക്ഷ ക്ഷേമ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് വകുപ്പിന്റെ പദ്ധതികളെപ്പറ്റി വിവരങ്ങൾ നൽകുകയും അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. സംസ്ഥാനത്തൊട്ടാകെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആനുകൂല്യങ്ങളെയും അവകാശങ്ങളെയും പറ്റി അവർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്തു.

3. ദൂരദർശൻ, ആകാശവാണി, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തരം ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

4. വകുപ്പിന്റെ പദ്ധതികളെയും പ്രവർത്തനങ്ങളെയുംപറ്റി പൊതുജനങ്ങളെ അറിയിക്കുന്നതിനായി വിശദമായ ബ്രോഷറുകൾ തയ്യാറാക്കുകയും ഫലപ്രദമായി അവ അർഹരായവർക്കിടയിൽ എത്തിക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കുകയും ചെയ്തു.

5. സന്നദ്ധ സംഘടനകൾ, ന്യൂനപക്ഷ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് ജനങ്ങൾക്ക് അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) ഇപ്പോൾ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കുപുറമെ കാലക്രമേണ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം**

28 (*148) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം, അവരുടെ ജീവിത സാഹചര്യം, തൊഴിൽ എന്നിവ വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) അവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും സർക്കാർ പദ്ധതികളോ ലക്ഷ്യങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഇല്ല. എന്നാൽ കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) ട്രാൻസ്ജെന്റർ വിഭാഗത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി

സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ട്രാൻസ്ജെന്റർ വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ്.

**മാനസികമായി വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ**

29 (*149) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത് ശതമാനത്തിലധികം ആളുകൾ മാനസികമായ വെല്ലുവിളികൾ നേരിടുന്നവരാണെന്ന ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ശരാശരിയേക്കാൾ കൂടിയ ആത്മഹത്യാനിരക്കിന് ഇതും കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മാനസികമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ഒരു സാമൂഹ്യ പ്രശ്നമായി കണ്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നതിന് മാനസിക വെല്ലുവിളികൾ പലപ്പോഴും കാരണമാകാറുണ്ട്. ഇതിനുപരിഹാരമായി പ്രധാനമായും ഇത്തരം മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിലൂടെ കൗൺസിലിംഗിന് വിധേയമാക്കി മാനസിക വെല്ലുവിളികളിൽ നിന്നും ഏറെക്കുറെ വിമുക്തമാക്കി ആത്മഹത്യാ പ്രവണതയിൽ നിന്നും ഒഴിവാക്കാൻ കഴിയുന്നതാണ്.

(സി) സാമൂഹ്യനീതി വകുപ്പിന്റെ ഒരു ലക്ഷം ഗ്രൂപ്പാണ് പാർശ്വവൽക്കരിക്കപ്പെട്ട

ജനവിഭാഗം. ഇവരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ വകുപ്പിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവരിൽ ഒരു വിഭാഗമാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവർ. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഭക്ഷണം, താമസം, വസ്ത്രം, മരുന്നുകൾ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങൾ വഴിയും ഇവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നു.

## മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി

30 (*150) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിനോട് അനുബന്ധിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-സി) ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതിന്റെ പേരിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് നേരിട്ട് ധനസഹായം ലഭിക്കുകയില്ല. എന്നാൽ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ഇതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നുണ്ട്. മലയാള ഗവേഷണ സ്ഥാപനം തുടങ്ങുക, ഗവേഷണ പ്രബന്ധങ്ങൾക്ക് ഫെലോഷിപ്പ് നൽകുക, കേന്ദ്ര സർവ്വകലാശാലകളിൽ മലയാളത്തിനായി ചെയർ ആരംഭിക്കുക എന്നീ കാര്യങ്ങളാണ് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതുകൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ. ഇക്കാര്യങ്ങൾ കാസർഗോഡുള്ള കേന്ദ്ര സർവ്വകലാ ശാലയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം കേന്ദ്രസർക്കാർ

ഈ സർവ്വകലാശാലയ്ക്കാണ് നൽകുക. മലയാള ഭാഷയിൽ നൂറ് ക്ലാസിക് ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. ഡി.ടി.പി.-മലയാള ഭാഷയെ സജ്ജമാക്കാനുള്ള ലാംഗ്വേജ് കംപ്യൂട്ടിംഗ് നടത്തുക, മൺമറഞ്ഞ ക്ലാസിക് ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കുക, മലയാളികളെ ഭാഷയുടെ പൈതൃകവും സംസ്കാരവും ബോദ്ധ്യപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ഇന്ത്യയിലും വിദേശത്തും കൂടുതൽ സ്ഥലങ്ങളിലേക്ക് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഭാഷാ വ്യാപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. മലയാള ഭാഷാ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഐ.എ. വൈ.**

1 (1472) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2015 നവംബർ 30 വരെ പണി പൂർത്തീകരിയ്ക്കാത്ത എത്ര ഐ. എ. വൈ. പ്രകാരമുള്ള വീടുകളുണ്ട്; പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ പണം നൽകുമോ ; വിശദവിവരം നൽകുമോ;

(ബി) കേന്ദ്രത്തിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ച തുക എത്ര ; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(സി) 2015-16 വർഷത്തിലേക്ക് ഐ. എ. വൈ. പ്രകാരം എത്ര വീടുകൾ അനുദിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) 14,465 വീടുകൾ. പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം, ത്രിതല പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ടി തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015-16 വർഷത്തേക്ക് 59,060 വീടുകളാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**പി.എം.ജി.എസ്.വൈ. പദ്ധതി**

2 (1473) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡുകളുടെ പണിക്ക് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡു പണിക്ക് പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് ടി പ്രവൃത്തികൾക്ക് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻ ഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 പി.എം.ജി.എസ്.വൈ ലോക്കൽ മാർക്കറ്റ് ആധാരമായിട്ടുള്ള schedule of rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി ഇതിനകം 107 റോഡുകൾ

പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി അനുവദിച്ചതിലെ പൂർത്തീകരണ നിരക്ക് കൂട്ടുന്നതിലൂടെ കൂടുതൽ റോഡുകൾ പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുമതിക്കായി ശ്രമിക്കാവുന്നതാണ്.

(സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറേയും ഒരു എംപവേർഡ് ഓഫീസറേയും ഒരു ഫിനാൻഷ്യൽ കൺട്രോളറേയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 12 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലന പരിപാടിയും അവലോകനവും സംഘടിപ്പിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം**

3 (1474) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ നിബന്ധനകൾ മൂലം പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര റോഡുകളുടെ പണി പൂർത്തികരിക്കേണ്ടതായിട്ടുണ്ട്;

(സി) 2011-2016 കാലയളവിൽ പാലക്കാട് ജില്ലയിൽ നിന്നും പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച പ്രൊപ്പോസലുകളുടെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ മൂലം പി.എം.ജി. എസ്.വൈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 377 റോഡുകളുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എം.ജി.എസ്.വൈ.**

4 (1475) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മേയ്ക്ക് ശേഷം ആറ്റിങ്ങൾ മണ്ഡലത്തിലുൾപ്പെടുന്ന വക്കം, ചെറുന്നിയൂർ , മണമ്പൂർ, ഒറ്റൂർ, പുളിമാത്ത്, നഗരൂർ, കിളിമാനൂർ, കരവാരം, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ നവീകരിക്കുവാൻ പി.എം.ജി.എസ്.വൈ. ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചതെന്നും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതിയതായി തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. ആങ്ങാവിള-ആനയിൽ-കോടമ്പള്ളി-നിലയ്ക്കാമുക്ക്-മാർക്കറ്റ്,

2. മരക്കട-പന്ത് വിള-ശാസ്താംനട

3. പെരുന്തമൺ-കടമുക്ക്-കുന്നപുരം പുളിമാത്ത് എന്നീ മൂന്ന് റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ രണ്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതി**

5 (1476) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് പി. എം.ജി.എസ്.വൈ. പദ്ധതിയിൽ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഇനത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശികയിൽ എത്ര നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടും ബിൽ തുക കുടിശ്ശിക വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം ലഭിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ കുടിശ്ശികയായ 105 കോടി രൂപ നൽകുവാനുണ്ട്.

(സി) പി.എം.ജി. എസ്.വൈ. പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിക്ക് ആവശ്യമായ തുക കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കാത്തതാണ് ബിൽ തുക കുടിശ്ശിക വരാനുള്ളകാരണം.

## ഐ.എ.വൈ. പദ്ധതിക്ക് സഹകരണബാങ്കുകൾ വായ്പ നൽകുന്നത് സംബന്ധിച്ച്

6 (1477) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതിക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകിയ വകയിൽ ബാങ്കുകൾക്ക് തിരിച്ചടവിനുള്ള തുക നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 30-4-2013 ൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ.പദ്ധതി പ്രകാരം മരങ്ങാട്ടുപള്ളി സഹകരണ ബാങ്ക് വായ്പ നൽകിയതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള കാലതാമസവും കാരണവും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് നൽകിയിരിക്കുന്ന വായ്പ തിരിച്ചടയ്ക്കുന്നതിന് അടിയന്തിര

നിർദ്ദേശം നൽകുമോ; ഇതുമൂലം ബാങ്കിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. 2011-12 വർഷം മുതൽ ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷമായും പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി തുക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാതുകയുടെ മുതൽ പത്ത് തുല്യ ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11.25 ശതമാനം വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി വായ്പാ മുതൽ പ്രോജക്റ്റ് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും തിരികെ അടച്ചുവരികയാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു

**ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന)**

7 (1478) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ എത്ര ഗുണഭോക്താകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീടുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിനാണ്; പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനായി ഹഡ്കോയെ സമീപിച്ചിരുന്നോ; എങ്കിൽ ധനസഹായം ലഭ്യമായോ; എത്ര തുകയുടെ ധനസഹായമാണ് ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത ധനസഹായത്തിന് ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) മുൻ വർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനാണോ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനാണോ ഹഡ്കോ ധനസഹായം വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| 2011-12 | 559 |
| 2012-13 | 222 |
| 2013-14 | 138 |
| 2014-15 | 184 |
| 2015-16(30-11-2015 വരെ) | 190 |
| ആകെ | 1293 |

(ബി&സി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2012 -13 വർഷത്തിൽ 75,000 രൂപ വീതവും 2013-14 വർഷം മുതൽ 50,000 രൂപ വീതവും സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ഇങ്ങനെ അധിക ധനസഹായമായി നൽകേണ്ട തുകയിലുള്ള കുടിശ്ശിക തീർക്കുന്നതിനായി 500 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും 300 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ബാക്കിയുള്ള 200 കോടി രൂപ ഡിസംബർ, ജനുവരി മാസങ്ങളിലായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇന്ദിര ആവാസ് യോജന ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ വിഹിതത്തിലേയ്ക്കായി സർക്കാർ വിഹിതം നൽകാറുണ്ട്. സർക്കാർ വിഹിതത്തിന് അധികമായുള്ള തുക ത്രിതല പഞ്ചായത്തുകൾ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തുന്നുണ്ട്. സംസ്ഥാന സർക്കാർ അധിക ധനസഹായമായി ഗുണഭോക്താവൊന്നിന് 2012-13 വർഷം 75,000 രൂപയും 2013-14 മുതൽ 50,000 രൂപയും പ്രകാരം നൽകുന്നുണ്ട്.

(ഇ) യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധനസഹായമായി സർക്കാർ നൽകാനുണ്ടായിരുന്ന തുകയ്ക്കായി 650 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ടി വായ്പ ലഭ്യമാക്കാത്തതിനാൽ അധിക ധനസഹായത്തിനായി 500 കോടി രൂപ ഇപ്പോൾ അനുവദിക്കുകയാണ് ചെയ്തത്.

(എഫ്) ബാധകമല്ല

**ഐ.എ.വൈ. പദ്ധതി**

8 (1479) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതിപ്രകാരം 2011-12 മുതൽ 2014-15 വരെ അനുവദിച്ച

വീടുകൾ എത്രയെന്നും അതത് വർഷത്തെ ഫണ്ടിൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) നിർമ്മാണം അതത് വർഷം പൂർത്തീകരിക്കാൻ കഴിയാതെ തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണ് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ കുടിശ്ശികതീർക്കുന്നതിന് ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന നടപടികൾ ഏതുവരെയായി; വായ്പ അനുവദിച്ചോ; എത്ര തുകയാണ് അനുവദിച്ചത്?

ഉത്തരം

(എ) ഐ.എ.വൈ.-യുടെ മാനദണ്ഡപ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ വർഷവും പൂർത്തിയാക്കുന്ന വീടുകളുടെ എണ്ണം സ്പിൽ ഓവർ ഉൾപ്പെടെയാണ് കണക്കാക്കുന്നത്.

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ചവീടുകളുടെ എണ്ണം |
|---|---|---|
| 2011-12 | 54717 | 43255 |
| 2012-13 | 44902 | 35010 |
| 2013-14 | 42125 | 34143 |
| 2014-15 | 51261 | 1228 |

(ബി)

| വർഷം | തൻവർഷംപൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം (31-10-2015 വരെയുള്ള |
|---|---|---|

| | | കണക്കുകൾ പ്രകാരം) |
|---|---|---|
| 2011-12 | 11462 | 9031 |
| 2012-13 | 9892 | 5714 |
| 2013-14 | 7982 | 126 |
| 2014-15 | 50033 | 25765 |

(സി) ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2.5 ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്ന തുകയിൽ 2011-12 മുതൽ 2014-15 വരെയുള്ള കുടിശ്ശിക നൽകുന്നതിനായി 2015 ഒക്ടോബർ മാസം വരെ 326 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിനുശേഷം, സംസ്ഥാന അധിക ധനസഹായമായി നൽകാനുള്ള അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| വർഷം | ഇനി നൽകാൻ അവശേഷിക്കുന്ന സംസ്ഥാന അധിക ധനസഹായം (തുക ലക്ഷത്തിൽ) |
|---|---|
| 2011-12 | 7966.64 |
| 2012-13 | 2088.644 |
| 2013-14 | 2702.71 |
| 2014-15 | 11903.216 |
| | 24661.214 |

അധിക ധനസഹായമായി നൽകാൻ അവശേഷിക്കുന്ന ടി 246.612 കോടി

രൂപയിൽ 150 കോടി രൂപ 2015 നവംബർ മാസം 28-ാം തീയതി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 80 ശതമാനം വിനിയോഗം ആകുന്ന മുറയ്ക്ക് ശേഷിക്കുന്ന 96.612 കോടി രൂപ അനുവദിക്കുന്നതാണ്.

(ഡി) ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള തീരുമാനം പിൻവലിക്കുകയും പകരം അധിക ധനസഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 300 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ 300 കോടി രൂപയുടെ 80% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു അനുവദിക്കുന്നതാണ്.

**പി.എം.ജി. എസ്.വൈ.**

9 (1480) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പി. എം. ജി. എസ്. വൈ. പ്രകാരം എന്ത് തുക വീതം ഓരോ വർഷം കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട് ;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

| വർഷം | അനുവദിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 200.000 |
| 2012-13 | 0.000 |
| 2013-14 | 0.000 |
| 2014-15 | 150.000 |

| | |
|---|---|
| 2015-16 | 54.749 |

(ബി)

| വർഷം | മുൻ നീക്കിയിരിപ്പ് അടക്കം ചെലവഴിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 57.844 |
| 2012-13 | 57.293 |
| 2013-14 | 121.155 |
| 2014-15 | 190.594 |
| 2015-16 | 46.531 |

**പി.എം.ജി.എസ്.വൈ.**

10 (1481) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ. പ്രകാരം സംസ്ഥാനത്തിന് എത്ര തുക വീതം കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ നിന്നും ഓരോ ജില്ലകളിലെ പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്നും കുടിശ്ശിക ഉണ്ടെങ്കിൽ ഏതു വർഷം മുതൽ കുടിശ്ശികയായിയെന്നും വ്യക്തമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2010-11 | 144.270 |
| 2011-12 | 200.000 |
| 2012-13 | 0.000 |
| 2013-14 | 0.000 |
| 2014-15 | 150.000 |
| 2015-16 | 54.749 |

ഓരോ ജില്ലയിലെ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ തുക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 2015 ജൂൺ 15 മുതൽ നാളിതുവരെയുള്ള തുക കുടിശ്ശികയായി നൽകുവാനുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് കരാർ ഉറപ്പിച്ച തീയതി മുതൽ 12 മാസമാണ്.

**പി.എം.ജി.എസ്.വൈ.**

11 (1482) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എം. ജി. എസ്.വൈ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി. എസ്.വൈ പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ മൂന്ന് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. കടന്നപ്പള്ളി കിഴക്കേക്കര-കച്ചേരിക്കടവ് റോഡ്-കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക-105.13 ലക്ഷം (93.60 ലക്ഷം-നിർമ്മാണം, 11.53 ലക്ഷം മെയിന്റനൻസ്) പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 20.620 കി.മീ.
2. പറവൂർ കോയിപ്ര റോഡ്-കടന്നപ്പള്ളി പാണപ്പുഴ റോഡ്-എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക 153 ലക്ഷം-നിർമ്മാണം, 16.06 ലക്ഷം-മെയിന്റനൻസ് ആകെ 169.06 ലക്ഷം പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 3.650 കി.മീ.
3. പാണപ്പുഴ-പാണപ്പുഴച്ചാൽ റോഡ് ഭരണാനുമതി തുക-205.08 ലക്ഷം -നിർമ്മാണം, പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം -2.01 കി.മീ. ഫോർമേഷനും സിഡി പ്രവൃത്തിയും തുടങ്ങി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ മട്ടന്നൂരിലെ റോഡുകൾ**

12 (1483) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകൾക്കാണ് 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച മേൽ പറഞ്ഞ റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയമസഭാ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ആറ് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫേസ് 8-ൽ 2013-14 വർഷത്തിൽ മാത്രമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു :

1. ചങ്ങലഗേറ്റ് പെരുവ റോഡ് - 385.74 ലക്ഷം - നിർമ്മാണം, 35.36 ലക്ഷം - മെയിന്റനൻസ്.
2. പുള്ളിപ്പൊയിൽ തെക്കുംപൊയിൽ റോഡ് - 138.73 ലക്ഷം - നിർമ്മാണം, 12.59 ലക്ഷം - മെയിന്റനൻസ്.
3. കാഞ്ഞിലേരി കാക്കാട്ടുപറമ്പ് റോഡ് - 187.88 ലക്ഷം - നിർമ്മാണം, 16.91 ലക്ഷം - മെയിന്റനൻസ്.
4. ആലാച്ചി കാർക്കോട് റോഡ് - 267.17 ലക്ഷം - നിർമ്മാണം, 24.05 ലക്ഷം - മെയിന്റനൻസ്.
5. പൈസായി ചോലക്കരി റോഡ് - 274.32 ലക്ഷം - നിർമ്മാണം, 24.69 ലക്ഷം - മെയിന്റനൻസ്.
6. നായാട്ടുപാറ കാരാറമ്പ റോഡ് - 231.91 ലക്ഷം - നിർമ്മാണം, 20.87 ലക്ഷം - മെയിന്റനൻസ്.

(ബി) ചങ്ങലഗേറ്റ് പെരുവ റോഡ്, പുള്ളിപ്പൊയിൽ തെക്കുംപൊയിൽ റോഡ്, കാഞ്ഞിലേരി കക്കാട്ടുപറമ്പ റോഡ് എന്നീ റോഡുകൾ പൂർത്തീകരിച്ചു. ആലാച്ചി കാർക്കോട്, പൈസായി ചോലക്കരി, നായാട്ടുപാറ കാരാറമ്പ എന്നീ റോഡുകളുടെ

ആദ്യഘട്ട മെറ്റലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു.

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണം

13 (1484) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരം അവയുടെ അടങ്കൽ തുകയും ചെലവഴിച്ച തുകയും ഉൾപ്പെടെ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) മുൻസർക്കാരുകളുടെ കാലത്ത് ഭരണാനുമതി നൽകിയതോ, നിർമ്മാണം ആരംഭിച്ചതോ ആയ പ്രസ്തുത പദ്ധതിയിൽപ്പെട്ട റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അവയിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയെന്നുമുള്ള വിവരം വിശദാംശങ്ങൾ ഉൾപ്പെടെ ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സുരഭി ഭവന പദ്ധതി

14 (1485) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബല വിഭാഗക്കാർക്ക് വസ്തുവിൽ വീട് വച്ച് നൽകുന്ന സുരഭി ഭവന പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ?

ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന "സുരഭി" എന്ന പേരിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല.

**മലയോര വികസന ഏജൻസിയുടെ കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ**

15 (1486) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയും എതു നിയോജകമണ്ഡലത്തിലാണ് ഉൾപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് മലയോര വികസന ഏജൻസിക്കു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഏതു സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയിൽ ഉൾപ്പെടുത്തിയത്;

(ഡി) മലയോര വികസന ഏജൻസിക്കു കീഴിൽ ഉൾപ്പെടുത്തിയതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലെ ഏതെങ്കിലും വികസന പദ്ധതികളുടെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായോ; അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവർത്തിക്കും വകയിരുത്തിയ തുകയും ഓരോ പ്രവർത്തിയും ഏതു നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നതെന്ന വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചിറ്റാരിപ്പറമ്പ
2. കീഴല്ലൂർ
3. കൂടാളി
4. മാല്ലൂർ
5. മങ്ങാട്ടിടം
6. കോളയാട്
7. തില്ലങ്കേരി
8. പടിയൂർ കല്യാട്

(സി) 30-9-2014 തീയതിയിലെ (സാധ) 447/14/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത ഗ്രാമപഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ കീഴിൽ ഉൾപ്പെടുത്തിയത്.

(ഡി) ലഭിച്ചിരുന്നു. എന്നാൽ മലയോര വികസന ഏജൻസിയുടെ കീഴിൽ ഉൾപ്പെട്ടിരുന്ന 561 ഗ്രാമ പഞ്ചായത്തുകളിൽ 800 മീറ്റർ കോണ്ടൂരിന് മുകളിൽ ഉള്ളതോ പാരിസ്ഥിതിക ദുരന്തങ്ങൾക്കു വിധേയമായതോ ആയ 153 പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും മാത്രമാണ് മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 153 ഗ്രാമപഞ്ചായത്തുകളിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

**മലയോര വികസനത്തിനായി പദ്ധതികൾ**

16 (1487) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസനത്തിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടേയും, പാലങ്ങളുടേയും, നടപ്പാതകളുടേയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷി തുടങ്ങിയ വികസന പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണുസംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(സി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ, ഡ്രാഫ്റ്റ്സ്മാൻ എന്നിവർ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കുമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ 3 പേരെയും നിയോഗിച്ചിട്ടുണ്ട്. നിലവിലെ എല്ലാ പദ്ധതികളും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മുഖേനയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് മുഖേന പ്രോജക്ട് ഡയറക്ടർമാരുമാണ് നടപ്പിലാക്കുന്നത്.

**ഇന്ദിര ആവാസ് യോജന**

17(1488) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി ഇതേ പേരിൽ നിലവിലുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ടെങ്കിൽ ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ ഇപ്പോൾ നിലവിലുള്ള പദ്ധതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മാണം തുടങ്ങിയ വീടുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തിയാക്കാനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000 രൂപയാണ്. തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. എന്നാൽ കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇന്ദിര ആവാസ് യോജനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് കാരണം ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നുണ്ട്.

**ഇന്ദിര ആവാസ് യോജന**

18 (1489) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ദിര ആവാസ് യോജന പ്രകാരം 2011 മുതൽ 2015 വരെ കരുനാഗപ്പള്ളി

മണ്ഡലത്തിൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകൾ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന ആറ് ഗ്രാമപഞ്ചായത്തുകളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ച നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | എഗ്രിമെന്റ് വെച്ച വീടുകൾ | നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| 2011-12 | 535 | 535 | ... |
| 2012-13 | 400 | 378 | 22 |
| 2013-14 | 246 | 229 | 17 |
| 2014-15 | 284 | 248 | 26 |
| 2015-16 | 261 | ... | 261 |
| ആകെ | 1726 | 1390 | 326 |

കരുനാഗപ്പള്ളി നിയമസഭാ മണ്ഡലത്തിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഒഴികെയുള്ള പ്രദേശങ്ങൾ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുന്നതാകയാൽ ഇന്ദിര ആവാസ് യോജന പദ്ധതിയുടെ പ്രയോജനം ടി മുനിസിപ്പൽ പ്രദേശത്ത് ലഭ്യമല്ല.

**ഇന്ദിര ആവാസ് യോജന**

19 (1490) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വിട് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് സൗജന്യമായി കുറഞ്ഞത് 30 വർഷമെങ്കിലും നിലനിൽക്കുന്ന വീടുകൾ നിർമ്മിച്ചുനൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000 രൂപയാണ്. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കുമൂലമുണ്ടായ ബാധ്യതയിൽ വീടൊന്നിന് 2012-13-ൽ 75000 രൂപയും, 2013-14 മുതൽ 50,000 രൂപ വീതം സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകിവരുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകുന്നതിലേയ്ക്കായി ഒരു ലക്ഷം രൂപ വീതം പട്ടികജാതി വകുപ്പും 50,000 രൂപ വീതം പട്ടികവർഗ്ഗ വകുപ്പും വഹിച്ചുവരുന്നു. ബാക്കിയുള്ള തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നുണ്ട്.

(സി) 2015-16 വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തി എഗ്രിമെന്റ് വച്ച് ധനസഹായം നൽകുന്നുണ്ട്. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് സംസ്ഥാനത്ത് നിന്നും നേരിട്ട് നൽകിവരുന്നു. 104.46 കോടി രൂപ 30-11-2015 വരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാംഗഡു തുക ലഭിക്കുന്നതിനുള്ള

നടപടികൾ പുരോഗതിയിലാണ്.

**പദ്ധതി അടങ്കൽ തുക**

20 (1491) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ പദ്ധതി അടങ്കൽ തുക എത്രയാണ് ;

(ബി) ഓരോ വകുപ്പും പദ്ധതിയിനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത തുക വകുപ്പുകൾക്ക് അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരും ?

ഉത്തരം

(എ) 2015-16-ൽ വാർഷിക പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 20,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് അനുബന്ധമായി നൽകുന്നു*.

**നഴ്സസ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ്**

21 (1492) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സസ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനാൽ, വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ഉദ്ദേശ്യത്തോടെയും ഉദ്യോഗാർത്ഥികളിൽ നിന്നും അമിതമായ നിരക്കിൽ പണം ഈടാക്കുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd.), ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളുവെന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇ മൈഗ്രേറ്റ്'' (eMigrate) എന്ന ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. കൂടാതെ ഇ.സി.ആർ. രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും നിർബന്ധമാക്കിയിട്ടുണ്ട്.

(സി) റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിന് ആവശ്യമായ എണ്ണം ജീവനക്കാരെ ഉൾപ്പെടുത്തി നോർക്ക റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന് കീഴിലുള്ള നോർക്ക റൂട്ട്സ് മുഖേന വിദേശ രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ

നിയമനം വളരെ വിജയകരമായി നടത്തുന്നുമുണ്ട്.

**ഇന്ദിര ആവാസ് യോജന**

22 (1493) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജയ. വി. പി., വാരിക്കുഴി പുറായിൽ, മാനിപുരം പി.ഒ. എന്നയാൾക്ക് ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിരുന്നുവോ ; എങ്കിൽ ഇവർ എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഐ.എ.വൈ. പദ്ധതിയിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഏതെല്ലാം ഘട്ടങ്ങളിൽ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

(സി) ഈ കുടുംബത്തിന് ആകെ എത്ര രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളത് ;

(ഡി) ഇവരുടെ വീട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ഇ) ഇവർക്ക് അനുവദിച്ച തുക തിരിച്ചു പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഈ കുടുംബത്തെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി ജയ വി. പി., വാരിക്കുഴി പുറായിൽ, മാനിപുരം പി. ഒ., എന്നയാൾക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിരുന്നു. ടി. ഗുണഭോക്താവ് മൂന്നു ഗഡുക്കളായി 60,550 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ബി) ബേസ്മെന്റിന് അഡ്വാൻസായി 20,000 രൂപയും ബേസ്മെന്റ് പണി പൂർത്തീകരിക്കുന്നതിന് 15,000 രൂപയും ഭിത്തി പണിയുന്നതിനുള്ള അഡ്വാൻസായി 25,550 രൂപയും നൽകിയിട്ടുണ്ട്.

(സി) ആകെ 60,550 രൂപ നൽകിയിട്ടുണ്ട്.

(ഡി) ബേസ്മെന്റ് പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. 2008-09 ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി ജയ. വി. പി. മൂന്ന് ഗഡുക്കളായി 60,550 രൂപ കൈപ്പറ്റി അഞ്ചു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരിച്ചടക്കുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടും ഗുണഭോക്താവ് അതിനു തയ്യാറാകാത്തതിനാലാണ് റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

**നാട്ടിക നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

23 (1494) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയാണ് ; ഉത്തരവിന്റെ പകർപ്പുകൾ സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏതെല്ലാം; പൂർത്തികരിക്കുവാനുള്ളവ ഏതെല്ലാം; പി. എം. ജി. എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കാത്തവ ഏതെല്ലാം ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ വലപ്പാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട എടമുട്ടം നോർത്ത്-കോതകുളം വെസ്റ്റ് റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 23-9-2015-ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞ പ്രവൃത്തി ആരംഭിക്കുന്നതിന് സ്ഥലം കൈമാറാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) സ്ഥലം കൈമാറാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറിക്കിട്ടിയാലുടനെ തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും പദ്ധതികൾ**

24 (1495) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾ പുതിയതായി നിർമ്മിച്ചിട്ടുണ്ടെന്നും അവയ്ക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് വഴി പി.എം.ജി.എസ്.വൈ., നബാർഡ്-ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ അനുമതിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വാങ്ങി നബാർഡിന്റെ അനുമതിക്ക്

അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. പി.എം.ജി.എസ്.വൈ.- I-ൽ നിർമ്മിച്ച റോഡുകൾ ഉൾപ്പെടെ നിലവിൽ പുനരുദ്ധാരണം ആവശ്യമുള്ള ഗ്രാമീണ റോഡുകളെ കണ്ടെത്തി അത്തരം റോഡുകൾക്ക് മുൻഗണന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പി.എം.ജി. എസ്.വൈ.-II ആരംഭിച്ചിരിക്കുന്നത്. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) നവീകരിക്കുന്നതിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ എല്ലാ റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ വർഷവും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നു. ടി പദ്ധതിയിൽ ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന ഏറ്റെടുത്ത റോഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

25 (1496) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) നെന്മാറാ നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളെയാണ് പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൽപ്പെടുത്തിയിട്ടുള്ള ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(സി) പുതുതായി ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്നും പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>റോഡിന്റെ പേര്</u>

1 അഗംപ്പാടം ചാട്ടിയോട് ആലുവശ്ശേരി

2 കണിമംഗലം കോഴിക്കോട്

3 എൻ.എസ്.എസ്. കോളേജ്, പയിറ്റാംകുന്ന്

4 പാപ്പാൻചള്ള ചെമ്മനാംതോട്

5 പാളിയമംഗലം മുക്കൻചിറ.

(ബി) പദ്ധതിയിൽ ഏറ്റെടുത്ത പാളിയമംഗലം മുക്കൻച്ചിറ എന്ന റോഡാണ് പൂർത്തീകരിച്ചത്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പുതിയ റോഡുകളൊന്നും അനുവദിച്ചിട്ടില്ല.

**ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ**

26 (1497) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങളാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് ചെലവിട്ടത്;

(സി) പ്രസ്തുത ചെലവിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ വർഷവും സംസ്ഥാനത്ത് സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) |
|---|---|
| 2011-12 | 633.1 |
| 2012-13 | 837.74 |
| 2013-14 | 865.94 |
| 2014-15 | 588.19 |
| 2015-16 (30-11-2015 വരെ) | 415.2 |

(ബി) പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 70162.19 |
| 2012-13 | 104807.84 |
| 2013-14 | 131121.95 |
| 2014-15 | 161737.8 |
| 2015-16 (27-11-2015 വരെ) | 109781.65 |

(സി) പ്രസ്തുത ചെലവിനത്തിൽ ഓരോ വർഷവും ലഭിച്ച കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ വിഹിതം ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്രസംസ്ഥാനസർക്കാരുകളുടെ വിഹിതം (ലക്ഷത്തിൽ) | |
|---|---|---|
| | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ |
| 2011-12 | 95105.42 | 2510.12 |
| 2012-13 | 131117.81 | 2102.03 |
| 2013-14 | 127710.93 | 1512.8 |
| 2014-15 | 158758.02 | 4000 |
| 2015-16 (27-1-2015 വരെ) | 107382.14 | 2500.44 |

**ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി**

27 (1498) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതം അനുവദിച്ചുവെന്ന് വർഷം, തുക തിരിച്ച് വിശദമാക്കുമോ ;

(ബി) 2015-16 വർഷം എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി എന്ന പേരിൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പദ്ധതിയില്ല. ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയിലും ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി ഏറ്റെടുക്കുന്നില്ല. ഗ്രാമീണ

റോഡുകൾ നിർമ്മാണം നടത്തിയശേഷം, അഞ്ചുവർഷം മെയിന്റനൻസ് കാലാവധി കഴിഞ്ഞ് ജില്ലാ പഞ്ചായത്തിന് കൈമാറുന്ന പദ്ധതിയാണ് നിലവിലുള്ളത്.

**ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം**

28 (1499) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജ സ്വലമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഇതിനുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും വിശദമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇ-ടെണ്ടർ, ഓൺലൈൻ സംവിധാനം, അക്കൗണ്ടിംഗ് സമ്പ്രദായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിംഗ് പുനഃസ്ഥാപിച്ചു. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തി.

(ബി) ഇന്ദിര ആവാസ് യോജന, ഇന്റഗ്രേറ്റഡ് വാട്ടർ ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം/ഹരിയാലി/ഐ.ഡബ്ല്യു.എം.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ചുള്ള വികസന പദ്ധതികളും ആണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾ. ഈ സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 109.20 കോടി രൂപയും ഐ.ഡബ്ല്യു.എം.പി. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 10 കോടി രൂപയും ആയിരുന്നു. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ബഡ്ജറ്റ് വിഹിതം 622.48 കോടി രൂപയാണ്.

(സി) ഇല്ല.

**പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പ്രവർത്തനാനുമതി നൽകിയത്**

29 (1500) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ 2015 വരെ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**തൃശ്ശൂർ ജില്ലയിൽ പി.എം.ജി.ആർ.എസ്.വൈ. പദ്ധതി**

30 (1501) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.ആർ.എസ്.വൈ.പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 2011-12 മുതൽ അനുമതി നൽകിയ പദ്ധതികളും തുകയും എത്ര വീതമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഹാഡാ പദ്ധതികൾ**

31 (1502) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവർത്തികളാണ് ഹാഡാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?ോ

ഉത്തരം

(എ-സി) മലയോര വികസന ഏജൻസി മുഖേന 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധം-1*-ൽ ചേർത്തിരിക്കുന്നു. ഇതിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ ലിസ്റ്റും ഭരണാനുമതിയുടെ പകർപ്പും അനുബന്ധം 2*-ൽ ചേർത്തിരിക്കുന്നു.

താഴെപ്പറയുന്ന പ്രവൃത്തികൾ 2015-16 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നബാർഡിന്റെ പരിഗണനയ്ക്കയച്ചിട്ടുണ്ട്. നബാർഡിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

1. കുമ്പളാട്ട് വാട്ടർ ടാങ്ക് റോഡ്
2. അപ്പാളം ക്ലബ് - കടൽമാട് റോഡ്
3. മേപ്പാടി - കടൂർറോഡ്
4. തെനേരി - കരിങ്കണ്ണിക്കുന്ന് റോഡ്
5. കൊളവയൽ - തൊണ്ടുപാളി റോഡ്
6. മംഗലംകുന്ന് - കൊളവയൽ റോഡ്
7. പെരിങ്ങോട് പുഴ ചെക്ക് ഡാം

8. ആട്ടവാടിവയൽ - ചെക്ക്ഡാം

9. വേങ്ങപ്പള്ളി - മണിയൻകോട് റോഡ്

പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകേണ്ടത് ബന്ധപ്പെട്ട ബ്ലോക്കിൽ നിന്നുമാണ്. 2015-16 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാനിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് 30-11-2015-ന് ആണ്. 2015-16 സാമ്പത്തിക വർഷത്തിൽ ഹാഡ വഴി നടപ്പിലാക്കുന്നതിനായി ലഭിച്ച പദ്ധതികളുടെ, തെരഞ്ഞെടുപ്പ് പരിഗണനയിലാണ്.

**സാംസ്കാരിക മേഖലയിലെ വളർച്ച**

32 (1503) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻകീഴിലെ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ്/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി

ധനസഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയതും മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കുടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ, വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടെയുള്ള മ്യൂസിയം നവീകരണം, വഴിയോര ശില്പങ്ങൾ എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്.

**കോട്ടപ്പുറം-കാവുണ്ട-പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണം**

33 (1504) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ കോട്ടപ്പുറം - കാവുണ്ട - പറമ്പോട്ടുകുന്ന് തോട്ടറ റോഡ് നവീകരണത്തിനും, റീ-ടാറിങ്ങിനുമായി നബാർഡിന്റെ ധനസഹായം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഫയൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത റോഡിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി&സി) നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതി ലഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിൽ നോഡൽ ഡിപ്പാർട്ടുമെന്റായ ധനകാര്യവകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരികയാണ്.

**തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ**

34 (1505) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭാഗമായ പഞ്ചായത്തുകളിൽ ക്രമീകരിച്ചിരുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഈ സാമ്പത്തിക വർഷ അവസാനം വരെ സമയം ദീർഘിപ്പിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ 37 ഗ്രാമപഞ്ചായത്തുകളും ചില പഞ്ചായത്ത് വാർഡുകളും 31-10-2015 മുതൽ മുനിസിപ്പാലിറ്റികളുടെ ഭാഗമായി മാറിയതിനാൽ ഈ തീയതി മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അവകാശങ്ങൾക്കുള്ള അർഹത നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ**

35(1506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സ്ത്രീ ജീവനക്കാർക്ക് പ്രസവാവധി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) പ്രസ്തുത കാര്യങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

**ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഹാഡ പദ്ധതിയുടെ പ്രവൃത്തികൾ**

36 (1507) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികൾക്കായി 2015-16 സാമ്പത്തിക വർഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത്, നിർമ്മാണ പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) എം.എൽ.എ. മുഖാന്തരം സമർപ്പിക്കപ്പെട്ട പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഏറ്റവും കൂടുതൽ മലമ്പ്രദേശങ്ങൾ ഉള്ള ഉടുമ്പൻചോലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പ്രവൃത്തികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് 30-11-2015-നാണ്. ഇതനുസരിച്ച് പ്രവൃത്തികളുടെ തിരഞ്ഞെടുപ്പ് നടന്നുവരുന്നതേയുള്ളൂ.

(സി) പരിഗണിക്കാവുന്നതാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

37 (1508) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷിടിച്ചിട്ടുണ്ടെന്ന് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും തിരിച്ച് വിശദീകരിക്കുമോ;

(ബി) തൊഴിലാളികൾക്ക് ഇതുവരെയുള്ള പ്രതിഫലം കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുവരെയുള്ള കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതെങ്കിലും പുതിയ മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ 2015-16 കാലയളവിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പഞ്ചായത്തിന്റെ പേര് | തൊഴിൽ ദിനങ്ങൾ |
|---|---|
| ചെമ്പ് | 44745 |
| മറവൻതുരുത്ത് | 46839 |
| തലയാഴം | 59661 |
| ടി.വി.പുരം | 24821 |
| ഉദയനാപുരം | 85100 |
| വെച്ചൂർ | 43604 |
| ആകെ | 304770 |

(ബി) 10-10-2015 വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. തുടർന്നുള്ള കുടിശ്ശിക കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

**പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി**

38 (1509) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി (പി.എം.ജി.എസ്.വൈ.) പ്രകാരം ഗ്രാമീണ റോഡ് വികസനത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര രൂപ കേന്ദ്രം അനുവദിച്ചു ; വർഷം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയെത്രയായിരുന്നു ;

(സി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന്റെയും തുക അനുവദിച്ചതിന്റെയും മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൻ പ്രകാരം പാലക്കാട് ജില്ലയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ അനുവദിച്ച റോഡുകളുടെ പേരും തുകയും വർഷം, നിയമസഭാ മണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വർഷം | അനുവദിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 200.000 |
| 2012-13 | 0.000 |
| 2013-14 | 0.000 |
| 2014-15 | 150.000 |
| 2015-16 | 54.749 |
| ആകെ | 404.749 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ.-1-ൽ നിർമ്മിച്ച റോഡുകൾ ഉൾപ്പെടെ നിലവിൽ പുനരുദ്ധാരണം ആവശ്യമുള്ള ഗ്രാമീണ റോഡുകളെ കണ്ടെത്തി അത്തരം റോഡുകൾക്ക് മുൻഗണന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പി.എം.ജി. എസ്.വൈ.-II ആരംഭിച്ചിരിക്കുന്നത്. PMGSY പദ്ധതിക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) നവീകരിക്കുന്ന തിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ.-ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്സ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേയ്ക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.മാർ, എം.എൽ.എ.-മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

39 (1510) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്രവിഹിതമായി ആകെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വിഹിതമായി തൊഴിലുറപ്പ് പദ്ധതിയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തികവർഷം കേന്ദ്രവിഹിതമായി ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്നും പറയാമോ ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്രവിഹിതമായി 620074.32 ലക്ഷം ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാന വിഹിതമായി 12625.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി ഇതുവരെ 107382.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിൽ വേതനത്തിനായി ലഭിച്ച മുഴുവൻ തുകയും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന**

40 (1511) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ ഏറ്റവും അവസാനമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെയും റീ-ടെണ്ടർ ചെയ്തശേഷം കരാർ വയ്ക്കാൻ കഴിയാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന**

41 (1512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജനയ്ക്കായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര തുക ലഭിക്കും എന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) ഗ്രാമീണ റോഡുകളുടെ പണി തുടങ്ങിയിട്ട് പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 54.749 കോടി രൂപ.

(ബി) ലഭിച്ചിട്ടില്ല.

(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഭവന നിർമ്മാണ പദ്ധതികൾ**

42 (1513) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ടത്രയും വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച വാർഷിക കണക്കുകൾ ലഭ്യമാണോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക വകമാറ്റിയിരുന്നുവോ;

(ഡി) പ്രസ്തുത രീതിയിലുള്ള വകമാറ്റൽ ആ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ വഷളാക്കിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | ഭൗതിക ലക്ഷ്യം | പൂർത്തീകരിച്ചവീടുകൾ |
|---|---|---|
| 2011-12 | 53808 | 54717 |
| 2012-13 | 59620 | 44902 |
| 2013-14 | 45738 | 42125 |
| 2014-15 | 59060 | 51261 |
| 2015-16 (ഒക്ടോബർ വരെ) | 59060 | 47197 |

നഗരസഭാ തലത്തിലുള്ള കണക്കുകൾ അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു.

(സി) ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഏറ്റെടുക്കുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് പൊതുവിഭാഗത്തിന് 2 ലക്ഷമായും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3 ലക്ഷമായും വർദ്ധിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ള അധിക ബാധ്യതയിൽ സംസ്ഥാനം നൽകുന്ന അധികധനസഹായത്തിനും പട്ടികജാതി/പട്ടികവർഗ്ഗ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസന വകുപ്പുകൾ നൽകുന്ന ധനസഹായത്തിനും പുറമേ വരുന്ന ബാധ്യത ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ തുക വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള തുക ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ നിന്നും വകയിരുത്തുന്നതാണ്.

(ഡി) ഇല്ല.

**ഹാഡ പദ്ധതി**

43 (1514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ എത്ര പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് നിയോജക മണ്ഡലം, പദ്ധതി, വർഷം എന്നിവയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും പുതിയ പദ്ധതികൾക്കായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 1. പഴം പച്ചക്കറി വികസന പദ്ധതി - പരപ്പ ബ്ലോക്ക്

2. പഴം പച്ചക്കറി വികസന പദ്ധതി - കാഞ്ഞങ്ങാട് ബ്ലോക്ക്

(സി) ഉണ്ട്.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച ചെക്ക് ഡാം നിർമ്മാണം, റോഡു പ്രവർത്തികൾ എന്നിവ നബാർഡിന്റെ പരിഗണനയിലും 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച പദ്ധതികൾ പരിശോധിച്ചുവരികയുമാണ്.

**അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

44 (T*1515) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ പരിഗണനാവിഷയങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**അൻപത് ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

45 (1516) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന അൻപത് ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്കായി 2011-12 മുതലുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ട തുക എത്രയെന്നറിയിക്കാമോ ;

(സി) അതിൽ എന്ത് തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം (എ) ആയി നൽകുന്നു.*

(ബി) അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) അനുബന്ധം (സി) ആയി നൽകുന്നു.*

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി**

46 (1517) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമഗ്ര വികസനം കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) വാർഷിക പദ്ധതികൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനം കൈവരിക്കുന്നതിന് അനുസൃതമായ രീതിയിൽ രൂപീകരിക്കുന്നതിനായി സമീപന രേഖ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പാകുടിശ്ശിക എഴുതിത്തള്ളുന്നതിന് പദ്ധതി**

47 (1518) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പേരുടെ വായ്പാ കുടിശ്ശിക ഇതുവരെ എഴുതിത്തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പക്ക് പലിശ ഇളവ് നൽകുന്നതിന് സംസ്ഥാന സർക്കാരിന്

കേന്ദ്ര സർക്കാർ തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുക കൈമാറി; അതിൽ ബാങ്കുകൾക്ക് എത്ര തുക നൽകി എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് സംസ്ഥാന സർക്കാർ/ബാങ്കുകൾ ഒരു സ്കീമും ആവിഷ്കരിച്ചിട്ടില്ല.

(സി) ഉണ്ട്. 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഐ.ബി.എ. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ കാലയളവിൽ പലിശ സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു സ്കീം ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ജില്ലാ കളക്ടർമാർ അപേക്ഷ സ്വീകരിച്ച് അനുവദനീയമായ തുക കണക്കാക്കി ഫണ്ട് അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടർമാർ മുഖാന്തരം വിദ്യാർത്ഥികളുടെ ലോൺ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയും നിലവിലുണ്ട്.

(ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡി പ്രകാരം കേന്ദ്ര സർക്കാർ ബാങ്കുകൾക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. നൽകിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| വർഷം | നൽകിയ തുക |
|---|---|
| 2009-10 | 46,68,66,297 |
| 2010-11 | 1,44,04,38,477 |
| 2011-12 | 2,74,18,27,249 |
| 2012-13 | 3,92,15,29,707 |
| 2013-14 | 3,76,97,79,604 |

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

48 (1519) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; അതിൽ എത്ര തുക ഒക്ടോബർ 31 വരെ ചെലവാക്കി; വകുപ്പ് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു ; എത്ര തുക ഓരോ വകുപ്പും ചെലവാക്കി ; എത്ര തുക ലാപ്സായി ; എത്ര തുക വക മാറ്റി ചെലവാക്കി ; വ്യക്തമാക്കുമോ ;

(സി) 2011-12 വർഷം മുതൽ നടപ്പുസാമ്പത്തിക വർഷം വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടുണ്ടോ ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; കുറവ് വന്നിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം 1233.81 കോടി രൂപ സംസ്ഥാനത്തിന് റിലീസ് ചെയ്തിട്ടുണ്ട്. 31-10-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 1888.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പുതിരിച്ച കണക്ക് അനുബന്ധമായി നൽകുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2011-12 വർഷം മുതൽ 2015-16 വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടില്ല. വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | വകയിരുത്തിയ തുക |
|---|---|
| 2011-12 | 1406.28 |
| 2012-13 | 2176.66 |
| 2013-14 | 2643.2 |
| 2014-15 | 2733.53 |
| 2015-16 | 7686.32 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ചെലവഴിച്ച തുക

49 (T*1520) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എത്ര തുക സംസ്ഥാന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ഫണ്ടിന്റെ കുറവ് കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ;എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2013-14 വർഷത്തിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കാതെയോ പൂർത്തീകരിക്കാതെയോ വന്നിട്ടുള്ളത്; ആയതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-15-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ 2753.53 കോടി രൂപയിൽ 31-3-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 1565.056 കോടി രൂപ (57%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാത്തതും നടപ്പാക്കാത്തതുമായ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി നൽകുന്നു.*

## വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക

50 (1521) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പുകൾ ഏതെല്ലാം പദ്ധതിക്കുവേണ്ടിയാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിച്ചെലവ് ആസൂത്രണവകുപ്പ് അവലോകനം നടത്താറുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം (എ)* ആയി നൽകുന്നു.

(ബി) അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) പദ്ധതിച്ചെലവ് എല്ലാ മാസവും ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം നടത്താറുണ്ട്. 21-11-2015-ൽ നടത്തിയ അവലോകനപ്രകാരം പദ്ധതിയിനത്തിൽ 2015-16-ൽ വകയിരുത്തിയ 20,000 കോടി രൂപയിൽ (31-10-2015-വരെയുള്ള താൽക്കാലിക കണക്കുപ്രകാരം) 6254.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## 2015-16-ലെ പദ്ധതി അടങ്കൽ തുക

51 (1522) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര ; ഇവയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുവോ ; വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും ഓരോ വകുപ്പും ചെലവാക്കിയ തുക, ലാപ്സായ തുക, വകമാറ്റി ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) 2015-16 വർഷത്തെ പദ്ധതി അടങ്കലിൽ മാലിന്യസംസ്കരണം, ഭ്രരഹിതരില്ലാത്ത കേരളം, ജലനിധി , ശുചിത്വ കേരളം , പകർച്ച വ്യാധി തടയൽ, മഴക്കാല പരിസര ശുചീകരണം എന്നിവയ്ക്കായി നിശ്ചയിച്ച പദ്ധതി വിഹിതം, നാളിതുവരെ ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2015-16 സാമ്പത്തിക വർഷം കേന്ദ്ര സഹായം ലഭിക്കാനായി എന്തൊക്കെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ വകയിരുത്തിയ പദ്ധതിവിഹിതം ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 12010 |
| 2012-13 | 14010 |
| 2013-14 | 17000 |
| 2014-15 | 20000 |
| 2015-16 | 20000 |

ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്ന വർഷം വരെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) 2011-12 മുതൽ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി നൽകുന്നു.*

ലാപ്സായ തുക, വകമാറ്റി ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി)

| ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് (കോടിയിൽ) |
|---|---|---|
| മാലിന്യ സംസ്കരണം | 24.98 | 3 |
| ഭൂരഹിതരില്ലാത്ത കേരളം | 6 | 1.36 |
| ജലനിധി | 264.42 | 143.47 |
| ശുചിത്വ കേരളം | 26 | 4.24 |
| പകർച്ചവ്യാധി തടയൽ | 6 | 5.98 |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## മിഷൻ 676

52 (1523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനത്തിന് മിഷൻ 676 മുഖേന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടി തന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

**മിൽമ പാലിന്റെ വില വർദ്ധനവ്**

53 (1524) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധതരം മിൽമാ പാലിന് ഒരു ലിറ്ററിന് എന്ത് വിലയായിരുന്നു ;

(ബി) പിന്നീട് എത്ര തവണ പാൽവില വർദ്ധിപ്പിച്ചു ; ഓരോ തവണ വില വർദ്ധിപ്പിച്ചപ്പോഴും ലിറ്ററിന് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വിവിധതരം മിൽമ പാലിന്റെ വില ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| ഡബിൾ ടോൺഡ് മിൽക്ക് (1.5/9.0) | ലിറ്ററിന് 22 രൂപ |
| ടോൺഡ് മിൽക്ക് (3.0/8.5) | ലിറ്ററിന് 23 രൂപ |
| ഹോമോജനൈസ്ഡ് ടോൺഡ് മിൽക്ക് (3.0/8.5) | ലിറ്ററിന് 25 രൂപ |
| ജഴ്സി മിൽക്ക് (3.5/8.5) | ലിറ്ററിന് 25 രൂപ |
| ഹോമോജനൈസ്ഡ് ജഴ്സി മിൽക്ക് (3.2/8.5) | ലിറ്ററിന് 25 രൂപ |
| റിച്ച് പ്ലസ് (3.8/9.0) | ലിറ്ററിന് 26 രൂപ |
| സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് (4.5/8.5) | ലിറ്ററിന് 26 രൂപ |

(ബി) മൂന്നുതവണ പാലിന്റെ വില്പന വില വർദ്ധിപ്പിച്ചു. 5-9-2011-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും, 14-10-2012-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 21-7-2014-ൽ പാലിന്റെ വില ലിറ്ററിന് 3 രൂപയും വീതവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

**പാൽ സംഭരണം കൂട്ടാൻ സർക്കാർ സ്വീകരിച്ച നടപടികൾ**

54 (1525) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീരസംഘങ്ങൾ പാൽ സംഭരണം കൂട്ടുന്നതിനു, സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിലൂടെ എത്രമാത്രം പാലിന്റെ വർദ്ധനവാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ;

(സി) പാൽ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പാൽ സംഭരണം കൂട്ടാനും സംഘങ്ങൾക്ക് സാമ്പത്തികമായ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്ന് പറയാമോ;

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ ലഭിച്ച ചേർത്തലയിലെ പാൽ സംഘങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ഈ സംഘങ്ങൾക്ക് നൽകിയ തുകയും ഇത് ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്നും വ്യക്തമാക്കാമോ; ഇതിലൂടെ ചേർത്തലയിലെ പാൽ

സംഘങ്ങളിൽ പാൽ അളക്കുന്ന എത്ര ക്ഷീര കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരണം നടത്തുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനും ഫുഡ് സേഫ്റ്റി ആക്ട് അനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മിൽമ മേഖലാ യൂണിയനുകൾ വഴി ക്ഷീരസംഘങ്ങളിൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന പദ്ധതികൾ വഴിയും, വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. സമീകൃത കാലിത്തീറ്റ, പച്ചപ്പുൽ, വയ്ക്കോൽ, ബദൽ കാലിത്തീറ്റ വിതരണം തുടങ്ങിയവയിലൂടെയും ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാമുപകരണങ്ങൾ നൽകുക, കിടാരി പരിശീലന പരിപാടി നടപ്പിലാക്കുക, പശുക്കൾ വാങ്ങുന്നതിന് ബാങ്ക് വായ്പ നൽകുക തുടങ്ങിയ പദ്ധതികളിലൂടെയും ക്ഷീരകർഷകർക്ക് ഉല്പാദനോപാധികൾ നൽകുക, ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തുക, കാലിത്തീറ്റ സബ്സിഡിയും പ്രൊഡക്ഷൻ ഇൻസെന്റീവും നൽകുക, അന്യസംസ്ഥാനങ്ങളിൽ നിന്നും കാലികളെ കൊണ്ടുവരുന്നതിന് കടത്തുകൂലി നൽകുക മുതലായ പദ്ധതികൾ നടപ്പിലാക്കുക വഴി ക്ഷീര സംഘങ്ങളിൽ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2010-11-ൽ ക്ഷീര സംഘങ്ങൾ വഴി പ്രതിദിനം 11.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 2014-15 വർഷത്തിൽ 15.26 ലക്ഷം ലിറ്ററായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കാലിത്തീറ്റ വിലവർദ്ധന**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

55 (1526) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റ വിലവർദ്ധനമൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

പാലുല്പാദനം കുറയുന്ന കാലയളവിൽ, ഉല്പാദനവും ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണവും വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി, ക്ഷീര വികസന വകുപ്പ് സബ്സിഡി നൽകിവരുന്നു. ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാനഘടകമായ തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ സൗജന്യമായ പുൽക്കട കൃഷി ചെയ്യുന്നതിനും ജലസേചനത്തിനും മറ്റും ധനസഹായം നൽകിവരുന്നു. കൂടാതെ തീറ്റച്ചെലവ് കുറയ്ക്കുന്നതിന് വനിതാ സ്വയംസംരംഭക ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ച് പുൽകൃഷി ചെയ്യുന്നതിന് സഹായവും, സംഘത്തിലൂടെ പുല്ല് വിൽക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. തൻവർഷം പുൽകൃഷി പദ്ധതിയ്ക്കായി 500 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡി നൽകുന്നതിലേക്കായി ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ നൽകുന്നതിന് 1350 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും മിൽമയുടെ മേഖലാ യൂണിയനുകളും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്. ഫെഡറേഷൻ 2014-15 വർഷം കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ഏകദേശം 10 കോടി രൂപയോളം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് ലിമിറ്റഡ് 2014 ഡിസംബർ മുതൽ 2015 സെപ്റ്റംബർ വരെയുള്ള കാലയളവിൽ കാലിത്തീറ്റയ്ക്ക് പരമാവധി വിൽപ്പന വിലയിൽ നിന്നും ഡിസ്കൗണ്ട് ഇനത്തിൽ മൊത്തം 6 കോടി രൂപയോളം നൽകിയിട്ടുണ്ട്.

**പാൽ ഉല്പാദനം**

56 (1527) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലിറ്റർ പാലാണ് പ്രതിദിനം ആവശ്യമായിട്ടുള്ളത്;

ഇതിൽ എത്ര ലിറ്റർ പാലാണ് നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി എത്ര ലിറ്റർ പാൽ കൊണ്ടു വരുന്നുണ്ട്; ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് പാൽ കൊണ്ടുവരുന്നത്;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിൽ മായം കലർത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേസുകൾ എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രതിദിനം 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ദിനംപ്രതി 3 ലക്ഷം ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ വരെ പാൽ ആണ് അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നത്. തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് പ്രധാനമായും മിൽമ പാൽ കൊണ്ടു വരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യവസ്തുക്കളിലെ മായം സംബന്ധിച്ച പരാതികൾ ഇപ്പോൾ ഫുഡ് സേഫ്റ്റി കമ്മീഷണറാണ് പരിശോധിക്കുന്നത്.

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

57 (1528) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പായ്ക്കറ്റ് പാലുകളിലെ പ്രിസർവേറ്ററുകളുടെ അളവ് പരിശോധിക്കുന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവ പ്രവർത്തിച്ചുവരുന്നത് ; ഇല്ലെങ്കിൽ പുതുതായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം പായ്ക്കറ്റ് പാലുകളിലെ പ്രിസർവേറ്ററുകളുടെ സാന്നിദ്ധ്യം, അളവ് എന്നിവ പരിശോധിക്കുന്നതിനുള്ള

അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പാലുകളിലെ പ്രിസർവേറ്ററുകളുടെ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ പുതിയതായി സംസ്ഥാനത്ത് നിലവിൽ വരുന്ന 2 മൊബൈൽ ലബോറട്ടറികളിലും പാൽ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനുപുറമേ ക്ഷീരവികസന വകുപ്പിലെ ഐ.എസ്.ഒ. സർട്ടിഫൈഡ് സ്റ്റേറ്റ് ഡയറി ലാബിലും, ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസ് ലാബിലും, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന ഡയറികളിലും പ്രസ്തുത സംവിധാനം നിലവിലുണ്ട്.

**പാൽ വില വർദ്ധന**

58 (1529) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽവില വർദ്ധിപ്പിച്ചപ്പോൾ എത്ര രൂപയുടെ അധിക വരുമാനമാണ് ഓരോ മിൽമാ യൂണിറ്റിലും ഉണ്ടായത്; വ്യക്തമാക്കുമോ;

(ബി) വിലവർദ്ധനവിന് ആനുപാതികമായി ക്ഷീര കർഷകർക്ക് നൽകിയ ആനുകൂല്യം വ്യക്തമാക്കുമോ;

(സി) നിലവിൽ മിൽമാ യൂണിയനുകളും ഫെഡറേഷനും ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; 2011 മുതൽ ഓരോ യൂണിറ്റിന്റെയും ലാഭ നഷ്ട കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2011-ൽ പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ ലിറ്ററിന് 40 പൈസ നിരക്കിലും 2014-ൽ പാൽ വില ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചപ്പോൾ ലിറ്ററിന് 36 പൈസ നിരക്കിലും മേഖലാ യൂണിയനുകൾക്ക് അധികവരുമാനം ഉണ്ടായി. 2012-ൽ പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചത് മേഖലാ യൂണിയന്റെ മാർജിനിൽ വ്യത്യാസം വരുത്താതെയാണ്.

(ബി) 2011-ൽ പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.20 രൂപയും 2012-ൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.60 രൂപയും 2014-ൽ ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചപ്പോൾ 2.40 രൂപയും ക്ഷീരകർഷകർക്ക് അധിക ലാഭമായി ലഭിച്ചു.

(സി) കഴിഞ്ഞ സാമ്പത്തികവർഷം മേഖലാ യൂണിയനുകളും ഫെഡറേഷനും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2011 മുതലുള്ള യൂണിയന്റെയും ഫെഡറേഷന്റെയും ലാഭനഷ്ട കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | മേഖലാ യൂണിയൻ | | | ഫെഡറേഷൻ (രൂപ ലക്ഷം) |
|---|---|---|---|---|
| | തിരുവനന്തപുരം (രൂപ ലക്ഷം) | എറണാകുളം (രൂപ ലക്ഷം) | മലബാർ (രൂപ ലക്ഷം) | |
| 2011-12 | (-)123 | 176.10 | 335 | 689.89 |
| 2012-13 | 321 | 565.69 | 304 | 339.51 |
| 2013-14 | 235 | 175.74 | (-)1037 | 830.02 |
| 2014-15 | 91 | 321.03 | 1074 | 77.56 |

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മിൽമ നടപ്പാക്കിയ പദ്ധതികൾ**

59 (1530) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി, പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് എത്ര പദ്ധതികളാണ് മിൽമ നടപ്പിലാക്കിയത്; അവ ഏതെല്ലാം;

(ബി) ഇതിനായി എത്ര തുക മിൽമയ്ക്ക് ലഭിച്ചു; ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം ലഭിച്ചു; തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മിൽമ എത്ര കന്നുകുട്ടികളെ വിതരണം ചെയ്തു; തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പൂർണ്ണമായും ഭാഗികമായും നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് ഉപയോഗിച്ച് എറണാകുളം മേഖലാ യൂണിയനിലും തിരുവനന്തപുരം മേഖലാ യൂണിയനിലും രണ്ട് പദ്ധതികളാണ് മിൽമ നടപ്പാക്കിയത്. കിടാരി വളർത്തൽ പദ്ധതിയും, ഐസ്കീം കനോപ്പി പദ്ധതിയും മലബാർ മേഖലാ യൂണിയനിൽ ഈ രണ്ട് പദ്ധതികൾക്കും പുറമേ ബയോഗ്യാസ് എസ്.സി പദ്ധതി,

സുഗന്ധഗിരി എസ്ടി. പദ്ധതി, അട്ടപ്പാടി, മാനന്തവാടി എസ്ടി, മലപ്പുറം എസ്ടി., മലപ്പുറം എസ്‌സി. എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മിൽമയുടെ ഐസ്ക്രീം കനോപ്പി പദ്ധതിപ്രകാരം എറണാകുളം മേഖലാ യൂണിയൻ സംസ്ഥാന സർക്കാർ വഴി 58 എണ്ണം ലഭിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| മാർച്ച് 2013-14 | 40 എണ്ണം | 98.04 ലക്ഷം രൂപ |
| ജനുവരി 2014-ജൂലൈ 2014 | 10 എണ്ണം | 25.00 ലക്ഷം രൂപ |
| ഫെബ്രുവരി 2014-ജൂലൈ 2014 | 8 എണ്ണം | 20.00 ലക്ഷം രൂപ |

എറണാകുളം ജില്ലാ പഞ്ചായത്ത് വഴി (31 എണ്ണം) 75.84 ലക്ഷം രൂപ ലഭിച്ചു. എറണാകുളം മേഖലാ യൂണിയന് പട്ടികജാതി വനിതകൾ വഴി നടപ്പിലാക്കിയ കിടാരി വളർത്തൽ പദ്ധതി പ്രകാരം 2013-ൽ 535 ലക്ഷം രൂപ ലഭിച്ചു. തിരുവനന്തപുരം മേഖലാ യൂണിയൻ 2013-14 വർഷത്തിൽ ഒരു കോടി രൂപ ചെലവിൽ 40 ഐസ്ക്രീം കനോപ്പികളും 2014-15 വർഷത്തിൽ 2 കോടി രൂപ ചെലവിൽ 80 ഐസ്ക്രീം കനോപ്പികളും വിതരണം ചെയ്തു. മലബാർ മേഖലാ യൂണിയന് അനുബന്ധം-1* ആയി ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് 3499.45 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു.

(സി) എറണാകുളം മേഖലാ യൂണിയൻ തെരഞ്ഞെടുക്കപ്പെട്ട 300 പട്ടികജാതി വനിതകൾക്കായി 1500 കിടാരികളെ വിതരണം ചെയ്യുന്നതിനും 18 മാസക്കാലത്തേക്ക് കിടാരികൾക്കുള്ള തീറ്റച്ചെലവ്, പരിപാലന ചെലവ് എന്നിവ നൽകുന്നതിനുള്ള പദ്ധതിയിൽ ലക്ഷ്യമിട്ട 1500 കിടാരികളിൽ 1475 കിടാരികളെ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

തിരുവനന്തപുരം മേഖലാ യൂണിയനിൽ പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് 1.7 കോടി രൂപ ചെലവിൽ 1700 കിടാരികളെ വിതരണം ചെയ്തു. ഇതോടൊപ്പം കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, കാലി ഇൻഷ്വറൻസ്, തീറ്റപ്പുൽ എന്നിവയ്ക്കായി 582 ലക്ഷം രൂപയും ചെലവഴിച്ചു. മലബാർ മേഖലയിൽ പട്ടികജാതി വനിതകൾക്കായുള്ള കിടാരി സംരക്ഷണ പദ്ധതിയിൽ 5800 കിടാരികളെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സുഗന്ധഗിരി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പദ്ധതിയിൽ 44 കിടാരികളെയും അട്ടപ്പാടി പട്ടികവിഭാഗത്തിലുള്ള പദ്ധതിയിൽ 16 കിടാരികളെയടക്കം ആകെ 5860 കിടാരികളെ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) മലബാർ മേഖലാ യൂണിയനിൽ സുൽത്താൻബത്തേരി മാനന്തവാടി - അടിയ പണിയ വിഭാഗങ്ങൾക്കുള്ള പദ്ധതി മാത്രം തീരാനുണ്ട്. ഇതിന്റെ ഉപഭോക്തൃ തിരഞ്ഞെടുപ്പിനുള്ള യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി ഒഴികെ മിൽമയുടെ മറ്റുള്ള പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

60 (1531) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പുമുഖേന ക്ഷീര ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എവിടെയെല്ലാമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒരു പ്രത്യേക പ്രദേശത്തിന്റെ ക്ഷീരവികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്രമായ ക്ഷീരവികസന പദ്ധതി ആ പ്രദേശത്ത് മാത്രമായി നടപ്പിലാക്കുന്നതിനാണ് പ്രസ്തുത ഘടകം ലക്ഷ്യമിടുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ്, മണിക്കടവ്, ജയഗിരി, കർമ്മലഗിരി, കനകക്കുന്ന്, പൈസക്കരി എന്നീ പ്രദേശങ്ങളിലും എറണാകുളം ജില്ലയിൽ കുന്നുകരയിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

(സി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുന്നതിനും കന്നുകാലികളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന ക്ഷീരവികസന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം എം.എസ്.ഡി.പി.-യിലെന്നപോലെ

തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ഒരു പശു, 2 പശു, 5 പശു, 10 പശു തുടങ്ങിയ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു. കൂടാതെ ക്ഷീരഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായവും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും മിൽക്കിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നു.

**ക്ഷീരമേഖലയ്ക്കായി ചെലവഴിച്ച തുക**

61 (1532) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ക്ഷീര കർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ;

(സി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ അനുവദിച്ച തുക - 77171.27 ലക്ഷം രൂപ

ചെലവഴിച്ച തുക – 66519.07 ലക്ഷം രൂപ

(ബി) ക്ഷീരകർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക - 48308.05 ലക്ഷം രൂപ.

(സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷേഡ് ഡവലപ്പ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നു. കൂടാതെ പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന തിനാവശ്യമായ ട്രെയിനിംഗും വിപണനം നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങളും നൽകിവരുന്നുണ്ട്. മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ, കിടാരി സംരക്ഷണ പദ്ധതി, നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക്

പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുക, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, പച്ചപ്പുല്ല്, മറ്റു ഉല്പാദനോപാധികൾ ഇവ കർഷകർക്ക് ലഭ്യമാക്കുക, ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, NPD, NPDDBB, RKVY മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന വർദ്ധനവിന് നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യ സംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റും നല്കുക എന്നിവയും എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, വയ്ക്കോൽ വാങ്ങുന്നതിന് സബ്സിഡി, പ്രഷർ വാഷർ വാങ്ങുന്നതിന് സബ്സിഡി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഐ.ഡി.ഡി.പി./സി.എം.പി. പദ്ധതികളും എൻ.ഡി.ഡി.ബി.-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ആർ.ബി.പി., വി.ബി.എം.പി.എസ്. പദ്ധതികളുടെ സഹായത്തോടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഡയറികളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുക, ഐസ്ക്രീം, ബട്ടർ, സ്റ്റെറിലൈസ്ഡ് മിൽക്ക്, പനീർ മുതലായ നൂതന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, പാൽ വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുക തുടങ്ങിയ പദ്ധതികളും മേഖലാ യൂണിയനുകളും ഫെഡറേഷനും നടപ്പിലാക്കുന്നു.

**ക്ഷീരകർഷകർക്ക് നൽകുന്ന പ്രോത്സാഹന സഹായ പദ്ധതികൾ**

62 (1533) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നൽകുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒരു ദിവസം ഉദ്പാദിപ്പിക്കപ്പെടുന്ന പാൽ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെ തന്നെ ഉദ്പാദിപ്പിക്കാനും സ്വയം പര്യാപ്തത വരുത്തുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാലുല്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക, നിലനില്പിനുള്ള തൊഴിലായി ക്ഷീരവികസനത്തെ നിലനിർത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരംഭകരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് മിൽക്ക് ഷെഡ് ഡലവപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായ പദ്ധതികൾ, ഗ്രാമീണ ക്ഷീരവിജ്ഞാന വ്യാപനവും ഉപദേശക സേവനവും എന്നിങ്ങനെയുള്ള പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീര കർഷക ക്ഷേമനിധി ബോർഡ് കർഷകർക്ക് പെൻഷനും വിവിധ ആവശ്യങ്ങൾക്കായി ധനസഹായവും നൽകി വരുന്നുണ്ട്. കൂടാതെ, മിൽമ മേഖലാ യൂണിയനുകളിലൂടെ സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം, കർഷകരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകൽ, ക്ഷീരകർഷരെയും കുടുംബാംഗങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവരിക, കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം നൽകൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ സബ്സിഡി, റബ്ബർമാറ്റ് വാങ്ങൽ മുതലായവയ്ക്കുള്ള ധനസഹായം നൽകൽ തുടങ്ങിയ പ്രോത്സാഹന സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരസഹകരണ സംഘങ്ങൾ മുഖാന്തരം ശേഖരിക്കുന്ന പാൽ ശരാശരി ഒരു ദിവസം 15 ലക്ഷം ലിറ്ററാണ്. ആയതിനാനുപാതികമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാൽ 75 ലക്ഷം ലിറ്റർ എന്ന് കണക്കാക്കാവുന്നതാണ് (ഉല്പാദനത്തിന്റെ അഞ്ചിലൊന്ന് ഭാഗം സഹകരണ മേഖലയിൽ സംഭരിക്കപ്പെടുന്നു എന്ന് കണക്കാക്കി).

(സി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്ന തിലേക്കുമായി ക്ഷീര വികസന വകുപ്പ് നടപ്പിൽവരുത്തുന്ന ഒരു പദ്ധതിയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. ഈ പദ്ധതി മുഖാന്തരം ക്ഷീരമേഖലയിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കു ന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ക്ഷീര കർഷകർക്ക്, ഒരു പശു, 2 പശു, 5 പശു, 10 പശു, 10 കിടാരി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുന്നു. സംസ്ഥാനത്ത് പാലിന്റെ ഉല്പാദനത്തിലും കാലികളുടെ എണ്ണത്തിലും വർദ്ധനവുണ്ടാക്കാനായി ഉരുക്കളെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

സംസ്ഥാനത്തിനകത്ത് പാലുല്പാദനം ഭാവിയിൽ വർദ്ധിപ്പിക്കുന്നതിനായിട്ടാണ് കിടാരി യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നത്. ഇവയ്ക്ക് പുറമേ നിലവിൽ ഈ മേഖലയിലുള്ള കർഷകരെ സഹായിക്കുന്നതിനായി തീറ്റപ്പുൽകൃഷി ചെയ്യുവാനും കാലിത്തീറ്റ സബ്സിഡിയായും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നു. കൂടാതെ, സമഗ്ര ക്ഷീരവികസന പദ്ധതി മുഖാന്തരം ഇടുക്കി, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടത്തി വരുന്നു. സഹകരണ മേഖലയിലെ പാൽ ഉല്പാദന സംഭരണ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംഘങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നു. വിവിധ പദ്ധതി ഘടകങ്ങളും നടപ്പിലാക്കിവരുന്നു.

പാലുല്പാദന വർദ്ധനവിനുവേണ്ടി മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യ സംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക, കാലിത്തീറ്റയ്ക്കുള്ള സബ്സിഡി എന്നിവയും എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, റബ്ബർ മാറ്റ്, വയ്ക്കോൽ, പ്രഷർ വാഷർ തുടങ്ങിയവ വാങ്ങുന്നതിന് സബ്സിഡി എന്നിവയും മലബാർ മേഖലാ യൂണിയൻ സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റവിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജദാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**പത്ര-ദൃശ്യ-മാധ്യമ പ്രവർത്തകർ**

63 (T*1534) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) പത്രവിതരണ രംഗത്ത് എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പത്ര-ദൃശ്യ മാധ്യമ രംഗത്ത് ഏതെല്ലാം വിഭാഗങ്ങളിലായി എത്ര പേർ പ്രവർത്തിച്ചുവരുന്നു;

(സി) പത്ര-ദൃശ്യ മാധ്യമങ്ങളുടെ ഭാഗമായി മാനേജ്മെന്റ്, പ്രൊഡക്ഷൻ, പരസ്യം, വിതരണം തുടങ്ങിയ മേഖലകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്നവരുടെ എണ്ണം വിശദമാക്കാമോ;

(ഡി) പത്ര ദൃശ്യ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഹൗസിംഗ് പദ്ധതി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; എത്ര പത്രപ്രവർത്തകർക്ക് എവിടെയെല്ലാം സർക്കാർ പദ്ധതിയിലൂടെ വീടും ഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വിഭാഗങ്ങൾക്ക് നിലവിൽ ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ട്; ഇവയൊന്നും ഇല്ലാത്ത പ്രസ്തുത രംഗത്തെ വിഭാഗങ്ങൾ ഏതൊക്കെ; വിശദമാക്കുക?

<u>ഉത്തരം</u>

(എ-സി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) 24-7-1978-ലെ ജി.ഒ. (ആർ.റ്റി.) 1185/78/L&HSG നമ്പർ ഉത്തരവ് പ്രകാരം 1955-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനായി സബ്സിഡി അനുവദിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള 'പത്രപ്രവർത്തക ഭവന പദ്ധതി' പ്രകാരമുള്ള സബ്സിഡി തുക ഭവന നിർമ്മാണ ബോർഡ് മുഖേന അനുവദിച്ച് വരുന്നുണ്ട്. 2014-15 വരെയുള്ള വർഷങ്ങളിൽ സബ്സിഡി അനുവദിക്കുന്നതിനായി സർക്കാർ അനുവദിച്ച 214.53 ലക്ഷം രൂപ ഉപയോഗപ്പെടുത്തി 584 പത്രപ്രവർത്തകർക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ താഴെപറയും പ്രകാരം പത്രപ്രവർത്തകർക്ക് സർക്കാർ പദ്ധതിയിലൂടെ വീടും സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട് :

<u>തിരുവനന്തപുരം</u> :

എൻ.സി.സി. നഗർ ഭവന പദ്ധതിയിൽ 54 പേർക്ക് വീടും സ്ഥലവും അനുവദിച്ചു. ഇതിൽ ഒരാൾ ഫ്ലാറ്റ് തിരികെ ബോർഡിനെ ഏൽപ്പിച്ചു.

<u>കൊല്ലം</u> :

കടപ്പാക്കട ഭവന പദ്ധതിയിൽ 11 പത്രപ്രവർത്തകർക്ക് പ്ലോട്ടുകൾ അനുവദിച്ചു.

<u>കോട്ടയം</u> :

കഞ്ഞിക്കുഴി (വാർത്താ നഗർ) ഭവന പദ്ധതിയിൽ 14 പേർക്ക് വീടും സ്ഥലവും അനുവദിച്ചു.

<u>പാലക്കാട്</u> :

വാർത്താനഗർ ഭവന പദ്ധതിയിൽ 2 പേർക്ക് വീടും 2 പേർക്ക് സ്ഥലവും അനുവദിച്ചു.

<u>കോഴിക്കോട്</u> :

ബിലാത്തിക്കുളം ഭവന പദ്ധതിയിൽ 24 പത്രപ്രവർത്തകർക്ക് ഫ്ലാറ്റുകൾ അനുവദിച്ചു.

(ഇ) പത്രപ്രവർത്തക, അവശ പത്രപ്രവർത്തക, പ്രമുഖ പത്രപ്രവർത്തക, പത്ര പ്രവർത്തകേതര എന്നീ പെൻഷനുകളും അവരുടെ ആശ്രിത പെൻഷനുകളുമാണ് വിവര പൊതുജന സമ്പർക്ക വകുപ്പ് വഴി നൽകിവരുന്നത്. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം സിനിമ, ഇലക്ട്രോണിക്സ് മാധ്യമം, കേബിളും, കേബിൾ ശൃംഖലയിലും പ്രവർത്തിക്കുന്നവർക്ക് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതും അപ്രകാരം ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹരാകുന്നതുമാണ്. പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയോ പെൻഷനോ വകുപ്പിൽ നിന്നും നൽകിവരുന്നില്ല.

## ഹൃദയ സ്കീം

64 (1535) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശങ്കരന്റെ ജന്മഭൂമിയായ കാലടിയെ കേന്ദ്രസർക്കാരിന്റെ ഹൃദയ സ്കീമിൽ ഉൾപ്പെടുത്തി ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാലടിയെ ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുത്ത് അറിയിച്ചിട്ടില്ല.

**മഹാകവി എൻ.എൻ. കക്കാട് സ്മാരക നിർമ്മാണം**

65 (1536) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച മഹാകവി എൻ.എൻ. കക്കാട് സ്മാരകത്തിന്റെ നിർമമാണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) സ്മാരക നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കിയ കാര്യം അറിയിച്ചിട്ടുണ്ടോ;

(സി) സ്മാരക കെട്ടിടത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സാഹിത്യ അക്കാഡമി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) സ്മാരക നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് ലഭ്യമാക്കിയ ഭൂമിയിൽ മഹാകവി എൻ.എൻ.കക്കാടിന് സ്മാരകം പണിയുന്നതിന് 71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഫണ്ട് സാഹിത്യ അക്കാദമിയുടെ 2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി &സി) ഉണ്ട്.

(ഡി) തുക അനുവദിച്ചിട്ടില്ല.

**ട്രാംവെ പൈതൃക മ്യൂസിയം**

66 (1537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ഫോറസ്റ്റ് ട്രാംവേയുടെ അവശിഷ്ടങ്ങൾ ശേഖരിച്ച് ചാലക്കുടി ആസ്ഥാനമാക്കി ട്രാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചാലക്കുടിയിൽ ട്രാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അടിയന്തര

നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ട്രാംവേയുടെ അവശിഷ്ടങ്ങൾ നിലവിലുള്ളത് റിസർവ് വന മേഖലയിലാണ്. ചാലക്കുടി ആസ്ഥാനമാക്കി "ട്രാംവെ റെയിൽ പൈതൃക മ്യൂസിയം" സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്ഥലം ലഭ്യമായാൽ മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതി**

67 (1538) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതിക്ക് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിന്മേൽ ആർക്കിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപനം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൂറനാട് പടനിലം നന്ദികേശ ശിൽപ പൈതൃക കേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടുകൂടി അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിന്മേൽ ആർക്കിയോളജി വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) കേരള ലളിതകലാ അക്കാദമിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതിയുടെ പ്രഖ്യാപനം നടത്താൻ സാധിക്കുകയുള്ളു.

**ലക്കിടി കുഞ്ചൻ സ്മാരകം**

68 (1539) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ "ലെക്കിടി കുഞ്ചൻ സ്മാരക"ത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിനായി എത്ര തുക അനുവദിച്ചുവെന്നുള്ള വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 1-7-2006 മുതൽ 31-3-2011 വരെ പ്രസ്തുത സ്മാരകത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) 1-7-2006 മുതൽ 31-3-2011 വരെ എത്ര തുക ഇതിനായി അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60,99,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | 2011-12 | 21,24,000 |
| | 2012-13 | 16,75,000 |
| | 2013-14 | 7,00,000 |
| | 2014-15 | 7,00,000 |
| | 2015-16 | 9,00,000 |
| | (30.11.2015 വരെ) | |
| | ആകെ | 60,99,000 |

(അറുപതുലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ)

(സി) കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണവും, വികസനവും കണക്കിലെടുത്ത് തുള്ളൽ കലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കലാമണ്ഡലം കൽപ്പിത സർവ്വകാലാശാലയുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് 2008-ൽ കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളലിന്റെ അനുബന്ധ വിഷയങ്ങളായ മൃദംഗം, കർണ്ണാടക

സംഗീതം, മോഹിനിയാട്ടം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകിവരുന്നു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന 'ത്രിദളം' ഡി.വി.ഡി. തയ്യാറാക്കി. നാട്യശാല നിർമ്മിക്കുകയും സ്മാരകത്തിന്റെ വെബ്സൈറ്റ് തയ്യാറാക്കുകയും ചെയ്തു. കുഞ്ചൻ അവാർഡ് ജേതാക്കളുടെ ജീവചരിത്രം അടങ്ങിയ നടനകൈരളി പുസ്തകം പ്രസിദ്ധീകരിച്ചു.

| | | |
|---|---|---|
| (ഡി) | 2006-07 | 1,65,000 |
| | 2007-08 | 1,35,000 |
| | 2008-09 | 21,25,000 |
| | 2009-10 | 1,75,000 |
| | 2010-11 | 13,25,000 |
| | ആകെ | 39,25,000 |

(മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ)

**സർക്കാർ അംഗീകൃത സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും**

69 (1540) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ഥാപിതമായ സർക്കാർ അംഗീകൃത സാംസ്കാരിക സ്ഥാപനങ്ങളുടെയും അക്കാദമികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഇവയുടെ മോണിറ്ററിംഗ് സംവിധാനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിന്റെ മാനദണ്ഡം വിശദമാക്കുമോ;

(സി) ഗ്രാന്റ് തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കായി 2011 ഏപ്രിൽ 1 മുതൽ 2015 നവംബർ 30 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്ര; അനുവദിച്ച തുക എത്ര; സ്ഥാപനങ്ങളുടെ ലിസ്റ്റ് സഹിതം വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥാപനത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് നടത്തുന്നു. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ലഭ്യമാക്കാറുണ്ട്.

(ബി) അതാത് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് പ്രത്യേക ധനസഹായവും അനുവദിക്കാറുണ്ട്.

(സി) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ സമയ ബന്ധിതമായി അനുവദിച്ചുവരുന്നു.

(ഡി) (i) മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, മലപ്പുറം :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2013-14 | 50 ലക്ഷം | 50 ലക്ഷം |
| 2014-15 | 50 ലക്ഷം | 50 ലക്ഷം |
| 2015-16 | 50 ലക്ഷം | ശിപാർശയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു |

(ii) കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2012-13 | ഇല്ല | 2 ലക്ഷം |
| 2013-14 | ഇല്ല | 1 ലക്ഷം |
| 2014-15 | ഇല്ല | 2 ലക്ഷം |
| 2015-16 | ഇല്ല | 1 ലക്ഷം |

| | | |
|---|---|---|
| 2015-16 | 5 ലക്ഷം | ടി തുക അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു |

(iii) പല്ലന കുമാരനാശാൻ സ്മാരകം, പല്ലന, ആലപ്പുഴ

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2011-12 | ഇല്ല | 10 ലക്ഷം |
| 2012-13 | ഇല്ല | 50 ലക്ഷം |
| 2014-15 | ഇല്ല | 1 ലക്ഷം |

(iv) ഒ.വി. വിജയൻ സ്മാരകം, പാലക്കാട് :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2011-12 | ഇല്ല | 50 ലക്ഷം |
| 2012-13 | ഇല്ല | 6 ലക്ഷം |
| 2014-15 | ഇല്ല | 50 ലക്ഷം |

(v) ഡോ. സുകുമാർ അഴീക്കോട് സ്മാരകം, തൃശ്ശൂർ :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2012-13 | ഇല്ല | 51,25,000 |
| 2014-15 | ഇല്ല | 10,00,000 |

(vi) നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന കേന്ദ്രം, പല്ലാരിമംഗലം മാവേലിക്കര :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2011-12 | ഇല്ല | 5 ലക്ഷം |
| 2012-13 | ഇല്ല | 5 ലക്ഷം |
| 2014-15 | ഇല്ല | 1,75,000 |

| | | |
|---|---|---|
| 2015-16 | ഇല്ല | 16,20,000 |

(vii) തുളു അക്കാദമി, കാസർഗോഡ് :

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക | അനുവദിച്ച തുക |
|---|---|---|
| 2012-13 | ഇല്ല | 25 ലക്ഷം |

**മൂശാരികോവിൽ-ശിൽപ്പ പൈതൃക ഗ്രാമം**

70(1541) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം മൂശാരികോവിൽ വെങ്കലശിൽപ്പ നിർമ്മാണവുമായി ബന്ധപ്പെടുത്തി "ശിൽപ്പ പൈതൃക ഗ്രാമ"-മായി പ്രഖ്യാപിക്കുന്നതിനായി കേരള ലളിതകലാ അക്കാഡമി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലുള്ള ശിൽപ്പികളെ പങ്കെടുപ്പിച്ചുകൊണ്ട് മൂശാരികോവിലിൽ വച്ച് "വെങ്കല പൈതൃകം" എന്ന നാമധേയത്തിൽ ഒരു വെങ്കലശിൽപ ക്യാമ്പ് കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. പഞ്ചലോഹ ശിൽപ്പങ്ങൾ, തെയ്യത്തിനും മറ്റും ഉപയോഗിക്കുന്ന വെങ്കല രൂപങ്ങൾ, ദീപസ്തംഭം തുടങ്ങി പരമ്പരാഗത രീതിയിലുള്ള പല ശില്പ രൂപങ്ങളും മൂശാരികോവിലിൽ നിർമ്മിച്ചുവരുന്നതായി അക്കാദമിയുടെ പ്രാഥമിക പഠനത്തിൽ മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ശിൽപ്പ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു സ്ഥലങ്ങളിൽ നിന്നും സമാനമായ ആവശ്യം ഉന്നയിച്ചിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിന് കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**തുണ്ടിടപറമ്പ് സ്മാരക നിർമ്മാണം**

71 (1542) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹോദരൻ അയ്യപ്പൻ മിശ്ര ഭോജനത്തിന് തുടക്കം കുറിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപറമ്പ് എന്ന സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

സഹോദരൻ അയപ്പൻ മിശ്ര ഭോജനത്തിന് തുടക്കംകുറിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപറമ്പ് എന്ന സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പിന് സ്മാരക കമ്മിറ്റിയിൽ നിന്നും നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ, ചെറായി തുണ്ടിടപറമ്പിൽ സ്മാരകം നിർമ്മിക്കുന്നതിന് മുസരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 സെന്റ് ഭൂമി ലഭ്യമാക്കുന്നതിന് സഹോദരൻ അയ്യപ്പൻ സ്മാരക കമ്മിറ്റി റവന്യൂ വകുപ്പിന് നിവേദനം നൽകിയിട്ടുള്ളതായി ടി സ്മാരക കമ്മിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനം നടത്തുന്നതിന് പെരുമാറ്റച്ചട്ടം**

72 (1543) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനം നടത്തുന്നതിന് പുതിയ പെരുമാറ്റചട്ടം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ചട്ടം സംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശമെന്താണെന്ന് അറിയാമോ?

<u>ഉത്തരം</u>

(എ) പുതിയ പെരുമാറ്റചട്ടം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടില്ല.

(ബി) കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂളിന് വിധേയമായി സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനത്തിന് അനുമതി നൽകുന്നതിൽ സാംസ്കാരിക വകുപ്പിന് അനുകൂലമായ നിലപാടാണുള്ളത്.

(സി) നിയന്ത്രണം ഏർപ്പെടുത്തിയതായി അറിവില്ല.

**വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സ്മാരകം**

73 (1544) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രഥമ സമ്മേളനം നടന്ന വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്കുവേണ്ടി നിർമ്മിച്ച സ്മാരകത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്മാരകത്തിന് വട്ടിയൂർക്കാവ് സമ്മേളനത്തിന്റെ സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന എ. കുഞ്ഞൻനാടാരുടെ പേര് നൽകണമെന്നും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളുടെ പേരുകൾ ഉൾക്കൊള്ളുന്ന സ്മാരക ഫലകം അവിടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത നിവേദനം സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വട്ടിയൂർക്കാവിൽ നിർമ്മാണം പൂർത്തിയാക്കിയ സ്വാതന്ത്ര്യസമര സ്മാരകം 2-7-2015-ൽ പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. സ്മാരകത്തിലേയ്ക്കുള്ള പ്രവേശനം സൗജന്യമാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

### കുഞ്ഞുണ്ണിമാസ്റ്റർ സ്മാരക നിർമ്മാണം

74 (1545) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിന് തടസ്സമായി നില്ക്കുന്ന സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുഞ്ഞുണ്ണിമാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടുനൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്മാരകത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതായി അക്കാദമി അറിയിച്ചിട്ടുണ്ട്.

(സി) സ്മാരക നിർമ്മാണം ആരംഭിച്ചിട്ടില്ല.

### മാധ്യമ പ്രവർത്തകർക്കുള്ള സഹായങ്ങളും ആനുകൂല്യങ്ങളും

75 (T* 1546) ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്കും മുൻപ് പ്രവർത്തിച്ചിരുന്നവർക്കും സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവർ എത്രയാണ്; വിശദമാക്കുമോ;

(ബി) മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നവർക്ക് സർക്കാർ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ടോ; ആയതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 16-8-1993-ലെ സ.ഉ. (പി) 07/1993/പി.ആർ, 4-2-2000-ലെ സ.ഉ. (പി) 02/2000/ഐ&പി.ആർ. എന്നീ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച പത്രപ്രവർത്തക/പത്ര പ്രവർത്തകേതര പെൻഷനുകളാണ് വിവര പൊതുജന സമ്പർക്ക വകുപ്പുവഴി നൽകിവരുന്ന ആനുകൂല്യങ്ങൾ.

നിലവിൽ പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| പത്രപ്രവർത്തക പെൻഷൻ | 432 |
| പത്രപ്രവർത്തക ആശ്രിത പെൻഷൻ | 83 |
| അവശ പത്രപ്രവർത്തക പെൻഷൻ | 79 |
| അവശ ആശ്രിത പത്രപ്രവർത്തക പെൻഷൻ | 104 |
| പ്രമുഖ പത്രപ്രവർത്തക പെൻഷൻ | 19 |
| പ്രമുഖ ആശ്രിത പത്ര പ്രവർത്തക പെൻഷൻ | 23 |
| പത്രപ്രവർത്തകേതര പെൻഷൻ | 668 |
| പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ | 76 |
| ആകെ | 1484 പേർ |

(ബി) ബാധകമല്ല.

**പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ച പരസ്യങ്ങൾ**

76 (1547) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരസ്യങ്ങൾ പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഇതിന് എത്ര തുക ചെലവായി;

(ബി) ഇക്കാലയളവിൽ ഓരോ വകുപ്പിനുവേണ്ടിയും പരസ്യ ഇനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ മാധ്യമത്തിനും നൽകിയ പരസ്യങ്ങളുടെ എണ്ണവും നൽകിയ തുകയെയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടേതായി ഏകദേശം ടെണ്ടർ വിഭാഗത്തിൽപ്പെട്ട 30910 പരസ്യങ്ങളും ഡിസ്‌പ്ലേ വിഭാഗത്തിൽപ്പെട്ട 3430 പരസ്യങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 48 പരസ്യങ്ങളും നൽകിയിട്ടുണ്ട്. ടി ഇനത്തിൽ ടെണ്ടർ വിഭാഗത്തിൽ 38,49,99,887 രൂപയും ഡിസ്‌പ്ലേ ഇനത്തിൽ 74,56,43,844 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 22,60,63,044 രൂപയും ചെലവാക്കിയിട്ടുണ്ട്.

## കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച തുക

77 (1548) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ ട്രഷറിയിൽ നിന്നും ഇതുവരെ എത്ര തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട് എന്ന് പറയാമോ ;

(സി) പരസ്യത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 3,89,07,64,000 രൂപ (മുന്നൂറ്റി എൺപത്തിയൊൻപത് കോടി ഏഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും കഴിഞ്ഞ നാലര വർഷ ത്തിനുള്ളിൽ 2,56,48,04,892 രൂപ (ഇരുന്നൂറ്റി അമ്പത്തിയാറ് കോടി നാല്പത്തിയെട്ട്

809/2017
1354/2017

ലക്ഷത്തി നാലായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

(സി) പരസ്യത്തിനായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും 1,33,68,56,909 രൂപ (നൂറ്റിമുപ്പത്തി മൂന്ന് കോടി അറുപത്തിയെട്ടുലക്ഷത്തി അൻപത്തിയാറായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

**സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ**

78 (1549) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ഫീൽഡ് പബ്ലിസിറ്റി, പബ്ലിക്കേഷൻ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, പ്രസ് റിലീസ് എന്നീ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രത്യേക ജനസമ്പർക്ക മേളകൾ, പ്രദർശനങ്ങൾ, വീഡിയോവാൾ, മൊബൈൽ എക്സിബിഷൻ, സെമിനാറുകൾ, ഡോക്യുമെന്ററി, റേഡിയോ പ്രക്ഷേപണം, റെയിൽവേ-കെ.എസ്.ആർ.ടി.സി.-തിയേറ്റർ പരസ്യങ്ങൾ, പുസ്തകങ്ങൾ, ബ്രോഷറുകൾ, വീഡിയോ പരസ്യം, വീഡിയോ ഡോക്യുമെന്ററികൾ, ഓൺലൈൻ വഴിയുള്ള പരസ്യങ്ങൾ, പോസ്റ്ററുകൾ, പത്രവാർത്തകൾ, പത്രപ്പരസ്യം എന്നിവ മുഖാന്തരം

സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ സംബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ വിശകലനം ചെയ്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ പ്രസ്തുത റിപ്പോർട്ട് വിശകലനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

**പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവഴിച്ച തുക**

79 (1550) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും പത്ര-ദൃശ്യ-ഇതര മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ പത്ര-ദൃശ്യ-ഇതര മേഖലയ്ക്ക് കൊടുത്ത് തീർക്കുവാനുള്ള ആകെ തുക എത്രയാണ്;

(സി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ എന്തെല്ലാം പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും അനുവാദം നൽകിയിട്ടുണ്ട്; വിശദമാക്കാമോ ; പ്രിന്റിംഗിൽ ഇരിക്കുന്നതും പ്രിന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ ഏവ; അവ ഓരോന്നും എത്ര വീതം പ്രിന്റ് ചെയത് വിതരണം ചെയ്യാനുദ്ദേശിക്കുന്നു;

(ഡി) പരസ്യങ്ങളുടെ വസ്തുതാ പരിശോധന പി.ആർ.ഡി. നടത്താറുണ്ടോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പത്ര-ദൃശ്യ-ഇതര മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പരസ്യങ്ങൾക്കായി ചെലവഴിച്ച തുക | പ്രസിദ്ധികരണങ്ങൾക്കായി ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 36,17,86,702 | 72,34,391 |

| | | |
|---|---|---|
| 2012-13 | 26,48,10,268 | 77,54,186 |
| 2013-14 | 24,02,36,409 | 1,67,46,291 |
| 2014-15 | 29,99,99,500 | 1,22,42,850 |
| 2015-16 | 17,00,24,030 | 3,47,15,846 |

പത്ര-ദൃശ്യ-മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾക്ക് ആകെ ചെലവായ തുകയിൽ 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) ഈ ഇനത്തിൽ ഏകദേശം 35 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രത്തിന്റെ 15 ലക്ഷം വീതമുള്ള 2 ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയമസഭാ പ്രസംഗം പുസ്തക രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഹെറിറ്റേജ് സീരീസിൽ കോട്ടയം ജില്ലയുടെ പുസ്തകം തയ്യാറാക്കി വരുന്നു. വിഴിഞ്ഞം പദ്ധതിയെക്കുറിച്ചും തീരമേഖലയിലെ നേട്ടങ്ങളെക്കുറിച്ചും ഓരോ പുസ്തകം വീതം തയ്യാറാക്കി വരുന്നു. വികസന സമന്വയം ഒഴികെ മറ്റ് പ്രസിദ്ധീകരണങ്ങൾ എത്ര കോപ്പികൾ അച്ചടിക്കണമെന്ന വിഷയത്തിൽ തീരുമാനമായിട്ടില്ല.

(ഡി) പരിശോധിക്കാറുണ്ട്.

**പത്രപ്രവർത്തകർക്കും നോൺ ജേർണലിസ്റ്റുകൾക്കുമുള്ള പെൻഷൻ**

80 (1551) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കും നോൺ ജേർണലിസ്റ്റുകൾക്കുമുള്ള പെൻഷൻ യഥാക്രമം 8000 രൂപ, 5000 രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുമെന്ന് 2014-15-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നത് നടപ്പിലാക്കിയോ; ആക്കിയെങ്കിൽ ആയത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പത്രപ്രവർത്തകർക്കുള്ള പെൻഷൻ 21-3-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 5/2015/ഐ.&പി.ആർ. പ്രകാരം 8,000 രൂപയാക്കിയും നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ 6-8-2015-ലെ സ.ഉ. (സാധാ) നമ്പർ 381/2015/ ഐ&പി.ആർ. പ്രകാരം 5000 രൂപ ആക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

**സംഘർഷ മേഖലകളിലുള്ള മലയാളികൾ**

81 (1552) ശ്രീ.ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ സംഘർഷ മേഖലകളിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) വിദേശ രാജ്യങ്ങളിലെ കലാപബാധിതമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി നോർക്ക- റൂട്ട്സ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂർ ഹെൽപ്പ്ലൈൻ മുഖാന്തരം നാട്ടിൽ എത്തുവാൻ സഹായ അഭ്യർത്ഥിക്കുന്നവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും മുഖാന്തരം തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംഘർഷ ബാധിത പ്രദേശങ്ങളിൽനിന്നും മലയാളികളെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി '2230-01-103-74-എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് എന്ന ശീർഷകത്തിൽ തുക വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിനിയോഗിച്ചുവരുന്നു.

**പ്രവാസി മലയാളികൾക്ക് തൊഴിൽ**

82 (1553) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര സംഘർഷം, നിതാഖത്ത് സംവിധാനം എന്നിവ കാരണം തൊഴിൽ നഷ്ടപ്പെട്ട് എത്ര പ്രവാസി മലയാളികൾ ഇതിനകം സംസ്ഥാനത്ത് എത്തിച്ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് സർക്കാർ ഇടപെടലിൽ തൊഴിൽ ലഭ്യമായെന്നും, എത്ര പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയെന്നും എത്ര തുക വീതമാണ് സഹായം നൽകിയതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആഭ്യന്തര കലാപം രൂക്ഷമായ ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നും 3875 പേരും നിതാഖത്ത് സംവിധാനം കാരണം തൊഴിൽ നഷ്ടപ്പെട്ട് 22634 പേരും തിരിച്ചെത്തിയിട്ടുണ്ട്.

(ബി) സർക്കാർ ഇടപെടലിനെത്തുടർന്ന് അൽ-അഹല്യ, അൽ-ആബീർ, ഡി.എം. ഹെൽത്ത് കെയർ, എൻ.എം.സി. ഗ്രൂപ്പ് തുടങ്ങിയ ഹോസ്പിറ്റലുകൾ വഴി, ആഭ്യന്തര കലാപം മൂലം തിരികെയെത്തിയ നഴ്സുമാരിൽ 42 പേർക്ക് വിദേശത്തും, 19 പേർക്ക് സ്വദേശത്തും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. (305 പേരെ ഷോർട്ട്‌ലിസ്റ്റ് ചെയ്തിരുന്നു.) കൂടാതെ 2013 ഏപ്രിൽ 1 മുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെ വന്നവരിൽ സ്വയംതൊഴിൽ സംരംഭത്തിനായി NDPREM മുഖേനയുള്ള സബ്സിഡിയുള്ള വായ്പയ്ക്ക് അർഹരെന്ന് കണ്ടെത്തിയ 2841 പ്രവാസികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വിദേശ മലയാളികളുടെ മരണം**

83 (1554) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതശരീരം യഥാസമയം

നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശത്ത് വച്ച് മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും ഇനിയും മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്തതുമായ എത്ര കേസുകൾ നിലവിലുണ്ട്;

(സി) ഇത്തരം കേസുകളിൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും ബന്ധുക്കൾക്ക് വിട്ടുനൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മൃതദേഹങ്ങൾ യഥാസമയം നാട്ടിലെത്തിച്ച് ബന്ധുക്കൾക്ക് വിട്ടുകൊടുക്കുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്ത പക്ഷം ആയത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിലെ നിയമനടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസംമൂലം ചില കേസ്സുകളിൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ചില സമയങ്ങളിൽ കാലതാമസം നേരിടാറുണ്ട്.

(ബി) സർക്കാരിന്റെ അറിവിൽ മൃതദേഹം നാട്ടിലെത്തിക്കുവാൻ കഴിയാത്ത കേസ്സുകൾ ഇപ്പോൾ നിലവിലില്ല.

(സി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന മലയാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കുടുംബാംഗങ്ങളിൽനിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ സഹായത്തോടെ പ്രവാസികാര്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മരണപ്പെട്ട പ്രവാസികളുടെ കുടുംബാംഗങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടാണ് ഇന്ത്യൻ എംബസികൾ മൃതദേഹം നാട്ടിലെത്തിക്കുന്നത്.

(ഡി) ECR (Emigration Clearance Required) രാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ ഭൗതിക ശരീരം തിരികെ നാട്ടിലെത്തിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ www.moia.gov.in എന്ന വെബ്സൈറ്റിൽ ഒരു സോഫ്റ്റ്വെയർ മോഡ്യൂൾ 12-8-2014 മുതൽ ലഭ്യമാണ്. വിദേശ രാജ്യങ്ങളിൽ നിന്നും മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലില്ല. അതേസമയം മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ, എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് 'കാരുണ്യം' എന്ന പദ്ധതി നിലവിലുണ്ട്.

**നോർക്ക ഓഫീസ്**

84 (1555) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ നോർക്ക ഓഫീസ് പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) നോർക്ക ഓഫീസ് ഇല്ലാത്ത ജില്ലകളിൽ അവ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ നോർക്ക ഓഫീസ് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നോർക്ക ഓഫീസിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിനു പുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ആതന്റിക്കേഷൻ സെന്ററുകളും, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) നോർക്ക സെല്ലുകൾ ആരംഭിച്ചിട്ടില്ലാത്ത കാസർഗോഡ് ജില്ലയിൽ നോർക്ക സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആലപ്പുഴ, വയനാട് എന്നീ ജില്ലകളിൽ നോർക്ക സെൽ തുടങ്ങുന്നതിനുള്ള സ്ഥല ലഭ്യത സംബന്ധിച്ച വിഷയത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നോർക്ക-റൂട്ട്സ് നടപ്പാക്കുന്ന വിവിധ ധനസഹായ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം തുടങ്ങിയവയുടെയും, പ്രവാസി തിരിച്ചറിയൽ കാർഡിന്റെയും അപേക്ഷകൾ സ്വീകരിക്കുക, ടി അപേക്ഷകർക്ക് അതത് ജില്ലകളിൽ ഹിയറിംഗ് നൽകുക, ജില്ലാതല അറ്റസ്റ്റേഷൻ സൗകര്യങ്ങൾ നൽകുക, പ്രവാസികളുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങിയവ നോർക്ക ജില്ല സെല്ലുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളാണ്.

## പ്രവാസി മലയാളികളുടെ ക്ഷേമം

85 (1556) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടേയും കുടുംബങ്ങളുടെയും ക്ഷേമം മുൻ നിർത്തി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികൾക്കു വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം ഇത് വരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രവാസി മലയാളികളുടെയും കുടുംബങ്ങളുടെയും മടങ്ങിവരുന്ന പ്രവാസികളുടെയും ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ആരംഭിച്ച NDPREM പദ്ധതി പ്രകാരം 1022 പേർക്ക് സ്വയം തൊഴിൽ വായ്പ അനുവദിക്കുകയും പദ്ധതി അനുശാസിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രവാസി മലയാളികൾ

86 (1557) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ബി) ഇവർ ഒരു വർഷം കേരളത്തിലേക്ക് അയയ്ക്കുന്നത് എത്ര കോടി രൂപയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ 2014-15 സാമ്പത്തിക വർഷം കേരളത്തിലെ വിവിധ ബാങ്കുകളിൽ അയച്ച തുക എത്രയെന്നും 2015 ഒക്ടോബർ 31 വരെ എന്തു തുക അയച്ചുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ നിലവിൽ ജോലി നോക്കുന്നത് എവിടെയാണ്; നിതാഖത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര;

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല, താലൂക്ക് ഇവ ഏതൊക്കെയാണ്; വിശദമാക്കുക;

(ഇ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ എത്ര മലയാളി പ്രവാസികൾ ജയിലിൽ കഴിയുന്നുണ്ട്; ഇവരെ നാട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേരെ നാട്ടിലെത്തിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ എണ്ണം 16,25,653 ആണ്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ജൂൺ 2015-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം 1,17,34,977 ലക്ഷം രൂപയാണ്.

(സി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് യു.എ.ഇ.-യിലാണ്. ഈ സെൻസസ് പ്രകാരം സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്.

(ഡി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2013-ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ല മലപ്പുറമാണ്. താലൂക്ക് തിരിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ഇ) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാത്തതിനാൽ പ്രവാസി മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. ഇവരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. തിരികെയെത്തുന്ന

കേസ്സുകളിൽ ചിലതൊഴികെ വിവരങ്ങൾ ബന്ധപ്പെട്ട എംബസിയോ തിരികെയെത്തുന്ന പ്രവാസികളോ സർക്കാരിനെ അറിയിക്കാത്തതിനാൽ തിരികെ നാട്ടിലെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

**പ്രവാസി മലയാളികളുടെ പുനരധിവാസം**

87 (1558) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസത്തിന് വേണ്ടി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർണ്ണമായും നടപ്പാക്കപ്പെട്ടത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി എന്ത് തുക നാളിതുവരെ ചെലവഴി ക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ നാളിതുവരെ സബ്സിഡി ഇനത്തിൽ 6.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്ന നടപടി**

88 (1559) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെയുള്ള മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് വിമാന ടിക്കറ്റ് സർക്കാർ വഹിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര മൃതദേഹങ്ങൾ സർക്കാരിന്റെ ചിലവിൽ നാട്ടിൽ എത്തിച്ചിട്ടുണ്ട്;

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയർക്ക് അവർ ജോലി ചെയ്തതോ കച്ചവടങ്ങൾ ചെയ്തതോ ആയ രാജ്യങ്ങളിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേരള സർക്കാർ ഇടപെടാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്ര കേസുകളിൽ ഇടപെട്ടിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ എംബസിയുമായി ബന്ധപ്പെട്ട് അടിയന്തരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ സഹായമായി നൽകുന്നു.

(ബി) ഉണ്ട്. വിദേശരാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹങ്ങൾ അതാത് രാജ്യങ്ങളിലുള്ള ഇന്ത്യൻ എംബസി വഴിയാണ് നാട്ടിലെത്തിക്കുന്നത്. ഇന്ത്യൻ എംബസി വഴിയല്ലാതെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള ചെലവ് പരമാവധി 50,000 രൂപ പ്രവാസികാര്യ വകുപ്പിന്റെ കാരുണ്യം പദ്ധതി പ്രകാരം സഹായമായി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 26-11-2015 വരെ ആകെ 46 പേർക്ക് ധനസഹായം അനുവദിച്ചു.

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ സർവ്വീസ്/ബിസിനസ്സ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് മുഖേനയും സർക്കാർ മുഖേനയും സഹായിക്കുന്നുണ്ട്. സർവ്വീസ് ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശിക എന്നിവ ലഭിക്കുന്നതിന്

2014-ൽ നൂറോളം അപേക്ഷകളും 2015-ൽ അൻപതോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിലെല്ലാം തുടർ നടപടികൾ എംബസിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

## വിദേശങ്ങളിൽവച്ച് അപകടത്തിൽപ്പെട്ട് മരിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

89 (1560) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്കുപോയി അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ഏതെല്ലാം രീതിയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടെന്നും ആയതു കേരളത്തിൽ ഒരാൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ അവരുടെ കുടുംബങ്ങൾക്ക് കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതലാണോ എന്നും വ്യക്തമാക്കുമോ;

(ബി) മൃതശരീരം നാട്ടിലെത്തിക്കാനുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന തുക വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് തുക പരിഷ്കരിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ചേർത്തല താലൂക്കിലെ ചേർത്തല വടക്ക്, കൊക്കോതമംഗലം, പട്ടണക്കാട്, വയലാർ, കടക്കരപ്പള്ളി, തണ്ണീർമുക്കം വടക്ക്, ചേർത്തല തെക്ക്, തണ്ണീർമുക്കം തെക്ക്, കഞ്ഞിക്കുഴി വില്ലേജുകളുടെ പരിധിയിൽപ്പെട്ട എത്ര അപേക്ഷകളിൽ ഈ സർക്കാരിന്റെ കാലയളവിൽ തീർപ്പുണ്ടായി എന്നും എത്ര രൂപവീതം സഹായം അനുവദിച്ചുവെന്നും എത്രയെണ്ണം ഇനിയും തീർപ്പാക്കാനുണ്ടെന്നും എന്തുകൊണ്ടാണ് ഇവയിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത കേസുകളിൽ അടിയന്തിരമായി സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക സഹായത്തിനായി മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക് അപേക്ഷ നൽകിയ കേസുകളിൽ എത്ര എണ്ണം നോർക്ക വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ ഇനിയും സാമ്പത്തിക സഹായം അനുവദിക്കാത്ത എത്ര കേസുകൾ ഉണ്ടെന്നും ഇതിൽ ചേർത്തല താലൂക്കിലെ എത്ര കേസുകൾ ഉണ്ടെന്നും അവ ആരുടെയെല്ലാം കേസുകളാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശത്ത് ജോലിക്ക് പോയി അപകടത്തിൽപ്പെട്ട് മരണമടയുന്ന നോർക്ക-റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരുടെ നോമിനിക്ക് അപകടമരണ ഇൻഷ്വറൻസ് തുകയായ 2,00,000 രൂപ വരെ നൽകിവരുന്നുണ്ട്. കൂടാതെ നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി വഴി അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധനസഹായനിധിയായ ചെയർമാൻഫണ്ട് മുഖേനയോ വിദേശത്ത് മരണമടയുന്ന കേരളീയരുടെ അവകാശിക്ക് (വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ളവർക്ക്) നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000 രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്. കേരളത്തിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് കിട്ടുന്ന ധനസഹായത്തെക്കുറിച്ച് പ്രവാസികാര്യ വകുപ്പിന് അറിവില്ല.

(ബി) ഇല്ല. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ എംബസിയോ വഹിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി പ്രവാസികാര്യ വകുപ്പ് കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ ധനസഹായമായി നൽകുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതികൾ മുഖാന്തരം മരണാനന്തര ധനസഹായത്തിന് അർഹരായ ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു : (താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.)

സാന്ത്വന പദ്ധതി

| വർഷം | മരണാനന്തര ധനസഹായം ലഭ്യമായ ഗുണ ഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 4 | 40,000 |
| 2012-13 | 10 | 1,60,000 |
| 2013-14 | 52 | 35,98,000 |
| 2014-15 | 30 | 26,10,000 |

ചെയർമാൻ ഫണ്ട് പദ്ധതി

| വർഷം | മരണാനന്തര ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 3 | 30,000 |
| 2012-13 | 2 | 35,000 |
| 2013-14 | 3 | 1,20,000 |
| 2014-15 | ... | ... |

കൂടാതെ പ്രവാസി ഐ.ഡി. കാർഡിന്റെ ഇൻഷ്വറൻസ് പരിരക്ഷയായ 2,00,000 രൂപയുടെ ധനസഹായം ആലപ്പുഴ ജില്ലയിലെ ഒരു ഗുണഭോക്താവിന് 2013-ൽ വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അപേക്ഷകരിൽ 20-11-2014-നുശേഷം നാളിതുവരെ മരണാനന്തര ധനസഹായത്തിന് സാന്ത്വന പദ്ധതി വഴി സർക്കാർ ഉത്തരവ് നൽകിയ 28 ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് തുക വിതരണം ചെയ്യുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരണാനന്തര ധനസഹായത്തിനായി നോർക്ക-റൂട്ട്സിൽ നിന്നും ലഭിച്ച 3735 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തുകഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ചേർത്തല താലൂക്കിൽ ധനസഹായം അനുവദിക്കാത്ത കേസ്സുകൾ നിലവിലില്ല. ധനസഹായം അനുവദിച്ചിട്ടുള്ള ശ്രീമതി പ്രീത എസ്., ചെല്ലം വീട്, ചേർത്തല താലൂക്ക്, വരനാട് എന്ന ആൾക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

**ക്ലീൻ കേരള**

90 (1561) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കമ്പനിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും ശുചിത്വാരോഗ്യ രംഗത്ത് വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

(സി) 1956-ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കമ്പനി രജിസ്റ്റർ ചെയ്ത് 10-12-2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അമ്പത്തിയെട്ട് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും/മുനിസിപ്പാലിറ്റികളിൽ നിന്നുമായി ഇതിനകം മൂലധനമിനത്തിൽ 865.15 ലക്ഷം രൂപ സമാഹരിച്ച് പ്രവർത്തനം നടത്തുന്നു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ചെയർമാനും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (നഗരകാര്യ) സെക്രട്ടറി, എം.ഡി. ക്ലീൻ കേരള കമ്പനി എന്നിവർ ഉൾപ്പെടെയുള്ളവർ ഡയറക്ടർമാരായും കമ്പനി പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം വഴുതക്കാട് സ്റ്റേറ്റ് മുനിസിപ്പൽ ഹൗസിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് എക്സിക്യൂട്ടീവുമാർ ഉൾപ്പെടെ കമ്പനിയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്.

**നഗരവികസന പദ്ധതികൾ**

91 (1562) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്രു ദേശീയ നഗരവികസന പദ്ധതിയുടെ ഇപ്പോഴുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പുതിയ അമൃത് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദ വിവരം നൽകാമോ; പദ്ധതിയിൽ ഏതെല്ലാം നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) രണ്ട് പദ്ധതികളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പദ്ധതി കാലയളവ് 31-3-2014-ൽ അവസാനിച്ച സാഹചര്യത്തിൽ ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ നടന്നുവരുന്ന പദ്ധതികൾ സംസ്ഥാനവിഹിതവും നഗരസഭാവിഹിതവും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി പ്രവർത്തനങ്ങൾ കേന്ദ്രം അവസാനിപ്പിച്ചുവെങ്കിലും 2005-12 കാലയളവിൽ അംഗീകരിച്ചതും, 31-3-2014-നകം 50%-ൽ അധികം കേന്ദ്രസഹായം ലഭ്യമായതും, 50%-ൽ അധികം ഭൗതിക പുരോഗതി കൈവരിച്ചതുമായ പദ്ധതികളുടെ ശേഷിക്കുന്ന കേന്ദ്രവിഹിതവും, ട്രാൻസിഷൻ ഫേസിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഭേദഗതി ചെയ്ത 50% നിരക്കിലുള്ള ശേഷിക്കുന്ന കേന്ദ്രവിഹിതവും ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിക്കു പകരമായി നടപ്പിലാക്കുന്ന അമൃത് പദ്ധതിയിലുൾപ്പെടുത്തി ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയുടെ വാട്ടർസപ്ലൈ, സ്വിവറേജ്, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികളുടെയും, കൊച്ചി നഗരസഭയുടെ വാട്ടർസപ്ലൈ, സ്റ്റോംവാട്ടർ ഡ്രെയിനേജ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ, ഇ-ഗവേണൻസ് പദ്ധതികളുടെയും ഇതിനകം ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പുതിയ അമൃത് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 9 നഗരങ്ങളുടെ സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകളും, അവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാനും തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പിക്കുകയും, പ്രസ്തുത സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാൻ പ്രകാരമുള്ള 587.98 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ഇതിനകം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല മിഷൻ ഡയറക്ടറായി തദ്ദേശ സ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.-നേയും, നോഡൽ ആഫീസറായി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറായ ശ്രീമതി ആർ. ഗിരിജ ഐ.എ.എസ്.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അമൃത് നഗരങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല മിഷൻ മാനേജ്മെന്റ്

യൂണിറ്റും, നഗരതല മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും ഇതിനകം രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളെയാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ജെ.എൻ.എൻ.യു.ആർ.എം. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അവലംബിച്ചുപോരുന്ന Project by Project അംഗീകാരത്തിനു പകരം ഓരോ വർഷവും സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന State Annual Action Plan (SAAP)-ൽ നിന്നും സംസ്ഥാനത്തിനു തന്നെ അമൃത് മിഷൻ പദ്ധതികൾക്ക് അംഗീകാരം നൽകാവുന്നതാണ്. പദ്ധതിയിലുൾപ്പെടുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു Service Level Improvement Plan (SLIP) തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി അംഗീകാരത്തിന് മുമ്പായി തന്നെ സ്ഥലവും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി ഉത്തരവുകളും, നിരാക്ഷേപ പത്രങ്ങളും ലഭ്യമാക്കാത്ത പദ്ധതികളെ അമൃത് മിഷനിൽ ഉൾപ്പെടുത്തുകയില്ല. 80:10:10 (കേന്ദ്രം-സംസ്ഥാനം-നഗരസഭ) എന്ന ജെ.എൻ.എൻ.യു.ആർ.എം. ഫണ്ടിംഗ് പാറ്റേണിന്റെ സ്ഥാനത്ത് അമൃത് മിഷൻ പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ്.

| Component | Funding Pattern |
|---|---|
| Water supply, Sewerage, Septage, Storm Water Drains, Urban Transport. | 1. One-third of the project cost as grant from GOI for cities with a population of above 10 lakh. |
| | 2. One-half of the project cost as grant for cities/towns with population upto 10 lakh. |
| | 3. Balance Funding by State Governments/ ULBs or through private investment. |
| Development of green spaces and park with special provision for child friendly components | One-half of the project cost by GOI and the total expenditure on these projects will not exceed 2.5% of the State Annual Action Plan (SAAP) |

**ഇ-വേസ്റ്റ് മാലിന്യ ശേഖരണ സംസ്കരണം**

92 (1563) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേസ്റ്റ് മാലിന്യ ശേഖരണ-സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ശേഖരണ കേന്ദ്രങ്ങൾ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ;

(സി) പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ഡി) ക്ലീൻ കേരള കമ്പനി ഇക്കാര്യത്തിൽ നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് നമ്പർ 2612/2014/തസ്വഭവ തീയതി 10-10-2014 പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ 5 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കണമെന്നും തുടർന്നുള്ള പുനഃചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്ക്രാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കെ.എസ്.ബി.സി.ഡി.സി.-ക്ക് സ്ഥലം കൈമാറ്റം**

93 (1564) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയുടെ കൈവശമുള്ള സ്ഥലം കെ.എസ്.ബി.സി. ഡി.സി.-ക്ക് കൈമാറുന്നത് സംബന്ധിച്ച് കൽപ്പറ്റ നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കൽപ്പറ്റ നഗരസഭയുടെ കൈവശമുള്ള സ്ഥലം കെ.എസ്.ബി.സി.ഡി. സി.-യ്ക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിന്നോക്ക വികസന കോർപ്പറേഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി വിട്ടുകൊടുക്കുന്നത്, വില നൽകുന്നുണ്ടോ, നഗരസഭ എന്താവശ്യത്തിനായി വച്ചിരുന്ന സ്ഥലമാണ് വിട്ടുനൽകുന്നത് തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് സമർപ്പിക്കാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നഗരസഭക്ക് കേരള മുനിസിപ്പൽ ആക്ട് ചട്ടം 215 വസ്തു ആർജ്ജിക്കാനും, കയ്യൊഴിക്കുന്നതിനും, മുനിസിപ്പാലിറ്റിയുടെ അംഗീകാരം ഉപയോഗിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സർക്കാർ അനുമതിയോടുകൂടി മാത്രമേ സ്ഥലം കൈമാറ്റം ചെയ്യുവാൻ കഴിയുകയുള്ളൂ.

**പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ചേരിവികസനം**

94 (1565) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരചേരികളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ചേരിവികസനം നടപ്പാക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ നഗരസഭകളിലെ ഏതൊക്കെ ചേരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2022-ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഒരു ഘടകമായി

പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചേരി വികസനം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 300 പേരോ, 60-70 കുടുംബങ്ങളോ താമസിക്കുന്ന ചേരി പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി സ്വകാര്യ പങ്കാളിയെ മത്സരാടിസ്ഥാനത്തിൽ നഗരസഭ തെരഞ്ഞെടുക്കുകയും, ചേരിയിലെ ഗുണഭോക്താവിനായി നിർമ്മിക്കുന്ന ഒരു ഭവനത്തിന് ഒരു ലക്ഷം രൂപ എന്ന ശരാശരി നിരക്കിൽ സ്വകാര്യ പങ്കാളിക്ക് നൽകുകയും ചെയ്യുന്നു. പദ്ധതി മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 'എ'-യിൽ* കാണാവുന്നതാണ്.

(സി) പദ്ധതിയുടെ പ്രാരംഭഘട്ടമായതിനാൽ നഗരസഭകൾ നാളിതുവരെ ചേരികൾ നിർദ്ദേശിച്ചിട്ടില്ല.

**പുതിയ മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ**

95 (1566) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ നടപടികൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പ്രാരംഭഘട്ടത്തിലാണ്. പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

**അമൃത് പദ്ധതി**

96 (1567) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസാക്ക്</u> :
<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാന പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടിവെള്ള വിതരണം, മാലിന്യ ഓടകളുടെ ശൃംഖല, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം, പൊതുഗതാഗത സൗകര്യങ്ങൾ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം എന്നിവ നടപ്പാക്കുകയാണ് അമൃത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(ബി) പദ്ധതി അടങ്കലിന്റെ 30%-ത്തിൽ കുറയാത്ത സംസ്ഥാന പങ്കാളിത്തമാണ് അമൃത് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം 20 ശതമാനമാണ്.

(സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി അമൃത് മിഷൻ മാർഗ്ഗ നിർദ്ദേശപ്രകാരം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 9 നഗരങ്ങളുടെ സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകളും, അവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനും തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പിക്കുകയും, പ്രസ്തുത സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ പ്രകാരമുള്ള 587.98 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാർ ഇതിനകം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല മിഷൻ ഡയറക്ടറായി തദ്ദേശ സ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.-നെയും, നോഡൽ ആഫീസറായി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറായ ശ്രീമതി ആർ. ഗിരിജ ഐ.എ.എസ്-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അമൃത് നഗരങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല മിഷൻ മാനേജ്മെന്റ് യൂണിറ്റും നഗരതല മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും ഇതിനകം രൂപീകരിച്ചിട്ടുണ്ട്.

**നഗരസഭാ പ്രദേശങ്ങളിലെ പൊതുശ്മശാനങ്ങൾ**

97 (1568) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിൽ സ്ഥല സൗകര്യം കുറവായതിനാൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിലവിൽ ഏതെല്ലാം നഗരസഭാ പ്രദേശങ്ങളിൽ ഇതിനായി സ്ഥലം ഏറ്റെടുക്കുകയോ,പൊതു ശ്മശാനങ്ങൾ നിർമ്മിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) വരും നാളുകളിൽ നഗരസഭാ കോർപ്പറേഷൻ പ്രദേശങ്ങളിൽ മൃതശരീരം സംസ്കരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൂടുമെന്നിരിക്കേ എല്ലാ നഗരസഭകളിലും ആവശ്യത്തിന് പൊതുശ്മശാനങ്ങൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. പൊതു ശ്മശാനങ്ങൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 56 നഗരസഭകളിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന നഗരസഭകളിൽ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ശ്മശാന നിർമ്മാണത്തിനുള്ള ഫണ്ട് മാത്രമാണ് സർക്കാർ നൽകുന്നത്.

(സി) എല്ലാ നഗരസഭകളിലും പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി "നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം" പദ്ധതി നടപ്പിലാക്കിവരുന്നു.

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് ഗ്രാന്റ്**

98 (1569) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏതെല്ലാം നഗരസഭകൾക്കാണ് പ്രത്യേക ഗ്രാന്റുകൾ അനുവദിച്ചിട്ടുള്ളതെന്നും ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം ആവശ്യങ്ങൾ നടപ്പാക്കുന്നതിനാണ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായി തെരഞ്ഞെടുത്തിട്ടുള്ള വൈക്കം ക്ഷേത്രം ഉൾപ്പെടുന്ന വൈക്കം നഗരസഭയ്ക്ക് പ്രസ്തുത ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| വർഷം | നഗരസഭകൾ | തുക (രൂപ) |
|---|---|---|
| 2015-16 | ചെങ്ങന്നൂർ | 25,00,000 |
| | പത്തനംതിട്ട | 25,00,000 |
| | തിരുവല്ല | 10,00,000 |
| | ഏറ്റുമാനൂർ | 10,00,000 |
| | പാല | 10,00,000 |

തീർത്ഥാടകർ വൻതോതിൽ എത്തിച്ചേരുന്ന പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം, ശൗചാലയങ്ങൾ, വിശ്രമസ്ഥലം, പാർക്കിംഗ് സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചുവരുന്നത്.

(ബി) ഇല്ല. മേൽപ്പറഞ്ഞ നഗരസഭകൾക്കല്ലാതെ മറ്റു നഗരസഭകൾക്കൊന്നും ശബരിമല തീർത്ഥടനവുമായി ബന്ധപ്പെട്ട് ഈ സീസണിൽ പ്രത്യേക ഗ്രാന്റ് അനുവദിച്ചിട്ടില്ല. മറ്റു നഗരസഭകൾക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ആലപ്പുഴ നഗരസഭയുടെ മുറിവാടക നിരക്ക്**

99 (1570) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗര ചത്വരത്തിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന നീലിമ കോളേജിന് എത്ര മുറികളാണ് നൽകിയിട്ടുള്ളതെന്നും അവ

ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇറു സംബന്ധിച്ച് നഗരസഭയിൽ എത്ര തുകയാണ് വാടകയിനത്തിൽ ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനവും നഗരസഭയും ഇതിൽ എന്നാണ് കരാറിൽ ഏർപ്പെട്ടത്; കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ആലപ്പുഴ ബീച്ചിനോടനുബന്ധിച്ചുള്ള റിക്രിയേഷൻ ഗ്രൗണ്ടിന് സമീപത്തെ നഗരസഭയുടെ കെട്ടിടത്തിൽ ഇപ്പോൾ എന്തെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതാണെന്നും അവരുമായുള്ള കരാറിന്റെ വിശദാംശവും, കാലാവധിയും പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5 മുറികൾ (റൂം നമ്പർ 9,10,11,12,13).

(ബി) 5 മുറികൾക്കും കൂടി വാടക 4,535 രൂപ.

(സി) ടി സ്ഥാപനവുമായി അവസാനമായി കരാർ ഉടമ്പടിയിലേർപ്പെട്ടത് 2007-08 കാലയളവിലാണ്. കരാർ സംബന്ധിച്ച രേഖകൾ ശേഖരിച്ച് നൽകുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് കൗൺസിൽ 3-10-2015-ലെ 11-ാം നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) ഇപ്പോൾ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനവുമായി കരാർ ഏതു കാലയളവുവരെ വച്ചു എന്നുള്ളതിനുള്ള രേഖകൾ ശേഖരിച്ച് നൽകാവുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് 3-10-2015-ലെ 11-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്.

**ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം**

100 (1571) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ നഗരസഭയിലെ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെയും സ്റ്റേഡിയം കോംപ്ലക്സിന്റെയും തുടർ വികസനത്തിനായി എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം പ്രവർത്തികൾക്കാണെന്നും വ്യക്തമാക്കുമോ;

(ബി) സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഉയർന്ന തുക ക്വാട്ട് ചെയ്തതിനാലാണ് ടെണ്ടർ നടപടികളിൽ ആരും സഹകരിക്കാതിരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുറികൾ വാടകയ്ക്ക് നൽകുന്നതിനായി പരസ്യം നൽകിയിരുന്നോ; മുറികൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) 2014 മാർച്ച് 30 മുതൽ 2015 മാർച്ച് 30 വരെ മുറികൾക്കായി അപേക്ഷ നൽകിയത് ആരെല്ലാമെന്നും അപേക്ഷയിൻമേൽ അംഗീകാരം നൽകിയ തീയതി, അപേക്ഷകൻ, വാടക അഡ്വാൻസ് അടച്ച തീയതി, മുറിയുടെ നമ്പർ എന്നിവ ക്രമത്തിൽ ലഭ്യമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ വാടക അഡ്വാൻസ് അടച്ചവർ കരാർ വയ്ക്കുന്നതിന് എത്ര തുകയുടെ മുദ്രപത്രം വീതമാണ് വാങ്ങിയത്;

(എഫ്) കരാർ വയ്ക്കുന്നതിന് പത്രത്തിന്റെ തുക നിശ്ചയിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) പ്രസ്തുത നടപടി ക്രമങ്ങൾ നഗരസഭയുടെ ഏതു സെക്ഷനിലാണ് നടപ്പാക്കിയതെന്നും അതിന് ചുമതലപ്പെടുത്തിയിരുന്നവർ ഏത് റാങ്കിലുള്ള ജീവനക്കാരായിരുന്നെന്നും അറിയിക്കുമോ; ഒന്നാമത്തെ നിലയിലെ മുറികൾ അനുവദിച്ച നഗരസഭാ കൗൺസിലിന്റെ തീരുമാനങ്ങൾ എടുത്ത മിനിട്ട്സിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഡിയം വികസന പ്രവർത്തനങ്ങൾക്കായി തുകകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ഉയർന്ന നിരക്കിൽ ഡെപ്പോസിറ്റും വാടകയും നിശ്ചയിച്ചതിനാലാണ് പല മുറികളും ഏറ്റെടുക്കുവാൻ മുന്നോട്ടു വരാത്തതെന്ന നിഗമനത്തിൽ വാടകയും ഡെപ്പോസിറ്റും പലപ്പോഴായി കുറച്ചുവെങ്കിലും തുടർന്നും ഭൂരിഭാഗം മുറികളും ഒഴിഞ്ഞ് കിടക്കുകയാണ്.

(സി) പരസ്യം നൽകിയിരുന്നു. നഗരസഭ കൗൺസിൽ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി ഓരോ മുറിയ്ക്കും നിശ്ചയിച്ചിരിക്കുന്ന ഡെപ്പോസിറ്റിനും വാടകയ്ക്കും മുറി ഏറ്റെടുക്കുവാൻ തയ്യാറുള്ള വ്യക്തികൾക്ക് മുറി അനുവദിക്കുന്നു. ഒന്നിൽ കൂടുതൽ വ്യക്തികൾ ഒരേ മുറിക്ക് അപേക്ഷിക്കുന്നപക്ഷം ലേലം നടത്തി ഏറ്റവും

കൂടുതൽ ഡെപ്പോസിറ്റ് തുക നൽകുവാൻ തയ്യാറാകുന്ന വ്യക്തിക്ക് മുറി അനുവദിക്കുന്നു.

(ഡി)

| പേര് | റൂം നമ്പർ | ഡെപ്പോസിറ്റ് ഒടുക്കിയ തീയതി | തുക | വാടക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| ബിനോജ് ചാക്കോ | 8 | 1-1-2015 | 3,00,000 രൂപ | 9275 |
| ഹാഷിർ ഖുറേഷി | 9 | 7-1-2014 | 3,00,000 രൂപ | 9275 |
| ബി. നിഹാസ് | 6 | 29.01.2014 | 3,00,000 രൂപ | 9275 |
| മുഹമ്മദ് ഫാസിൽ | 7 | 5-2-2014 | 3,00,000 രൂപ | 9275 |
| ബി. നിഹാസ് | 122 | 7-2-2014 | 1,50,000 രൂപ | 4250 |
| (1) | (2) | (3) | (4) | (5) |
| ബി. നിഹാസ് | 123 | 7-2-2014 | 1,50,000 രൂപ | 4250 |
| ബി. നിഹാസ് | 124 | 7-2-2014 | 1,50,000 രൂപ | 4250 |
| ശിവപ്രസാദ് | 105 മുതൽ 109 വരെ | 13-2-2014 | 7,50,000 രൂപ | 21250 |
| ബി. നിഹാസ് | 110 മുതൽ 114 വരെ | 20-2-2014 | 7,50,000 രൂപ | 21250 |
| ബി. നിഹാസ് | 19 മുതൽ 24 വരെ | 20-2-2014 | 16,50,000 രൂപ (364 ച.മീ.) | 59400 |
| പി.എ. മുഹമ്മദ് & ബി. നിഹാസ് | 115 മുതൽ | 20-2-2014 | 4,50,000 രൂപ(250 ച.മീ.) | 12750 |

| | | | | |
|---|---|---|---|---|
| | 117 വരെ | | | |
| രഞ്ജിത്ധർമ്മരാജൻ | - | 24-4-2014 | 3,50,000 രൂപ | 9275 |
| ബി. നിഹാസ് | 15 എ | 28-4-2014 | 1,50,000 രൂപ | 3750 |
| അനശ്രൂപ് | 33 | 5-6-2014 | 1,25,000 രൂപ | 2350 |
| രഞ്ജിത് ധർമ്മരാജൻ | 26 | 6-8-2014 | 3,00,00 രൂപ | 9275 |
| പി.എം. ഫഹദ് | 18 | 7-8-2014 | 3,00,000 രൂപ | 9275 |
| രഞ്ജിത് ധർമ്മരാജൻ | 3,4,5 മുറികൾ | 28-8-2014 | 6,00,000 രൂപ (250 ച.മീ.) | 18750 |
| രഞ്ജിത് ധർമ്മരാജൻ | 2 | 28-8-2014 | 6,00,000 രൂപ | 6250 |
| ശ്യാം ബാബു | 12 | 24-10-2014 | 3,00,000 രൂപ (364 ച.മീ.) | 9275 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| സെക്രട്ടറി, തീരം | 118 | 3-3-2015 | 1,50,000 രൂപ (250 ച.മീ.) | 4250 |
| മുഹമ്മദ് അബ്ദുൾ റഹ്മാൻ | 119 | 16-3-2015 | 1,50,000 രൂപ | 4250 |
| വിശ്വേശ്വർ പണിക്കർ | 71,72, 73,74 | 20-3-2015 | 3,00,000 രൂപ | 9400 |
| കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 27, 28 | 24-10-2004 | 1,28,880 രൂപ (ഒരു മുറി 364 ച.മീ. വീതം) | 27825 |
| സെക്രട്ടറി | ... | ... | 2,50,000 രൂപ(94 | 4700 |

| സി.എം.പി. | ച.മീ) |
|---|---|

അപേക്ഷയിന്മേൽ അംഗീകാരം നൽകിയ തീയതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 250 രൂപയുടെ മുദ്രപത്രം.

(എഫ്) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തുക നിശ്ചയിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ശേഖരിച്ച് നൽകുന്നതാണ്.

(ജി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ നഗരസഭയുടെ റവന്യൂ വിഭാഗത്തിലാണ് നടക്കുന്നത്. ചുമതലപ്പെടുത്തിയിരുന്ന ജീവനക്കാരുടെ വിവരങ്ങളും കൗൺസിൽ തീരുമാനത്തിന്റെയും മിനിറ്റ്സിന്റെയും വിവരങ്ങളും (പകർപ്പ് ഉൾപ്പെടെ) ശേഖരിച്ച് നൽകുന്നതാണ്.

## ക്ലീൻ കേരള കമ്പനി

101 (1572) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ പ്രവർത്തന ലക്ഷ്യം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും ശുചിത്വ ആരോഗ്യ രംഗത്ത് വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് ഇതിന്റെ പ്രധാനലക്ഷ്യം. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

## ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികൾ

102 (1573) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ്സ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ടെണ്ടർ തുക എത്ര വീതമായിരുന്നു; തുക തീരുമാനിച്ചത് ആരാണ്; അതിന്റെ മാനദണ്ഡം എന്തായിരുന്നു;

(സി) ഇതേവരെ എത്ര മുറികൾ നൽകിയിട്ടുണ്ടെന്നും അത് ആർക്കെല്ലാമാണെന്നും അതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) കരാർ കാലാവധി, അഡ്വാൻസ് തുക, വാടക, കരാറുകാരുടെ പേരും മേൽവിലാസവും എന്നിവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 18-4-2015-ലെ ആലപ്പുഴ നഗരസഭാ കൗൺസിൽ 22-ാം തീരുമാന പ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിൽ നിന്ന് ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിച്ചു.

(ബി) 16-4-2015-ലെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ ശിപാർശ പരിഗണിച്ച് 18-4-2015-ലെ കൗൺസിൽ 22-ാം നമ്പർ തീരുമാന പ്രകാരം ഒരു കടമുറിക്ക് ഡെപ്പോസിറ്റ് 10,00,000 (പത്തുലക്ഷം) രൂപയും ചതുരശ്ര മീറ്ററിന് 25 രൂപ വീതവും തുക നിശ്ചയിക്കുകയുണ്ടായി.

(സി&ഡി) 18-4-2015-ൽ ചേർന്ന കൗൺസിലിന്റെ 22-ാം നമ്പർ തീരുമാനപ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിൽ നിന്നും ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിക്കുകയുമുണ്ടായി. കരാർ കാലാവധി 3 വർഷവും, ഡെപ്പോസിറ്റ് 10 ലക്ഷം രൂപയുമാണ്. മുറികൾ അനുവദിച്ചവരുടെ/കരാറുകാരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

| | | |
|---|---|---|
| 1 | എ.എച്ച് മുഹമ്മദ് നിസ്സാർ, അന്ത്രോളി പറമ്പിൽ, ഐ.സി.ഒ. ജംഗ്ഷൻ,ചങ്ങനാശ്ശേരി | വാടക 12,240 രൂപ |
| 2 | അഗസ്റ്റിൻ പി. വർഗ്ഗീസ്, പനച്ചിക്കൽ, ഐക്യ ഭാരതം അവലൂക്കുന്ന് | വാടക 12,000 രൂപ |

| | | |
|---|---|---|
| 3 | ജോൺസൺ, മേലേവീട്ടിൽ, ചാത്തനാട് | വാടക 12,240 രൂപ |
| 4 | ബൈജു ജേക്കബ്, കണിയാംപറമ്പിൽ, സനാതനം വാർഡ്, ആലപ്പുഴ | വാടക 7,440 രൂപ |

**ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയത്**

103 (1574) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിന് അപേക്ഷകരുടെ മുൻഗണനാക്രമം സ്വീകരിച്ചത് എന്തു മാനദണ്ഡത്തിലായിരുന്നു;

(ബി) മുറികൾക്കായി അപേക്ഷ നൽകിയ തീയതി, അപേക്ഷകന്റെ പേരും മേൽവിലാസവും, മുറി അനുവദിച്ച തീയതി, മുറിയുടെ വിസ്തീർണ്ണം, വാടക എന്നിവ ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) മുറികൾ അനുവദിച്ച കൗൺസിൽ തീരുമാനങ്ങളുടെ തീയതിയും മിനിറ്റ്സിന്റെ കോപ്പിയും ലഭ്യമാക്കാമോ;

(ഡി) 2014 മാർച്ച് 30 മുതൽ 2015 മാർച്ച് 30 വരെയുള്ള കാലയളവിൽ മുറി അനുവദിച്ചവർക്ക് കരാർ വയ്ക്കുന്നതിനായി എത്ര തുകയുടെ മുദ്രപത്രമാണ് ആവശ്യപ്പെട്ടിരുന്നത്; ഇത് ഏതെല്ലാം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഉത്തരവ് പ്രകാരമല്ലെങ്കിൽ ഇതുസംബന്ധിച്ച തീരുമാനം എടുത്തത് ആരായിരുന്നെന്ന് അറിയിക്കാമോ;

(എഫ്) മുറികളുടെ ലേലവും കരാറും മറ്റു നടപടിക്രമങ്ങളും നഗരസഭയിലെ ഏതു വിഭാഗത്തിലാണ് നടന്നത്;

(ജി) ഇതിനായി കൗൺസിൽ ചുമതലപ്പെടുത്തിയിരുന്ന ജീവനക്കാർ ആരെല്ലാമായിരുന്നുവെന്നും അവരുടെ ഔദ്യോഗിക തസ്തികകളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ നഗരസഭ വക ഇ.എം.എസ്. സ്റ്റേഡിയത്തിലെ കടമുറികൾ കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും വാടകയിലും എടുക്കുവാൻ താല്പര്യമുള്ള

വ്യക്തികൾക്കായി പത്രപരസ്യം നൽകി ലേലം നടത്തിയിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഫറുകൾ സമർപ്പിച്ച മുറയ്ക്ക് ഏതാനും വ്യക്തികൾക്ക് മുറി അനുവദിച്ച് നൽകിയിട്ടുണ്ട്. മുറി അനുവദിക്കപ്പെട്ട ആളുകളുടെ പേര്, മുറിയുടെ വിസ്തീർണ്ണം, റൂം നമ്പർ, വാടക സംബന്ധിച്ച വിവരം എന്നിവ അനുബന്ധം(1)-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. അപേക്ഷ, തീയതി, മുറി അനുവദിച്ച തീയതി എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 24-12-2013-ലെ കൗൺസിലിന്റെ 2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാടകയും, ഡെപ്പോസിറ്റും തീരുമാനിക്കുന്നത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ സൂപ്രണ്ടാണ് കടമുറികൾ അനുവദിക്കുന്നത്. കൗൺസിൽ തീരുമാനം, മിനിറ്റ്സ് എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തുക നിശ്ചയിച്ചിട്ടുള്ളത്.

(എഫ്&ജി) റവന്യൂ വിഭാഗത്തിൽ ഇതിനായി കൗൺസിൽ ചുമതല പെടുത്തിയിരുന്നത് മുനിസിപ്പൽ സെക്രട്ടറി, റവന്യൂ സൂപ്രണ്ട് എന്നിവരെയായിരുന്നു.

**നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി**

104 (1575) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്കുവേണ്ടി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) 'എല്ലാവർക്കും ഭവനം' എന്ന പദ്ധതി ഏതെല്ലാം നഗരസഭകളിലാണ് നടപ്പാക്കുന്നത്;

(ഇ) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബി.എസ്.യു.പി., ഐ.എച്ച്.എസ്.ഡി.പി., ആർ.എ.വൈ, പി.എം.എ.വൈ., എൻ.യു.എൽ.എം-ലെ 'ഷെൽറ്റർ ഫോർ അർബൻ ഹോംലെസ്' എന്നീ പദ്ധതികളാണ് നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വേണ്ടിയുള്ള ഭവന പദ്ധതികൾ.

(ബി&സി) നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ 14 നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന കുടുംബശ്രീ മിഷനെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ പദ്ധതിയുടെ ചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും നഗരങ്ങളിലും മിഷൻ മാനേജർമാരെ നിയമിച്ചു. സാമൂഹിക സംഘാടനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിർജ്ജീവമായവയെ ശക്തിപ്പെടുത്തുന്നതിനും പദ്ധതിവഴി സാമ്പത്തികസഹായവും പിന്തുണയും നൽകിവരുന്നു. കൂടാതെ അയൽക്കൂട്ടങ്ങൾക്കും എഡിഎസിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിലുപരിയായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 2 ലക്ഷം രൂപയും ഒരു ഗ്രൂപ്പിന് 10 ലക്ഷം രൂപയും 4% പലിശനിരക്കിൽ വായ്പയായി നൽകുന്നു.

(ഡി) 1. തിരുവനന്തപുരം
2. കൊല്ലം
3. ആലപ്പുഴ
4. പത്തനംതിട്ട
5. കോട്ടയം
6. തൃശ്ശൂർ
7. കൊച്ചി
8. പാലക്കാട്
9. കോഴിക്കോട്
10. കല്പറ്റ

11. തൊടുപുഴ
12. മലപ്പുറം
13. കാസർഗോഡ്
14. കണ്ണൂർ

(ഇ) സ്വന്തമായി വീടില്ലാത്ത 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇഡബ്ല്യുഎസ് ഗ്രൂപ്പിലും 3-6 ലക്ഷം രൂപ വരെ താഴ്ന്ന വരുമാനമുള്ള എൽഐജി ഗ്രൂപ്പിലും ഉൾപ്പെടുന്ന കുടുംബങ്ങളെയും 300 പേരോ 60-70 കുടുംബങ്ങളോ ഉള്ള ചേരി നിവാസികളെയുമാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

105 (1576) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് കൂടുതൽ കൃത്യതയും അതോടൊപ്പം ആയത് സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്‌വെയർ വഴിയാണ് കെട്ടിടനിർമ്മാണ അനുമതി നൽകിവരുന്നത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പാക്കുന്നതിലേക്കുമായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

**മാലിന്യ നിർമ്മാർജ്ജനം**

106 (1577) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മാലിന്യ നിർമ്മാർജ്ജനത്തിനായി വർഷംപ്രതി എത്ര തുക നീക്കിവച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വർഷംപ്രതി എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (മുൻസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക്) എന്തു തുക നൽകിയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**കെട്ടിട നിർമ്മാണങ്ങൾക്ക് അഗ്നിശമനസേനയുടെ എൻ.ഒ.സി.**

107 (1578) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ്സ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം എത്ര സ്ക്വയർഫീറ്റിലും എത്ര മീറ്റർ ഉയരത്തിലും അധികമുള്ള കെട്ടിട നിർമ്മാണങ്ങൾക്കാണ് അഗ്നിശമന സേനയുടെ എൻ. ഒ .സി. ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഉയരം 16 മീറ്ററിൽ കൂടാത്ത നാല് നിലകളുള്ള കെട്ടിട നിർമ്മാണം

സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കുമോ ;

(ഡി) അഗ്നിശമന സേനയുടെ എൻ.ഒ.സി. ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ നഗരസഭകളിൽ ബിൽഡിംഗ് പെർമിഷനുവേണ്ടി ലഭിച്ച എത്ര അപേക്ഷകൾ തീരുമാനം എടുക്കാതെ മാറ്റിവച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(3), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(4) എന്നിവ പ്രകാരം ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 3 നിലകളിൽ അധികരിക്കുന്ന റസിഡൻഷ്യൻ ഒക്യുപൻസിയിലും സ്പെഷ്യൽ റസിഡൻഷ്യൽ/ലോഡ്ജിംഗ് ഹൗസസ് ഒക്യുപൻസിയിലുംപെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54 (4a)-യും 56(3j)-യും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56(5), 58(12) എന്നിവ പ്രകാരം, ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 3 ഫ്ലോറുകൾ, അധികരിക്കുന്ന എഡ്യൂക്കേഷണൽ, മെഡിക്കൽ/ഹോസ്പിറ്റൽ, ഓഫീസ്/ബിസിനസ് ഒക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കും, ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 2 ഫ്ലോറുകൾ അധികരിക്കുന്ന മെർക്കന്റൈൽ/ കൊമേഴ്സ്യൽ ഒക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കും, അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമാണ്. കൂടാതെ, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 55(8a), 57(11a), 58(4a) എന്നിവ പ്രകാരവും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 57(8), 59(11a), 60(6) എന്നിവ പ്രകാരവും; ഫ്ലോറുകളുടെ എണ്ണം എത്രതന്നെയായാലും, അസംബ്ലി, ഇൻഡസ്ട്രിയൽ, സ്റ്റോറേജ് ഒക്യുപൻസികളിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(5a)പ്രകാരം ഗ്രൂപ്പ് I (1) ഒഴികെയുള്ള ഹസാർഡസ് ഒക്യുപൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്കും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 61(6) പ്രകാരം ഹസാർഡസ് ഒക്യുപൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്കും കൂടി അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളില ചട്ടം 55 (10a) പ്രകാരം നിലവിലെ അംഗീകൃതമായ സിനിമാ ഹാൾ/

തിയേറ്ററുകളെ നിബന്ധനകൾക്കനുസൃതമായി മൾട്ടി സ്ക്രീനുകളായി മാറ്റം വരുത്തുന്നതിനും, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 33 (7), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37(7) എന്നിവ പ്രകാരം, കടൽമാർഗ്ഗമല്ലാത്ത ദ്വീപിലേയ്ക്കുള്ള ജലവീഥിയെ (Water Way), കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വഴി (Access) ആയി പരിഗണിക്കുമ്പോഴും അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് പ്രകാരമുള്ള പ്ലാനുകളിലേയും വ്യവസ്ഥകളാണ് ഈ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ളത് സംബന്ധിച്ച് നിയമവ്യവസ്ഥകൾ. മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII, IX, X എന്നിവയിൽ യഥാക്രമം ചെറിയ പ്ലോട്ടുകളിലെ നിർമ്മാണം, നിരനിരയായ കെട്ടിടങ്ങൾ, സാമ്പത്തിക അവശ വിഭാഗങ്ങൾക്കുള്ള സ്കീമുകളിലെ കെട്ടിട നിർമ്മാണം എന്നിവ സംബന്ധിച്ചത് പ്രതിപാദിക്കുന്നത് പൊതുവേ 4-ൽ താഴെ നിലകളുള്ള കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചില വ്യവസ്ഥകളാണ്. മേൽപ്പടി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മറ്റു അദ്ധ്യായങ്ങളിൽ അതാതു സംഗതിപോലെ 4 നിലയോ, 16 മീറ്റർ വരെ ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്കോ, അവയുടെ അനുബന്ധമായി വരാവുന്ന മറ്റു നിർമ്മാണങ്ങൾക്കോ ബാധകമാകാവുന്നതുമായ വ്യവസ്ഥകളാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**നഗരവികസന പദ്ധതി**

108 (1579) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് നഗരവികസന പദ്ധതി പ്രകാരം ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(ബി) എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു; അവ എന്നത്തേക്ക് പൂർത്തിയാവും; വിശദമാക്കുമോ;

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; പ്രസ്തുത പദ്ധതി പ്രകാരം പണി നടന്നുവരുന്ന വീടുകളുടെ അവസ്ഥ എന്താകുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബി.എസ്.യു.പി. പദ്ധതി പ്രകാരം 6468 പുതിയ വീടുകളും ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം 3758 പുതിയ വീടുകളും ആയി 10226 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) 480-ഓളം ചേരികളിൽ ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി. പദ്ധതികൾ പ്രകാരം അടിസ്ഥാന സൗകര്യ വികസന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിലായി കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കുടിവെള്ള പദ്ധതികൾ, ഓടനിർമ്മാണം, നടപ്പാത നിർമ്മാണം, അംഗനവാടികളുടെ നിർമ്മാണം, പബ്ലിക് ടോയ്‌ലറ്റുകളുടെ നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ, മഴവെള്ള സംഭരണികൾ തുടങ്ങിയ വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ 74 കോളനികളിലായി വിവിധ പ്രവൃത്തികളും കൊല്ലം കോർപ്പറേഷനിൽ 47 കോളനികളിലായി 57 പദ്ധതികളും കൊച്ചി കോർപ്പറേഷനിൽ 28 കോളനികളിലും, തൃശ്ശൂർ കോർപ്പറേഷനിൽ 66 കോളനികളിലും കോഴിക്കോട് കോർപ്പറേഷനിൽ 40 കോളനികളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) ബി.എസ്.യു.പി. പദ്ധതിയിൽ 2504 പുതിയ വീടുകളുടെയും ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൽ 1750 പുതിയ വീടുകളുടെയും പണി പുരോഗമിക്കുന്നു. വ്യക്തിഗത ഭവനങ്ങൾ എല്ലാം തന്നെ ഗുണഭോക്താക്കളാണ് നിർമ്മാണം നടത്തുന്നത്. പ്രസ്തുത നിർമ്മാണങ്ങൾ എല്ലാം 2017 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) രാജീവ് ആവാസ് യോജന പദ്ധതി നിർത്തലാക്കിയിട്ടുണ്ട്. ചേരി വികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ മുൻ കേന്ദ്ര സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ആവാസ് യോജന. എന്നാൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന പുതിയ മന്ത്രിസഭ, നയത്തിൽ മാറ്റം വരുത്തുകയും 2022-ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ "പ്രധാനമന്ത്രി ആവാസ്

യോജന" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തു.

'രാജീവ് ആവാസ് യോജന' പദ്ധതി കാലയളവിൽ, കേന്ദ്ര അംഗീകാരം ലഭിച്ച 5 പദ്ധതികൾ (തിരുവനന്തപുരത്തെ മതിപ്പുറം, കൊച്ചിയിലെ തുരുത്തി, കൊല്ലത്തെ എസ്.എം.പി. പാലസ്, തൃശ്ശൂർ നെല്ലങ്കര ലക്ഷം വീട്, കോഴിക്കോട് മാലൂർക്കുന്ന് ചേരികളുടെ വികസന പ്രവർത്തനങ്ങൾ) തുടരുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര സഹായവും ലഭ്യമാകും.

**ജോയിന്റ് ഡയറക്ടർ പോസ്റ്റിലേക്ക് സ്പെഷ്യൽ റൂൾസ്**

109 (1580) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) പോസ്റ്റിലേക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റൂളിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

**ആന്തൂർ മുനിസിപ്പാലിറ്റി ആസ്ഥാനം**

110 (1581) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച ആന്തൂർ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം എവിടെയാണ്; അവിടെ ആവശ്യമായ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ജീവനക്കാരുടെ നിയമന നടപടി എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ?

ഉത്തരം

പുതുതായി രൂപീകരിച്ച ആന്തൂർ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം ആന്തൂർ ആണ്. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവാകുന്നതുവരെ തളിപ്പറമ്പ് നഗരസഭാ സെക്രട്ടറി ആന്തൂർ നഗരസഭയുടെ ചാർജ് വഹിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയിലെ ജീവനക്കാരെ ഉപയോഗിച്ചുതന്നെ ഓഫീസ് നിർവ്വഹണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്

സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 25-11-2015-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.39 തീരുമാനപ്രകാരം പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ/മുനിസിപ്പാലിറ്റിയിൽ നിന്നും നിയമിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ജനസംഖ്യാനുപാതികമായി വീതിച്ച് നല്കുന്നതിനും പുതുതായി ട്രഷറി/ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനും, 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയ വാഹനവും വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

### നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് കർമ്മ പദ്ധതികൾ

111 (1582) <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരപ്രദേശങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക വഴിയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി ഏജൻസികൾക്ക് കൈമാറിയും നഗരപ്രദേശങ്ങളെ മാലിന്യരഹിതമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) നഗരപ്രദേശങ്ങളുടെ ഉത്തരവാദിത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകളുടെ സാങ്കേതിക അനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും നൽകിവരുന്നു.

### കംപ്രസ്ഡ് നാച്വറൽ ഗ്യാസ് പ്ലാന്റുകൾ

112 (1583) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ മാലിന്യത്തിൽ നിന്ന് കംപ്രസ്ഡ് നാച്വറൽ ഗ്യാസ് ഉൽപ്പാദിപ്പിക്കാൻ വേണ്ടി പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) ഇപ്രകാരമുള്ള പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുവാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് അതിനായുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആരും തന്നെ എഗ്രിമെന്റ് വയ്ക്കാനായി മുന്നോട്ട് വരാത്ത സാഹചര്യത്തിൽ സർക്കാർ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

**ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ**

113 (1584) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗ ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേന എത്രപേർ പരിശീലനം നേടിയെന്നും എത്രപേർക്ക് ഉദ്യോഗം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) പരിശീലന കേന്ദ്രങ്ങളുടെ സബ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് ശാസ്ത്രീയ

പരിശീലനം നല്കുന്നതിനും അവരെ പ്രാപ്തരാക്കി ഉദ്യോഗ രംഗത്തെ പ്രവേശനം ഉറപ്പാക്കുന്നതിനായും നിലവിൽ 14 ജില്ലകളിലായി 16 പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 15,051 പേർ പരിശീലനം നേടുകയും 611 പേർക്ക് ഉദ്യോഗം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 21 ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

**നഗരങ്ങളിലെ മാലിന്യ സംസ്കരണം**

114 (1585) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി എടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രധാന നഗരസഭകൾക്കെല്ലാം ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനും പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും വേണ്ട സഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗര മാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റുപോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറോ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകൾ പരീക്ഷിച്ചുവരുന്നുണ്ട്. കൊച്ചി നഗരസഭയിലെ ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ട് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനുള്ള നടപടികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

**നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം**

115 (1586) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റമറ്റ മാലിന്യനിർമ്മാർജ്ജന പദ്ധതി ഏതെങ്കിലും നഗരസഭ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിന് നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകുന്ന സഹായപദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഏകദേശം എല്ലാ നഗരസഭകൾക്കും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനും പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരമാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റ് പോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറൊ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകളിൽ പരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുവരുന്നു.

(ബി) മാലിന്യ സംസ്കരണ പദ്ധതി പല നഗരസഭകളിലും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഗാർഹികതലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% (പരമാവധി 5000 രൂപ) സബ്സിഡി സർക്കാർ വിഹിതമായും 25% സബ്സിഡി നഗരസഭാ വിഹിതമായും ശുചിത്വമിഷൻ നൽകിവരുന്നു. കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 75% സബ്സിഡി സർക്കാർ വിഹിതമായും 15% സബ്സിഡി നഗരസഭാ വിഹിതമായും നൽകിവരുന്നു. ഇതുകൂടാതെ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ്, പൊതു എയ്റോബിക് കമ്പോസ്റ്റിംഗ്

പദ്ധതികളും അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്ന പദ്ധതികളും നഗരസഭകൾ നടപ്പിലാക്കി വരുന്നു.

(സി) ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ, ആധുനിക ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം എന്നീ പദ്ധതികൾക്ക് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ ആധുനിക അറവുശാലകൾ സ്ഥാപിക്കൽ, ആധുനിക വാതക ശ്മശാനം സ്ഥാപിക്കൽ എന്നിവയ്ക്ക് സാങ്കേതിക സഹായവും നല്കിവരുന്നു.

## നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണം

116 (1587) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങൾ എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി;

(ബി) അതിൽ ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം പ്രസ്തുത ഇനത്തിൽ നൽകുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-12 - ലഭ്യമല്ല.
2012-13 - 9290.17 ലക്ഷം രൂപ
2013-14 - 16917.8 ലക്ഷം രൂപ
2014-15 - 17001.32 ലക്ഷം രൂപ
2015-16 - 2874.96 ലക്ഷം രൂപ

(ബി) വിവരം ശേഖരിച്ചുവരുന്നു.

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

117 (1588) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് ഓരോ സാമ്പത്തിക വർഷവും എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിക്കപ്പെട്ടത് എന്ത് തുകയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കുവേണ്ടി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക ഇപ്രകാരമാണ്.

2012-13 - 16,28,04,962

2013-14 - 12,16,00,000

2014-15 - 30,00,00,000

2015-16 - 15,00,00,000

(ബി) ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

2012-13 - 11,84,19,257

2013-14 - 6,43,02,188

2014-15 - 7,48,30,354

2015-16 - 6,68,08,263 (31-10-2015 വരെ)

**നഗരസഭകളിലെ പൊതുശ്മശാനങ്ങൾ**

118 (1589) <u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി നിലവിൽ എത്ര പൊതുശ്മശാനങ്ങളുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ പൊതുശ്മശാനങ്ങളില്ലാത്ത ഏതെങ്കിലും നഗരസഭകൾ ഉണ്ടോ ;

എങ്കിൽ അത്തരം നഗരസഭകളിൽ പൊതുശ്മശാനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവയുടെ വ്യാപ്തിയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും പുതിയ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ 52 നഗരസഭകളിൽ പൊതുശ്മശാനം നിലവിലുണ്ട്. (5 കോർപ്പറേഷനുകളിലും 47 മുനിസിപ്പാലിറ്റികളിലും) പൊതുശ്മശാനങ്ങളില്ലാത്ത നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നു. ഇരിങ്ങാലക്കുട, മട്ടന്നൂർ, കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി എന്നീ നഗരസഭകൾക്ക് ഇതിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നഗരസഭകളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുശ്മശാനം ഉള്ള നഗരസഭകളിൽ അവ ആധുനികവൽക്കരിക്കുന്നതിനും പുതിയത് നിർമ്മിക്കുന്നതിനും പരിഗണന നൽകുന്നുണ്ട്.

**വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം**

119 (1590) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ആർ.സി. സെക്ഷനിലെ ഫയലിലും നഗരകാര്യ ഡയറക്ടേറ്റിൽ ജി. സെക്ഷനിൽ കൈകാര്യം ചെയ്ത് വരുന്ന ഫയലിലും നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നഗരകാര്യ ഡയറക്ടറുടെ 5-11-2013-ലെ ജി3-4411/13-ാം നമ്പർ കത്ത് പ്രകാരം, കൊയിലാണ്ടിയിൽ, വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച്, കൊയിലാണ്ടി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അപേക്ഷയും സഹപത്രങ്ങളും സർക്കാർ പരിശോധിക്കുകയും, വ്യവസായ ആവശ്യത്തിലേക്ക് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത ടി സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അധികാര വികേന്ദ്രീകരണ

കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായം 25-1-2014-ലെ 13128/ആർസി 4/2013/തസ്വഭവ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറേയും കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## നഗരസഭകളിൽ ബിൽഡിംഗ് പെർമിറ്റ്

120 (1591) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ബിൽഡിംഗ് പെർമിറ്റ് സംവിധാനം പൂർണ്ണമായും ഓൺലൈനാക്കുമോ ;

(ബി) ഓൺലൈൻ സംവിധാനത്തിലെ പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും 3-12-2014 മുതൽ കെട്ടിടനിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓൺലൈൻ സംവിധാനത്തിൽ കണ്ടെത്തുന്ന പോരായ്മകൾ അതാത് സമയം ഇൻഫർമേഷൻ കേരള മിഷൻ പരിഹരിച്ചു വരുന്നുണ്ട്. കൂടാതെ ഈ സംവിധാനത്തിന്റെ മേൽനോട്ടത്തിനായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ പുതിയ മുനിസിപ്പാലിറ്റികൾ

121 (1592) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് പുതിയതായി മുനിസിപ്പാലിറ്റികളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റികളിൽ, നേരത്തെയുണ്ടായിരുന്ന ജീവനക്കാരെത്തന്നെ നിലനിർത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത മുനിസിപ്പാലിറ്റികളിൽ നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാറ്റി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിന്നും മുനിസിപ്പാലിറ്റികളായി പരിവർത്തനം ചെയ്ത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പയ്യോളി
2. രാമനാട്ടുകര
3. കൊടുവള്ളി
4. മുക്കം
5. ഫറോക്ക്

(ബി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ നേരത്തെയുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താത്ക്കാലികമായി നിലനിർത്തിക്കൊണ്ട് സർക്കാർ 31-10-2015-ലെ സ.ഉ.(കൈ)നമ്പർ 333/2015/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

**വോട്ടവകാശത്തിന് കർമ്മ പദ്ധതി**

122 (1593) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ (1950-ലെ 43-ാം കേന്ദ്ര ആക്ട്) 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ അവകാശം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ട് വന്ന് വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരുന്നു.

(ബി) ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഏതൊരു ഭാരതപൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ കഴിയും.

(സി) 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ 20 (എ) വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 (എ) വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിൽ 77 (എ) വകുപ്പും കൂട്ടിചേർത്ത് ഭേദഗതി ചെയ്തിട്ടുണ്ട്. ആക്ടിലെ ഭേദഗതിക്കനുസൃതമായി മേൽവിഷയം സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ ചേർത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് ഇപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ വോട്ടർപട്ടിക തയ്യാറാക്കുകയും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

**കെട്ടിടനിർമ്മാണ അനുമതിയിലെ കാലതാമസം**

123 (1594) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട ചെറുകിട കെട്ടിട നിർമ്മാണാനുമതിക്ക് നൽകിയിട്ടുള്ള വ്യവസ്ഥകളിലെ ഇളവുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വൻകിട ഇടത്തരം കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നതിലുള്ള കാലതാമസം കാരണം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ഇളവുകൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണാനുമതി വൈകുന്നതുമൂലം പദ്ധതി ചെലവിലുണ്ടാകുന്ന വർദ്ധനവ് കെട്ടിട ഉടമസ്ഥർക്കും കരാറുകാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ. ഇതു സംബന്ധിച്ച് വ്യവസ്ഥകളിൽ ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഫയലുകൾ കോർപ്പറേഷനുകളിലും, മുൻസിപ്പാലിറ്റികളിലും, സി.ടി.പി, ആർ.ടി..പി. എന്നിവിടങ്ങളിൽ മാസങ്ങളോളം കെട്ടികിടക്കുന്നത് ഒഴിവാക്കാൻ ഓരോസ്ഥലത്തും ക്ലീയർ ചെയ്യുന്നതിന് ടൈം ലിമിറ്റ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഫയലുകൾ വേഗം തീർപ്പുകൽപ്പിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വിവിധ ഭേദഗതികൾ മുഖേന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഘൂകൃത വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

ഇ-ഫയലിംഗ് സിസ്റ്റം വഴിയും അപേക്ഷകൾ സമർപ്പിക്കാനും പെർമിറ്റ് പുതുക്കുന്നതിനും കാലാവധി നീട്ടുന്നതിനുമുള്ള വ്യവസ്ഥകൾ മാറ്റുന്നതിനും നിർമ്മാണാനന്തരം ഓപ്പൺ സ്പേയ്സ്/യാർഡ് വീതിയിൽ ചെറിയ ടോളറൻസ് അനുവദിക്കുന്നതിനും മെക്കനൈസ്ഡ് പാർക്കിംഗ് അനുവദിക്കുന്നതിനും കവറേജ്, എഫ്.എ.ആർ., വഴിയുടെ വീതി, ഓപ്പൺ സ്പേയ്സ്/യാർഡ്/സെറ്റ് ബാക്ക് വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി.

പൊതുആവശ്യത്തിനുള്ള സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന നിർമ്മാണങ്ങൾ;

സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ പൊതു ആവശ്യത്തിനായി ഭൂമി സറണ്ടർ ചെയ്യുന്നവരുടെ നിർമ്മാണങ്ങൾ എന്നിവയ്ക്ക് എക്സംപ്ഷനായുള്ള വ്യവസ്ഥ ടി ചട്ടങ്ങളിൽ ഉൾപ്പെടുത്തി. കൂടാതെ, സർക്കാരിന്റെ ഷെയർ/സാമ്പത്തിക സഹായത്തോടെ രൂപീകരിച്ചതും പ്രവർത്തിക്കുന്നതുമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ വിദ്യാഭ്യാസ/മെഡിക്കൽ/ആശുപത്രി ഒക്യുപൻസികളിൽപ്പെടുന്ന പൊതു ആവശ്യത്തിനുള്ള നിർമ്മാണങ്ങൾക്കും ഇത്തരം വ്യവസ്ഥകൾ ബാധകമായിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ/ജില്ലാ ടൗൺ പ്ലാനർ എന്നിവരുടെ ലേ-ഔട്ട് അപ്രൂവൽ/യൂസേജ് ഓഫ് പ്ലോട്ട് അനുവാദത്തിനായി നിഷ്കർച്ചിരിക്കുന്ന കെട്ടിട വിസ്തീർണ്ണത്തിന്റെ പരിധി ഉയർത്തി. 2 ഹെക്ടറിൽ കുറയാത്ത 100 കോടി രൂപ നിക്ഷേപവും കമ്മീഷനിംഗിനുശേഷം 500-ൽ കുറയാത്ത തൊഴിൽ സാധ്യതയുള്ള സർക്കാർ അംഗീകൃത വൻകിട വികസന പദ്ധതികൾക്ക് ഉയർന്ന എഫ്.എ.ആർ. നൽകുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി. ഹൈറൈസ് കെട്ടിടങ്ങൾക്കായുള്ള സുരക്ഷാ വ്യവസ്ഥകളിലും ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നിലവിലുള്ള അംഗീകൃത സിനിമാശാലകൾ നിബന്ധനകൾക്കനുസൃതമായി മൾട്ടിപ്പിൾ സ്ക്രീനുകളായി മാറ്റുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകളും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി (ദ്രുതഗതിയിൽ) തീർപ്പുകൽപ്പിക്കുവാനായി 'സങ്കേതം' എന്ന ഓൺ ലൈൻ ബിൽഡിംഗ് പെർമിറ്റ് സംവിധാനം നടപ്പിലാക്കി. കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെനിന്നും ഓൺ ലൈനായി സമർപ്പിക്കുന്നതിനും, പരിശോധിക്കുന്നതിനും, തീർപ്പാക്കുന്നതിനും പെർമിറ്റ് ഓൺ ലൈനായി ലഭിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. സമർപ്പിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന സമയംതന്നെ അതറിയുന്നതിനും ന്യൂനതകൾ പരിഹരിച്ചുകൊണ്ട് അപേക്ഷ പുനഃസമർപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. ഒരു ഓഫീസിൽ നിന്ന് മറ്റ് ഓഫീസിലേക്ക് അപേക്ഷ ഓൺ ലൈനായി അയയ്ക്കുന്നതിനാൽ തപാൽ മുഖേന വരുന്ന താമസം ഒഴിവാക്കപ്പെടുന്നു. ഓഫീസിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും ഇത് സഹായിക്കുന്നു. കെട്ടിട നിർമ്മാണ അനുമതിയുടെ പകർപ്പ് അപേക്ഷകനുതന്നെ

നേരിട്ട് ഓൺ ലൈനായി എടുക്കാവുന്നതാണ്. കൂടാതെ, 15-11-2008-ലെ 72671/ആർ.എ 1/08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പെർമിറ്റ് നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് മതിയായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിലും, നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിൽ വരുന്ന മേഖലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ, കേരളത്തിലെ മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, എന്നിവിടങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾ, ഇതിനുള്ള സമയപരിധി എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ച ഈ സമയ പരിധിക്കുള്ളിൽ പ്രസ്തുത ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ ലഭ്യമാണ്. ആവശ്യമായ എല്ലാ രേഖകളും സഹിതം എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമായ കെട്ടിട നിർമ്മാണ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ തീർപ്പു കൽപ്പിക്കുന്നതാണ്.

(ഇ) കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി (ദ്രുതഗതിയിൽ) തീർപ്പുകൽപ്പിക്കുവാനായി 'സങ്കേതം' എന്ന ഓൺ ലൈൻ ബിൽഡിംഗ് പെർമിറ്റ് സംവിധാനം നടപ്പിലാക്കി. കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെനിന്നും ഓൺ ലൈനായി സമർപ്പിക്കുന്നതിനും, പരിശോധിക്കുന്നതിനും, തീർപ്പാക്കുന്നതിനും പെർമിറ്റ് ഓൺ ലൈനായി ലഭിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. സമർപ്പിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന സമയംതന്നെ അതറിയുന്നതിനും ന്യൂനതകൾ പരിഹരിച്ചുകൊണ്ട് അപേക്ഷ പുനഃസമർപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. ഒരു ഓഫീസിൽ നിന്ന് മറ്റ് ഓഫീസിലേക്ക് അപേക്ഷ ഓൺലൈനായി അയയ്ക്കുന്നതിനാൽ തപാൽ മുഖേന വരുന്ന താമസം ഒഴിവാക്കപ്പെടുന്നു. ഓഫീസിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും ഇത് സഹായിക്കുന്നു. കെട്ടിട നിർമ്മാണ അനുമതിയുടെ പകർപ്പ് അപേക്ഷകനുതന്നെ നേരിട്ട് ഓൺ ലൈനായി എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺ ലൈനാക്കുന്നതിന് സങ്കേതം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും**

124 (1595) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്താനുള്ള ദേശീയ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(സി) തെരുവുകച്ചവടക്കാർ നടപ്പാതകൾ കൈയേറി സഞ്ചാരസ്വതന്ത്ര്യം ഹനിക്കുന്നു എന്ന പരാതിക്ക് പരിഹാരമായി എന്തു നിർദ്ദേശമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തെരുവ് കച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുന്ന ദേശീയ നിയമം-2014 നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. നിയമം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. വഴിയോരക്കച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല ഉപദേശക വിലയിരുത്തൽ സമിതിയും, ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല സമിതിയും നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായ നഗരകച്ചവട സമിതിയും, സമിതികളുടെ ചുമതലകളും നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലൈസൻസ് തുടങ്ങിയവ വിതരണം ചെയ്യേണ്ടതും, ഇവരുടെ പുനരധിവാസ നടപടികൾ കൈക്കൊള്ളേണ്ടതും നഗര കച്ചവട സമിതിയുടെ ചുമതലയാണ്. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി തെരുവ് കച്ചവട കേന്ദ്രങ്ങൾ കണ്ടെത്തി ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കേണ്ടതും നഗരകച്ചവടസമിതിയുടെ ചുമതലയാണ്. ടി പ്രവർത്തികൾക്കുള്ള പിന്തുണാ സംവിധാനവും സാമ്പത്തിക സഹായവും നൽകുന്നത് എൻ.യു.എൽ.എം. നഗരങ്ങളിൽ കുടുംബശ്രീ മിഷനാണ്. മറ്റ് നഗരങ്ങളിൽ നഗരസഭകൾ സ്വന്തം ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതാണ്.

(ബി) തെരുവ് കച്ചവടക്കാരെ നേരിൽ കണ്ട് വിശദമായ വിവരങ്ങൾ ശേഖരിക്കുന്ന സർവ്വേകൾ നടത്താൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട്, മലപ്പുറം നഗരസഭകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ അടിസ്ഥാനത്തിൽ നഗരകച്ചവട കമ്മിറ്റിയാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം നൽകേണ്ടത്.

(സി) നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള നഗരകച്ചവട സമിതി, തെരുവ് കച്ചവടമേഖലയായി കണ്ടെത്തുന്ന പ്രദേശങ്ങളിലേക്ക് തെരുവ് കച്ചവടക്കാരെ പുനരധി

വസിപ്പിക്കുന്നതിലൂടെ സഞ്ചാരസ്വതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കുന്നതാണ് പരിഹാരമായി നിലവിലുള്ളത്

**മുനിസിപ്പാലിറ്റിയിൽ ഫണ്ട് ലഭ്യമാക്കൽ**

125 (1596) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും മികച്ച മുനിസിപ്പാലിറ്റിയായ ആറ്റിങ്ങലിന് 2011 മേയ് മാസത്തിനുശേഷം ഇതുവരെ വിവിധ ഘട്ടങ്ങളിലായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ തകർന്നുകിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അടിയന്തരമായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തകർന്നു കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി 2,69,17,840 രൂപ വകയിരുത്തിയിട്ടുണ്ട്.

**മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തിക**

126 (1597) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്തു തീർക്കേണ്ടതായ ചുമതലകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ആയതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തികകളുടെ വിശദാംശങ്ങളും അവരെ എന്നത്തേക്ക് നിയമിക്കും എന്ന വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്തുതീർക്കേണ്ടതായ ചുമതലകൾ സംബന്ധിച്ച് 19.11.2015-ന്

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ടി വിഷയം പരിശോധിച്ചുവരുന്നു.

(ബി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ/കോർപ്പറേഷനുകളിലെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**അർബൻ 2020 പദ്ധതി**

127 (1598) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അർബൻ 2020 പദ്ധതി പ്രകാരം കൊല്ലം നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നറിയിക്കുമോ; അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നഗരസഭകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കി നൽകുന്ന പ്രവർത്തനങ്ങളാണ് അർബൻ 2020 പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നഗരസഭകൾ ഇതിനകം തയ്യാറാക്കി നൽകിയ പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുടെ പരിശോധനകളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. അതിൻപ്രകാരമുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അവയ്ക്ക് അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ത്രികക്ഷി കരാറിൽ ഇതിനകം ഏർപ്പെട്ടിട്ടുള്ള നഗരസഭകളുടെയും തയ്യാറാക്കി നൽകുന്ന ഡി.പി.ആർ.-കളുടെയും

വിവരങ്ങൾ അനുബന്ധം 'എ' -യിൽ കാണാവുന്നതാണ്.*

(ബി) പരിശോധനയ്ക്ക് വിധേയമാക്കിയ പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ ഡി.പി.ആർ.-കളായി പരിവർത്തിപ്പിക്കുന്നതിന് ഡി.പി.ആർ.കൾ തയ്യാറാക്കുന്ന കൺസൾട്ടിംഗ് ഏജൻസിയും ബന്ധപ്പെട്ട നഗരസഭയും നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെട്ടുവരുന്നു. പ്രസ്തുത കരാർ പ്രകാരമുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായമാണ് അർബൻ 2020 പദ്ധതിയിലൂടെ നഗര സഭകൾക്ക് നൽകാനുദ്ദേശിച്ചിട്ടുള്ളത്. ഡി.പി.ആർ.-കൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലൂടെയും മറ്റ് ഫണ്ടിംഗ് ഏജൻസികൾ മുഖേനയും ഗ്രാന്റുകൾ നേടിയെടുക്കുന്നതിനാവശ്യമായ നഗരസഭകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി. നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അർബൻ 2020 പദ്ധതിപ്രകാരം ഡി.പി.ആർ.-കൾ തയ്യാറാക്കി നൽകുന്നതിന് ജെ.എൻ.എൻ.യു.ആർ.എം. ഫണ്ടിൽ നിന്ന് 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും നഗരസഭകൾക്കും ഡവലപ്പ്മെന്റ് അതോറിറ്റികൾക്കും പിപിപി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിനായി 2 കോടി രൂപ പാർട്ണർ കേരളമിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പിനാവശ്യമായ 25 കോടി രൂപകൂടി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) അർബൻ 2020 പദ്ധതി പ്രകാരം കൊല്ലം നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

| | | |
|---|---|---|
| ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് നെറ്റ്‌വർക്ക് | - | 200 കോടി രൂപ |
| കടപ്പാക്കട ഫ്ലൈ ഓവർ | - | 100 കോടി രൂപ |
| റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസ് | - | 20 കോടി രൂപ |

ഇതിൽ റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസുമായി ബന്ധപ്പെട്ട ഡിപിആർ തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റിൽ കൊല്ലം നഗരസഭ ഏർപ്പെട്ടിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് നെറ്റ്‌വർക്കുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പോർട്ടിന്റെ പരിശോധന നടന്നുവരുന്നു. കടപ്പാക്കട ഫ്ലൈ ഓവറുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടിന് അംഗീകാരം ലഭ്യമായിട്ടില്ല.

## കൊല്ലം Q.S.S കോളനി നവീകരണം

128 (1599) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി കൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി No. 3264/VIP/CM തീയതി 21-5-2015 എന്ന നമ്പരിൽ ബഹു. മുഖ്യമന്ത്രി, അർബൻ അഫയേഴ്സ് സെക്രട്ടറിക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ക്യൂ.എസ്.എസ്. കോളനി നവീകരണം രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിരുന്നില്ല. കോളനി നവീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## ജിഡയിലെ സ്റ്റാഫ്

129 (1600) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ (ഗോശ്രീ ദ്വീപ് വികസന ഏജൻസി)-യിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ബി) ജിഡയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എത്രപേർ ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജിഡയിലെ സ്റ്റാഫ് പാറ്റേൺ താഴെപ്പറയുന്ന പ്രകാരമാണ് :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|

| (1) | (2) | (3) |
|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 |
| 2 | ടൗൺ പ്ലാനർ | 1 |
| 3 | ഫിനാൻസ് ആഫീസർ | 1 |
| 4 | ഡെപ്യൂട്ടി ടൗൺ പ്ലാനർ | 1 |
| 5 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 1 |
| 6 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 1 |
| 7 | സർവേയർ ഗ്രേഡ് I | 1 |
| 8 | സർവേയർ ഗ്രേഡ് II | 1 |
| 9 | കോൺഫിഡൻഷ്യൽ അസി. ഗ്രേഡ് II | 1 |
| 10 | ബിൽഡിംഗ് ഇൻസ്പെക്ടർ | 1 |
| 11 | യു.ഡി. ക്ലാർക്ക് | 1 |
| 12 | എൽ.ഡി. ക്ലാർക്ക് | 1 |
| 13 | ചെയിൻമാൻ | 4 |
| 14 | പ്യൂൺ | 2 |

| (1) | (2) | (3) |
|---|---|---|
| 15 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 16 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 17 | അസി.എഞ്ചിനീയർ | 1 |
| 18 | പി.ഡബ്ല്യൂ.ഡി. ഓവർസീയർ ഗ്രേഡ് I | 1 |
| 19 | ഡ്രൈവർ | 1 |
| 20 | പ്രോജക്റ്റ് ഡയറക്ടർ | 1 |
| 21 | ലാൻ-സൂപ്പർവൈസർ | 1 |

| | | |
|---|---|---|
| 22 | പാർട്ട്-ടൈം സ്വീപ്പർ | 1 |

(ബി) ജിഡയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 3 പേർ ജോലി ചെയ്തുവരുന്നു. പ്രോജക്ട് ഡയറക്ടർ, ടൗൺ പ്ലാനർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ തസ്തികകളിലാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നത്.

**അർബൻ പ്ലാനിംഗ് സ്കൂളുകൾ**

130 (1601) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനഗര വികസന മന്ത്രാലയം അർബൻ പ്ലാനിംഗ് സ്കൂളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം മേഖലയിൽ ഏതെല്ലാം സ്ഥലത്ത് സ്കൂളുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ അർബൻ പ്ലാനിംഗ് പഠിപ്പിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ഡി) നഗരാസൂത്രണം പാഠ്യവിഷയമാക്കിയിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സ്വകാര്യ ഏജൻസികൾ മുഖേന നടത്തുന്ന ട്രെയിനിംഗ്/ഡിപ്ലോമ കോഴ്സുകളിൽ അർബൻ പ്ലാനിംഗ് ഒരു വിഷയമായി തെരഞ്ഞെടുത്തിട്ടുള്ളതല്ലാതെ സർക്കാർ തലത്തിൽ പഠിപ്പിക്കുന്നില്ല.

(ഡി) നഗരകാര്യ വകുപ്പ് മുഖേന KILA-യിൽ വച്ചും IMG മുഖേനയും നടത്തപ്പെടുന്ന ട്രെയിനിംഗുകളിൽ നഗരാസൂത്രണം ഒരു വിഷയമായി തെരഞ്ഞെടുക്കാറുണ്ട്.

**മൊബിലിറ്റി ഹബ്ബ്**

131 (T*1602) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി രൂപീകരിച്ചത് എന്നാണ് ; ഇതിനകം പദ്ധതി എത്ര ശതമാനം പിന്നിട്ടു ; ആദ്യഘട്ടത്തിൽ കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്രയായിരുന്നു ; പദ്ധതി പൂർത്തിയാക്കുമ്പോൾ ചെലവ് എത്രയായിരിക്കും ; വ്യക്തമാക്കുമോ;

(ബി) വിഭാവനം ചെയ്ത നിലയിൽ നിന്ന് പദ്ധതി വ്യതിചലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വൈറ്റില ഹബ്ബിന്റെ സ്വത്തുവകകൾ നിസ്സാരവിലയ്ക്ക് സ്വകാര്യ കമ്പനിക്ക് കൈമാറാനുള്ള നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നീക്കം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി 11-2-2010-ൽ രൂപീകരിക്കപ്പെട്ടു. പദ്ധതിയുടെ പ്രാഥമികഘട്ടം 14.26 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ശതമാന അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല. ആദ്യഘട്ടത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള പദ്ധതി ചെലവ് 383.78 കോടി രൂപയായിരുന്നു. വൈറ്റിലയിലെ മെട്രോ സ്റ്റേഷനും മെട്രോ റെയിലും വൈറ്റില ഹബ്ബ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതിനായി തയ്യാറാക്കിയ പുതുക്കിയ DPR പ്രകാരം ചെലവ് നിലവിൽ 433.34 കോടി രൂപയാണെന്ന് കണക്കാക്കുന്നു.

(ബി&സി) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവ ആക്ഷേപങ്ങൾ മാത്രമാണ്. പദ്ധതി ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ച് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

**നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ**

132 (1603) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര വികസന കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ നൽകാറുണ്ടോ;

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുന്ന നടപടി പൂർത്തീകരിച്ചുണ്ടോ; ഏതൊക്കെ നഗരസഭകൾക്ക് അംഗീകാരം നൽകിയെന്നും എത്ര എണ്ണം ബാക്കിയുണ്ട് എന്നും അറിയിക്കുമോ;

(സി) പെരുമ്പാവൂർ നഗരസഭയുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ തയ്യാറാക്കിയതിൽ 20 അംഗീകൃത മാസ്റ്റർ പ്ലാനുകളും (Sanctioned Master Plans), 14 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളും (Published Master Plans) ഉൾപ്പെടുന്നു. കൂടാതെ, നഗരപ്രദേശങ്ങൾക്കായി തയ്യാറാക്കിയ വിശദ നഗരാസൂത്രണ പദ്ധതികളിൽ (Detailed Town Planning Schemes)-ൽ 113 അംഗീകൃത സ്കീമുകളും 67 പ്രസിദ്ധീകൃത സ്കീമുകളും ഉൾപ്പെടുന്നു. കൂടാതെ മേൽ പദ്ധതി പ്രകാരം തയ്യാറാക്കിയ 5 നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പരവൂർ - കൊല്ലം ജില്ല
2. ചങ്ങനാശ്ശേരി - കോട്ടയം ജില്ല
3. വൈക്കം - കോട്ടയം ജില്ല
4. തലശ്ശേരി - കണ്ണൂർ ജില്ല
5. മലപ്പുറം - മലപ്പുറം ജില്ല

ആദ്യ രണ്ടുഘട്ടങ്ങളിൽ ആരംഭിച്ച മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിലായി തുടരുന്നു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പെരുമ്പാവൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**അർബൻ 2020**

133 (1604) <u>ശ്രീ. പി. എ. മാധവൻ</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ 2020 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നല്കിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.-യു.ഡി.പി.-യെയും, ഡി.പി.ആർ.-കൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി.പി.ആർ.-കളുടെ അംഗീകാരത്തിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ.കൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് വിവിധ അടിസ്ഥാന സൗകര്യവികസന മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ്

ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. നഗരസഭയും, കൺസൾട്ടൻസി ഏജൻസിയും, നോഡൽ ഏജൻസിയും തമ്മിലുള്ള ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക്, മേൽപ്പറഞ്ഞ ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഡി.പി.ആർ.-കൾ തയ്യാറാക്കി നഗരസഭകൾക്കു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷക്ഷേമവകുപ്പിലെ ജീവനക്കാരുടെ എണ്ണം**

134 (1605) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ എത്ര സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഈ വകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജീവനക്കാരെക്കൊണ്ട് 179 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലിയെടുപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ ;

(ഡി) എങ്കിൽ ഈ വകുപ്പിൽ പി.എസ്.സി. മുഖേന സ്ഥിര നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന ഓരോ വർഷവും എന്തെല്ലാം ന്യൂനപക്ഷ ക്ഷേമ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനുവേണ്ടി സർക്കാർ അനുവദിച്ച തകയും ചെലവഴിച്ച തുകയും എത്രയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ/ താല്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) ന്യൂനപക്ഷ ക്ഷേമവകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത തിനാൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് നിയമനം പി.എസ്.സി. വഴി നടത്തുന്നതാണ്.

(ഇ) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ന്യൂനപക്ഷക്ഷേമം**

135 (1606) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലരവർഷത്തെ ബഡ്ജറ്റുകളിൽ അനുവദിച്ച ആകെ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏതൊക്കെ പദ്ധതികളാണ് ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക ഇതുവരെ ട്രഷറിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ നാലര വർഷത്തെ ബഡ്ജറ്റുകളിൽ ആകെ 40,449.97 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അനുവദിച്ച ആകെ തുക - 12,231.15 ലക്ഷം രൂപ ആണ്.

(ബി) ഇതുവരെ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ച ആകെ തുക 12,209.85 ലക്ഷം രൂപയാണ്.

(സി&ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ന്യൂനപക്ഷ കമ്മീഷൻ**

136 (1607) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് എന്നാണ് രൂപീകരിച്ചത്;

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എങ്കിൽ എന്നാണ് രൂപീകരിച്ചത്; ന്യൂനപക്ഷ കമ്മീഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) കമ്മീഷന്റെ ആസ്ഥാനം എവിടെയാണ്; ആരൊക്കെയാണ് കമ്മീഷൻ അംഗങ്ങൾ; കമ്മീഷന് ഇപ്പോൾ മേഖലാ ഓഫീസുകൾ ഉണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇല്ലെങ്കിൽ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ മേഖലാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ന്യൂനപക്ഷങ്ങൾക്കായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിന്റെ ലക്ഷ്യങ്ങൾ; എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നത്; ഓരോന്നിന്റെയും മാനദണ്ഡങ്ങളും, വിശദാംശങ്ങളും, അപേക്ഷകളുടെ മാതൃകകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2011-ലെ സ.ഉ.(പി)നമ്പർ 2/2011/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചു.

(ബി) 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013-ലെ 37-ാം നമ്പർ ഓർഡിനൻസ്) പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 2013 ജൂൺ 5 -ാം തീയതിയിലെ സ.ഉ (അച്ചടി)163 /2013/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ഒഴിവാകുന്നതിന് നടപടികൾ ശിപാർശ ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കമ്മീഷനുള്ളത്.

(സി) കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന പരാതി മുഖേനയോ വാർത്താ മാധ്യമങ്ങൾ മുഖേനയോ ശ്രദ്ധയിൽപ്പെടുന്ന, ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും

കമ്മീഷൻ ഇടപെട്ട് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ ശാക്തീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, വ്യക്തികൾ തദ്ദേശ ഭരണ പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ തലങ്ങളിൽ വിളിച്ചു ചേർത്തും വിവിധ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ സന്ദർശിച്ചും കമ്മീഷന് ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചും മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ടുള്ള വിഷയം സംബന്ധിച്ചും കമ്മീഷൻ പഠനം നടത്തിവരുന്നു.

(ഡി) തിരുവനന്തപുരത്താണ് കമ്മീഷൻ ആസ്ഥാനം, അഡ്വ. എം. വീരാൻകുട്ടി (ചെയർമാൻ), അഡ്വ. വി. വി. ജോഷി (മെമ്പർ), അഡ്വ. കെ. പി. മറിയുമ്മ (മെമ്പർ) എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. കമ്മീഷന് മേഖലാ ഓഫീസുകളില്ല. എന്നാൽ കമ്മീഷന്റെ സിറ്റിംഗുകൾ വിവിധ ജില്ലകളിൽവച്ച് നടത്താറുണ്ട്.

(ഇ) ഉണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനും ന്യൂനപക്ഷങ്ങളിൽ ദുർബലരായ ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനും ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ധനസഹായവും നൽകുക എന്നതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന്റെ ലക്ഷ്യം.

കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പദ്ധതികൾക്കായുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃക കെ.എസ്.എം.ഡി.എഫ്.സി.-യുടെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.ksmdf. org)

**ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ**

137 (1608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ , വിവാഹമോചിതർ തുടങ്ങിയവർക്കുവേണ്ടി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ വിവരം നൽകുമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയിലെയും മലപ്പുറം ജില്ലയിലെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തികവർഷത്തിൽ വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയ സ്ത്രീകൾക്കും 2014-15, 2015-16 സാമ്പത്തികവർഷത്തിൽ വിധവകൾ / വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ ഓരോ വീടിനും 2.5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

(ബി) ഗുണഭോക്താക്കളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം (2013-14) | ഗുണഭോക്താക്കളുടെ എണ്ണം (2014-15) | ഗുണഭോക്താക്കളുടെ എണ്ണം (2015-16) |
|---|---|---|---|
| ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി | 950 | 749 | 800 |

(സി) മലപ്പുറം ജില്ലയിലെ ഗുണഭോക്താക്കളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം (2013-14) | ഗുണഭോക്താക്കളുടെ എണ്ണം (2014-15) | ഗുണഭോക്താക്കളുടെ എണ്ണം (2015-16) |
|---|---|---|---|
| ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെട | 204 | 130 | 150 |

| | |
|---|---|
| ത്തിയവർക്കുമുള്ള ഭവന പദ്ധതി | |

**നിർദ്ധനരായവർക്ക് ചികിത്സാ സഹായപദ്ധതി**

138 (1609) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി നിർദ്ധനരായവർക്ക് ചികിത്സാധന സഹായപദ്ധതി ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി നല്കിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ന്യൂനപക്ഷക്ഷേമവകുപ്പ് വഴി നല്കിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കുള്ള ഭവന പദ്ധതിക്ക് ഒരു ഗുണഭോക്താവിന് (മുൻവർഷങ്ങളിൽ 2 ലക്ഷം രൂപ) നടപ്പുവർഷം 2.5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിനു കീഴിൽ ജില്ലാതല ആഫീസുകൾ ആരംഭിക്കുന്നതിന് 10-8-2015-ലെ സ.ഉ.(പി)നമ്പർ 217/15/പൊ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**ഇ-പേമെന്റ് വഴി കർഷക ആനുകൂല്യങ്ങൾ**

139 (1610) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ - പേമെന്റ് വഴി നൽകാൻ പദ്ധതിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ.ഉ.(എം.എസ്) 152/2012/കൃ.വ. തീയതി 19-6-2012 പ്രകാരം 2012-13 വർഷം മുതൽ കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നല്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങി. 2012-13 സാമ്പത്തിക വർഷത്തിൽ 275.77 കോടി രൂപയും, 2013-14 വർഷം 396.74 കോടി രൂപയും 2014-15 വർഷം 365.43 കോടി രൂപയും 2015-16-ൽ 144.37 കോടി രൂപയും കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന ഇതുവരെ നൽകിയിട്ടുണ്ട്.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ് വെയർ സംവിധാനം ഉപയോഗപ്പെടുത്തി സുതാര്യതയോടെ ഇ-പേയ്മെന്റ് പ്രക്രിയ നടത്തുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും അവരുടെ കൃഷിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒട്ടും കാലതാമസം വരാതിരിക്കാനും കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്നു.

മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള കാലതാമസം

ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. മൊത്തം സബ്സിഡി തുക കോർ ബാങ്കിംഗ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

(സി) കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നല്കുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കുകയും ആയത് പ്രകാരം അക്കൗണ്ടുകൾ എല്ലായിടത്തും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നേരിട്ട് കർഷകന്റെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നു. സംസ്ഥാനത്തൊട്ടാകെ ഇത് ഇപ്പോൾ നടന്നുവരുന്നു. സർക്കാർതലത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ യോഗം വിളിക്കുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നല്കിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പിട്ടിട്ടുണ്ട്.

**സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി**

140 (1611) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്; ഇതിന് എന്ത് തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ്

പദ്ധതി നടപ്പാക്കിയിട്ടില്ല. കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിലേക്കായി കൺസൾട്ടന്റായി നിയമിച്ചിരുന്ന കൺസോർഷ്യം ഓഫ് അബാക്കസ് ലീഗൽ ഗ്രൂപ്പ് എൽ.എം.ബി. ഇൻഷ്വറൻസ് ബ്രോക്കേഴ്സ് ലിമിറ്റഡ് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേരളത്തിൽ വിളനാശമുണ്ടാക്കുന്ന പ്രകൃതിക്ഷോഭ കാരണങ്ങളായ വരൾച്ച മുതലായവ ഉൾപ്പെടുത്താത്തതിനാലും കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളുമായി ഏകോപനം ഇല്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ സാധിച്ചില്ല. നിലവിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി ശക്തിപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വയനാട്-കൃഷി വകുപ്പിന്റെ പദ്ധതികൾ**

141 (1612) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പിൻെറ വയനാട് ജില്ലയിലെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം , നേട്ടം എന്നിവ വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം , നേട്ടം എന്നിവ വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | 2014-2015 വർഷത്തെ സാമ്പത്തിക ലക്ഷ്യം | - | 2841.33989 ലക്ഷം രൂപ |
| 2. | 2014-2015 വർഷത്തെ സാമ്പത്തിക നേട്ടം | - | 2841.01936 ലക്ഷം രൂപ |

(ബി) നടപ്പു സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1. | 2015-2016 വർഷത്തെ സാമ്പത്തിക ലക്ഷ്യം | - | 1979.47325 ലക്ഷം രൂപ |
| 2. | 2015-2016 വർഷത്തെ സാമ്പത്തിക നേട്ടം | - | 1396.91081 ലക്ഷം രൂപ |

(സി) താലൂക്ക് അടിസ്ഥാനത്തിൽ 2015 നവംബർ മാസം വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | സുൽത്താൻ ബത്തേരി | - | 620.74380 ലക്ഷം രൂപ |
| 2 | മാനന്തവാടി | - | 519.26774 ലക്ഷം രൂപ |
| 3. | വൈത്തിരി | - | 256.89927 ലക്ഷം രൂപ |

**നെൽകൃഷി പ്രോത്സാഹനം**

142 (1613) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി നെല്ലുൽപ്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; നെല്ലുൽപ്പാദനത്തിന്റെ 2010 മുതൽ 2015 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത് :

- സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി.
- മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി.
- രാഷ്ട്രീയ കൃഷി വികാസ് യോജന.
- രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി.
- നെല്ല് സംഭരണം.
- ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി.
- നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്.
- കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.
- കരനെൽകൃഷി.
- വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി.
- പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ.
- സുഗന്ധ നെല്ലിന വികസന പദ്ധതി.
- കാർഷിക യന്ത്രവൽക്കരണം.
- സുസ്ഥിര നെൽകൃഷി വികസന പദ്ധതി.
- തരിശുനില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.
- മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റ ഞാർ കൃഷി ഡെമോൺസ്ട്രേഷൻ.

- ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം.
- നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിക്കുന്നതിനുള്ള പദ്ധതികൾ.
- കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി.
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം.
- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം.
- പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം.
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും കൂടാതെ 2015-16-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- സുസ്ഥിര നെൽകൃഷി വികസനം നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്ന തിനും ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.
- <u>വികസന ഏജൻസികൾക്കുള്ള ഫണ്ട് :</u>

  നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u> :

  ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,00 0 രൂപ സബ്സിഡി നല്കി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം</u> :

  ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തനചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നല്കിവരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- <u>തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.)</u>

  തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷംരൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- <u>ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി</u> :

  89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2010-2011-ലെ ഉല്പാദനം 522738 മെ.ടൺ ആയിരുന്നത് 2011-2012-ൽ 568990 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. 2012-2013-ൽ ഉല്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ. ആയി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ജൈവവൈവിധ്യ പദ്ധതി**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

143 (1614) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പാടശേഖരങ്ങളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; ഏതെല്ലാം പാടശേഖരങ്ങളാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കാലാവധി ഏതെന്നും വ്യക്തമാക്കുമോ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികളുടെ ടെന്റർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള 10 പദ്ധതികൾക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XX സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും അതിൽ 9 പ്രവൃത്തികളുടെ ടെന്റർ നടപടികൾ പൂർത്തിയാക്കി പണികൾ എല്ലാം തന്നെ നല്ല പുരോഗതിയിൽ നടപ്പിലാക്കി വരികയാണ്. തൊള്ളായിരം പാടം, പുത്തൻപാടം, ഉണ്ടിപ്പാടം, കാഞ്ഞിരക്കാട് പാടം, മനയ്ക്കാട്, കോയിക്കൽ മിച്ചഭൂമി പാടം, വടക്കുംഭാഗം, കൊച്ചുടപ്പു പാടശേഖരം, പൊക്കാളി പാടശേഖരം എന്നീ പാടശേഖരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നബാർഡ് നിശ്ചയിച്ചിട്ടുള്ള കാലാവധി 31-3-2018 ആണ്.

(ബി) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 36.91 കോടി രൂപയുടെ ഇനി ടെന്റർ ചെയ്യാനുള്ള ഒരു പ്രവൃത്തി തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തിയാണ്. ടി പ്രവൃത്തി 10 റീച്ചുകളായി തിരിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 1, 9, 10 റീച്ചുകളിലെ എസ്റ്റിമേറ്റ് ബഹു. എം.എൽ.എ. എസ്. ശർമ്മയുടെ നിർദ്ദേശപ്രകാരം റിവൈസ് ചെയ്തുവരുന്നു. ആയതിന് നബാർഡിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. മറ്റു റീച്ചുകളിൽ പ്രവൃത്തികൾ

ടെന്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാർത്താണ്ഡം കായൽ പാടശേഖരം**

144 (1615) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർത്താണ്ഡം കായൽ പാടശേഖരം മട വീണതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരം മടകുത്തി കൃഷിയോഗ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിൽ 2014-15 പുഞ്ച കൃഷിക്കായി നിലമൊരുക്കുന്നതിന്റെ പ്രാരംഭനടപടികൾ ചെയ്തുകൊണ്ടിരുന്ന സമയത്താണ് മടവീഴ്ച സംഭവിച്ചത്. മട പുനർനിർമ്മിക്കുന്നതിന് തയ്യാറാക്കിയ 19,46,965 രൂപയുടെ എസ്റ്റിമേറ്റ് 17-10-2015-ൽ നടന്ന സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വാല്യൂവേഷൻ തയ്യാറാകുന്ന മുറയ്ക്ക് തുക നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഡി ബ്ലോക്ക് കായൽ പാടശേഖരത്തിൽ 21-10-2015-ൽ മടവീഴ്ച സംഭവിച്ചതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും മട പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത് മട പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**നീര പദ്ധതി**

145 (1616) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നീര പദ്ധതിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്രയായിരുന്നുവെന്നും ഇതിൽ എത്ര രൂപ ഏതെല്ലാം ആവശ്യത്തിന് നടപ്പ് വർഷം പിൻവലിക്കുകയുണ്ടായി എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഉൽപ്പാദക കമ്പനികൾ ആവശ്യപ്പെട്ട സഹായധനം എത്രയായിരുന്നുവെന്നും അതിൽ എത്ര കോടി നടപ്പ് വർഷം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് ആവശ്യപ്പെട്ട തുകയും നൽകിയ തുകയും വ്യക്തമാക്കുമോ;

(സി) കർഷകർക്ക് കെ.എഫ്.ഡി.സി. വഴി മൂലധനമായി നൽകുമെന്ന് പറഞ്ഞ തുകയും നൽകിയ തുകയും വ്യക്തമാക്കുമോ;

(ഡി) നിലവിലെ പ്രതിമാസ നീര ഉൽപ്പാദനവും ലക്ഷ്യമിട്ട ഉൽപ്പാദനവും എത്രയെന്നും വ്യാപാരാടിസ്ഥാനത്തിൽ ലക്ഷ്യമിട്ട പ്ലാന്റുകൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) നീര ഉൽപ്പാദനത്തിനായി അപേക്ഷിച്ചവർ എത്രയെന്നും അവരിൽ എത്ര പേർക്ക് അനുമതി നൽകിയെന്നും അറിയുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഉൽപ്പാദക കമ്പനികൾ സഹായധനമായി നടപ്പുവർഷം 227.38 ലക്ഷം രൂപ ആവശ്യപ്പെടുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് കെ.എഫ്.ഡി.സി. വഴി മൂലധനമായി 10 കോടി രൂപ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് സർക്കാരിന് ഇതുവരെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ നിലവിലെ പ്രതിമാസ നീര ഉല്പാദനം 7543 ലിറ്ററും ലക്ഷ്യമിട്ട ഉത്പ്പാദനം 3 യൂണിറ്റുകളിലായി 30000 ലിറ്ററുമാണ്. വ്യാപാരാടിസ്ഥാനത്തിൽ പ്ലാന്റുകൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഇല്ല. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 10000 ലിറ്റർ പ്രതിദിന ശേഷിയുള്ള പ്ലാന്റിന്റെ പ്രവർത്തനം ആറളം ഫാമിൽ പുരോഗമിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**നീര വിപണനം**

146 (1617) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര വിപണിയിലെത്തിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉൽപ്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കുവാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ്

പദ്ധതി വിഭാവന ചെയ്തത്.

(സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂക്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും, 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും കുടുംബശ്രീ വില്പന കേന്ദ്രങ്ങളിലൂടെയും മൊബൈൽ വാനിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റുകളിലൂടെയും വിപണനം നടത്തുന്നുണ്ട്. നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെന്റിംഗ് മെഷീൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ആറളം ഫാമിൽ നീര പ്ലാന്റ് സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നീര ഉല്പാദനം

147 (1618) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത് ;വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര

ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉത്പ്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കാർഷിക കോളേജിൽ പൈലറ്റ് പ്ലാന്റ് തലത്തിലും കാർഷിക കോളേജ് വെള്ളായണിയിൽ പരീക്ഷണാടിസ്ഥാനത്തിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ**

148 (1619) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്ന് കേരചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺസ്ട്രേഷൻ സംഘടിപ്പിക്കുകയും നീരയുല്പാദനത്തിനുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നതിലൂടെ നീരയുടെയും അനുബന്ധ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉല്പാദനത്തിനും വിപണനത്തിനും വേണ്ടത്ര പ്രചാരം നൽകുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയുമാണ് പൈലറ്റ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

(സി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലും പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്.

**നീര ഉല്പ്പാദനം**

149 (1620) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം എത്ര ലിറ്റർ നീരയാണ് ഉത്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ; ആയതിനു സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ നടപ്പു വർഷം എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദിപ്പിക്കുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വിലയിൽ നല്ല വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയിൽ പ്രതിദിന നീര ഉത്പ്പാദനം 300 ലിറ്ററാണ്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 10,000 ലിറ്റർ പ്രതിദിനശേഷിയുള്ള പ്ലാന്റിന്റെ പ്രവർത്തനം ആറളം ഫാമിൽ പുരോഗമിച്ചുവരുന്നുണ്ട്. ആയതിന് സബ്സിഡി നൽകുന്നില്ല. നടപ്പുവർഷം കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നത്.

**ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ നടപടി**

150 (1621) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമുക്തമായ പച്ചക്കറി ഉല്പാദനത്തിനായി കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതികളുടെ പുരോഗതി വിവരം വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ ജൈവ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടപടി എത്രമാത്രം കാര്യക്ഷമമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഫാമുകളിലെ ജീവനക്കാരെയും തൊഴിലാളികളെയും ഉപയോഗിച്ച് ജൈവ പച്ചക്കറികൾ വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷമുക്തമായ പച്ചക്കറി ഉല്പാദനത്തിനായി സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ രീതിയിലുള്ള കൃഷിക്ക് പ്രാമുഖ്യം നല്കിക്കൊണ്ടും രാസകീടനാശിനികൾ ഒഴിവാക്കി പരമാവധി ജൈവ രീതിയിലുള്ള രോഗകീട നിയന്ത്രണത്തിന് ഊന്നൽ നല്കികൊണ്ടും പൂർണ്ണമായി ജൈവ ഉല്പന്നങ്ങളായ ട്രൈക്കോഡെർമ സ്യൂഡോമോണോസ് എന്നിവ ഉപയോഗിച്ചും ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ചു വരുന്നു. 2015-16-ൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു :

| ക്രമ നം. | പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ : |
|---|---|
| 1. | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക : -20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നല്കിക്കഴിഞ്ഞു. |

2. <u>അർബൻ ക്ലസ്റ്റർ പ്രോത്സാഹനം</u> :

പച്ചക്കറി തൈകൾ വിത്ത് ഉൾപ്പെടെ 2000 രൂപ വിലയുള്ള 28,334 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിക്കായി നല്കുന്നു. ഇതിൽ 16286 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു.

3. <u>വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾവഴി പച്ചക്കറികൃഷി</u> :

(എ) തെരഞ്ഞെടുത്ത 5400 വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ വീതം സഹായധനം നല്കുന്നു. ഇതിൽ 4747 വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി തുടങ്ങിക്കഴിഞ്ഞു.

(ബി) സ്ഥാപനങ്ങൾക്ക് പ്രവർത്തന ചെലവായി 1000 രൂപ വീതം നല്കുന്നു. 4747 സ്ഥാപനങ്ങൾക്ക് പ്രവർത്തന സഹായം നല്കിക്കഴിഞ്ഞു.

(സി) വിദ്യാലയങ്ങളിൽ 470 ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 10,000 രൂപ വീതം നല്കുന്നു. 257 യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

(ഡി) പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി സഹായം നല്കുന്നു. ഇത്തരത്തിൽ 139 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങി.

4. <u>ജില്ലാ ക്ലസ്റ്റർ വികസനം</u>

(എ) കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 15,000 രൂപ ധനസഹായം നല്കുന്നു. (ക്ലസ്റ്ററിന് 75,000 രൂപ വീതം) ഇതിൽ 362 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു.

(ബി) പമ്പ് സെറ്റുകൾ വാങ്ങുന്നതിന്, 1500 പമ്പ് സെറ്റുകൾ, സെറ്റൊന്നിന് 10,000 രൂപ നിരക്കിൽ സഹായധനം നല്കുന്നു. ഇതുവരെ സ്ഥാപിച്ച 967 പമ്പ് സെറ്റുകൾക്ക് ധനസഹായം നല്കി.

(സി) സസ്യ സംരക്ഷണ ഉപാധികൾ 1000 യൂണിറ്റ്, യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം നല്കുന്നു. 713 യൂണിറ്റുകൾ നല്കിക്കഴിഞ്ഞു.

(ഡി) ഹരിതഫണ്ട്- ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി 2,000 രൂപ

വീതം നല്കുന്നു. 271 ക്ലസ്റ്ററുകൾ ഹരിത ഫണ്ട് വിനിയോഗം ചെയ്തു.

(ഇ) ഇന്നവേഷൻ ഫണ്ട്- ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ. ആകെ 46,200 രൂപ ചെലവഴിച്ചു.

(എഫ്) തരിശുനിലം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ 400 ഹെക്ടറിന് ധനസഹായം. 149.615 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷി ആരംഭിച്ചുകഴിഞ്ഞു.

(ജി) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള ഒരു ലക്ഷം വിത്തുപായ്ക്കറ്റുകളും 16 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളും വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം ചെയ്തുകഴിഞ്ഞു.

(എച്ച്) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം 1041.098 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിച്ചു.

(ഐ) എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപ വീതം വില വരുന്ന 2 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ നല്കി കഴിഞ്ഞു.

5. <u>'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം</u> :

(എ) നടപ്പു വർഷത്തിലെ 50 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം. 13 ക്ലസ്റ്ററുകൾക്ക് സഹായം നല്കിക്കഴിഞ്ഞു.

(ബി) 2014-15-ൽ ഗ്രേഡ് ചെയ്യപ്പെട്ട 750 ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം. 158 ക്ലസ്റ്ററുകൾക്ക് സഹായം നല്കിക്കഴിഞ്ഞു.

6. <u>സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം</u> :

തെരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ

അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വളപ്രയോഗം നടത്തുന്നതിന് സഹായം നല്കുന്നു. ഇതിനായി 3.812 ലക്ഷം രൂപ ചെലവഴിച്ചു.

7. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ :

(എ) 2015-16-ൽ 10 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ രൂപീകരിക്കുന്നതിന് ഒരു സമിതിക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണത്തിനും വിപണനത്തിനുമായി സഹായധനം നല്കുന്നു. രൂപീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) 2013-14, 2014-15 എന്നീ വർഷങ്ങളിൽ രൂപീകരിച്ച 22 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് റിവോൾവിംഗ് ഫണ്ടായി 5 ലക്ഷം രൂപ വീതം സഹായം നല്കുന്നു. 3 സമിതികൾക്ക് സഹായം നല്കിക്കഴിഞ്ഞു.

(സി) മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന 20 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നു. 3 സമിതികൾക്ക് സഹായം നല്കിക്കഴിഞ്ഞു.

8. നഴ്സറികളുടെ സ്ഥാപനം :

(എ) ബ്ലോക്കുതലത്തിൽ പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് നല്കുന്നതിനായി ഹൈടെക് നഴ്സറി തുടങ്ങുന്നതിന് സഹായം നല്കുന്നു. 500 ച.മീ. വിസ്തീർണ്ണമുള്ള ഹൈടെക് നഴ്സറി സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ ധനസഹായം നല്കുന്നു. ആകെ 15 നഴ്സറികളാണ് ഇത്തരത്തിൽ തുടങ്ങുന്നത്. 2 നഴ്സറികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലുമായി 500 ച.മീ ഹൈടെക് നഴ്സറികൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ വീതവും, റിവോൾവിംഗ് ഫണ്ടായി 2 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നു. 10 നഴ്സറികൾ സ്ഥാപിക്കുന്നതിന് ഇത്തരത്തിൽ സഹായം നല്കുന്നു. രൂപീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിലുള്ള 37 നഴ്സറികൾക്ക് 2 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ടായി ധനസഹായം നല്കുന്നു. 9 നഴ്സറികൾക്ക്

ധനസഹായം നല്കിക്കഴിഞ്ഞു.

9. മഴമറകൾ : കാലാവസ്ഥ വ്യതിയാനം അനുഭവപ്പെടാതെ വർഷം മുഴുവനും കൃഷി ചെയ്യുന്നതിനായി മഴമറകൾ സ്ഥാപിക്കാൻ സഹായം നൽകുന്നു. 100 ച.മീ. വിസ്തീർണ്ണമുള്ള മഴമറകൾ സ്ഥാപിക്കുന്നതിന് 75 ശതമാനം നിരക്കിൽ 50,000 രൂപ വരെ ധനസഹായം നല്കുന്നു. 972 മഴമറകൾ ഈ വർഷം സ്ഥാപിക്കുന്നതാണ്. 210 മഴമറകൾ സ്ഥാപിച്ചുകഴിഞ്ഞു.

10. സങ്കരവർഗ്ഗ വിളകളുടെ പരീക്ഷണ തോട്ടങ്ങൾ: വിവിധ ഇനം പച്ചക്കറികളുടെ സങ്കര ഇനങ്ങളുടെ (ഹൈബ്രിഡ്) പരീക്ഷണ തോട്ടങ്ങൾ തയ്യാറാക്കുന്നതിന് സഹായം നല്കുന്നു. 25 സെന്റ് സ്ഥലത്ത് പരീക്ഷണത്തോട്ടം തയ്യാറാക്കുന്നതിന് പന്തലിനങ്ങൾക്ക് 12,500 രൂപ വീതവും മറ്റു പച്ചക്കറികൾക്ക് 10,000 രൂപ വീതവും ധന സഹായം നല്കുന്നു. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

11. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും : 50 സെന്റ് സ്ഥലത്ത് വളപ്രയോഗത്തോടുകൂടിയ സൂക്ഷ്മജലസേചനം നടത്തുന്നതിന് 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നല്കുന്നു. 62 യൂണിറ്റുകൾ സ്ഥാപിച്ചു.

മുഴുവൻ പദ്ധതിക്കായി 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ ഇതുവരെ 1686.79531 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

വിഷവിമുക്തമായ പച്ചക്കറി ഉല്പാദനത്തിനായി സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ഉറപ്പായ സ്ഥലത്തുള്ള പച്ചക്കറി കൃഷി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിവഴി പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15,000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിഷമയമില്ലാത്ത കറിവേപ്പ് വീടുകളിൽ തന്നെ ലഭ്യമാക്കുന്നതിന് സംസ്ഥാന ഹോൾട്ടികൾച്ചർ മിഷനും മലയാള മനോരമയും സംയുക്തമായി 2,90,000 കറിവേപ്പ് തൈകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തു. ഇതോടൊപ്പം കൃഷി വകുപ്പിന്റെ "ജൈവ മാനവ മതിൽ" എന്ന പരിപാടിയിലൂടെ 10,000 കറിവേപ്പ് തൈകളും വിതരണം ചെയ്തു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 82 ലക്ഷം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനത്തിനാണ് മുൻതൂക്കം നല്കുന്നത്. പ്രതിവർഷം 2 ടണ്ണോളം വിവിധയിനം പച്ചക്കറി വിത്തുകൾ ഫാമുകൾവഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. എങ്കിലും ഫാമിൽ ജൈവരീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നല്കി നടപ്പിലാക്കിവരുന്നു. ഈ ഓണക്കാലത്ത് 100 ഏക്കറിലധികം സ്ഥലത്ത് വിവിധ ഫാമുകളിലായി ജൈവരീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം നടത്തിയിരുന്നു.

(സി) ഫാമുകളിലെ ജീവനക്കാരെയും, തൊഴിലാളികളെയും ഉപയോഗിച്ച് ജൈവ പച്ചക്കറികൾ വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാമം നാളികേര കോംപ്ലക്സ്**

151 (1622) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും ഇതിനായി ഏത് ഫണ്ടിൽ നിന്ന് എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും പ്രവർത്തനം എന്ന് പൂർണ്ണ സ്ഥിതിയിൽ എത്തുമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവരെ ഏത് തസ്തികകളിലാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ നിയന്ത്രണം ഇപ്പോൾ ആർക്കാണെന്നും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ച് പരീക്ഷണാടി സ്ഥാനത്തിൽ ഉല്പാദനം നടത്തിവരുന്നു. R.K.V.Y. പദ്ധതി പ്രകാരം ലഭിച്ച 2 കോടി രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. പ്രവർത്തനം എന്നത്തേക്ക് പൂർണ്ണ സ്ഥിതിയിലെത്തുമെന്ന കാര്യം ഇപ്പോൾ പറയുക പ്രയാസമാണ്.

(ബി) പ്രസ്തുത സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി ആരെയും സ്ഥിരമായി നിയമിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടം തിരുവനന്തപുരത്തുള്ള നാളികേര വികസന കോർപ്പറേഷൻ രജിസ്റ്റേർഡ് ഓഫീസിന്റെ ചുമതലയുള്ള ജനറൽ മാനേജർക്കാണ്.

**കോഴി വളർത്തൽ**

152 (1623) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിവളർത്തൽ കൃഷിയായി അംഗീകരിക്കുകയും കോഴി വളർത്തുന്നവരെ കർഷകരായി പരിഗണിക്കുകയും ചെയ്തിട്ടുണ്ടോ; ഇതുസംബന്ധമായി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും എന്തെല്ലാം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി പ്രകാരം അംഗീകരിച്ച സംസ്ഥാന കാർഷിക വികസന നയത്തിൽ കോഴിവളർത്തൽ കൃഷിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) *

(ബി) മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി അംഗീകൃത എഗ്ഗർ നഴ്സറികളായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തിച്ചുവരുന്ന നഴ്സറികൾക്ക് സർക്കാർ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികൾക്കായി വിതരണം ചെയ്യുന്നതിനുള്ള അവസരമൊരുക്കി കൊടുക്കുകയും ചെയ്യുന്നു. മൃഗാശുപത്രികളിൽനിന്ന് വാക്സിനേഷൻ അടക്കമുള്ള വെറ്ററിനറി സേവനങ്ങളും ഈ എഗ്ഗർ നഴ്സറികൾക്ക് സൗജന്യമായി നൽകിവരുന്നു. നഗരപ്രദേശത്തെ മുട്ടക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ എസ്.ആർ.ഇ.പി. (സ്ട്രാറ്റെജിക് റിസർച്ച് എക്സ്റ്റൻഷൻ പ്രോഗ്രാം) പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിൽ ഏറ്റവും അനുയോജ്യമായ കോഴിക്കൂട് ഡിസൈൻ ചെയ്ത് രണ്ടു നഗരസഭകളിലെ 200 ഗുണഭോക്താക്കൾക്ക് കോഴിയും കൂടും തീറ്റയും മരുന്നും 50% സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ഇന്റഗ്രേഷൻ കോഴിവളർത്തൽ പദ്ധതി, കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കെപ്കോ ആശ്രയ പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലങ്ങളിൽ കോഴി വളർത്തൽ, പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ എന്നീ പദ്ധതികളും കെപ്കോ നടപ്പിലാക്കിവരുന്നു. പൗൾട്രി വികസനത്തിനായി താഴെപ്പറയുന്ന നയങ്ങൾ കാർഷിക വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു :

29.8 നയം 216-അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴിക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉല്പാദനത്തിനെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം.

29.9 നയം 217-സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.

29.10 നയം 218-ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.

**കൃഷി നാശത്തിന് നഷ്ടപരിഹാരം**

153 (1624) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ്

വരുത്തിയിട്ടുള്ളത് ;

(ബി) നടപ്പ് വർഷം നഷ്ട പരിഹാരത്തിനായി എത്ര അപേക്ഷകൾ അമ്പലപ്പുഴ മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും, അതിന്റെ കാരണമെന്തെന്നും അറിയിക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഇതുവരെ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര കുടിശ്ശിക എന്തു തുകയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഒക്ടോബർ, നവംബർ മാസങ്ങളിലെ മഴമൂലം അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് അതത് സമയത്ത് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റവന്യു വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ധനസഹായം നൽകുന്നത്. നിലവിലുള്ള ഉത്തരവ് പ്രകാരം 33 ശതമാനമോ അതിലധികമോ വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ വിളകളെ ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് SDRF-ൽ നിന്നുള്ള ധനസഹായം കണക്കാക്കുന്നത്. ഇപ്രകാരം കണക്കാക്കുമ്പോൾ കർഷകർക്ക് മുമ്പ് ലഭിച്ചിരുന്ന ധനസഹായത്തിൽ വരുന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിൽ നിന്ന് നൽകുന്നതിന് 1-4-2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്.

(ബി) നടപ്പുവർഷം അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് കൃഷിനാശത്തിന് ധനസഹായത്തിനായി 1182 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി കൃഷി ഓഫീസർമാർ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ തിരിച്ചയച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2,32,00,000 രൂപ ധനസഹായ കുടിശ്ശികയുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

**കൃഷിവകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

154 (1625) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കായി കൃഷി വകുപ്പിന് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബജറ്റിൽ ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് പറയാമോ ;

(സി) റബ്ബർ കൃഷിക്കായി മാത്രം കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റപ്പോഴുള്ള ഒരുകിലോ റബ്ബറിന്റെ വിലയും ഇപ്പോഴത്തെ വിലയും എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാർഷിക മേഖലയ്ക്കായി സംസ്ഥാന കേന്ദ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു : (പ്ലാൻ, നോൺ-പ്ലാൻ പദ്ധതികൾക്ക്)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (രൂപ കോടിയിൽ) |
|---|---|
| 2011-12 | 578.9064 |
| 2012-13 | 873.0095 |
| 2013-14 | 877.0778 |
| 2014-15 | 1187.4078 |
| 2015-16 | 1103.9713 |

(ബി)

| വർഷം | ചെലവഴിച്ച (രൂപ കോടിയിൽ) |
|---|---|

| | |
|---|---|
| 2011-12 | 494.56 |
| 2012-13 | 660.7401 |
| 2013-14 | 794.3443 |
| 2014-15 | 1187.4078 |
| 2015-16(31-10-2015) | 299.894 |

(സി) റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ തുക വകയിരുത്തിയില്ലെങ്കിലും അധികധന അനുമതിയിലൂടെ ലഭ്യമാക്കിക്കൊണ്ട് ചെലവഴിച്ച തുകകളുടെ വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(ഡി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ കണക്കുപ്രകാരം ഈ സർക്കാർ അധികാരമേറ്റപ്പോഴുള്ള റബ്ബറിന്റെ വിലയും ഇപ്പോഴത്തെ വിലയും ചുവടെ ചേർക്കുന്നു :

| ഇനം | വില (രൂപ കിലോഗ്രാമിന്) | |
|---|---|---|
| | 2011 മേയ് മാസത്തെ കണക്കുപ്രകാരം | 21-11-2015-ന് അവസാനിച്ച ആഴ്ചയിലെ കണക്കുപ്രകാരം |
| ആർ.എസ്.എസ്. 1 | 245.69 | 115.00 |
| ആർ.എസ്.എസ്. 2 | 240.69 | 113.00 |
| ആർ.എസ്.എസ്. 3 | 230.92 | 110.00 |
| ആർ.എസ്.എസ്. 4 | 225.23 | 108.83 |
| ആർ.എസ്.എസ്. 5 | 223.06 | 106.67 |

### ചക്ക സംസ്കരണവും വിപണനവും

155 (1626) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ചക്ക നശിച്ച പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചക്കക്കുരുവിൽ നിന്നും വേർതിരിച്ചെടുക്കുന്ന മാംസ്യമായ ലക്ടിം ഉപയോഗിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്യാൻസർ സാധ്യത മുൻകൂട്ടി അറിയാമെന്നും ചക്ക ഭക്ഷണത്തിൽ ഉൾപ്പെടു ത്തുന്നതിലൂടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാമെന്നുമുള്ള കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച കൂടുതൽ ഗവേഷണങ്ങൾക്ക് നടപടി സ്വീകരിക്കുമോ;

(ഡി) ചക്കയുടെ സംസ്കരണത്തിനും വിപണനത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ചക്ക സംഭരിച്ച് സംസ്കരിക്കുന്നതിന് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചക്കക്കുരുവിൽ അടങ്ങിയിരിക്കുന്ന ലക്റ്റിം എന്ന പദാർത്ഥത്തിന് ക്യാൻസർ കോശങ്ങളെ ചെറുക്കുവാനുള്ള കഴിവുണ്ടെന്ന് കരുതപ്പെടുന്നു. എന്നാൽ ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

(സി) ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ വിവിധ വകുപ്പുകളുടെ പ്രത്യേകിച്ച് ആരോഗ്യ മേഖലയുടെ സഹകരണത്തോടുകൂടി ഗവേഷണങ്ങൾ നടത്തുന്നതാണ് എന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ശാന്തിഗ്രാം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ചക്കയുടെ വ്യാവസായിക സംരംഭക സാധ്യതകളെക്കുറിച്ച് ഒരു ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി സതേൺ റെയിൽവേ, ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു മെട്രിക് ടൺ ചക്കയും ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും ഡൽഹിയിലേക്ക് കയറ്റി അയച്ചു.

ചക്കയിൽ നിന്നും വൈവിധ്യമാർന്ന അനവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ (ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ്, ഇടിച്ചക്ക ഉല്പന്നങ്ങൾ, നിർജ്ജലീകരിച്ച ചക്ക) കാർഷിക സർവ്വകലാശാല വികസിപ്പിച്ച് വിവിധ കേന്ദ്രങ്ങളിലായി വിപണനം ചെയ്തുവരുന്നു.

ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾക്ക്

കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.) ധനസഹായമായി നല്കുന്നു. 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവുള്ള വായ്പാബന്ധിത പദ്ധതികളാണ് ഇതിന് പരിഗണിക്കുന്നത്. കൂടാതെ ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളെയും സംരംഭങ്ങളെയും സംബന്ധിച്ച പരിശീലന പരിപാടികൾക്കും എസ്.എഫ്.എ.സി. ധനസഹായം നല്കുന്നുണ്ട്. സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്ന പ്രധാനപ്പെട്ട എക്സിബിഷനുകളിലും വിപണന മേളകളിലും ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും എസ്.എഫ്.എ.സി.-യുടെ പ്രദർശന സ്റ്റാളുകളിൽ സൗജന്യമായി അവസരം നല്കുന്നു.

പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ചക്കയുടെ പ്രാഥമിക സംസ്കരണ ഉല്പന്ന നിർമ്മാണ കേന്ദ്രത്തിന്റെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ കോരുത്തോട് ഫാർമേഴ്സ് ക്ലബ്ബും തൃശ്ശൂർ വെറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനിയും സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ചക്ക സംഭരിച്ച് സംസ്കരിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനവും വിപണനം ചെയ്യുന്നതിന് എസ്.എഫ്.എ.സി. വഴി ധനസഹായവും ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാനകേന്ദ്രം വഴി പരിശീലനവും നല്കിവരുന്നു.

**ആർ.കെ.വി.വൈ. പദ്ധതി-കുളങ്ങളുടെ നവീകരണം**

156 (1627) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.കെ.വി.വൈ. പദ്ധതിയുടെ സഹസ്രസരോവർ പരിധിയിൽപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് നാളിതുവരെ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഒറ്റപ്പാലം നിയമസഭ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

**റബ്ബർ വിലയിടിവ് - സർക്കാർ സ്വീകരിച്ച നടപടികൾ**

157 (T*1628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലക്കുറവുമൂലം നട്ടംതിരിയുന്ന റബ്ബർ കർഷകരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചെറുകിട കർഷകർക്ക് ഷീറ്റിന് 150 രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ ബാങ്കുമുഖേന സബ്സിഡി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; നാളിതുവരെ എത്ര രൂപ ഇത്തരത്തിൽ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്;

(സി) കേരളത്തിലെ എത്ര റബ്ബർ കർഷകർ സബ്സിഡിക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽ എത്ര കർഷകർ സബ്സിഡിക്കായി റബ്ബർ ഷീറ്റ് വിൽപ്പന നടത്തിയ ബിൽ സമർപ്പിച്ചിട്ടുണ്ട് ; ഇവർക്ക് സബ്സിഡിയായി എത്ര രൂപ സർക്കാർ നൽകേണ്ടി വരും ;

(ഡി) ഇത്തരത്തിൽ ബില്ല് സമർപ്പിച്ച എത്ര പേർക്ക് സർക്കാർ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ ആകെ എത്ര രൂപ നൽകിയിട്ടുണ്ടെന്നും പറയാമോ; അവശേഷിക്കുന്നവർക്ക് സബ്സിഡി തുക നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് സബ്സിഡി തുക എന്ന് നൽകാൻ കഴിയും ;

(ഇ) ഇത്തരത്തിൽ സംസ്ഥാന സർക്കാരിന് റബ്ബർ കർഷകരെ സഹായിക്കാൻ സബ്സിഡി സംവിധാനം ഏർപ്പെടുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നനിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, പ്രകാരം

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ മാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു.

(ബി) ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത റബ്ബർ കർഷകരിൽ 124952 പേർ സബ്സിഡിക്കായി ബില്ല് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർ സമർപ്പിച്ചിട്ടുള്ള സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ എത്രത്തോളം സബ്സിഡി തുക നല്കേണ്ടി വരുമെന്ന് വ്യക്തമാകുകയുള്ളൂ.

(ഡി&ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ 92592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധനയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം റബ്ബർ ബോർഡിന് നല്കിയിട്ടുണ്ട്.

**കോൾ വികസന പാക്കേജ്**

158 (1629) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്ര വീതമെന്നും അറിയിക്കാമോ;

(ബി) നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളും തുകയും എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ എന്നിവ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

**നിറവ് പദ്ധതി**

159 (1630) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതിക്കായി കോങ്ങാട് മണ്ഡലത്തിൽ നിന്നും എന്തെല്ലാം പ്രൊപ്പോസലുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട് ; ആയതിന് എത്ര തുക അനുവദിച്ചുവെന്നുള്ള വിവരം നൽകുമോ ?

ഉത്തരം

നിറവ് പദ്ധതിക്കായി കോങ്ങാട് മണ്ഡലത്തിൽ നിന്നും പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളെല്ലാം തന്നെ നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നല്കി നടപ്പിലാക്കിവരുന്നു.

**റബ്ബർ സംഭരണം**

160 (1631) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി നിരക്കിലുള്ള റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവഴി കർഷകർക്ക് 1 കിലോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റബ്ബറിന് എത്ര രൂപ ലഭിക്കും; മാർക്കറ്റ് വില കഴിച്ചുള്ള സബ്സിഡി തുക എത്തരത്തിലാണ് കർഷകർക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി തുക ലഭിക്കാൻ കർഷകർ എന്തൊക്കെയാണ് ചെയ്യേണ്ട തെന്നും സബ്സിഡി നിരക്കിൽ റബ്ബർ സംഭരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും അത് ഏതൊക്കെ ഏജൻസികളാണെന്നും വിശദമാക്കുമോ;

(സി) റബ്ബർ സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥത്തിലുള്ള ചെറുകിട കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വൻകിടക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ചെറുകിട കർഷകർക്ക് സബ്സിഡി ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സബ്സിഡിക്ക് അവകാശപ്പെട്ട ചെറുകിട കർഷകർക്ക് എന്തെങ്കിലും രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്; സബ്സിഡി ലഭിക്കാൻ കർഷകർ എവിടെയാണ് റബ്ബർ ഷീറ്റ് കച്ചവടം ചെയ്യേണ്ടതെന്നും ഇതിനുശേഷം സബ്സിഡി ലഭിക്കാനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കുമോ ;

(ഇ) റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര ടൺ റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിരിക്കുകയാണ്. ഇത് ഒരു റബ്ബർ സംഭരണ പദ്ധതിയല്ല. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു.

(ബി) അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം.

സാമ്പത്തിക സഹായം അപേക്ഷകനൊന്നിന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. ഭൂനികുതി അടച്ച രസീതോ, റവന്യൂ അധികാരികൾ നൽകുന്ന കൈവശാവകാശ രേഖയുടെയോ അടിസ്ഥാനത്തിൽ കർഷകർക്ക് റബ്ബർ പ്രൊഡക്ഷൻ സൊസൈറ്റികളിലൂടെ (R.P.S) ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കർഷകരുടെ റബ്ബർ പർച്ചേസ് ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ റബ്ബർ സംഭരിക്കാൻ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ഇല്ല. സംസ്ഥാനത്തെ എല്ലാ റബ്ബർ കർഷകർക്കും നേരിട്ട് സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് RSS IV, RSS V, Latex എന്നീ റബ്ബർ ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്. ചെറുകിട റബ്ബർ കർഷകർക്ക് പ്രയോജനം ലഭിക്കുന്നുവെന്നു ഉറപ്പു വരുത്തുന്നതിനാണ് അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് മാത്രമേ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' എന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതിനായി റബ്ബർ കർഷകർ ബന്ധപ്പെട്ട റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ (ആർ.പി.എസ്.)-കളിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കിയ റബ്ബർ കർഷകർ വാറ്റ് രജിസ്ട്രേഷനുള്ള ഡീലർമാരിൽ നിന്നു ലഭിക്കുന്ന സെയിൽസ് ഇൻവോയിസ്/പർച്ചേസ് ബിൽ ബന്ധപ്പെട്ട ആർ.പി.എസ്. മുഖേന സബ്സിഡിക്കായി സമർപ്പിക്കേണ്ടതുണ്ട്.

(ഇ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് ഉത്തരവായിക്കൊണ്ട് മാർക്കറ്റ് ഫെഡ്, റബ്ബർമാർക്ക് എന്നീ ഏജൻസികൾ മുഖേന റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. അതുപ്രകാരം മാർക്കറ്റ് ഫെഡും, റബ്ബർമാർക്കും 1227.32 ടൺ റബ്ബർ 2014 ഡിസംബർ മാസം വരെ സംഭരിച്ചിരുന്നു.

**സമഗ്ര പച്ചക്കറി വികസന പദ്ധതി**

161 (1632) <u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും, വിഷ വിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കുവാനും, വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുവാനും, വനിതകളെ ജൈവകൃഷിയിലേക്ക് ആകർഷിക്കുവാനും, നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേക്കാകർഷിക്കുവാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നല്കി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജൈവരീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും, കൈപുസ്തകങ്ങളും, സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നല്കിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷി ഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംഭരണ വിതരണം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക്**

162 (1633) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റബ്ബർ കർഷകരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) റബ്ബറിന് താങ്ങുവിലയായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത് എത്ര രൂപയാണ്; പ്രസ്തുത വിലയിൽ എത്ര ടൺ റബ്ബർ സംഭരിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) സബ്സിഡിയായി ഇതുവരെ എത്ര രൂപ എത്ര കർഷകർക്ക് അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സബ്സിഡിക്കായി എത്ര റബ്ബർ കർഷകർ പി.ആർ.എസ്സ്-കളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 10.5 ലക്ഷം റബ്ബർ കർഷകരാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | ഉല്പാദനം (ടൺ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 29200 |
| കൊല്ലം | 35000 |
| ആലപ്പുഴ | 4200 |
| പത്തനംതിട്ട | 50400 |
| (1) | (2) |
| കോട്ടയം | 104900 |
| ഇടുക്കി | 37300 |

| | |
|---|---|
| എറണാകുളം | 57100 |
| തൃശ്ശൂർ | 14700 |
| പാലക്കാട് | 33700 |
| മലപ്പുറം | 36900 |
| കോഴിക്കോട് | 21500 |
| കണ്ണൂർ | 45500 |
| വയനാട് | 7100 |
| കാസർഗോഡ് | 30200 |
| ആകെ | 507700 |

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഇത് റബ്ബർ സംഭരണ പദ്ധതിയല്ല.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ 92592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | സബ്സിഡി തുക(രൂപ) | റബ്ബർകർഷകരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 18296499 | 6166 |
| കൊല്ലം | 35779409 | 11851 |
| ആലപ്പുഴ | ... | ... |
| പത്തനംതിട്ട | 25361057 | 7664 |
| കോട്ടയം | 62264384 | 13622 |
| ഇടുക്കി | 22343064 | 4410 |
| തൃശ്ശൂർ | 13812027 | 3181 |
| എറണാകുളം | 36365437 | 8664 |
| (1) | (2) | (3) |

| | | |
|---|---|---|
| പാലക്കാട് | 39670444 | 7575 |
| മലപ്പുറം | 55621529 | 10184 |
| കോഴിക്കോട് | 12819001 | 3292 |
| കണ്ണൂർ | 50571217 | 11557 |
| വയനാട് | ... | ... |
| കാസർഗോഡ് | 25183828 | 4426 |

(ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | പേര് രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരുടെ എണ്ണം. |
|---|---|
| തിരുവനന്തപുരം | 29222 |
| കൊല്ലം | 40586 |
| ആലപ്പുഴ | ... |
| പത്തനംതിട്ട | 31167 |
| കോട്ടയം | 46702 |
| ഇടുക്കി | 10563 |
| തൃശ്ശൂർ | 9959 |
| എറണാകുളം | 27261 |
| പാലക്കാട് | 21473 |
| മലപ്പുറം | 24247 |
| കോഴിക്കോട് | 11558 |
| കണ്ണൂർ | 39121 |
| വയനാട് | ... |

| | |
|---|---|
| കാസർഗോഡ് | 14776 |

**ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്കുള്ള സഹായങ്ങൾ**

163 (1634) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കർഷകർക്ക് പിന്തുണ നൽകാനുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വകുപ്പിൽ ലഭ്യമാണോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത രീതിയിൽ ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ വിറ്റഴിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം മഴമറ, സൂക്ഷ്മജലസേചനവും രാസവളപ്രയോഗവും എന്നീ ഘടകങ്ങൾക്ക് സഹായം നല്കുന്നു.

മഴമറ – 100 ച.മീ - 50,000 രൂപ

സൂക്ഷ്മജലസേചനവും രാസവള പ്രയോഗവും-50 സെന്റ് - 30,000 രൂപ.

2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്രമീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടികൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിലും 75 ശതമാനമാണ് ധനസഹായമായി നൽകിയത്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചതുരശ്രമീറ്ററിന്റെ നിശ്ചിത തുകയുടെ 60 ശതമാനമാണ് ധനസഹായമായി നല്കിവരുന്നത്. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടികൾച്ചർ

മിഷൻ വിഹിതവും 10 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിളകളുടെ ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) കൃഷിഭവൻ, ബ്ലോക്ക്, ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർവഴി കർഷകർക്ക് ആവശ്യമായ സേവനങ്ങളും പരിശീലനങ്ങളും നല്കിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാണ്.

(സി) കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള സൗകര്യവും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ ശീതീകരണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 22 ബ്ലോക്കുകളിലായി കർഷകരുടെ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക സമിതികൾ വഴിയും കാർഷികോത്പന്നങ്ങൾ വിറ്റഴിക്കുന്നു.

കൂടാതെ പ്രസ്തുത രീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ഹൗസ്/ഓൺഫാം കളക്ഷൻ ആന്റ് സ്റ്റോറേജ് യൂണിറ്റിന് പരമാവധി 4 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനം ധനസഹായമായ 2 ലക്ഷം രൂപ നൽകിവരുന്നു. കോൾഡ് സ്റ്റോറേജിനായി 15 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 35 ശതമാനം ധനസഹായമായ 5.25 ലക്ഷം രൂപ നല്കിവരുന്നു.

**കർഷക ആത്മഹത്യകൾ**

164 (1635) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കർഷക ആത്മഹത്യകൾക്ക് പരിഹാരമായി ആശ്രിതർക്ക് തുക അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മുൻകാലങ്ങളിൽ അനുവദിച്ച തുക ഗുണകരമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;വെളിപ്പെടുത്തുമോ;

(സി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്, ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കർഷക ആത്മഹത്യകൾക്ക് പരിഹാരമായി ആശ്രിതർക്ക് തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് തുക അനുവദിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

**കർഷക ആത്മഹത്യ**

165 (1636) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വിലയിടിവിനെ തുടർന്ന് എത്ര കർഷകർ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആത്മഹത്യ ചെയ്ത എത്ര കർഷകരുടെ കുടുംബത്തിന്എത്ര തുക വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വിലയിടിവിനെത്തുടർന്ന് 20 കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം**

166 (1638) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി താൽക്കാലികമായി നിയമനം ലഭിച്ചവർക്കുള്ള വേതനം മാസങ്ങളായിട്ടും വിതരണം ചെയ്തിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിമിതമായ ശമ്പളത്തിൽ (7500 രൂ) ജോലിചെയ്തുവരുന്ന കൃഷി വകുപ്പിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2015 നവംബർ മാസംവരെയുള്ള വേതനം വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

**കർഷക ആത്മഹത്യകൾ**

167 (1639) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്യുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണം എന്തായിരുന്നു; വിശദമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് പ്രത്യേക സഹായം സർക്കാർ ലഭ്യമാക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ;

(ഡി) ആത്മഹത്യകൾ ഒഴിവാക്കുന്നതിനും ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ എത്ര രൂപയാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് തിരികെ നൽകേണ്ടി വന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശം, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, പെട്ടെന്നുള്ള കീടരോഗബാധമൂലമുള്ള വിളനാശം, കാർഷിക വിലത്തകർച്ചമൂലം ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെവരിക, സ്വകാര്യ പണമിടപാടുകാരിൽ നിന്നും അമിത പലിശയ്ക്ക് പണം കടമെടുക്കുകയും ഇവ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്യുക എന്നിവ കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണങ്ങളായി വിലയിരുത്തപ്പെടുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

(ഡി) ആത്മഹത്യകൾ ഒഴിവാക്കുന്നതിനും, ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് തുക അനുവദിച്ചിട്ടില്ല.

**അരൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

168 (1640) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങൾ നവീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ കുളങ്ങൾ നവീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന കുട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 23 കുളങ്ങളും രണ്ടാം ഘട്ടത്തിൽ 7 കുളങ്ങളും ഉൾപ്പെടെ 30 കുളങ്ങൾ നവീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 28 കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി

ചേർത്തിരിക്കുന്നു.*

**കർഷക ആത്മഹത്യകൾ**

169 (1641) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക ആത്മഹത്യകൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കർഷക ആത്മഹത്യ തടയുന്നതിനും കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

- നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.
- നാളികേര കർഷകരെ വിലയിടിവിൽ നിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.
- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടികോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.
- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ യഥാസമയം വാണിജ്യ ബാങ്കുകളിൽ നിന്നും ലഭിക്കുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നുണ്ട്.
- പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്.
- 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കർഷക പെൻഷൻ നൽകുന്നുണ്ട്.
- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കിവരുന്നു. രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും വിവിധ കാർഷിക വികസന പദ്ധതികളിൽ അനുവദിക്കുന്ന ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി നൽകുന്നതാണ്.
- സംസ്ഥാന കൃഷിവകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി സാമ്പത്തിക സഹായം നൽകിവരുന്നു.
- കീടരോഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സമയബന്ധിതമായ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ 2011-12-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വിവിധ പരിഹാര നടപടികൾ പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ സ്വീകരിച്ചുവരുന്നു.

**കർഷക ആത്മഹത്യകൾ തടയുന്നതിനുള്ള നടപടി**

170 (1642) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ഡോ. കെ. ടി. ജലീൽ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷകർക്ക് ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് പരിഗണനയും സഹായവും ലഭ്യമാക്കുന്നതിലുള്ള പരാജയംമൂലമാണ് ഇത്തരം ആത്മഹത്യകൾ സംഭവിക്കുന്നത് എന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ;

(സി) കർഷകർക്ക് വായ്പാലഭ്യത ഉറപ്പാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) വാണിജ്യ ബാങ്കുകൾ മുഖേന കിസാൻ ക്രെഡിറ്റ് കാർഡും കേരള ഗ്രാമീൺ ബാങ്ക് മുഖേന അഗ്രി കാർഡും വിതരണം ചെയ്തുവരുന്നു. ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും കൃത്യമായ തിരിച്ചടവിന് പലിശയിളവ് ലഭിക്കുവാനും ഇവ ഉപയോഗപ്പെടുന്നതാണ്.

(ഡി) കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ സംഭരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

- നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.
- നാളികേര കർഷകരെ വിലയിടിവിൽ നിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.
- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടികോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.
- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും (ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ

ബത്തേരി) ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വില നൽകി സംഭരിക്കുന്നതിന് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ (കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ) പ്രവർത്തിച്ചു വരുന്നു.
- കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുമായി വിപണികൾ നടത്തുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനും ലേലത്തിൽ ലഭിക്കുന്ന തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ അന്നുതന്നെ ലഭിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും സംഭരണവും ഇറക്കുമതിയും**

171 (1643) ശ്രീ. എം. എ. ബേബി :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷത്തെയും റബ്ബർ, നാളികേരം, കുരുമുളക്, ഏലം, മഞ്ഞൾ, തേയില എന്നിവയുടെ ഉല്പാദനവും കർഷകർക്ക് ലഭിച്ച ശരാശരി വിലയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം ഓരോ വർഷവും വിവിധ ഏജൻസികൾ വഴി സംഭരിക്കുകയുണ്ടായി;

(സി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം രാജ്യത്ത് ഓരോ വർഷവും ഇറക്കുമതി ചെയ്യുകയുണ്ടായി എന്ന് അറിയുമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും റബ്ബർ, നാളികേരം, കുരുമുളക്, ഏലം, മഞ്ഞൾ, തേയില എന്നിവയുടെ ഉല്പാദനവും കർഷകർക്ക് ലഭിച്ച ശരാശരി വിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1-1-2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി പ്രകാരം ഓരോ വർഷവും സംഭരിച്ച നാളികേരത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

| വർഷം | സംഭരണം (ടൺ) |
|---|---|
| 2012-13 | 6023 |
| 2013-14 | 32305 |
| 2014-15 | 9900 |
| 2015-16 | 18369 |

25-2-2014 തീയതിയിലെ സ.ഉ.(എംഎസ്.)നമ്പർ56/2014/കൃഷി പ്രകാരം റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ 2014 ഡിസംബർ വരെ 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർ, കുരുമുളക്, ഏലം, മഞ്ഞൾ, തേയില, നാളികേരം എന്നീ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്തതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

**റബ്ബർ വിലയിടിവ്**

172 (1644) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-ൽ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; നിലവിൽ എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ കണക്കുപ്രകാരം 2011 മേയ് മാസത്തെയും ഇപ്പോഴത്തെയും വില (കിലോയ്ക്ക്) താഴെ ചേർത്തിരിക്കുന്നു:

| ഗ്രേഡ് | 2011 മേയ് മാസത്തെ വില | ഇപ്പാഴത്തെ വില (21-11-2015-ന് അവസാനിക്കുന്ന ആഴ്ചയിലെ വില) |
|---|---|---|
| RSS-1 | 245.69 | 115.00 |
| RSS-2 | 240.69 | 113.00 |
| RSS-3 | 230.92 | 110.00 |
| RSS-4 | 225.23 | 108.00 |
| RSS-5 | 223.06 | 106.67 |

(സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുനിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ

ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

(ഡി)

| ജില്ല | സബ്സിഡി |
|---|---|
| തിരുവനന്തപുരം | 18296499 |
| കൊല്ലം | 35779409 |
| ആലപ്പുഴ | ... |
| പത്തനംതിട്ട | 25361057 |
| കോട്ടയം | 62264384 |
| ഇടുക്കി | 22343064 |
| തൃശ്ശൂർ | 13812027 |
| എറണാകുളം | 36365437 |
| പാലക്കാട് | 39670444 |
| മലപ്പുറം | 55621529 |
| കോഴിക്കോട് | 12819001 |
| കണ്ണൂർ | 50571217 |
| വയനാട് | ... |
| കാസർഗോഡ് | 25183828 |

**ചേലക്കര-നാളികേര ബയോപാർക്ക്**

173 (1645) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ എവിടെയെല്ലാം;വിശദമാക്കുമോ;

(ബി) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് എവിടെ സ്ഥാപിക്കുവാനാണ് തീരുമാനിച്ചതെന്നും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നാളികേര ബയോപാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പുകളുടേയോ തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കൃഷി വകുപ്പിന്റെ കീഴിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് 28-7-2012-ലെ സ.ഉ.(എംഎസ്.)നമ്പർ 187/2012/കൃഷി പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. തൃശ്ശൂർ ജില്ലയിൽ ചേലക്കരയിലുള്ള കൃഷി വകുപ്പിന്റെ ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ 25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് നാളികേര ബയോപാർക്കിന്റെ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപന കർമ്മം 28-2-2014-ൽ നിർവ്വഹിച്ചു. പദ്ധതി നിർവ്വഹണത്തിനായി കൃഷി വകുപ്പുമന്ത്രി ചെയർമാനായി 'അഗ്രിബയോപാർക്ക്സ് കേരള' എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (Reg.No.TC/957/2013 തീയതി 23-8-2013). സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ 770.44 ലക്ഷം രൂപ RIDF പദ്ധതി മുഖേന ലഭ്യമാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

**നാളികേര വില ഇടിവ്**

174 (1646) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വില കുത്തനെ ഇടിയുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്ത കേന്ദ്ര സർക്കാർ തീരുമാനത്തെ പ്രതിരോധിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) നാളികേര കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പാംകേർണൽ ഓയിൽ പോലുള്ള എണ്ണകൾ കലർന്നിട്ടുള്ള ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തുന്നതും ഭക്ഷ്യ എണ്ണകൾക്കുള്ള ഇറക്കുമതി നയം ഉദാരവത്ക്കരിച്ചതും നാളികേര ഉല്പന്നങ്ങൾക്കുള്ള വിലയിടിവിന് കാരണമാകുന്നു.

(ബി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്ത കേന്ദ്ര സർക്കാർ തീരുമാനത്തെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയുണ്ടായി. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി 10000 മെട്രിക് ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുവാൻ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് അനുവാദം നൽകിയിരുന്നു. ഇതുപ്രകാരം 2000 മെട്രിക് ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്തിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ ആവശ്യം മാനിച്ച് കേന്ദ്രസർക്കാർ കൂടുതൽ ഇറക്കുമതി തടയുകയുണ്ടായി.

(സി) നാളികേരത്തിന്റെ വിലയിടിവിൽ നിന്നും കേരകർഷകരെ സംരക്ഷിക്കുന്നതിനും സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് എത്തിക്കുന്നതിനുമായി കൃഷി വകുപ്പ് കേരഫെഡിന്റെ സഹകരണത്തോടെ 1-1-2013 മുതൽ കർഷകരിൽ നിന്നും ന്യായവിലയ്ക്ക് പച്ചനാളികേരം സംഭരിച്ച് വരുന്നു. സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുത്ത് സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. സംസ്ഥാനത്തെ 11 ജില്ലകളിലെ 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ചനാളികേരം സംഭരിച്ചിട്ടുള്ളതായി

കേരഫെഡ് അറിയിച്ചിട്ടുണ്ട്.

**റബ്ബർവില സ്ഥിരതാ പദ്ധതി**

175 (1647) ശ്രീ. വി. ശശി :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വില സ്ഥിരതാ പദ്ധതിയിൽ സാമ്പത്തിക ആനുകൂല്യങ്ങൾക്കായി എത്ര കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര ആർ.പി.എസ്സ്.-കളിലൂടെയാണ് ഈ രജിസ്ട്രേഷൻ നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ആർ.പി.എസ്സുകളിലൂടെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകൾ ഫീൽഡ് ആഫീസർ മുമ്പാകെ കെട്ടിക്കിടപ്പുണ്ടെന്നും വ്യക്തമാക്കുമോ;

(സി) റബ്ബർ വില സ്ഥിരതാ പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ 1843 ആർ.പി.എസ്സുകളിലൂടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2-12-2015 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം 306635 ആണ്. ഇതിൽ ഫീൽഡ് ആഫീസർമാരുടെ പരിശോധനയ്ക്കായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം 18877 ആണ്.

(സി) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു. പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഈ പദ്ധതിക്ക്

മാത്രമായി പ്രത്യേക വെബ് സർവർ സ്ഥാപിക്കുകയും ഹെൽപ്പ് ഡെസ്കിന്റെ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകരുടെ അപേക്ഷകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിന് റബ്ബർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കിസാൻ പാസ് ബുക്ക്**

176 (1648) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള കർഷകർക്ക് ബാങ്ക് വായ്പ എളുപ്പത്തിൽ ലഭ്യമാക്കാൻ കിസാൻ പാസ് ബുക്ക് ഏർപ്പെടുത്തുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ചട്ടങ്ങളുണ്ടാക്കി ആയത് പ്രവൃത്തി പഥത്തിൽ കൊണ്ടു വന്നിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ ആകെ വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2011-12-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ കിസാൻ പാസ് ബുക്ക് നിയമം നടപ്പാക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) 2005-ലെ കിസാൻ പാസ് ബുക്ക് ആക്ടിന് ചട്ടങ്ങൾ നിലവിൽ വന്നതായി വിവരങ്ങൾ ലഭ്യമല്ല.

(സി) 2011-2012-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയതായി പറഞ്ഞിട്ടുണ്ട്.

**നൂതനമായ കൃഷീരീതികൾ**

177 (1649) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേക്കു യുവജനങ്ങളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നൂതനമായ കൃഷി രീതികൾ അവലംബിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര പോളി ഫാം യൂണിറ്റുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക രംഗം ആകർഷകമാക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പോളി ഹൗസ് കൃഷി രീതി

കാർഷിക രംഗത്ത് യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച കൃഷിരീതിയാണ് പോളി ഹൗസ് കൃഷി രീതി. 2012-13 വർഷം മുതൽ കൃഷി വകുപ്പ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളിഹൗസ് കൃഷിക്ക് ധനസഹായം നല്കിവരുന്നു. ചുരുങ്ങിയ വിസ്തൃതിയിൽ നിന്നും പരമാവധി ഉത്പാദനം ലഭ്യമാക്കുക എന്നതാണ് ഈ ഹൈടെക് കൃഷി രീതികൊണ്ട് ഉദ്ദേശിക്കുന്നത്. 400 മുതൽ 4000 സ്ക്വയർ മീ. വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് 75% ധനസഹായം നൽകിവരുന്നു. പഴം, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കാണ് പോളീഹൗസ് കൃഷി രീതി അവലംബിക്കുന്നത്. ഹൈടെക് കൃഷിയിലൂടെ വിദ്യാസമ്പന്നരായ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

കർഷകർക്കും യുവജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. കൂടാതെ, ഹൈടെക് ഫാമിംഗ് പദ്ധതിക്കായുള്ള അപേക്ഷകളിൽ യുവജനങ്ങൾക്ക് മുൻഗണന നൽകിവരുന്നു.

2. ആഗ്രോ സർവ്വീസ് സെന്റർ :

യുവാക്കൾക്ക് കാർഷിക മേഖലയിൽ പരമാവധി തൊഴിൽ സാധ്യത ഉറപ്പാക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് ആഗ്രോ സർവ്വീസ് സെന്റർ. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉപാധികളായ നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവ രാസകീടനാശിനികൾ, തൊഴിലാളികൾ എന്നിവയുടെ ലഭ്യത ഒരു കുടക്കീഴിലാക്കി

കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിയ സ്ഥാപനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ അഥവാ ആഗ്രോ സർവ്വീസ് സെന്ററുകൾ. 14 ജില്ലകളിലായി 35+14=49 കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

3. കാർഷിക കർമ്മസേന :

കർഷകർക്ക് യഥാസമയം കുറഞ്ഞ ചെലവിൽ മികച്ച സേവനം യന്ത്രവൽക്കരണത്തിലൂടെ ശാസ്ത്രീയമായി ചെയ്ത് കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച പരിശീലനം സിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന ഒരു സംവിധാനമാണ് കാർഷിക കർമ്മസേന. തെരഞ്ഞടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ കാർഷികവൃത്തി ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളെ കർമ്മസേനയിൽ അംഗങ്ങളാക്കുന്നു. ഓരോ കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, അംഗങ്ങൾക്ക് വേണ്ട പരിശീലനം എന്നിവ കൃഷി വകുപ്പ് നല്കിവരുന്നു. പദ്ധതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നല്കാൻ ഉപകരിക്കുന്നു.

(ബി) ഹൈടെക് കൃഷിരീതികളായ പ്രിസിഷൻ ഫാമിംഗ്, പോളിഹൗസ് കൃഷി, പച്ചക്കറി കൃഷിയിൽ മൈക്രോ ഇറിഗേഷൻ വിത്ത് ഫെർട്ടിലൈസേഷൻ, റെയിൽ ഷെൽട്ടർ എന്നീ പദ്ധതികൾ സബ്സിഡി നല്കി നടപ്പാക്കിവരുന്നു.

ജില്ലാ-ബ്ലോക്ക് തലങ്ങളിൽ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നൂതന കൃഷി രീതികളെക്കുറിച്ചുള്ള പരിശീലന-ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, മറ്റ് സംസ്ഥാനങ്ങളിലെ മികച്ച പോളീഹൗസുകൾ സന്ദർശിക്കുന്നതിനും സാങ്കേതികവിദ്യ സ്വായത്തമാക്കുവാനുമായി തെരഞ്ഞെടുക്കപ്പെട്ട ഹൈടെക് കർഷകർക്ക് പഠനയാത്രകൾക്കായും ധനസഹായം നൽകിവരുന്നു.

(സി) സംസ്ഥാനത്ത് ആകെ 785 പോളിഹൗസ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവയിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 412 പോളിഹൗസുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലഭ്യമാക്കിക്കൊണ്ട് വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കേരളത്തിലെ പ്രധാന വിളകളായ നാളികേരം, പച്ചക്കറി, വാഴ, നെല്ല് എന്നിവയുടെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും

പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിത്ത്/തൈ വിതരണം മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ കാർഷിക പ്രവൃത്തികൾക്ക് പദ്ധതി മുഖേന ധനസഹായം നല്കിവരുന്നു. കൂടാതെ മറ്റ് വിളകളായ കുരുമുളക്, മറ്റ് സുഗന്ധവ്യഞ്ജന വിളകൾ പയർ, കിഴങ്ങ് വർഗ്ഗവിളകൾ എന്നിവയുടെ കൃഷി പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിളകളിലെ കീട-രോഗബാധ മുൻകൂർ മനസ്സിലാക്കി ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നല്കുന്നതിനായി വിവിധ പഞ്ചായത്തുകളിൽ 118 എണ്ണവും 4 എണ്ണം ജില്ലാതലത്തിലും വിള ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതിയനുസരിച്ച് മണ്ണ് പരിശോധനയിലൂടെ വളപ്രയോഗ ശിപാർശ, കുമ്മായം പോലുള്ള ഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിന് ധനസഹായം എന്നിവ നല്കിവരുന്നു.

കാർഷികമേഖലയിലെ പുത്തൻ അറിവുകൾ കർഷകരിലേക്കെത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി സഹായിക്കുന്നു. വിവിധ പരിശീലന പരിപാടികൾ, മേളകൾ, പ്രദർശനങ്ങൾ, പഠന യാത്രകൾ എന്നിവ ടി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന "ജൈവകൃഷി വികസന പദ്ധതി" വഴി ജൈവകർഷകർക്ക് ഉല്പാദനം, വിപണനം എന്നിവയ്ക്ക് വേണ്ട സഹായം വിഭാവന ചെയ്യുന്നു. കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര കാർഷിക വിപണികൾ മുഖേനയും വിവിധ പ്രാദേശിക വിപണികൾ മുഖേനയും കാർഷികോത്പന്നങ്ങളുടെ സംഭരണം, അവ ലേലം ചെയ്യുന്നതിലൂടെ മികച്ച വരുമാനം എന്നിവ കർഷകർക്ക് സാദ്ധ്യമാകുന്നു. നാളികേരത്തിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീരയുടെ ഉല്പാദനത്തിനും വിപണനത്തിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഈ മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നല്കിവരുന്നു.

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി, അത്തരം സാഹചര്യങ്ങളെ തരണം ചെയ്ത് വിള ഉല്പാദനം ഉറപ്പാക്കുന്നതിന് കണ്ടിജൻസി പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു. ഇപ്രകാരം സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക വഴി കൃഷി ലാഭകരമാക്കി ഈ രംഗത്ത് കർഷകരെ നിലനിർത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

**നാട്ടിക നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി**

178 (1650) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിറവ് 'പദ്ധതിയനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 'നിറവി'ലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; നടപ്പിലായവ ഏതൊക്കെ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 'നിറവ്' പദ്ധതിയനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സുഗന്ധവ്യഞ്ജന കൃഷി വികസനം, ചെറുകിട യന്ത്രവൽക്കരണം, സംയോജിത തെങ്ങ് കൃഷി വികസനം, കിഴങ്ങ്വർഗ്ഗ കൃഷി വികസനം, വാഴകൃഷി വികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, നെൽകൃഷി വികസനം, മഴമറ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 'നിറവി'ലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ ചുവടെപ്പറയുന്നവയാണ് :

| | | |
|---|---|---|
| 1. | സുഗന്ധവ്യഞ്ജന കൃഷി വികസനം | - 112 ഹെ. 19.68 ലക്ഷം രൂപ |
| 2. | ചെറുകിട യന്ത്രവൽക്കരണം | - 512 എണ്ണം. 22.505 ലക്ഷം രൂപ |
| 3. | സംയോജിത തെങ്ങ് കൃഷി വികസനം | - 61 ഹെ. 310.3 ലക്ഷം രൂപ |
| 4. | കിഴങ്ങുവർഗ്ഗ കൃഷി വികസനം | - 51 ഹെ. 10.2 ലക്ഷം രൂപ. |
| 5. | വാഴകൃഷി വികസനം | - 61 ഹെ. 16.66 ലക്ഷം രൂപ |
| 6. | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | - 109 ലക്ഷം രൂപ |
| 7. | നെൽകൃഷി വികസനം | - 153.45 ലക്ഷം രൂപ |
| 8. | മഴമറ | -4500 $M^2$ 22.50 ലക്ഷം രൂപ |
| | ആകെ | 664.30 ലക്ഷം രൂപ |

ഇവയിൽ നടപ്പിലാക്കിയവ ചുവടെ ചേർക്കുന്നു:

1. വാഴകൃഷി വികസനം - 63 ഹെ.16.5375 ലക്ഷം രൂപ

കിഴങ്ങ്‌വർഗ്ഗ കൃഷി -12.65 ഹെ.2.53 ലക്ഷം രൂപ

ആകെ 19.0675 ലക്ഷം രൂപ

നിറവ് പദ്ധതിക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ 2015-16-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റു 6 പദ്ധതികളും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

**ചെറുകിട കർഷകരെ സഹായിക്കാൻ പദ്ധതി**

179 (1651) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷക രക്ഷയ്ക്കായി എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച് വിശദീകരണം നൽകുമോ;

(സി) ചെറുകിട കർഷകർക്ക് ബജറ്റിൽ പ്രഖ്യാപിച്ച പലിശ രഹിത വായ്പ ലഭ്യമാക്കിയിരുന്നോയെന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ഡി) ചെറുകിട കർഷകർക്കായി കൂടുതൽ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷിവകുപ്പ് മുഖേന കേരളത്തിലെ പ്രധാന വിളകളുടെ വ്യാപനം, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവക്കായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം കൊണ്ടുള്ള വിളനാശത്തിന് നഷ്ട പരിഹാരമായി വിള ഇൻഷ്വറൻസ് പദ്ധതി, കർഷക ക്ഷേമത്തിനായി കർഷക പെൻഷൻ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച

പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പലിശരഹിത വായ്പ പദ്ധതി സഹകരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ സഹകരണ വകുപ്പിൽ നിന്ന് ശേഖരിച്ച് നല്കുന്നതാണ്.

(ഡി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ എന്തെങ്കിലും പോരായ്മ കളുണ്ടെങ്കിൽ അവ പരിഹരിച്ച് ചെറുകിട കർഷകർക്ക് കൂടുതൽ സഹായം ലഭ്യമാക്കുവാനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നത്.

**നാളികേര വിലയിടിവ്**

180 (1652) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വില ഇടിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം നഷ്ടമുണ്ടാകുന്ന കേര കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം കൃഷി ഭവനുകളിലൂടെ നടത്തുന്നുണ്ടോ ; കിലോഗ്രാമിന് എന്തു തുക നൽകിയാണ് കർഷകരിൽ നിന്നും തേങ്ങ സംഭരിക്കുന്നത് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാളികേരത്തിന് വിലയിടിവ് ഇപ്പോഴുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരകർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും കൃഷിഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം സംസ്ഥാനത്തെ 11 ജില്ലകളിലെ (ഇടുക്കി, വയനാട്, തിരുവനന്തപുരം ഒഴികെയുള്ള) തെരഞ്ഞെടുത്ത കൃഷിഭവനു കളിലൂടെ നടത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് ഇപ്പോൾ കർഷകരിൽ നിന്നും തേങ്ങ സംഭരിക്കുന്നത്.

**കയ്പ്പാട് കൃഷി വികസനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

181 (1653) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ സ്ഥലം സന്ദർശിച്ച് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് കേരള ലാന്റ് ഡെവലപ്മെൻറ് കോർപ്പറേഷൻ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്പാട് സമഗ്ര കൃഷി വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; കയ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നിവിടങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കയ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ 11-11-2015-ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഈ വിഷയത്തിലുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**റബ്ബർ കർഷകർക്ക് സമാശ്വാസ പദ്ധതി**

182 (1654) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബർ ഉൾപ്പെടെ പ്ലാന്റേഷൻ മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുവാൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) റബ്ബർ കർഷകർക്കും റബ്ബർ മേഖലയുമായി ബന്ധപ്പെട്ട മറ്റ് തൊഴിലാളികൾക്കും പുതിയ സമാശ്വാസ പദ്ധതി പ്രഖ്യാപിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നനിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

**ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

183 (1655) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(സി) ജൈവകൃഷി വ്യാപനത്തിനായി ദേശീയ ഹോർട്ടികൾച്ചർ മിഷൻ എത്ര തുക അനുവദിച്ചു എന്നറിയിയ്ക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ യോഗം കൂടുകയും അതത് നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച് ചെയ്ത് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. 2015-16 വർഷം കാസർഗോഡ് ജില്ലയിൽ ജൈവകൃഷി, ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ്, ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം, ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ, ഗുണ നിയന്ത്രണം, നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാനം സജ്ജമാക്കുക എന്നീ ഘടകങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 2500 ഹെക്ടർ വീതം ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും, ഇടുക്കി, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ, 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായ 2500 ഹെക്ടർ ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. 16537 വീടുകളിൽ ഇവ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി ജൈവവളങ്ങൾ, ജൈവരോഗകീടനാശിനികൾ എന്നിവ വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി

പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ &ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ വിഷവിമുക്ത പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായത്. സ്വാശ്രയ സംഘങ്ങളിലെ ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരും ചേർന്ന് കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

(ബി) 1. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി - 197 ലക്ഷം രൂപ അനുവദിച്ചു.

2. ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ് - 111 ലക്ഷം രൂപ

3. ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം - 353 ലക്ഷം രൂപ

4. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ ഗുണനിയന്ത്രണം - 106.50 ലക്ഷം രൂപ

5. നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാനം സജ്ജമാക്കുന്നതിന് -67.6 ലക്ഷം രൂപ.

കേന്ദ്ര സഹായമായി ജൈവ കൃഷി പ്രോത്സാഹനത്തിന് 849.38 ലക്ഷം രൂപയുടെ പദ്ധതി 2015-16 വർഷം അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ

പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) 119 ക്ലസ്റ്ററുകൾ മുഖേന ജൈവകൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്നു. ഇതിനുള്ള ധനസഹായമായി 424.69 ലക്ഷം രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം വഴി ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾക്ക് ഉല്പാദന ബോണസ് നല്കുന്നതിനായി 100 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും വേണ്ടി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായി 2500 ഹെക്ടർ നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 100 ലക്ഷംരൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**മാഞ്ഞാലിത്തോട് പുനരുദ്ധാരണ പ്രവൃത്തികൾ**

184 (1656) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ നായത്തോട് തുറ മുതൽ മൂന്നുതോട് വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത പദ്ധതി സെക്ടറൽ അലോക്കേഷൻ സീലിംഗ് ലിമിറ്റ് കാരണം നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. ആയത് നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കാൻ കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിലെ നിക്ഷേപം

185 (1657) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തപ്പെട്ട ഗ്ലോബൽ അഗ്രി-മീറ്റിൽ അംഗീകരിക്കപ്പെട്ട നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം പദ്ധതികൾ നടപ്പാക്കപ്പെട്ടുവെന്നറിയിക്കുമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളാണ് പദ്ധതികൾ നടപ്പാക്കുന്നതിന് മുന്നോട്ട് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ജൈവകൃഷിയിലേക്ക് മാറ്റുക, കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക, സംസ്ഥാന കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുക, യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. പ്രസ്തുത മീറ്റിൽ കൃഷി അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, പ്ലാന്റേഷൻ ടൂറിസം, കാർഷിക വിളകളുടെ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, ശീതീകരണ സംഭരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളിൽ 9 ടെക്നിക്കൽ സെഷനുകളിലൂടെയുള്ള ചർച്ചകളും ഒരു പാനൽ ചർച്ചയും സംഘടിപ്പിച്ചിരുന്നു. കെ.എസ്.ഐ.ഡി.സി.-യും കൃഷി വകുപ്പും ചേർന്നാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. കയറ്റുമതിക്കാർ, സംരംഭകർ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, കർഷകർ, വിദേശ പ്രതിനിധികൾ, വിജ്ഞാനകുതുകികൾ എന്നിവർ അഗ്രോമീറ്റിൽ പങ്കെടുത്തു. എന്നാൽ നിക്ഷേപ പദ്ധതികൾ ഒന്നും തന്നെ അഗ്രോ മീറ്റിനോടനുബന്ധിച്ച് കൃഷി വകുപ്പിനോ കെ.എസ്.ഐ.ഡി.സി.-ക്കോ ലഭ്യമായിട്ടില്ല.

## കാർഷിക വായ്പാ തിരിച്ചടവ്

186 (1658) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, നാണ്യവിളകളുടെ വിലയിടിവ് എന്നിവമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ഒരു കർഷകനെ ജയിലിലടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പാ തിരിച്ചടവ് മുടങ്ങുമ്പോൾ കർഷകരെ സഹായിക്കുന്നതിന് കാർഷിക നയത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രകൃതിക്ഷോഭംമൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കർഷകരുടെ ചുമലിൽനിന്നും വായ്പാഭാരം മൊത്തമായി ഒഴിവാക്കുന്നതിന് "ഒരു കാർഷിക വായ്പാ സമാശ്വാസ ഫണ്ട്" രൂപീകരിക്കേണ്ടതാണെന്ന് കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. കാർഷിക വായ്പയുടെ മുതലോ പലിശയോ ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളാൻ ടി ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണെന്നും കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്യുന്നു. ഈ നയം നടപ്പിൽ വരുമ്പോൾ കർഷകർക്ക് ഗുണകരമായി ഭവിക്കുന്നതാണ്.

**കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി**

187 (1659) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജൈവകൃഷി ലോകമെമ്പാടും അതീവ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കാർഷിക മേഖലയിലും വരുംതലമുറയിലും പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിന് 'ജൈവകൃഷി പദ്ധതി' 2012-13 മുതൽ കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു.

(ബി) 1. സുരക്ഷിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ (Safe to eat Food) ലഭ്യത ഉറപ്പുവരുത്തുക

2. മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുക. അതുവഴി പരിസ്ഥിതി മലിനീകരണം പരമാവധി കുറയ്ക്കുക.

3. ഘട്ടം ഘട്ടമായി കേരളത്തെ ഒരു ജൈവസംസ്ഥാനമാക്കി മാറ്റുക.

4. പുതുതലമുറയിൽ ജൈവകൃഷിയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം വളർത്തിയെടുക്കുക.

5. ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യത പ്രയോജനപ്പെടുത്തുക.

(സി) 1. 2012-13-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി സുസ്ഥിരമാക്കുന്നതിന് കർഷകർക്ക് നൽകി വരുന്ന സാമ്പത്തിക സഹായം തുടർന്നു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങൾ, കർഷക കൂട്ടായ്മകൾ, വിവരശേഖരണം, ഓരോ നിയോജക മണ്ഡലത്തിലും നിയമസഭാ സാമാജികരുടെ നേതൃത്വത്തിൽ കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചുകഴിഞ്ഞു.

3. ഗവൺമെന്റ് ഏജൻസികളായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവ മുഖേന ജൈവകൃഷി, ജൈവ സർട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

4. ജൈവകൃഷി അവലംബിക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില നൽകി സംഭരിച്ച് പൊതുജനങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ 65 എക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി.

5. ജൈവകൃഷി നടപ്പിലാക്കുന്ന മികച്ച തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ), നിയോജകമണ്ഡലങ്ങൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനുള്ള ഫീൽഡുതല സന്ദർശനം ആരംഭിച്ചു.

6. ജൈവകൃഷി സർട്ടിഫിക്കേഷന്റെ ഭാഗമായി സംസ്ഥാനത്തെ 14 പ്രിൻസിപ്പൽ കൃഷി ഓഫീസുകളെയും ബാംഗ്ലൂരുള്ള റീജിയണൽ കൗൺസിൽ ഓഫ് ഓർഗാനിക് ഫാമിംഗിനു കീഴിൽ റീജിയണൽ കൗൺസിലുകളായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

1. ഒരു സംസ്ഥാന ജൈവ കൃഷി സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

2. വിപണിയിൽ ലഭ്യമാകുന്ന ജൈവവളങ്ങളുടെയും മറ്റ് ജൈവ ഉല്പാദനോപാധികളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

   - നല്ല കൃഷി രീതികൾ (Good Agricultural practices) അവലംബിച്ച് ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കാർഷിക വിപണി (Farmer market) ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
   - കേരളത്തിലെ 12 ജില്ലകളിലായി (കാസർഗോഡ്, വയനാട് ഒഴികെ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനും 'പി.ജി.എസ്.' സർട്ടിഫിക്കേഷൻ നൽകുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ജൈവവളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
   - വരും തലമുറയിൽ ജൈവ കൃഷിയുടെ അവബോധം വളർത്തിയെടുക്കുവാൻ ഒരു വിദ്യാർത്ഥിയെത്തന്നെ ജൈവകൃഷിയുടെ അംബാസഡറായി പ്രഖ്യാപിച്ചുകഴിഞ്ഞു.

**കാർഷിക ഉത്പന്നങ്ങളിലെ കീടനാശിനിപ്രയോഗം**

188 (1660) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏലം പോലുള്ള കാർഷിക ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അമിത പ്രയോഗം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കീടനാശിനി പ്രയോഗത്തെ തടയാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

(സി) കീടനാശിനി പരിശോധനാമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും അവയുടെ കേന്ദ്രങ്ങൾ എവിടെയാണെന്നും അറിയിക്കാമോ;

(ഡി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള പരിശോധനാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പാദനത്തിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) ₹ | ചെലവഴിച്ച തുക (ലക്ഷത്തിൽ) ₹ |
|---|---|---|
| 2011-12 | 650 | 645 |
| 2012-13 | 2028.37 | 1852.91 |
| 2013-14 | 2297.61 | 2288.34 |
| 2014-15 | 2160.34 | 2153.61 |
| 2015-16 (Oct. 31 വരെ) | 1962.90 | 817.66 |

(ബി) ഇടുക്കി ജില്ലയിൽ ഏലത്തോട്ടങ്ങളിൽ അമിത കീടനാശിനി പ്രയോഗം

സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചപ്പോൾ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് കീടനാശിനിയുടെ തത്വദീക്ഷയില്ലാത്ത ഉപയോഗംമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ കൃഷിഭവൻ മുഖേന നടത്തിവരുന്നു. ആത്മയുടെ പ്രവർത്തനങ്ങളിൽ ടി വിഷയത്തിൽ ഊന്നൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾക്കാണ് കൃഷി വകുപ്പ് മുൻഗണന നൽകുന്നത്. ഏലത്തിന് ജൈവ കീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് 50 ശതമാനം സബ്സിഡി സ്പൈസസ് ബോർഡ് നൽകി വരുന്നു. കൂടാതെ സംയോജിത കീടനിയന്ത്രണം സംബന്ധിച്ച ബോധവത്ക്കരണം ഇടുക്കി ജില്ലയിലെ പ്രധാന ഏലം കൃഷി മേഖലകളിൽ സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ ബോധവത്ക്കരണം വഴി സുരക്ഷിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ കേരള കാർഷിക സർവ്വകലാശാല പ്രചരിപ്പിക്കുന്നു.

(സി) കൃഷി വകുപ്പിന്റെ കീഴിൽ കീടനാശിനിയുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തെ പാറോട്ടുകോണത്ത് ഒരു സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി (SPTL) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ലാബിൽ സംസ്ഥാനത്തെ വിവിധ കൃഷിഭവനുകളിലെ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ കീടനാശിനി സാമ്പിൾ പരിശോധനയ്ക്കായി അയയ്ക്കുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിൽ കീടനാശിനിയുടെ അവശിഷ്ടവിഷം പരിശോധിക്കുന്നതിനുള്ള കേന്ദ്രം പ്രവർത്തിക്കുന്നു. പൊതുവിപണിയിൽനിന്നും കർഷകരുടെ തോട്ടങ്ങളിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളുടെ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന പദ്ധതി കൃഷി വകുപ്പിന്റെ ധനസഹായത്തോടെ കാർഷിക കോളേജിൽ നടപ്പാക്കിയിട്ടുണ്ട്.

(ഡി) കീടനാശിനികളുടെ അവശിഷ്ടം പരിശോധിക്കുന്നതിനുള്ള അത്യാധുനിക സൗകര്യങ്ങൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ ലഭ്യമാണ്. ഉത്പന്നങ്ങളുടെ പരിശോധനയിൽ കണ്ടെത്തുന്ന വിഷാംശത്തിന്റെ അളവിനെ മാനദണ്ഡമാക്കിയാണ് വിളയിൽ നടത്തിയ കീടനാശിനി പ്രയോഗം നിഷ്കർഷിച്ച രീതി അനുസരിച്ചായിരുന്നോ എന്ന് വിലയിരുത്തുന്നത്. കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമേറ്റോഗ്രാഫ്, മാസ്സ് സ്പെക്ടോമീറ്റർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ മുഖേനയാണ് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ "

പരിശോധനകൾ നടത്തുന്നത്.

**കാർഷിക പോളിടെക്നിക്കുകൾ**

189 (1661) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോയെന്നും ഇത് നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുക, ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സംരംഭം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്ന വിഷയം 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ DPR തയ്യാറാക്കി സമർപ്പിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) പ്രസ്തുത സംരംഭത്തിന് ഭരണാനുമതി നൽകിയതിനുശേഷം ഇതിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്രവൃത്തികൾ**

190 (1662) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**നെൽക്കൃഷി**

191 (1663) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെൽകർഷകരെ സഹായിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.), ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി-വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1,000 രൂപ തോതിൽ ഉൽപ്പാദന ബോണസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2000 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്ര സർക്കാരാണ് നെല്ലിന്റെ താങ്ങുവില ഓരോ വർഷവും നിശ്ചയിക്കുന്നത് (എം.എസ്.പി.). കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില ഉൽപ്പാദനചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം

"സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്" കൂടി ഉൾപ്പെടുത്തിക്കൊണ്ട്, ഉയർന്ന സംഭരണ വിലയ്ക്കാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയായിരിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ് (7.40 രൂപ/കിലോയ്ക്ക്) കൂടി ഉൾപ്പെടുത്തി കൊണ്ട് 21.50 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്.

**പച്ചക്കറി സംഭരണം**

192 (1664) ഡോ.ടി.എം തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് ഏതെല്ലാം രീതികളിലൂടെയാണ് പച്ചക്കറി സംഭരണം നടത്തുന്നത് ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറി പരമാവധി ശേഖരിക്കണം എന്ന നിർദ്ദേശം ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ ഇത് എത്രത്തോളം നടപ്പാക്കപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സിപിഐ (എം) ന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ ജൈവ പച്ചക്കറി ഉല്പാദന യജ്ഞത്തെത്തുടർന്ന് പച്ചക്കറി ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം തുടരുന്നതിന് സാദ്ധ്യമാകുന്ന തരത്തിൽ ആഭ്യന്തര സംഭരണം ഊർജ്ജിതമാക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ, വനിതാ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചാണ് വിപണനം നടത്തുന്നത്.

(ബി&സി) സംസ്ഥാനത്തിനുള്ളിൽ ലഭ്യമായ പച്ചക്കറികൾ പരമാവധി സംഭരിക്കുക എന്നതാണ് ഹോർട്ടികോർപ്പിന്റെ നയം. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ ഭൂരിഭാഗവും ഹോർട്ടികോർപ്പ് ശേഖരിച്ചുവരുന്നുണ്ട്.

**കൃഷികളുടെ വ്യാപനം**

193 (1665) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി, മറ്റ് കൃഷികൾ എന്നിവ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി, മറ്റ് കൃഷികൾ എന്നിവ വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. <u>നെൽകൃഷി വികസന പദ്ധതി</u> :

നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്തുത പദ്ധതിയിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് വിവിധ ഉല്പാദനോപാധികൾക്കായി ഹെക്ടറിന് 1,500 രൂപ ധനസഹായം നൽകുന്നു. ഇതോടൊപ്പം ആർ.കെ.വി.വൈ. പദ്ധതി മുഖേന ഹെക്ടറിന് 4,500 രൂപയും നൽകിവരുന്നു. പദ്ധതി പ്രകാരം കേരളത്തിലെ 11 നെൽകൃഷി വികസന ഏജൻസികൾക്കായി ധനസഹായം, പാടശേഖര സമിതികൾക്ക് ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾക്ക് ഹെക്ടറിന് 200 രൂപ നിരക്കിൽ പരമാവധി 20,000 രൂപ വരെ ധനസഹായം, പൊക്കാളി, ജീരകശാല, ഗന്ധകശാല തുടങ്ങിയ പ്രത്യേകതരം നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ ധനസഹായം എന്നിവയും നൽകിവരുന്നു.

2. <u>പച്ചക്കറി കൃഷി വികസനം</u> :

2011-12 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടം, സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും സൗജന്യമായി പച്ചക്കറി വിത്ത്, നഴ്സറികൾ സ്ഥാപിക്കൽ, റെയിൻ ഷെൽട്ടർ, ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെ പരീക്ഷണ കൃഷി, നഗരങ്ങളിലെ മട്ടുപ്പാവിൽ ഗ്രോബാഗ് മുഖേനയുള്ള പച്ചക്കറി കൃഷി തുടങ്ങിയ ഇനങ്ങളാണ് നടപ്പിലാക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ പച്ചക്കറി കൃഷി ജനകീയമാക്കുവാനും ജനങ്ങളിൽ പ്രതിബദ്ധത

ഉളവാക്കുവാനും കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

3. നാളികേര വികസന പദ്ധതി :

2011-12 മുതൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ വളപ്രയോഗം സസ്യസംരക്ഷണം, ജലസേചനം, ഗുണമേന്മയുള്ള തൈകളുടെ വിതരണം മുതലായ ഘടകങ്ങളാണ് നടപ്പാക്കി വരുന്നത്. 2014-15 മുതൽ നടപ്പിലാക്കുന്ന 'കേരഗ്രാമം പദ്ധതി' യിൽ 500 ഹെക്ടർ നാളികേര കൃഷിയുള്ള 30 ഗ്രാമങ്ങളിൽ മേൽ സൂചിപ്പിച്ച ഘടകങ്ങളോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രോജക്ടടിസ്ഥാനത്തിൽ ധനസഹായം എന്ന ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരസമിതികൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കർഷകർക്കിടയിൽ സ്വീകാര്യത ലഭിക്കുകയും കൂടുതൽ മേഖലയിലേക്ക് തെങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

4. സുഗന്ധവിളകളുടെ വികസനം :

കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിവ്യാപനത്തിനായി ടി പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ വയനാട്, ഇടുക്കി ജില്ലകളിൽ നിലവിലുള്ള കുരുമുളക് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുതായി കൃഷി ആരംഭിക്കുന്നതിനും കുരുമുളക് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

5. ഹൈ-ടെക് അഗ്രികൾച്ചർ :

ആധുനിക കൃഷിരീതികളായ പോളി ഹൗസ് കൃഷി, കൃത്യതാ കൃഷി എന്നിവ ഹൈടെക് അഗ്രികൾച്ചർ പദ്ധതിയിലൂടെ കർഷകർക്ക് പരിചയപ്പെടുത്തി കൊടുത്തിട്ടുണ്ട്. ഇതിലൂടെ പച്ചക്കറി, പുഷ്പകൃഷി തുടങ്ങിയ വിളകളുടെ കൃഷിവ്യാപനം സാദ്ധ്യമായിട്ടുണ്ട്.

കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന വാഴ, പച്ചക്കറി, പുഷ്പകൃഷി തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളുടെ കൃഷി വ്യാപനത്തിന് വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**യൂറിയയുടെ സബ്സിഡി നിരക്കിലുള്ള വിതരണം**

194 (1666) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് യൂറിയ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ പലപ്പോഴും ഇത് കർഷകരിലെത്തുന്നില്ലായെന്ന ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു വിപണിയിൽ വിലക്കുടുതലുള്ള യൂറിയ ഇടനിലക്കാർ വാങ്ങിക്കൂട്ടി പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യഥാർത്ഥ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചു വിൽക്കുന്നതുമൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) യൂറിയ പോലുള്ള വളങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കാർഷിക മേഖലയിൽ ഉണ്ടാകുന്ന ഇത്തരം പ്രതിസന്ധികൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചുവിൽക്കുന്നതുമൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു:

1. കൃഷിഭവൻ തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ കൃഷി ഭവൻ പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ കൃത്യമായും പരിശോധിക്കുന്നതിനും കാർഷിക ഇതര ആവശ്യങ്ങൾക്ക് വളം വിതരണം ചെയ്യുന്നുണ്ടെങ്കിൽ ഡീലർമാരുടെ പേരിൽ നടപടി എടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
2. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി), അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ.സി) എന്നിവരും ഡിപ്പോകളിൽ പരിശോധന നടത്തുകയും വളങ്ങളുടെ വിൽപ്പനയിൽ അപാകത കണ്ടെത്തുന്ന ഡിപ്പോകൾക്കെതിരെ നടപടി എടുക്കുകയും ചെയ്തുവരുന്നുണ്ട്.
3. ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ജില്ലാതല കമ്മിറ്റി ഡിപ്പോകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ഇ) യൂറിയ പോലുള്ള വളങ്ങൾ കാർഷിക ഇതര മേഖലകളിൽ വിതരണം ചെയ്യുന്നത് കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

**കുട്ടനാട് പാക്കേജ്**

195 (1667) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ഇതിൽ ചെലവായത് എത്രയെന്നും അറിയിക്കുമോ; ഇതിൻ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എത്രയാണ്;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനം നിലച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന് കീഴിൽ കുട്ടനാട് പാക്കേജിനായി 300 കോടി രൂപ അനുവദിക്കുകയും ഇതിൽ നാളിതുവരെ 214.1138 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 100% കേന്ദ്രവിഹിതമാണ്.

(സി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ തലവന്മാരായ ടി കമ്മിറ്റികൾ യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, കൃഷി വകുപ്പ് സെക്രട്ടറി എന്നിവർ അദ്ധ്യക്ഷരായി അവലോകന യോഗങ്ങൾ കൂടുകയും പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ടും ടെണ്ടറിന് വേണ്ടവിധത്തിലുള്ള പ്രതികരണം ലഭിക്കുന്നില്ല എന്നതു കാരണവും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ജലസേചന വകുപ്പ് മുഖേന നാളിതുവരെ 265.76 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി 13.11.2014-ലെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ മാർച്ച് 2015 വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**കുട്ടനാട് പാക്കേജ്**

196 (1668) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിക്കുന്ന റിപ്പോർട്ട് അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. 13-11-2014-ലെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ മാർച്ച് 2015 വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

13-ാം ധനകാര്യ കമ്മീഷൻ കാലാവധി 2015 മാർച്ചിൽ അവസാനിച്ചെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ 14-ാം ധനകാര്യ കമ്മീഷന് വകയിരുത്തിയിട്ടുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുകയിൽനിന്ന് ബാക്കി റിലീസ് ചെയ്യാനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

197 (1670) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ ചെയ്ത കാര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ഇനത്തിലും എത്ര രൂപ ചെലവഴിച്ച എന്നും ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ 10 പഞ്ചായത്തുകളിലായി നടപ്പിലാക്കിയ കാര്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**കേരകർഷക പ്രോത്സാഹന പദ്ധതി**

198 (1671) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകർഷകർക്ക് നൽകുന്ന പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന അത്യുത്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ ഏതെല്ലാമാണെന്നും അവ എവിടെയെല്ലാം ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ;

(സി) സംയോജിത നാളികേര വികസന പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകന് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ ;

(ഡി) കൂടുതൽ നാളികേര ഉല്പാദനം ലക്ഷ്യമിട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. 2015-16 വർഷവും പദ്ധതി തുടരുന്നുണ്ട്.

2. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന "ഇടുക്കി പാക്കേജ്" പദ്ധതി പ്രകാരം സംയോജിത തെങ്ങുകൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7,500 രൂപ നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) റ്റിx ഡി, ഡിx റ്റി, കുറിയ ഇനം എന്നീ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സംസ്ഥാനത്തെ കൃഷി ഭവനുകളിലൂടെ ജൂൺ, ജൂലൈ മാസങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ തെങ്ങിൻ തൈ നഴ്സറികളിൽ നിന്നും ഈ കാലയളവിൽ തൈകൾ കർഷകർക്ക് ലഭ്യമാണ്.

(സി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ എന്നിവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ അനുവദിക്കുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിന് 5 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന "ഇടുക്കി പാക്കേജ്" പദ്ധതി പ്രകാരം സംയോജിത തെങ്ങു കൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7,500 രൂപ

നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ നാളികേര ഉല്പാദനം ലക്ഷ്യമിട്ട് കേരള കൃഷി വകുപ്പ് കേരഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 2015-16-ൽ നടപ്പിലാക്കിവരുന്നു. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധി പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായമായി നൽകിവരുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ അനുവദിക്കുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിന് 5 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

**നീർത്തട തണ്ണീർത്തട സംരക്ഷണ നിയമം**

199 (1672) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും മാറ്റങ്ങളിലെ ഏത് രീതിയാണ് ജനങ്ങൾക്ക് ഗുണകരമെന്നും വ്യക്തമാക്കുമോ;

(ബി) നീർത്തട തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഉണ്ടാകുന്ന മാറ്റം കേരളത്തിലെ പരിസ്ഥിതിക്കും, ജൈവ വൈവിധ്യത്തിനും, കാർഷിക മേഖലയ്ക്കുതന്നെ ഹാനികരമാണെന്ന വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെ 29-7-2015-ലെ വിജ്ഞാപന പ്രകാരം ആക്ടിലെ 3-ാം വകുപ്പിന് ശേഷം 3.എ ഉപവിഭാഗം ഉൾപ്പെടുത്തിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. 12-8-2008-ന് മുമ്പ് അനധികൃതമായി നികത്തിയ ഭൂമി പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുവാൻ വേണ്ടിയാണ് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന് അനുബന്ധമായി കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. വമ്പിച്ച മൂലധന നിക്ഷേപവും തൊഴിൽ സാധ്യതയും സൃഷ്ടിക്കുന്നതിനുവേണ്ടി പ്രൈവറ്റ് ഹൈടെക് പാർക്കുകളെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ സെക്ഷൻ 2(XIV)-ലെ പൊതു ആവശ്യത്തിന്റെ പരിധിയിൽപ്പെടുത്തി എസ്.ആർ.ഒ. 107/2015 തീയതി 27-2-2015 എന്ന നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നെൽവയൽ സംരക്ഷിക്കുന്നതിനും, പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതും പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്നതുമായ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്ന പദ്ധതി**

200 (1673) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് സഹായം നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി എന്തു തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കുടുംബത്തിന്റെ അത്താണിയായിരുന്ന കുടുംബനാഥൻ/നാഥ മരണപ്പെട്ടാൽ പ്രസ്തുത വ്യക്തി സഹകരണ ബാങ്കുകളിൽ നിന്നോ വാണിജ്യ ബാങ്കുകളിൽനിന്നോ എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടബാദ്ധ്യതയുടെ പകുതി സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് നികത്തിക്കൊടുക്കുന്നതായിരിക്കും എന്നായിരുന്നു ബജറ്റ് പ്രഖ്യാപനം. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു എന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

(ബി & സി) ബാധകമല്ല.

**പച്ചക്കറി ഇറക്കുമതിയും ജൈവപച്ചക്കറി കൃഷിയും**

201 (1674) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ടൺ പച്ചക്കറിയാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ജൈവപച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിയതിന്റെ ഭാഗമായി പച്ചക്കറിയുടെ ഉത്പാദനം എത്ര ടണ്ണാണ് വർദ്ധിച്ചിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് ചെക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ടോ;

(ഇ) എത്ര കേസുകളാണ് ഇതിനെതിരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇറക്കുമതിയുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

(ബി) നടപ്പുവർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് ഉള്ളതായി ഹോർട്ടികോർപ്പ് അറിയിച്ചിട്ടുണ്ട്.

(സി) ജൈവപച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നൽകി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ 2013-14-ലെ പച്ചക്കറി ഉല്പാദനത്തെ അപേക്ഷിച്ച്

2014-15-ൽ പച്ചക്കറി ഉല്പാദനം 1,39,363 ടൺ കൂടുതൽ വർദ്ധിച്ചിട്ടുണ്ട്.

(ഡി-എഫ്) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് ചെക്‌പോസ്റ്റുകളിൽ പരിശോധന നടത്തുന്നത് ഭക്ഷ്യ സുരക്ഷാ വിഭാഗം മുഖേനയാണ്. ഇതുസംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ധർമ്മടം മണ്ഡലത്തിൽ നടപ്പിലാക്കിയ കാർഷിക പദ്ധതികൾ**

202 (1675) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നെൽകൃഷി ലാഭകരമാക്കൽ**

203 (1676) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ലാഭകരമല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ പ്രസ്തുത മേഖലയിൽത്തന്നെ നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കർഷകർക്ക് നൽകിവരുന്ന ഉല്പാദന ബോണസ് ഇരട്ടിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽകർഷകരെ നെൽകൃഷി മേഖലയിൽ നിലനിർത്തുന്നതിനും,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹായിക്കുന്നതിനുമായി 2015-16 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

- സുസ്ഥിര നെൽകൃഷി വികസനം: നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉല്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10,800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കിവരുന്നു.

- വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം : ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷിചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം : ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.): തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7,500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി: 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉല്പാദന ബോണസ് 350 രൂപയിൽനിന്ന് ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം

204 (1677) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള നീലേശ്വരം കരുവാശ്ശേരിയിലെ സ്ഥലം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് വിട്ട്കൊടുക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും കാർഷിക യൂണിവേഴ്സിറ്റി അധികൃതർ സ്ഥലം അളന്ന് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ലഭ്യമാക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ 20-6-2015-ൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സ്ഥലം നൽകുന്ന വിഷയം പരിഗണിക്കുകയും വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി ഭൂമിയോ നഷ്ടപരിഹാരത്തുകയോ ലഭ്യമാക്കിയതിനുശേഷം മാത്രം സർവ്വകലാശാല ഭൂമി നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുമുണ്ടായി. ജില്ലാ വികസന സമിതി യോഗത്തിൽ ഇതുസംബന്ധമായി നടന്ന ചർച്ചയുടെ ഭാഗമായി ജില്ലാ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് സർവ്വകലാശാല വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി നൽകാമെന്നറിയിച്ച ചീമേനി ഭാഗത്തെ 15 കിലോമീറ്റർ ചുറ്റളവിലുള്ള സർക്കാർ ഭൂമി സർവ്വകലാശാലയ്ക്ക് സ്വീകാര്യമാണോ എന്ന് തീരുമാനമെടുക്കുന്നതിനായി പ്രസ്തുത നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനത്തിന് വിധേയമായി, അനന്തര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് മന്ത്രിസഭാ തീരുമാനപ്രകാരം 9-11-2012-ലെ സ.ഉ. (സാധ) നമ്പർ 2202/2012/കൃഷി

സർക്കാർ ഉത്തരവിലൂടെ നീലേശ്വരം നഗരസഭയ്ക്ക് 2 ഏക്കർ സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉടൻ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട് - കർഷകരുടെ എണ്ണം**

205 (1678) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം എത്ര; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെൽ കൃഷി ചെയ്യുന്നവർ, കേര കർഷകർ, റബ്ബർ കർഷകർ എന്നിവരുടെ കണക്ക് പ്രത്യേകമായി നൽകുമോ;

(ഇ) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് സബ്സിഡി അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി ആവിഷ്ക്കരിച്ചിരിക്കുന്ന നൂതന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(സി) പാലക്കാട് ജില്ലയിൽ ആകെ 141282 കർഷകർ (30-11-2015 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമല്ല. ബ്ലോക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ബ്ലോക്ക് | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1 | ആലത്തൂർ | 17108 |
| 2 | കുഴൽമന്ദം | 15097 |
| 3 | നെന്മാറ | 9491 |
| 4 | കൊല്ലങ്കോട് | 8172 |
| 5 | ചിറ്റൂർ | 14935 |
| 6 | പാലക്കാട് | 9693 |
| 7 | മണ്ണാർക്കാട് | 14613 |
| 8 | ശ്രീകൃഷ്ണപുരം | 9151 |
| 9 | അഗളി | 6565 |
| 10 | ഷൊർണ്ണൂർ | 9127 |
| 11 | പട്ടാമ്പി | 8986 |
| 12 | തൃത്താല | 8276 |
| 13 | മലമ്പുഴ | 10068 |
| | ആകെ | 141282 |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) നെൽകർഷകർ, കേരകർഷകർ എന്നിവർക്ക് യഥാക്രമം നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി എന്നിവയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന സബ്സിഡി നൽകാറില്ല.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | നെൽകൃഷി വികസന പദ്ധതി (ലക്ഷം രൂപ) | നാളികേര വികസന പദ്ധതി (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2011-12 | 2898.88 | 2941.45 |
| 2 | 2012-13 | 4908.09 | 4475.92 |

| | | | |
|---|---|---|---|
| 3 | 2013-14 | 4897.13 | 4700.79 |
| 4 | 2014-15 | 3313.48 | 2505.65 |
| 5 | 2015-16 (31-10-2015 വരെ) | 1113.45 | 1634.05 |

**ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നിറവ് പദ്ധതി**

206 (1679) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതി പ്രകാരം ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, ഉള്ളേരി, അത്തോളി, നടുവണ്ണൂർ, കോട്ടൂർ, കൂരാച്ചുണ്ട്, കായണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽതുകയും സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

ഉത്തരം

നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം വിഹിതമില്ലാത്തതിനാൽ, കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും നിറവ് മണ്ഡലങ്ങളിൽ പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു. 2011 മുതൽ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, ഉള്ളേരി, അത്തോളി, നടുവണ്ണൂർ, കോട്ടൂർ, കൂരാച്ചുണ്ട്, കായണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കർഷക സഹായ പദ്ധതികൾ**

207 (1680) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ശക്തമായ മഴയിൽ വിളനാശം സംഭവിച്ച കർഷകർക്ക് നിലവിൽ ലഭ്യമാക്കുന്ന നഷ്ടപരിഹാരം കുറവായതിനാൽ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉല്പാദനച്ചെലവ് വളരെ കൂടുതലും നഷ്ടപരിഹാരം വളരെ കുറവുമായ സാഹചര്യത്തിൽ കർഷകരെ ആത്മഹത്യയിൽനിന്നും രക്ഷിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾമൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനില്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകി വന്നിരുന്നത്. അതതുകാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF-ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ (എംഎസ്.) നമ്പർ 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ധനസഹായത്തിൽ വന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-4-2015 മുതൽ പ്രാബല്യത്തിൽ 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ്

ഏർപ്പെടുത്തിയ വ്യവസ്ഥകൾമൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി പദ്ധതി**

208 (1681) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത് എന്നും ഓരോ പദ്ധതിയുടെയും അടങ്കൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും കെ.എൽ.ഡി.സി. നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു*.

**പച്ചത്തേങ്ങ സംഭരണം**

209 (1682) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കർഷകരിൽനിന്നും എത്ര രൂപയ്ക്കാണ് പച്ചത്തേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ജൂലൈയിൽ കൊപ്ര വില ഉയർന്നപ്പോൾ വില പിടിച്ചുനിർത്താൻ 20 കോടി രൂപ കേരഫെഡിന് നൽകാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ; എങ്കിൽ എത്ര കോടി രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്ര ആക്കുമ്പോൾ ക്വിന്റലിന് എത്ര രൂപ ചെലവ് വരും ; പൊതു വിപണിയിൽ കൊപ്രയ്ക്ക് ക്വിന്റലിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിനായി പ്രസ്തുത അധിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) കേരഫെഡ് കർഷകരിൽനിന്നും കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരിക്കുന്നത്.

(ബി) നാളികേരത്തിന് വില കുറഞ്ഞപ്പോൾ ഇതുമൂലം ബുദ്ധിമുട്ട് നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കോടി രൂപ കേരഫെഡിന് നൽകുവാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിക്കുകയും 10 കോടി രൂപയും കേരഫെഡിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കർഷകരിൽനിന്നും കേരഫെഡ് സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്ര ആക്കുമ്പോൾ ക്വിന്റലിന് 600 രൂപ ചെലവ് വരും. പൊതു വിപണിയിൽ ഇപ്പോൾ (30-11-2015) ക്വിന്റലിന് 7100 രൂപയാണ് കൊപ്രയുടെ വില.

(ഡി) പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കുന്ന പ്രക്രിയയ്ക്ക് കൈകാര്യ ചെലവിനത്തിൽ 500 രൂപയും ഇതിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും ഗതാഗത ചെലവും സർക്കാർ വഹിക്കുന്നുമുണ്ട്.

**വിത്തുതേങ്ങ സംഭരണം**

210 (1683) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്തുതേങ്ങ സംഭരണ ഇനത്തിൽ കേര കർഷകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കുമോ ;

(ബി) കുടിശ്ശിക തുക യഥാസമയം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിത്തുതേങ്ങ സംഭരണ ഇനത്തിൽ കേര കർഷകർക്ക് 1,34,50,725 (ഒരു കോടി മുപ്പത്തിനാല് ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് രൂപാ മാത്രം) നല്കാനുണ്ട്.

(ബി&സി) ഫണ്ട് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുക റീ-അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ അടിസ്ഥാന**

**വികസനം**

211 (1684) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അടിസ്ഥാന വികസനം ഉറപ്പുവരുത്തുന്നതിനായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെടുന്ന മാക്കി-നടുവയൽ, പുഞ്ചാവി-കല്ലൂരാവി, കുണ്ടേൻ വയൽ, അയ്യങ്കാവ്-ചുള്ളിക്കര, കിനാനൂർ, ചെന്തളം എന്നീ പ്രദേശങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എം.എൽ.എ.-യുടെ ഉപരിപത്രത്തോടു കൂടിയുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ**

212(1685) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതികൾ എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിറവ് പദ്ധതിയിൽ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി ; ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചേങ്കോട്ടുകാവ്, ചേമഞ്ചേരി, കൊയിലാണ്ടി, മൂടാടി, തിക്കൊടി, പയ്യോളി എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ 5 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

പഞ്ചായത്ത് തിരിച്ച് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ബി) നിറവ് പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെപ്പറയുന്നു.

| | | | |
|---|---|---|---|
| 1 | ഗ്രോബാഗിൽ പച്ചക്കറി | 330 എണ്ണം | 6.6 ലക്ഷം രൂപ |
| 2 | ഫലവർഗ്ഗ കൃഷി വികസനം | 1250 എണ്ണം | 1.5 ലക്ഷം രൂപ |
| 3 | കാലിത്തൊഴുത്തിന്റെ നിർമ്മാണം | 6 എണ്ണം | 3 ലക്ഷം രൂപ |
| 4 | മിനി ഡയറി യൂണിറ്റ് (2 പശു) | 5 എണ്ണം | 5 ലക്ഷം രൂപ |
| 5 | മിനി ഡയറി യൂണിറ്റ് (1 പശു) | 5 എണ്ണം | 2.74 ലക്ഷംരൂപ |
| | | ആകെ | 18.84 ലക്ഷം രൂപ |

നിറവ് പദ്ധതിയിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് | 200 എണ്ണം | 10.5 ലക്ഷം രൂപ |
| 2. | ഗ്രോബാഗിൽ പച്ചക്കറി | 120 എണ്ണം | 1.15 ലക്ഷം രൂപ |
| 3. | ഫലവർഗ്ഗ തൈ വിതരണം | 2750 എണ്ണം | 2.1 ലക്ഷം രൂപ |
| 4. | പാടശേഖരങ്ങളുടെഅടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | | 66.25 ലക്ഷം രൂപ |
| 5. | കാലിത്തൊഴുത്ത് നിർമ്മാണം | 44 എണ്ണം | 9.5 ലക്ഷം രൂപ |
| 6. | മിനി ഡയറി യൂണിറ്റ് (2 പശു) | 45 എണ്ണം | 20 ലക്ഷം രൂപ |
| | | ആകെ | 109.50 ലക്ഷം രൂപ |

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പങ്കാളിത്ത പച്ചക്കറി കൃഷി**

213 (1686) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ച് കൃഷി വകുപ്പ് നടത്തുന്ന വിദ്യാർത്ഥി പങ്കാളിത്ത പച്ചക്കറി കൃഷി പദ്ധതിയിൽ നിലവിൽ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര സ്കൂളുകളാണുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് കൃഷി വകുപ്പ് നൽകിവരുന്നത്; ഇതിനായി എത്ര തുക ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വഴി കഴിഞ്ഞ വർഷം ഉത്പാദിപ്പിക്കപ്പെട്ട പച്ചക്കറിയുടെ മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കൂടുതൽ സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ പങ്കെടുപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ സാമ്പത്തിക വർഷം 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 395 |
| 2. | കൊല്ലം | 425 |
| 3. | പത്തനംതിട്ട | 360 |
| 4. | ആലപ്പുഴ | 360 |
| 5. | കോട്ടയം | 544 |
| 6. | ഇടുക്കി | 420 |
| 7. | എറണാകുളം | 290 |
| 8. | തൃശ്ശൂർ | 290 |
| 9. | പാലക്കാട് | 590 |
| 10. | മലപ്പുറം | 440 |

| | | |
|---|---|---|
| 11. | കോഴിക്കോട് | 390 |
| 12. | വയനാട് | 200 |
| 13. | കണ്ണൂർ | 416 |
| 14. | കാസർഗോഡ് | 280 |
| | ആകെ | 5400 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങുന്നതിനായി 4000 രൂപ വീതം നൽകുന്നു. ഇതോടൊപ്പം പ്രവർത്തന ചെലവുകൾക്കായി 1000 രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ 470 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10,000 രൂപ വീതം ധനസഹായം നൽകുന്നു.

(സി) പദ്ധതി വഴി കഴിഞ്ഞ വർഷം 1273.698 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചു.

(ഡി) 2014-15-ൽ 2500 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2015-16-ൽ ഈ പദ്ധതി 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരും വർഷത്തിലും ഈ പദ്ധതി തുടരുന്നതാണ്.

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അനുവദിച്ച തുക**

214 (1687) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ നാലര വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ബി) ആയതിൽ കേന്ദ്ര ഫണ്ടിനത്തിൽ എത്ര തുക ലഭിച്ചുവെന്നും സംസ്ഥാന

വിഹിതമായി എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നെൽ കർഷകർക്ക് സബ്സിഡി ഇനത്തിൽ നൽകുന്നതിനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലര വർഷം സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 2011-12 | 3550 | 3454.51 |
| 2. | 2012-13 | 5000 | 4679.60 |
| 3. | 2013-14 | 5000 | 4177.34 |
| 4. | 2014-15 | 4596.14 | 4556.669 |

(ബി) കഴിഞ്ഞ നാലര വർഷം കേന്ദ്ര ഫണ്ടിനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | 2011-12 | 873.874 |
| 2. | 2012-13 | 4883.377 |
| 3. | 2013-14 | 7063.13 |
| 4. | 2014-15 | 5914.814 |

സംസ്ഥാന വിഹിതമായി 15624.96 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജൈവപച്ചക്കറി സംഭരണ നടപടികൾ**

215 (1688) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; പ്രസ്തുത കാലയളവിൽ എത്ര രൂപയുടെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ചുവെന്നും ഇവയുടെ ഗുണനിലവാരം എപ്രകാരമാണ് നിർണ്ണയിച്ചത് എന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി, ചേർത്തല തെക്ക് മുതലായ പ്രദേശങ്ങളിൽനിന്നും ജൈവ ഉല്പന്നങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) ജൈവ രീതിയിൽ കൃഷിചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത് ; ചേർത്തല താലൂക്കിലെ എത്ര കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അവർക്ക് ആകെ നൽകിയത് എത്ര തുകയാണെന്നും വിശദമാക്കുമോ ;

(ഡി) ജൈവ ഉല്പന്നങ്ങൾ കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ മുൻകൈ എടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 22 ബ്ലോക്കുകളിലായി കർഷകരുടെ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. 2013-14-ൽ 15-ഉം, 2014-15-ൽ 7-ഉം ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ മുഖാന്തരം നാളിതുവരെ 1402.14496 ലക്ഷം രൂപ വില വരുന്ന 8990.06635 മെട്രിക് ടൺ ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ കർഷകരുടെ കൂട്ടായ്മയാണ് ഇവയുടെ ഗുണനിലവാരം നിർണ്ണയിക്കുന്നത്. കൃഷി വകുപ്പിന്റെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം

ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർട്ടിഫൈ ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കഞ്ഞിക്കുഴി, ചേർത്തല തെക്ക് പ്രദേശങ്ങളിൽനിന്ന് ഹോർട്ടികോർപ്പ് ജൈവ പച്ചക്കറി സംഭരിച്ചിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ മാർക്കറ്റുകളിൽ ശേഖരിച്ച് വിപണനം നടത്തിയ പച്ചക്കറികളിൽ ഭൂരിഭാഗവും ജൈവ പച്ചക്കറി ആയിരുന്നു.

(സി) നിലവിൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. ജൈവരീതിയിൽ കൃഷി ചെയ്യുന്നവർക്കുള്ള പ്രത്യേക പദ്ധതി നിർവ്വഹണം നടന്നുവരുന്നതേയുള്ളൂ. ഇതിനായി 8 കർഷക ഗ്രൂപ്പുകൾ സംഘടിപ്പിച്ച് പ്രവർത്തനം മുന്നേറുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനം മുന്നേറുന്നത്. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നത് കൂടുതലും ജൈവ പച്ചക്കറി കർഷകർക്കാണ്.

(ഡി) ഉണ്ട്. ടി പരാതി പരിഹരിക്കുന്നതിന് കഞ്ഞിക്കുഴിയിൽ ഹോർട്ടികോർപ്പ് മുഖേന ജൈവ പച്ചക്കറി സംഭരണം നടപ്പിലാക്കുകയുമുണ്ടായി.

**പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി**

216 (1689) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് ; ഈ ഭൂമി ഏതെല്ലാം പഞ്ചായത്തുകളിലാണ് ഉള്ളതെന്നും, ഇവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന പ്രധാന വിളകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ 4,458.91 ഹെക്ടർ ഭൂമിയുണ്ട്. ആയത് മൂളിയാർ, പാടി, ആദൂർ, ബെല്ലൂർ, നെറ്റാണിംഗ, കുംഭജെ, പെർദ്ദല, എൻമകജെ, പെരിയ, പനയാൽ, പുല്ലൂർ, ചിത്താരി, കാറ്റുകുക്കെ, ചീമേനി, തിമിരി, പനത്തടി, കള്ളാർ എന്നീ വില്ലേജുകളിലാണ്. കശുമാവ്, കുരുമുളക് എന്നിവയാണ് ഇവിടത്തെ പ്രധാന വിളകൾ.

**പച്ചക്കറിയുടെ വിലവർദ്ധന തടയുന്നതിനുള്ള നടപടി**

217 (1690) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ ചില ജില്ലകളിൽ ശക്തമായ മഴ ഉണ്ടായതിനെത്തുടർന്ന് ഇടനിലക്കാർ പച്ചക്കറി വില കുത്തനെ ഉയർത്തിയതിനെ നേരിടാനായി ഹോർട്ടികോർപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറിയുടെ വില വർദ്ധനവിനെ ചെറുക്കാൻ വിപണിയിൽ ഇടപെടുന്നതിനായി പത്തുകോടി രൂപ ഹോർട്ടികോർപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കൂടുതൽ വാങ്ങി ശേഖരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് എന്നു മുതൽ പ്രാവർത്തികമാക്കുമെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി വില ഉയർന്നതിനെ നേരിടാനായി ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. വിലയിൽ കൂടുതൽ വർദ്ധനവ് ഉണ്ടായ പച്ചക്കറികൾക്ക് 30% സബ്സിഡിയും ബാക്കിയുള്ള പച്ചക്കറി ഇനങ്ങൾക്ക് പൊതുവിപണി വിലയെക്കാൾ 10-15% വരെ വില കുറച്ചും ഹോർട്ടികോർപ്പിന്റെ എല്ലാ ഹരിതാ സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുന്നു.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ യഥാസമയം സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഉചിതമായ നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് പച്ചക്കറി സംഭരിച്ച് വരുന്നുണ്ട്.

**കർഷകർക്ക് സബ്സിഡി ലഭ്യമാക്കൽ**

218 (1691) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി ലഭിക്കുന്നതിനായി ഇതുവരെ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കി ;

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ലഭ്യമാക്കിയെന്നും ബാക്കി എന്നുവരെ കർഷകർക്ക് ലഭ്യമാക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 18.7 ലക്ഷം അപേക്ഷകൾ ലഭിച്ചതിൽ 17.58 ലക്ഷം അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2015-16-ലെ ബഡ്ജറ്റിൽ കൃഷി വകുപ്പിന് പദ്ധതിയിനത്തിൽ ലഭ്യമായ 955.55 കോടി രൂപയിൽ 357.10 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40.42% തുക (ഒക്ടോബർ 2015 വരെ) കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇ-പേയ്മെന്റ് വഴി മാത്രം നിക്ഷേപിച്ചുകഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ബാക്കി തുക കർഷകർക്ക് ലഭ്യമാകുന്നതാണ്.

**കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാക്കൽ**

219 (1692) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വില 19 രൂപയിൽനിന്നും 21.50 ആയി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടും നാളിതുവരെയായി കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിരക്ക് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും കർഷകർക്ക് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച പമ്പിംഗ് സബ്സിഡി നാളിതുവരെ കർഷകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽനിന്നും 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് 2015 ഒക്ടോബർ മുതൽ സംഭരിച്ച നെല്ലിനും ബാധകമായിരിക്കും.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-5-2015-ലെ സ.ഉ.(എം.എസ്.) 82/15/കൃഷി

നമ്പർ ഉത്തരവ് പ്രകാരം 17-08-2014 മുതൽ 4-5-2015 വരെ കൃഷിക്ക് പരമാവധി, ഏക്കറിന് 1200 രൂപ നിരക്കിൽ പമ്പിങ്ങ് സബ്സിഡി നൽകുവാനും തുടർന്ന് പൂർണ്ണമായും പമ്പിങ്ങ് സബ്സിഡി നൽകുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്. 17-8-2014 മുതലുള്ള കൃഷികളുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2401-00-800-29-3 (എൻ.പി.) എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ് എന്നാണ് ഗവൺമെന്റ് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ടി ശീർഷകത്തിൽ സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. 17-8-2014 പുഞ്ചകൃഷിക്ക് മുൻപുള്ള കൃഷിയുടെ സബ്സിഡി അനുവദിച്ചുവന്നിരുന്ന 2702-01-88-800-33 എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുള്ള 60,00,000 രൂപയിൽ 30,20,080 രൂപ നാളിതുവരെ 1189 രണ്ടാം കൃഷി വരെയുള്ള പമ്പിങ്ങ് സബ്സിഡി വിതരണം ചെയ്യുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ളതാണ്. പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്ന ശീർഷകത്തെ സംബന്ധിച്ച് വ്യക്തത ആയതിനുശേഷം ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ വർദ്ധിപ്പിച്ച സബ്സിഡി വിതരണം ചെയ്യുന്നതാണ്.

### കർഷകർക്ക് ബയോഗ്യാസ് പ്ലാന്റുകൾ

220 (1693) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സബ്സിഡിയോടുകൂടി ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നൽകാനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പദ്ധതി (NBMMP) പ്രകാരം സബ്സിഡി നിരക്കിൽ ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ കൃഷി വകുപ്പ് സ്ഥാപിച്ചുനൽകുന്നുണ്ട്. 1 $m^3$ മുതൽ 6 $m^3$ വരെയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. പൊതുവിഭാഗത്തിന് 1 $m^3$ പ്ലാന്റിന് 5,500 രൂപയും 2 $m^3$ - 6 $m^3$ പ്ലാന്റിന് 9000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 1 $m^3$ പ്ലാന്റിന് 7000 രൂപയും 2 $m^3$ - 6 $m^3$ പ്ലാന്റിന് 11,000 രൂപയും സബ്സിഡി നൽകുന്നു. കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് പരിശീലനം സിദ്ധിച്ച Turnkey ഏജന്റുകൾ മുഖാന്തരം പ്ലാന്റുകൾ സ്ഥാപിച്ച് നൽകിവരുന്നു.

(ബി) ബാധകമല്ല.

**തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

221 (1694) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിനുകീഴിലുള്ള വിവിധ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തൊഴിലാളികൾക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം പരിശോധിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-9-2013 തീയതിയിലെ G.O.(P) No. 112/2013/തൊഴിൽ നമ്പർ ഉത്തരവിനനുസൃതമായി 2011 ജൂലൈ ഒന്ന് പ്രാബല്യത്തോടെ വേതനം പരിഷ്കരിച്ചു നൽകിയിട്ടുണ്ട്.

**പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം**

222 (1696) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി എത്ര പ്രാവശ്യം പരിശോധിച്ചിട്ടുണ്ട്; വിശദീകരിക്കുമോ ?

ഉത്തരം

പൊതുവിപണിയിൽ ലഭിക്കുന്ന അന്യസംസ്ഥാന പച്ചക്കറികളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും സാമ്പിൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ പരിശോധിച്ച് റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പദ്ധതി 2013 ജനുവരി 1-ന് ആരംഭിച്ചു. മൂന്നുമാസത്തിലൊരിക്കൽ പരിശോധനയുടെ വിശദ റിപ്പോർട്ട് kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രതിമാസം 200 സാമ്പിൾ വീതം ശേഖരിച്ച് പരിശോധിച്ച് 6000-ത്തോളം ഭക്ഷ്യ സാമ്പിളുകളുടെ പരിശോധനാഫലങ്ങൾ അടങ്ങിയ 16 വിശദ റിപ്പോർട്ടുകൾ ഈ വെബ്സൈറ്റിൽ Report & Manuals എന്ന ലിങ്കിൽ ലഭ്യമാണ്. ഈ വിവരങ്ങൾ

യഥാസമയം മാദ്ധ്യമങ്ങളിലൂടെ പൊതുസമൂഹത്തെ അറിയിക്കുന്നതിനുള്ള നടപടികളും കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി നടത്തിവരുന്നു.

**കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള സഹായധനം**

223 (1697) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധിമൂലവും അല്ലാതെയും എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയാമോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ കർഷകകടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കർഷക കടാശ്വാസത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ നാളിതുവരെ എത്ര തുക ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര അപേക്ഷകൾ തീർപ്പു കല്പിക്കാനായി കമ്മീഷന്റെ മുമ്പാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്മീഷന്റെ കൈവശം അപേക്ഷ ലഭിച്ച് മൂന്നു മാസത്തിനകം തീർപ്പാക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ അനുസരിച്ച് 89.35 കോടി രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കടാശ്വാസത്തിനുവേണ്ടിയുള്ള വ്യക്തിഗത അപേക്ഷകളിൽ നാളിതുവരെ 188,51,25,307 രൂപ കടാശ്വാസമായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39,868 എണ്ണം തീർപ്പ് കൽപ്പിക്കാനായി കമ്മീഷൻ മുമ്പാകെ

നിലവിലുണ്ട്.

(ഇ) കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ബന്ധപ്പെട്ട ബാങ്കിനെയും കേട്ടതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ഇത്തരത്തിൽ അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ദക്ഷിണേന്ത്യൻ കാർഷിക മേള**

224 (1698) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യൻ കാർഷിക മേള കണ്ണൂരിൽ സംഘടിപ്പിക്കുന്നതിന് മൊത്തം എന്ത് തുക ചെലവഴിക്കുകയുണ്ടായി; പ്രദർശന നഗരിയിൽനിന്നും പ്രവേശന ഫീസ് ഇനത്തിൽ കൃഷിക്കാരിൽ നിന്നും ശേഖരിച്ച തുക എത്ര; സ്റ്റാളുകളുടെ ഇനത്തിലുണ്ടായ വരുമാനം എത്ര;

(ബി) പ്രസ്തുത പ്രദർശനം സംഘടിപ്പിക്കുന്നതിന് ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം ചെലവായി; വിശദമാക്കുമോ; ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ വിശദമാക്കുമോ;

(സി) ഈ മേളക്കുവേണ്ടി കൃഷി വകുപ്പിൽനിന്നു ചെലവായ മൊത്തം തുക എത്രയായിരുന്നു?

<u>ഉത്തരം</u>

(എ) 2015 ആഗസ്റ്റ് 16 മുതൽ 26 വരെ കണ്ണൂർ പോലീസ് മൈതാനത്ത് വച്ച് സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ കാർഷിക മേളയ്ക്ക് മൊത്തം 1,77,61,505 (ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി അറുപത്തി ഒരായിരത്തി അഞ്ഞൂറ്റി അഞ്ച് രൂപ മാത്രം) ചെലവായി. പ്രദർശന നഗരിയിൽ നിന്ന് പ്രവേശന ഫീസിനത്തിൽ 17,34,140 രൂപ (പതിനേഴ് ലക്ഷത്തി മുപ്പത്തി നാലായിരത്തി ഒരുനൂറ്റി നാല്പത് രൂപ മാത്രം) ലഭിക്കുകയുണ്ടായി. പ്രസ്തുത മേളയുടെ ഭാഗമായി ഒരുക്കിയ സ്റ്റാളുകളുടെ ഇനത്തിൽ 21,21,050 (ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അൻപത് രൂപ മാത്രം) ശേഖരിക്കുകയുണ്ടായി.

(ബി) പ്രദർശനം സംഘടിപ്പിച്ച വകയിൽ ഓരോയിനത്തിനും ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ഇനം | ചെലവായതുക(രൂപയിൽ) |
|---|---|

| | |
|---|---|
| പ്രോഗ്രാം കമ്മിറ്റി | 2,20,116 |
| പബ്ലിസിറ്റി കമ്മിറ്റി | 15,31,108 |
| റിസപ്ഷൻ സ്റ്റേജ് ഡെക്കറേഷൻ കമ്മിറ്റി | 7,99,009 |
| ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി | 73,92,193 |
| എക്സിബിഷൻ കമ്മിറ്റി | 19,54,105 |
| ഫുഡ് & അക്കോമഡേഷൻ കമ്മിറ്റി | 12,12,774 |
| എന്റർടെയിൻമെന്റ് കമ്മിറ്റി | 16,13,785 |
| സെമിനാർ കമ്മിറ്റി | 5,36,260 |
| ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി | 98,453 |
| അവാർഡ് കമ്മിറ്റി | 9,11,706 |
| ഘോഷയാത്ര കമ്മിറ്റി | 8,40,285 |
| സെക്യൂരിറ്റി കമ്മിറ്റി | 2,06,250 |
| ബാങ്ക് ചാർജ്ജ് | 866 |
| എഫ്.ഐ.ബി. പവലിയൻ | 4,44,595 |
| മൊത്തം | 1,77,61,505 |

വരവ് ചെലവ് കണക്കുകളുടെ ആഡിറ്റിംഗ് കഴിഞ്ഞിട്ടില്ല.

(സി) സൗത്ത് ഇന്ത്യൻ കാർഷിക മേളയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിൽ നിന്നും ഇതുവരെ മൊത്തം 12,80,895 (പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ചെലവായിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ**

225 (1699) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെ അപേക്ഷ നൽകിയിട്ടില്ലാത്തവരുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ; എങ്കിൽ ആയതിനുള്ള അറിയിപ്പ് മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുമോ;

(ഡി) കടബാധ്യതകൾ എഴുതിത്തള്ളുന്നതിന്റെ ഭാഗമായി ഹിയറിംഗുകൾ നടത്തിയിട്ടുണ്ടോ; എത്ര അപേക്ഷകരുടെ കടബാധ്യതകളാണ് എഴുതിത്തള്ളിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യകുടുംബക്ഷേമ വകുപ്പാണ്. അതിനാൽ തുടർനടപടികളെപ്പറ്റി കൃഷി വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല.

**കാർഷികോൽപ്പന്നങ്ങളുടെ സംഭരണം**

226 (1700) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന ചെലവുമായി പൊരുത്തപ്പെടുന്ന ന്യായവില കൃഷിക്കാരന് ഉറപ്പുവരുത്തുന്നതിനായി ഏതെല്ലാം കാർഷികോൽപന്നങ്ങളുടെ സംഭരണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഈ ഉൽപന്നങ്ങൾ എന്തളവിൽ സംഭരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഉൽപന്നങ്ങളുടെ സംഭരണത്തിനായി എന്ത് തുക

ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേരം, നെല്ല് എന്നീ കാർഷികോല്പന്നങ്ങളും വ്യാവസായികോല്പന്നമായ റബ്ബറും സംഭരണം നടത്തിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മണ്ണ്-ജലസംരക്ഷണ പദ്ധതികൾ**

227 (1701) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്-ജല സംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കാനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും പരിപാലനവും വഴി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുകയും വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ആർ.ഐ.ഡി.എഫ്. പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. നിലവിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി RIDF XIV മുതൽ XX വരെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഘട്ടങ്ങളിൽ ഉൾപ്പെടുന്ന 151 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിച്ചുവരികയും ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷം 12.63 കോടി രൂപ ചെലവഴിച്ച് 4879 ഹെക്ടർ ഭൂമിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതയുള്ള 500 ഹെക്ടർ പ്രദേശത്ത് 345 ലക്ഷം രൂപയുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് മുഖേന 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായി മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതി ആവശ്യാനുസരണം വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു. നാളിതുവരെ 225.1 ലക്ഷം രൂപ ചെലവഴിച്ച് 654 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്.

(സി) RIDF XXI-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി 76.45 കോടി രൂപയുടെ 43 പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 951 ലക്ഷം രൂപയുടെ പദ്ധതികൾ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. അടുത്ത ബഡ്ജറ്റിൽ തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

**സോയിൽ ഹെൽത്ത് കാർഡ്**

228 (1702) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് "സോയിൽ ഹെൽത്ത് കാർഡ്" നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധനാശാലകൾ വഴി സൗജന്യമായി മണ്ണ് സാമ്പിൾ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകിവരുന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമെ 2015-16-ൽ സോയിൽ ഹെൽത്ത്

കാർഡ് എന്ന കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം 63800 മണ്ണ് സാമ്പിളുകൾ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിച്ച് കർഷകർക്ക് നൽകുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന പദ്ധതി പ്രകാരം എല്ലാ കൃഷി ഭവനുകളിലൂടെയും കർഷകർക്ക് തികച്ചും സൗജന്യമായി അവരുടെ കൃഷിയിടത്തിലെ മണ്ണ് ലാബുകളിൽ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ കൃഷി ഭവൻ മുഖേന ലഭ്യമാക്കിവരുന്നുണ്ട്.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ്, കൃഷി വകുപ്പും മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പും ചേർന്ന് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ ലക്ഷ്യമായ 20,000 മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർ/ആത്മ പ്രോജക്ട് ഡയറക്ടർമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ കൃഷി വകുപ്പിന്റെ മണ്ണ് പരിശോധനാ ലാബുകൾ, കാർഷിക സർവ്വകലാശാല/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ CTCRI/CPCRI എന്നിവ വഴി പരിശോധിക്കുന്നതിനും മണ്ണു പരിപോഷണ കാർഡുകൾ കർഷകർക്ക് നൽകുന്നതിനുമുള്ള സജ്ജീകരണങ്ങളും നടത്തിയിട്ടുമുണ്ട്.

**സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ**

229 (1703) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർ ഹൗസിങ് കോർപ്പറേഷൻ ക്ലാസ്-ഫോർ ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനം നടത്താൻ കോർപ്പറേഷൻ പരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ;

(ബി) പരീക്ഷയും ഇന്റർവ്യൂവും കോർപ്പറേഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നോ നടത്തിയതെന്ന് അറിയിക്കുമോ;

(സി) പരീക്ഷയ്ക്കും ഇന്റർവ്യൂവിനും മാർക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇത് പി.എസ്.സി.-യിൽ അനുവർത്തിച്ചുവരുന്ന മാനദണ്ഡം തന്നെയായിരുന്നോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ കാരണമെന്താണ്;

(ഡി) ഈ നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) പരീക്ഷ നടത്തുവാൻ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇന്റർവ്യൂ കോർപ്പറേഷൻ നേരിട്ടാണ് നടത്തിയത്.

(സി) വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ല നടത്തുന്നത്. കോർപ്പറേഷന്റെ സ്റ്റാഫ് റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. അതനുസരിച്ച് കോർപ്പറേഷൻ ഭരണ സമിതിയാണ് മാർക്ക് സംബന്ധിച്ച മാനദണ്ഡം നിശ്ചയിച്ചത്.

(ഡി) നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാർഷിക സർവ്വകലാശാലയിൽ ഗവേഷണ കോപ്പിയടി**

230 (1704) ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഗവേഷണ കോപ്പിയടി നടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തൊക്കെ പരിശോധനകൾ നടത്തിയെന്നും, കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഉന്നത ശാസ്ത്ര വിദ്യാഭ്യാസരംഗത്ത് ഇത്തരം ആരോപണങ്ങൾ ഉയരുന്നത് ആശാസ്യമല്ലെന്നതിനാൽ പ്രസ്തുത വിഷയത്തിൽ വിശദ പരിശോധന നടത്തി, സംശയങ്ങൾ ദൂരീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രബന്ധ ചോരണം തടയുന്നതിനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ചു വരുന്നുണ്ട്.

**കാലിത്തീറ്റ വില**

231 (1705) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11-ൽ കേരളാഫീഡ്സ് ഉത്പാദിപ്പിച്ചിരുന്ന കാലിത്തീറ്റയുടെ വില എത്രയായിരുന്നുവെന്നും ഇപ്പോഴത്തെ വില എത്രയാണെന്നും വിശദമാക്കുമോ;

(ബി) മിൽമാ കാലിത്തീറ്റയുടെ 2011-ലെയും 2015-ലെയും വില എത്രയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2010-11-ൽ കേരള ഫീഡ്സ് ഉത്പാദിപ്പിച്ചിരുന്ന കാലിത്തീറ്റയുടെ വില 50 കിലോ ചാക്കൊന്നിന് 650 രൂപയും ഇപ്പോഴത്തെ വില 50 കിലോ ചാക്കൊന്നിന് 960 രൂപയും ആണ്.

(ബി) 2011-ൽ മിൽമ ഗോമതി പ്ലസ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 650 രൂപയും മിൽമ ഗോമതി സൂപ്പർ കാലിത്തിറ്റ 50 കിലോ ചാക്കൊന്നിന് 685 രൂപയും ആയിരുന്നു വില. 2015-ൽ മിൽമ ഗോമതി റിച്ച് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 960 രൂപയും മിൽമ ഗോമതി ബ്ലാക്ക് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 850 രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 1100 രൂപയും ആണ്.

**ഗോവർദ്ധിനി പദ്ധതി**

232 (1706) <u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശി

ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(ബി) 1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.

4. രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദന ശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.

6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.

7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക.

(സി) 2014-15 സാമ്പത്തിക വർഷം 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുന്നതിന് സാധിച്ചു. ഈ സാമ്പത്തിക വർഷം ഗോവർദ്ധിനിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി തുക ജില്ലകളിലേക്ക് കൈമാറിയിട്ടുണ്ട്. അപ്രകാരം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും ഈ വർഷം എൻറോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന 9,840 കന്നു കുട്ടികൾക്കും വേണ്ടി തുക വിനിയോഗിച്ച് വരുന്നു.

**തെരുവ് നായ്ക്കളുടെ സംരക്ഷണം**

233 (T*1707) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളെ സംരക്ഷിക്കുന്നതിന് കേന്ദ്ര മൃഗക്ഷേമ ബോർഡിൽ നിന്ന് മുഖ്യമന്ത്രിയ്ക്ക് നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര മൃഗ പ്രജനന നിയമത്തിലെ 7,8,9 വകുപ്പുകൾ അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിനും ജനസംരക്ഷണത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതനുസരിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ആനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് 2001-ന്റെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിനും ജനസംരക്ഷണത്തിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തെരുവുനായ്ക്കളുടെ വന്ധീകരണവും സംരക്ഷണവും**

234(1708) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ എത്ര തെരുവു നായ്ക്കളെ വന്ധീകരിച്ചു എന്ന ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) വന്ധീകരണം നടത്തിയാലും പേവിഷ ബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ തെരുവുനായ്ക്കളെ വന്ധീകരിച്ച് പുനരധിവസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ, വിശദമാക്കുമോ ;

(സി) തെരുവു നായ്ക്കളുടെ വന്ധീകരണത്തിന് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മൊബൈൽ ആശുപത്രികൾ നിലവിലുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന്

---

*'T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വ്യക്തമാക്കുമോ, ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇപ്രകാരമൊരു പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) ഇതിനായി മൊബൈൽ ആശുപത്രികൾ നിലവിലില്ല.

**കന്നുകാലി കടത്ത്**

235 (T*1709) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കന്നുകാലികളെ കടത്തുന്നതിനെ സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ തടഞ്ഞ പ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇതര സംസ്ഥാനത്തിൽ നിന്നും മാട്ടിറച്ചിക്കുവേണ്ടി കന്നുകാലികളെ കൊണ്ടുവരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ;

<u>ഉത്തരം</u>

(എ) സംസ്ഥാനത്തേക്ക് കന്നുകാലികളെ കടത്തുന്നതിന് സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ തടഞ്ഞതായി മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ നിന്നും ഇതേ വരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഇതര സംസ്ഥാനത്തിൽനിന്നും മാട്ടിറച്ചിക്കുവേണ്ടി കന്നുകാലികളെ കൊണ്ടുവരുന്നതിന് സർക്കാർ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. മൃഗസംരക്ഷണ വകുപ്പ് ചെക്ക്പോസ്റ്റുകളിൽ ഇവയെ പരിശോധിച്ച് ഫീസ് ഈടാക്കിയാണ് സംസ്ഥാനത്തേക്ക് കടത്തിവിടുന്നത്.

**ചാലക്കുടി മൃഗാശുപത്രി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

236 (1710) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്ത് ആവശ്യമായ സൗകര്യങ്ങളോടെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മൃഗാശുപത്രി വെറ്ററിനറി ആശുപത്രിയായി ഉയർത്തുമ്പോൾ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നാലും സാധ്യത വീണ്ടും പരിശോധിച്ചുവരികയാണ്.

## കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക്

237 (1711) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാസർഗോട് ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക് ഇല്ല എന്നത് പരിഗണിച്ച് ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## മാവേലിക്കരയിൽ കെപ്കോ റീട്ടെയിൽ ഷോപ്പ് ആരംഭിക്കുന്നതിനുള്ള നടപടി

238 (1712) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ഷോപ്പ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ നിലവിലുള്ള ഏകമാംസസംസ്കരണകേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പേട്ടയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കുന്ന "കെപ്കോ കോഴിയിറച്ചി" തിരുവനന്തപുരം ജില്ലയിൽ മാത്രമേ ഇപ്പോൾ വിതരണം ചെയ്യാൻ കഴിയുകയുള്ളു. ആയതിനാൽ അടിയന്തരമായി മാവേലിക്കരയിൽ കെപ്കോ ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ചില്ലറ വില്പന ശാഖ തുടങ്ങുന്നത് തത്ക്കാലം പ്രായോഗികമല്ല. മധ്യകേരളത്തിൽ പുതിയ മാംസസംസ്കരണ കേന്ദ്രം തുടങ്ങുന്ന മുറയ്ക്ക് മാത്രമേ മാവേലിക്കരയിൽ കെപ്കോ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

**പാഠപുസ്തക അച്ചടി**

239 (1713) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയാത്തതിനു കാരണം അച്ചടി വകുപ്പിന്റെ വീഴ്ചയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം വീഴ്ച സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) അച്ചടി വകുപ്പിന്റെ വീഴ്ച കാരണമല്ല ഇപ്രകാരം സംഭവിച്ചതെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നുണ്ടോ;

(ഇ) എങ്കിൽ നടപ്പ് അധ്യയനവർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സ്കൂളുകളിൽ എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് പറയുമോ?

<u>ഉത്തരം</u>

(എ-സി) 2015-ലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ.ഉ. (സാധാ) നമ്പർ 4920/14/പൊവിവ നമ്പർ 11-11-2014-ലെ ഉത്തരവു പ്രകാരം ലഭ്യമാകുകയും തുടർന്ന് ദർഘാസ് നടപടികൾ പൂർത്തിയാക്കി ഡിപിസി ശിപാർശ പ്രകാരം പേപ്പർ പർച്ചേസിനുള്ള ഉത്തരവ് 24-1-2015-ലെ സ.ഉ. (സാധാ) നമ്പർ 150/2015/ഉവിവ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിതരണ

ഉത്തരവുകൾ 28-1-2015-ന് നൽകുകയും 9-2-2015 മുതൽ കെ.ബി.പി.എസ്-ന് അച്ചടിക്കുള്ള പേപ്പറും ബോർഡുകളും കരാറുകാർ വിതരണം ആരംഭിക്കുകയും ചെയ്തു. പേപ്പർ ലഭ്യമാക്കിയതിനുശേഷം ഫെബ്രുവരി അവസാന ആഴ്ചയിൽ പാഠപുസ്തക അച്ചടി ആരംഭിച്ചു.

2015-16 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകഅച്ചടിക്കായി ഒന്നാംഘട്ടത്തിൽ ഏകദേശം രണ്ടുകോടി മുപ്പത്തി മൂന്നുലക്ഷവും രണ്ടാം ഘട്ടത്തിൽ ഏകദേശം ഒരു കോടി 26 ലക്ഷവും പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരവ് 28-10-2014-ലെ എ 2-1633/2014 റ്റിബിഒ നം.ടെന്റേറ്റീവ് പ്രിന്റ് ഓർഡർ പ്രകാരം വിദ്യഭ്യാസ വകുപ്പിൽനിന്നും കെ.ബി.പി.എസ്.-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ് ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എന്നാൽ ഒന്നാം ഘട്ടത്തിൽ 15-5-2015-നകം അച്ചടി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്.-ൽ നിന്നും അറിയിച്ചതിനെ തുടർന്ന് 60 ലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ അച്ചടിവകുപ്പിന് നിർദ്ദേശം നൽകുകയും 15-6-2015-നുള്ളിൽ 12 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിവകുപ്പ് അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 10 ലക്ഷം പുസ്തകങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും ബാക്കി പുസ്തകങ്ങൾ മുഴുവനും കെ.ബി.പി.എസ്.-ൽ അച്ചടിക്കുകയും ഒന്നാം വാല്യം പാഠപുസ്തകങ്ങൾ 20-7-2015-ൽ വിതരണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം വാല്യം പുസ്തകങ്ങൾ കെ.ബി.പി.എസ്.ൽ തന്നെ 25-10-2015-നകം അച്ചടിച്ച് പൂർത്തിയാക്കി 30-10-2015-നകം ഇൻഡന്റ് പ്രകാരമുള്ള വിതരണം ക്രമീകരിച്ചിരുന്നു. ഇൻഡന്റിന്റെ അപാകതയും മറ്റും പരിശോധിച്ച് 7-11-2015-നകം മുഴുവൻ സൊസൈറ്റികളിലേക്കുമുള്ള പുസ്തകങ്ങൾ നൽകി കഴിഞ്ഞു.

(ഡി) 2015-16 അദ്ധ്യയന വർഷം 60,38,200 ഒന്നാംവാല്യം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി സർക്കാർ പ്രസ്സുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൽ 12 ലക്ഷത്തോളം പാഠപുസ്തകങ്ങൾ 15-6-2015-ൽ സർക്കാർ പ്രസ്സ് അച്ചടിച്ച് നൽകിയിട്ടുണ്ട്.

(ഇ) 2015-16 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ഒന്നാംഘട്ടത്തിൽ പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിച്ച് 20-7-2015-ന് വിതരണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ 7-11-2015-ൽ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് പ്രസ്സ്

240 (1714) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ ഇതുവരെ ഗവ.പ്രസ്സ് സ്ഥാപിക്കാത്തത് എന്തുകൊണ്ട്; ഈ പോരായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ പ്രിന്റിംഗ് പ്രസ്സിന്റെ അഭാവത്തിൽ കാസർഗോഡ് ജില്ലയ്ക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ എവിടെയാണ് ചെയ്യുന്നത്;

(സി) മറ്റു ജില്ലകളിലെ പ്രസ്സിൽ കാസർഗോട് ജില്ലയ്ക്ക് വേണ്ടിയുള്ള പ്രിന്റിംഗ് ജോലികൾ ചെയ്യേണ്ടി വരുന്നതുമൂലമുള്ള അധിക ചിലവും കാലതാമസവും ഒഴിവാക്കാൻ കാസർഗോഡ് ഒരു പ്രസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പ്രസ്സ് ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രിന്റിംഗ് ജോലികളുടെ മുൻഗണനാക്രമം അനുസരിച്ച് വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടി ജോലികൾ ചെയ്തുവരുന്നു.

(സി) പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

**കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്**

241 (1715) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിനു കീഴിൽ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വികേന്ദ്രീകൃതാസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശ ലക്ഷ്യത്തോടു കൂടി നടപ്പിലാക്കി വരുന്ന പ്രോജക്ടാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്.

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഭരണപരവും നയപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ പരിശീലനങ്ങൾ നൽകുന്നത് കിലയും, എസ്.ഐ.ആർ.ഡി.-യുമാണ്. തദ്ദേശതലത്തിലുള്ള വിവര ശേഖരണം, സർവ്വേ, വിവിധ പഠനങ്ങൾ എന്നിവ നടത്തുന്നതിനും അവ പൊതുജനങ്ങൾക്ക് ലഭ്യമായ രീതിയിൽ വിന്യസിക്കുന്നതിനും വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സസിൽ സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് ഐ.കെ.എം.-ന്റെയും ഓഡിറ്റിംഗിനു വേണ്ടി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## വീടിന് പെർമിറ്റ് ലഭിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയിലേക്ക് നൽകിയ അപേക്ഷകൾ

242 (1716) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് CRZ നിയമം പ്രകാരം വീടിന് പെർമിറ്റ് ലഭിക്കുന്നതിന് തീരദ്ദേശ പരിപാലന അതോറിറ്റിയിലേക്ക് അപേക്ഷ നൽകിയ എത്ര കേസുകൾ തീർപ്പാവാതെ നിൽക്കുന്നുണ്ടെന്നും ബന്ധപ്പെട്ട അപേക്ഷകളുടെ വിശദാംശം (അപേക്ഷകന്റെ പേര്, വിലാസം, പഞ്ചായത്തിൽ നിന്നും തീരദ്ദേശ പരിപാലന അതോറിറ്റിയിലേക്ക് അയച്ച ഫയൽ നമ്പർ, തീയതി മുതലായവ) പഞ്ചായത്ത് തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും തീരദേശ പരിപാലന അതോറിറ്റിയിലേക്ക് അപേക്ഷ നൽകിയതിൽ 76 അപേക്ഷകൾ തീർപ്പാകാതെ നിൽക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാച്ചിംഗ് ഗ്രാന്റ്**

243 (1717) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിന്റെ 15 ശതമാനത്തിലധികം കാർഷിക വികസന പരിപാടികൾക്ക് ചെലവഴിക്കുന്ന പക്ഷം പതിനഞ്ചു ശതമാനത്തിലധികമായി ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിനു തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി സർക്കാർ നൽകുന്നതായിരിക്കും എന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല. ഈ വിഷയം പരിശോധിച്ചുവരുന്നു.

**ഗ്രാമസഭകൾ**

244 (1718) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പഞ്ചായത്തു സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ ഗ്രാമസഭകൾ ഫലപ്രദവും പങ്കാളിത്തമുള്ളവയുമാക്കി തീർക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകളുടെ വിശദാംശം ഉത്തരവുകൾ സഹിതം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമസഭകൾ ഫലപ്രദവും പങ്കാളിത്തമുള്ളവയുമാക്കി തീർക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അയൽസഭ/വാർഡ് വികസന സമിതികളെ ശക്തിപ്പെടുത്തുന്നതിനായി മാർഗ്ഗ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതും, യോഗം ചേരുന്ന വിവരം ഒരു പൊതുനോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ലാപഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും (ഗ്രാമസഭയുടെ കൺവീനർ) ക്ഷണിക്കേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം കൺവീനർ പതിനഞ്ചു ദിവസത്തിനകം വിളിച്ചുകൂട്ടേണ്ടതാണ്. എന്നിരുന്നാലും അപ്രകാരമുള്ള പ്രത്യേക യോഗം വിളിച്ചുകൂട്ടുന്നത് രണ്ട് സാധാരണ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രം ആയിരിക്കേണ്ടതാണ്.

**ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക**

245 (1719) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച മൊത്തം തുകയും വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനകം ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന മൊത്തം തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന മൊത്തം തുക 32,81,44,17,787 രൂപയാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക**

246 (1720) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചു;അതിൽ എത്ര തുക ചെലവഴിച്ചു;വർഷം തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഗ്രാമപഞ്ചായത്തംഗങ്ങളുടെ ഓണറേറിയം**

247 (1721) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തംഗങ്ങൾ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകുമോ ; മുൻ അംഗങ്ങൾക്കു പെൻഷൻ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മുൻ അംഗങ്ങൾക്കുള്ള പെൻഷൻ ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**'ശുചിത്വ ഗ്രാമം' പദ്ധതി**

248 (1722) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ശുചിത്വ ഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ 'ശുചിത്വ ഗ്രാമം' പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു :

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.
2. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അംഗീകാരം നൽകുക.
3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.

ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധിയും ഗാർഹിക വികേന്ദ്രീകൃത പൊതു സംവിധാനങ്ങളിലൂടെ സംസ്കരിക്കുകയും അതിലൂടെ വൃത്തിയുള്ള ഗ്രാമങ്ങൾ സൃഷ്ടിക്കുക ഇതിനായി ജനങ്ങളുടെ സഹകരണം ഉറപ്പാക്കി അവർ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മനോഭാവം രൂപീകരിക്കുക എന്നതാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു :

1. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ പൊതു ഖരമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുക, നിലവിലുള്ള പൊതു സംവിധാനങ്ങളുടെ അറ്റകുറ്റ പണി നടത്തി മാലിന്യ പരിപാലനം ഉറപ്പാക്കുക.
2. കമ്മ്യൂണിറ്റി തലത്തിലും സ്ഥാപന തലത്തിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.
3. ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച്

പരമാവധി അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക. ഇതിലൂടെ പൊതു സ്ഥലത്തെത്തുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക.

4. ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മിച്ചു നൽകാൻ സഹായം നൽകുക.

5. അറവുശാല നിർമ്മാണം അഥവാ നവീകരണം

6. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി

7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക

8. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്ക് വിവരം ലഭ്യമാക്കുകയും പഞ്ചായത്തുകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകുകയും പ്രോജക്ടിന് സാമ്പത്തിക സഹായം (അംഗീകൃത സർക്കാർ വിഹിതം) നൽകിവരുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായും ഗ്രാമപഞ്ചായത്തുകൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസുകൾ, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, ഖരമാലിന്യ പരിപാലനം എന്നിവയ്ക്കുള്ള സഹായവും നൽകിവരുന്നുണ്ട്.

**എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി**

249 (1723) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുനക്കര, നൂറനാട് പഞ്ചായത്തുകളിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) നൂറനാട് മുക്കാട് തോടിൽ പാലം നിർമ്മിക്കുന്നതിന്എം. എൽ. എ - എ. ഡി. എസ്. -ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തികൾക്കായി മണ്ണ് പരിശോധന നടത്തി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ലഭിച്ചാലുടൻതന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്.

(ഡി) സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് കൈമാറിയിട്ടുണ്ട്.

**ദ്രവ-ഖര മാലിന്യ സംസ്കരണ പദ്ധതി**

250 (1724) <u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസന്നൻസ് എക്കോ ബയോ സിസ്റ്റം (ദ്രവ-ഖരമാലിന്യ-സംസ്കരണ പദ്ധതി) നടപ്പിലാക്കുന്നതിന് 3-10-2013-ന് സെക്രട്ടറിതല മീറ്റിംഗ് നടത്തിയതിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മീറ്റിംഗിന്റെ തീരുമാന പ്രകാരം ശുചിത്വ മിഷൻ ഏതെല്ലാം സംസ്കരണ പ്ലാന്റുകൾ സന്ദർശിച്ചതിന് ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ;

(സി) പ്രസ്തുത സംസ്കരണ പദ്ധതി വിജയകരമായ രീതിയിൽ പ്രവർത്തിപ്പിച്ചു വരുന്ന വിവരം ശുചിത്വ മിഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) 3-10-2013-ന് കൂടിയ സെക്രട്ടറിതല മീറ്റിംഗിന്റെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത മീറ്റിംഗിന്റെയടിസ്ഥാനത്തിൽ 11-10-2013-ൽ ശ്രീ. പ്രസന്നകുമാറിന്

സർക്കാർ നൽകിയ കത്തിന്റെ പകർപ്പ് ശുചിത്വമിഷനിൽ ലഭ്യമായിട്ടുണ്ട്. ടി കത്തിൽ പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ശുചിത്വമിഷനിലും ഗവൺമെന്റിലും സമർപ്പിക്കുവാൻ ശ്രീ. പ്രസന്നകുമാറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ നിന്നും കുറച്ച് യൂണിറ്റുകൾ സെലക്ട് ചെയ്ത് ആയതിന്റെ കാര്യക്ഷമത പരിശോധിച്ച് ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തി റിപ്പോർട്ട് നൽകാനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. പ്രസന്നകുമാർ നൽകിയ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പൂർണ്ണമായും ഉൾപ്പെടുത്തിയിരുന്നില്ല. ആയത് 28-10-2013-ലെ കത്ത് പ്രകാരം സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടി സിസ്റ്റം പരിശോധിക്കാൻ ശുചിത്വമിഷന് കഴിഞ്ഞിട്ടില്ല. തുടർന്ന് 10-6-2015-ൽ ശുചിത്വമിഷനിൽ കൂടിയ സാങ്കേതിക സമിതി ടി പ്രൊപ്പോസൽ പരിശോധിക്കുകയും ശ്രീ. പ്രസന്നകുമാറിൽ നിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഇക്കോ ബയോ സിസ്റ്റത്തിന്റെയടിസ്ഥാനത്തിൽ ശാസ്ത്രീയ തെളിവുകൾ, എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയുടെ വിശദാംശങ്ങൾ ഒന്നും വ്യക്തമാക്കുവാൻ ടിയാന് കഴിഞ്ഞിരുന്നില്ല. ടി സമിതിയുടെ തീരുമാനപ്രകാരം ശ്രീ. പ്രസന്നകുമാറോ ടി സിസ്റ്റം വ്യക്തമായി അറിയാവുന്ന മറ്റൊരാളോ ശുചിത്വമിഷൻ നിശ്ചയിക്കുന്ന സാങ്കേതിക സമിതി മുമ്പാകെ ആയതിനുള്ള ശാസ്ത്രീയമായ തെളിവുകൾ സഹിതം വിവരണം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

(സി) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റം ചില സ്ഥലങ്ങളിൽ നടപ്പിലാക്കിയതായി ശ്രീ. പ്രസന്നകുമാർ ലിസ്റ്റ് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ കാര്യക്ഷമത ശുചിത്വമിഷൻ നേരിട്ട് വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ശുചിത്വ മിഷനിൽ ലഭ്യമാക്കിയിട്ടില്ല.

## പുതിയ മുനിസിപ്പാലിറ്റികളാക്കിയ പഞ്ചായത്തുകളിലെ ജീവനക്കാരുടെ പുനർ നിയമനം

251 (1725) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ച അവസരത്തിൽ നിലവിൽ പഞ്ചായ ത്തുകളിൽ ഉണ്ടായിരുന്ന ജിവനക്കാരുടെ പുനർനിയമനം സംബന്ധിച്ച് എന്തെങ്കിലും

നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളും മുനിസിപ്പാലിറ്റികളുമായി ലയിപ്പിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുതൽ ക്ലാർക്കുവരെയുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽനിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരെ പഞ്ചായത്ത് വകുപ്പിൽത്തന്നെ നിലനിർത്തുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മണ്ഡല ആസ്തി വികസന പദ്ധതി

252 (1726) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ചെയ്യുന്ന ഗ്രാമീണ റോഡുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് തദ്ദേശസ്വയം ഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പിന് പണം നൽകാനുള്ളത്; പണം നൽകാൻ ആവശ്യപ്പെട്ട് എന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ കത്തുകൾ ലഭിച്ചത് ; ഇതുവരെയും പണം നൽകാത്തതിന് കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ആസ്തി വികസന ഫണ്ട് വിനിയോഗം - ഉത്തരവുകൾ വൈകാതിരിക്കാൻ നടപടി

253 (1727) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിന് മാസങ്ങൾ മാത്രം അവശേഷിക്കുന്നതിനാൽ മണ്ഡലങ്ങളിലെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ജോലികളുടെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ഭരണാനുമതി എത്രയും വേഗം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുമോ;

(ബി) ആസ്തി വികസന പദ്ധതിയിൽ പെടുത്തി എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ജോലികളുടെ എസ്റ്റിമേറ്റും പ്ലാനും മറ്റ് റിക്കാർഡുകളും സെക്രട്ടേറിയറ്റിലെത്തിയാൽ ഇത് സംബന്ധിച്ച ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഏതെല്ലാം സെക്ഷനുകളിലേക്കും സീറ്റുകളിലേക്കും എന്ന് കൈമാറ്റം ചെയ്യുവെന്നും അത് എന്നാണ് മുകളിലേക്ക് സമർപ്പിക്കപ്പെട്ടത് എന്നും താമസംവിനാ അറിയാൻ സംവിധാനം ഒരുക്കുമോ?

<u>ഉത്തരം</u>

(എ) ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ധനാനുമതി ലഭ്യമായവയ്ക്ക് ഭരണാനുമതി നൽകി ഉത്തരവുകൾ കാലതാമസം കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ചുവരുന്നുണ്ട്.

(ബി) എം.എൽ.എ.-മാർ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികളും അവയിൽ സ്വീകരിക്കുന്ന തുടർനടപടികളും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന തരത്തിൽ ഒരു സോഫ്റ്റ്‌വെയർ സംവിധാനം രൂപപ്പെടുത്തി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഉത്തരവുകൾ**

254 (1728) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് ഏതൊക്കെ ഉത്തരവുകളാണ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പല പഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി യിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കൂടുതലായി ഈടാക്കിയ നികുതിസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ്

ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011/തസ്വഭവ പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു. പ്രസ്തുത ചട്ടങ്ങൾക്കുള്ള ഭേദഗതി ചട്ടങ്ങൾ 13-3-2013-ലെ സ.ഉ.(അ) നമ്പർ 88/2013/തസ്വഭവ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. 4-6-2013-ലെ സ.ഉ.(എംഎസ്.) 210/13/തസ്വഭവ നമ്പർ പ്രകാരം ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഏറ്റവും ഒടുവിൽ 27-4-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 144/15/ തസ്വഭവ പ്രകാരം വസ്തുനികുതി പിരിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ കൂടി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ബി) പല ഗ്രാമപഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 27-4-2015-ലെ സ.ഉ.(എംഎസ്.) 144/15/തസ്വഭവ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് പുതിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമല്ല. അവർക്ക് 1-4-2013-ന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി തന്നെ നൽകിയാൽ മതിയാകുന്നതാണ്. അവരിൽനിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ**

255 (1729) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം പഞ്ചായത്തുകളിൽ വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിൽ നിലവിൽ എത്ര എണ്ണം തീർപ്പാവാതെ ശേഷിക്കുന്നുണ്ട് ; ആയത് വിഭാഗം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ പെൻഷൻ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ**

256 (1730) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അർഹതപ്പെട്ട എത്ര പഞ്ചായത്തുകൾക്ക് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാനുണ്ട്; തസ്തിക അനുവദിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വാഹനമുള്ള എത്ര പഞ്ചായത്തുകളിൽ താൽക്കാലിക ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര പഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവർ തസ്തിക അനുവദിച്ച് പി.എസ്.സി. വഴി നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) മുഴുവൻ പഞ്ചായത്തുകളിലും സ്ഥിരം ഡ്രൈവർ തസ്തിക അനുവദിച്ച് പി.എസ്.സി. വഴി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ഇത്

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്ന് കണ്ട് ആയത് നിരസിക്കുകയുമുണ്ടായി.

(സി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 64 |
| കൊല്ലം | 64 |
| പത്തനംതിട്ട | 31 |
| ആലപ്പുഴ | 31 |
| കോട്ടയം | 26 |
| ഇടുക്കി | 70 |
| എറണാകുളം | 81 |
| തൃശ്ശൂർ | 22 |
| പാലക്കാട് | 67 |
| മലപ്പുറം | 30 |
| കോഴിക്കോട് | 84 |
| വയനാട് | 6 |
| കണ്ണൂർ | 71 |
| കാസർഗോഡ് | 32 |
| ആകെ | 679 |

(ഡി) 132 പഞ്ചായത്തുകൾക്ക്.

(ഇ) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നത്**

257 (1731) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 60 വയസ്സിനു മുകളിലുള്ളവരും, സർക്കാരിന്റെ യാതൊരു വിധ പെൻഷൻ ആനുകൂല്യവും ലഭിക്കാത്തവരുമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നത് സംബന്ധിച്ച്**

258 (1732) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇനിമുതൽ അംഗത്വ ഫീസും വരിസംഖ്യയും ഇൻഫർമേഷൻ കേരളാ മിഷന് (ഐ.കെ.എം.) നൽകണം എന്ന ഉത്തരവ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നു മുതലാണ് ഉത്തരവ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അംഗത്വ ഫീസ് കുറവ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വാർഷിക വരിസംഖ്യ സംബന്ധിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത്-3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്-5 ലക്ഷം രൂപ, ജില്ലാപഞ്ചായത്ത്-15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ-20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും ഒരു രൂപ എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് 27-6-2015-ലെ സ.ഉ. (സാധാ) നമ്പർ 1952/2015/ തസ്വഭവ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ**

259 (1733) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന തവനൂർ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് എന്നും പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന തവനൂർ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും ഇതുവരെ 23 പ്രവൃത്തികൾക്കായി 5,66,00,000 (അഞ്ച് കോടി അറുപത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളൊന്നും ഇതുവരെ പൂർത്തിയായിട്ടില്ല. പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി

ചേർക്കുന്നു*.

**ത്രിതല പഞ്ചായത്തുകൾ**

260 (1734) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യത്തിന് <u>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u> സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം**

261 (1735) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് <u>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u> സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് ഏതെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവറുടെയും സെക്യൂരിറ്റി ഗാർഡിന്റെയും തസ്തികകൾ സൃഷ്ടിച്ച് നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും, അർഹതപ്പെട്ട എല്ലാപേർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. 941 ഗ്രാമ പഞ്ചായത്തുകളിലെയും അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യ' സോഫ്റ്റ്‌വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്‌വെയർ വഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ 'സേവന (സിവിൽ രജിസ്ട്രേഷൻ)' എന്ന സോഫ്റ്റ്‌വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 'സേവന (പെൻഷൻ)' എന്ന സോഫ്റ്റ്‌വെയറിലൂടെയും ചെയ്തുവരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിത ഗതിയിൽ പൂർത്തിയായിവരുന്നു. വസ്തുനികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' എന്ന സോഫ്റ്റ്‌വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്.

3. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങളും വനിതാ ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്നതിനും കമ്പ്യൂട്ടർവത്ക്കരണം, സേവനാവകാശ നിയമം എന്നിവയിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

4. ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ സംവിധാനവും, അക്കൗണ്ടിംഗ് സമ്പ്രദായവും, ഇ-ടെണ്ടർ, ഇ-ഫയലിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമിതരഹിതമാക്കുന്നതിന് ശക്തമായ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 941 ഗ്രാമപഞ്ചായത്തുകളിൽ 258 ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സെക്യൂരിറ്റി ഗാർഡുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഗ്രാമപഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയാണ് നടപ്പിലാക്കുന്നത്.

**ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി**

262 (1736) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റേയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമാണ് പഞ്ചവത്സര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി 16-11-2013-ൽ സ.ഉ.(എം.എസ്.) നമ്പർ 362/2013/തസ്വഭവ നമ്പരായി പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**ശുചിത്വ കേരളം പദ്ധതി**

263 (T* 1737) <u>ശ്രീ. ആർ. സെൽവരാജ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം
2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പുനരുദ്ധാരണം
4. അറവുശാല നിർമ്മാണം അഥവാ നവീകരണം
5. അറവുശാല മാലിന്യ സംസ്കരണം
6. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
7. മാതൃകാ സെപ്റ്റേജ് മാനേജ്മെന്റ് പരിപാടി
8. പൊതു ശുചിത്വ കോംപ്ലക്സ്
9. മാലിന്യമുക്ത കേരളം പ്രചാരണം, വിവര വിജ്ഞാന വ്യാപനം
10. മാലിന്യ മുക്ത കേരളം അവാർഡ്
11. പഠന-വിവരണ ശേഖരണ പ്രവർത്തനം

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

12. പങ്കാളികൾക്കുള്ള ശേഷീ വികസന പരിപാടി

(സി) വിവരം ശേഖരിച്ചുവരുന്നു.

**പ്രവാസി കേരളീയർക്ക് സമ്മതിദാനം**

264 (1738) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ (1950-ലെ 43-ാം കേന്ദ്ര ആക്ട്) 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ അവകാശം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ട് വന്ന് വോട്ടു ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരുന്നു.

(ബി) ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഏതൊരു ഭാരതപൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ കഴിയും.

(സി) 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലേയ്ക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 (എ) വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിൽ 77 (എ) വകുപ്പും കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിട്ടുണ്ട്. ആക്ടിലെ ഭേദഗതിക്കനുസൃതമായി മേൽ വിഷയം സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ ചേർത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് ഇപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ വോട്ടർപട്ടിക തയ്യാറാക്കുകയും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

## വാർഡ് മെമ്പർമാർക്ക് സഹായികൾ

265 (1739) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകളിൽ വാർഡ് മെമ്പർമാർക്ക് സഹായികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ സഹകരിപ്പിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഉള്ളേരി ഗ്രാമപഞ്ചായത്തിൽ ക്രിമറ്റോറിയം

266 (1740) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ളേരി ഗ്രാമപഞ്ചായത്തിൽ പ്രശാന്തി ഗാർഡൻസ് എന്ന പേരിൽ ഒരു ആധുനിക ക്രിമറ്റോറിയം നിർമ്മിക്കുന്നതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ പുരോഗതി അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ പരിഗണിച്ചു വരികയാണ്.

**മലപ്പുറം ജില്ലയിലെ കുടിവെള്ളക്ഷാമം**

267 (1741) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നെച്ചിക്കുത്ത് പറമ്പ, കരിഞ്ചപാടി, താഴെകുളമ്പ എന്നീ പ്രദേശങ്ങൾ ഉൾകൊള്ളുന്ന 5- ാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, കുറുവ പഞ്ചായത്ത് മുഖേന ഏതെങ്കിലും പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം എന്നും ഏത് നിർമ്മാണ ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2013-14 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് അതിന്റെ സംയുക്ത പ്രോജക്ടായി 9.5 ലക്ഷം രൂപയുടെ വറ്റല്ലൂർ താഴെക്കുളമ്പ് കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഗുണഭോക്തൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്കായി ഗുണഭോക്തൃസമിതി കൺവീനറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

**കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ള ചെറുകിട വ്യവസായങ്ങൾക്കുള്ള ലൈസൻസ്**

268 (1742) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കാത്തതും പരിസര മലിനീകരണമുണ്ടാക്കാത്തതും കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ളതുമായ ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി വിഭാഗങ്ങളുടെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്ത വിധം കൃഷി അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉദാരമാക്കുമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിൽ വ്യാപാരം, വ്യവസായം, കച്ചവടം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ്. ഇതിൽ ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ് നൽകുന്നതിന് മുമ്പ് ആരോഗ്യ വകുപ്പിന് റഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ജലത്തിന്റെയും അമ്ലങ്ങളുടെയും ക്ഷാരങ്ങളുടെയും ഹീറ്റ് ട്രീറ്റ്മെന്റിന്റെയും ഉപയോഗം അന്തർഭവിച്ചിട്ടുള്ളതായ വിഷയങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ആവശ്യമാണ്.

മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233-ാം വകുപ്പിന്റെ ബി (എച്ച്) ഉപവകുപ്പിൽ ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കാർഷിക ആവശ്യത്തിന് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടും അല്ലാതെയും

പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള ഉൽപ്പാദന യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 231 (ബി) വകുപ്പിന്റെ (ബി) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് നിലവിൽ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ല. [കേരള പഞ്ചായത്ത് രാജ് ആക്ട് 233 ബി (എച്ച്)].

**വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം**

269 (1743) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങൂർ ഗവ.ഐ.ടി.ഐ.യ്ക്ക് ഗ്രാമപഞ്ചായത്തു വക സ്ഥലം വിട്ടു നൽകണമെന്ന ആവശ്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ ആർ.സി.4/508 നമ്പർ ഫയൽ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തദ്ദേശ ഭരണ കമ്മീഷന്റെ അനുവാദം കിട്ടിയിട്ടും ഉത്തരവ് ഇറങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ-ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2-12-2015-ലെ സ.ഉ.(സാധാ) നമ്പർ 3602/2015/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.യുടെ പ്രവർത്തനത്തിനായി വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 69 ആർ 20 ച.മീ. സ്ഥലം വിട്ടുനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഖരമാലിന്യ നിർമ്മാർജ്ജനം**

270 (1744) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഖരമാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അറവുശാലകളിലെ അവശിഷ്ടം ഉൾപ്പെടെയുള്ള ഖരമാലിന്യം പൊതുവഴിയിൽ തള്ളുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം, വികേന്ദ്രീകൃത മാലിന്യ പരിപാലനം, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം, കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ പ്രോത്സാഹനം, അനുയോജ്യമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ബി) ഖരമാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് :

1. <u>സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതികൾ</u>

i. നഗര പ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ

(എ) ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

(ബി) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം

(സി) സാനിട്ടറി ലാന്റ് ഫില്ലുകളുടെ നിർമ്മാണം

(ഡി) കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ

(ഇ) പൊതുസ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ

(എഫ്) വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ശേഷി വികസനം, ഗവേഷണ പ്രവർത്തനം, വർക്ക് ഷോപ്പ്

(ജി) ദ്രവമാലിന്യ പരിപാലനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും

(എച്ച്) പ്രീ- മൺസൂൺ ക്ലീനിംഗ് ക്യാംപെയിൻ

(ഐ) ഉറവിട മാലിന്യ സംസ്കരണം

ii. ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ

(എ) ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

(ബി) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം

(സി) സാനിട്ടറി ലാന്റ് ഫില്ലുകളുടെ നിർമ്മാണം.

(ഡി) കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ

(ഇ) വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ശേഷിവികസനം, ഗവേഷണ പ്രവർത്തനം, വർക്ക് ഷോപ്പ്

(എഫ്) ദ്രവമാലിന്യ പരിപാലനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും

(ജി) ഉറവിട മാലിന്യ സംസ്കരണം

(എച്ച്) പ്രീ-മൺസൂൺ ക്ലീനിംഗ് ക്യാംപെയിൻ

(2) കേന്ദ്രാവിഷ്കൃത പദ്ധതികൾ :

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ഛ് ഭാരത് മിഷൻ (നഗരം)

(സി) വിവരം ശേഖരിച്ചുവരുന്നു.

**റദ്ദാക്കിയ പുതിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും**

271 (1745) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 69 പുതിയ പഞ്ചായത്തുകൾക്ക് രൂപം നൽകിയതും, തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷൻ വിഭജിച്ച് മുനിസിപ്പാലിറ്റികൾക്ക രൂപം നൽകിയതും റദ്ദാക്കിയ കേരള ഹൈക്കോടതി വിധികൾക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് ഏത് തലത്തിലായിരുന്നു ; ഇതിനായി നിയമോപദേശം തേടുകയുണ്ടായോ ; നിയമോപദേശം എന്തായിരുന്നു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നത്തിൽ മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുക്കുകയുണ്ടായി ; പ്രസ്തുത യോഗത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട് എന്തായിരുന്നു ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ റദ്ദ് ചെയ്ത കേരള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് സർക്കാർ തലത്തിലായിരുന്നു. ടി വിഷയത്തിന്മേൽ നിയമോപദേശം തേടിയിട്ടില്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പിലെ മന്ത്രിമാർ, പൊതുമരാമത്ത്, ഐ.റ്റി. വകുപ്പ് മന്ത്രിമാർ, ഇലക്ഷൻ കമ്മീഷൻ, ഡീലിമിറ്റേഷൻ കമ്മീഷൻ അംഗങ്ങൾ മുതലായവർ പങ്കെടുത്തു. പ്രത്യേക മിനിട്സ് സൂക്ഷിച്ചിട്ടില്ല.

**കുടുംബശ്രീ സംവിധാനം**

272 (1746) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. കെ. രാജു</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംവിധാനം തകർച്ചയെ നേരിടുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പഞ്ചായത്ത് സി.ഡി.എസ്സുകൾക്ക് നൽകാറുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് കുടിശ്ശികയുണ്ടോ, എങ്കിൽ പ്രസ്തുത ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) അയൽക്കൂട്ടങ്ങൾ മുഖേന നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും കുടിശ്ശികയുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ എത്ര കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കുടുംബശ്രീ മുഖേന എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചു; സംരംഭങ്ങളുടെ സബ്സിഡി തീർപ്പു കൽപ്പിക്കുന്നതിനുള്ള അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 5,32,12,000 (അഞ്ചുകോടി മുപ്പത്തിരണ്ട് ലക്ഷത്തി പന്ത്രണ്ടായിരം മാത്രം) രൂപയും അയൽക്കൂട്ട പലിശ സബ്സിഡി ഇനത്തിൽ 6,86,71,308 (ആറുകോടി എൺപത്തിയാറ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റിഎട്ട്) രൂപയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പലിശ സബ്സിഡി ഇനത്തിൽ 4,60,45,700 (നാല് കോടി അറുപത് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എഴുന്നൂറ്) രൂപയും കുടിശ്ശികയുണ്ട്.

(ഡി) കഴിഞ്ഞ ഒരു സാമ്പത്തിക വർഷത്തിനിടയിൽ (2014-15) കുടുംബശ്രീ ആർ.എം.ഇ. മുഖേന 890 സംരംഭങ്ങളും യുവശ്രീ മുഖേന 177 സംരംഭങ്ങളും ആരംഭിക്കുവാനായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡിക്കുള്ള അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

**താമരക്കുളം ആയുർവ്വേദ ആശുപത്രി നിർമ്മാണം**

273 (1747) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരക്കുളം ആയുർവേദ ആശുപത്രിയ്ക്ക് എം. എൽ. എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിഭാഗം ടെൻഡർ ചെയ്തെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നാളിതുവരെ കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ കരാറുകാരന് അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. തടസ്സങ്ങൾ ഒഴിവാക്കി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റ്**

274 (1748) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയിലെ കാറ്ററിംഗ് യൂണിറ്റുകൾക്ക് പരിശീലനം നൽകുന്ന 'ഐഫ്രം' എന്ന സ്ഥാപനത്തിന് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും കോട്ടയത്ത് നടന്ന 10 ദിവസത്തെ ഭക്ഷ്യ മേളയ്ക്ക് മേൽനോട്ടം വഹിച്ചതിന് എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

കുടുംബശ്രീയുടെ ക്യാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഏജൻസിയായ 'ഐഫ്രം' എന്ന സ്ഥാപനത്തിന് നാളിതുവരെ പരിശീലനത്തിനും ഭക്ഷ്യമേളകളുടെ സംഘാടനത്തിനുമായി 2,06,34,829 രൂപ നൽകിയിട്ടുണ്ട്. 2014 ഏപ്രിൽ 25 മുതൽ മേയ് 6 വരെ കോട്ടയത്തുനടന്ന വനിതാ മാക്സ് ഫെസ്റ്റിന് മേൽനോട്ടം വഹിച്ചതിന് ഐഫ്രത്തിന് 1,12,181 രൂപ നൽകിയിട്ടുണ്ട്.

**ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനം**

275 (1749) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ കുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിലെ കാനാറയിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുവാൻ തീരുമാനിച്ച ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ;

(സി) ശ്മശാന നിർമ്മാണത്തിന് തടസ്സമെന്തെങ്കിലുമുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ വർക്കിനുള്ള ടെണ്ടർ അംഗീകരിച്ച് കരാർ വച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് ഒരു ടെണ്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ടി വർക്ക് റീടെണ്ടർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു. ശ്മശാനത്തിന്റെ ഇലക്ട്രിക്കൽ വർക്കുകൾ 60 ലക്ഷം രൂപയുടെയും കെട്ടിട നിർമ്മാണത്തിന് 40 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിരിക്കുന്നത്.

(സി) നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല.

**കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

276 (1750) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തികവർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചിട്ടുള്ള തുക ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ആര്യങ്കോട് പഞ്ചായത്തിലെ ഖാദി ഉൽപ്പാദക സംഘത്തിന്റെ പ്രവർത്തനം**

277 (1751) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ലെ വനിതാഘടക പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്ത്, ആര്യങ്കോട് പഞ്ചായത്തിൽ നിലവിൽ ഇല്ലാത്ത ഒരു ഖാദി സംഘത്തിന് 80 ലക്ഷം രൂപ നൽകിയതായുള്ള ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം വനിതാ സംഘങ്ങൾക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി ; പണം അനുവദിക്കപ്പെട്ട ഏതെല്ലാം സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന വ്യക്തമാക്കുമോ ;

(സി) ആര്യങ്കോട് പഞ്ചായത്തിൽ ഒരു ഖാദി ഉല്പാദക സംഘം പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആരുടെ ശുപാർശയെ തുടർന്നാണ് ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി പണം അനുവദിച്ചത് ;

(ഡി) പ്രസ്തുത സംഘത്തിൻെറ പേരിൽ പണം തട്ടിയെടുത്തവർക്കും അതിന് ഉത്തരവാദികളായവർക്കുമെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2015-16-ലെ വനിതാ ഘടകപദ്ധതി പ്രകാരം ഖാദി സംഘത്തിന് തുക അനുവദിച്ച് നൽകിയിട്ടില്ല.

4-7-2015-ലെ 387/15-16/ഡി.പി.സി./ഡി.പി.ഒ./റ്റി.വി.പി.എം. നമ്പർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആര്യങ്കോട് പഞ്ചായത്തിലെ മണ്ണാംകോണം ഖാദി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണം ജില്ലാ പഞ്ചായത്ത് 555-ാം നമ്പർ പ്രോജക്ടായി 80,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഖാദി കോംപ്ലക്സ് നിർമ്മാണം എന്ന പേരിൽ 28,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പുതുതായി നിർമ്മിച്ച് നൽകുന്ന കെട്ടിടത്തിൽ നെയ്ത്ത്, നൂൽപ്പ്, നൂൽ ഡൈയിംഗ് എന്നീ ജോലികളിൽ 25 വനിതകൾക്ക് തൊഴിൽ നൽകുന്നതിന് നൂൽപ്പ് കേന്ദ്രം 6.75 ലക്ഷം രൂപ, നെയ്ത്ത് 11.25 ലക്ഷം രൂപ, നൂൽ ഡൈയിംഗ് 10,00,000 രൂപ എന്നിങ്ങനെ തുക വിനിയോഗിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഖാദി യൂണിറ്റ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കീഴൂർ വില്ലേജിൽ ചെമ്പൂർ ആലുംകുഴി കിഴക്കുംകര റോഡരികത്ത് പുത്തൻവീട്ടിൽ (മണ്ണാംകോണം പി.ഒ.-695 125) ശ്രീമതി രാജമ്മ ദാനാധാര പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ളതാണ്. ടി രണ്ട് പ്രോജക്ട് തുകകൾ ഒന്നും തന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല. 2014-15, 2015-16 വർഷങ്ങളിലായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന

കതിരുവിള, പാങ്ങപ്പാറ ഖാദി യൂണിറ്റുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് സഹായം നൽകിയിട്ടുണ്ട്.

(സി&ഡി) ആര്യങ്കോട് പഞ്ചായത്തിൽ ഖാദി ഉൽപ്പാദക സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. പുതുതായി മണ്ണാംകോണം കേന്ദ്രമാക്കി ഒരു തൊഴിൽ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഡി.പി.സി.-യുമാണ് അനുമതി നൽകിയിട്ടുള്ളത്.

**ജീവനക്കാരുടെ പുനർവിന്യാസം**

278 (1752) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പാലിറ്റിയാക്കിയ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളും മുനിസിപ്പാലിറ്റികളുമായി ലയിപ്പിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുതൽ താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരെ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിറുത്തുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നഷ്ടപ്പെടുന്ന ഗ്രാമ സൗഭാഗ്യങ്ങളെ തിരിച്ചുപിടിക്കാനുള്ള പദ്ധതികൾ**

279 (1753) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഭരണസമിതികൾ അധികാരത്തിൽ വരുന്ന സമയമായതിനാൽ നമുക്ക് നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന ഗ്രാമസൗഭാഗ്യങ്ങളെ തിരിച്ചുപിടിക്കുന്നതിന് ഭരണ സമിതികളുടെ മുന്നിൽ നയപരിപാടികൾ നൽകുന്ന കാര്യം ആലോചിക്കുമോ ;

(ബി) പരിസ്ഥിതിയുടെ സർവ്വാത്മക പരിരക്ഷ, തടാകങ്ങൾ, തോടുകൾ

എന്നിവയുടെ പുനരുജ്ജീവനം, ജൈവ പച്ചക്കറി പരിപോഷിപ്പിക്കൽ, മാലിന്യ നിർമ്മാർജനം തുടങ്ങിയവ നടപ്പിലാക്കാൻ വിവിധ വകുപ്പുകളെ പഞ്ചായത്തുകളുമായി സഹകരിപ്പിച്ച് പദ്ധതികൾ നടത്തുന്നതിനും, നല്ല പദ്ധതികൾക്ക് ഫണ്ട് നൽകുന്നതിനും സഹായകരമായ നടപടികൾക്ക് നേതൃത്വം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഇൻഫർമേഷൻ കേരള മിഷൻ**

280 (1754) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ് ; ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ; എത്ര വർഷം കൊണ്ട് ഈ മിഷന്റെ പ്രവർത്തനം പൂർത്തീകരിക്കുമെന്നാണ് ആരംഭകാലത്ത് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിരം/താൽക്കാലികം ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലടക്കം എത്ര പേർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നു; ഇവരുടെ നിയമനം എങ്ങനെയാണ് നടത്തുന്നത് ; വിശദമാക്കാമോ;

(സി) നാളിതുവരെ ഈ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പ്രവർത്തന ചെലവുകൾക്കുമായി വിനിയോഗിച്ച തുകയെത്രയാണ്;വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ മിഷന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധം I*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയി ചേർക്കുന്നു. 1999 ജൂണിലാണ് ഈ മിഷൻ പ്രവർത്തനം ആരംഭിച്ചത്. ഈ മിഷന്റെ പ്രവർത്തനം 31-3-2001-ന് പൂർത്തീകരിക്കുന്നതായാണ് 12-8-1999-ലെ സ.ഉ.(എം.എസ്.) നമ്പർ 38/99/പ്ലാനിംഗ് നമ്പർ ഉത്തരവിൽ വിഭാവന ചെയ്തിട്ടുള്ളത്.

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ ഹെഡ് ക്വാർട്ടേഴ്സിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമടക്കം 370 ജീവനക്കാർ താഴെപ്പറയും പ്രകാരം നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. പത്രപ്പരസ്യം മുഖേനയും ക്യാമ്പസ് റിക്രൂട്ട്മെന്റ് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് ശമ്പളത്തിലുമാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

| | |
|---|---|
| റിസപ്ഷനിസ്റ്റ് | 2 |
| മെസഞ്ചർ | 1 |
| ജൂനിയർ അസിസ്റ്റന്റ് | 2 |
| അസിസ്റ്റന്റ് | 3 |
| സീനിയർ അസിസ്റ്റന്റ് | 4 |
| ലൈബ്രേറിയൻ | 1 |
| അസിസ്റ്റന്റ് മാനേജർ | 12 |
| മാനേജർ | 5 |
| സീനിയർ മാനേജർ | 2 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 38 |
| ജൂനിയർ ടെക്നിക്കൽ ഓഫീസർ | 140 |
| ടെക്നിക്കൽ ഓഫീസർ | 105 |
| സീനിയർ ടെക്നിക്കൽ ഓഫീസർ | 23 |
| ജൂനിയർ പ്രോഗ്രാമർ | 1 |
| ജൂനിയർ പ്രോഗ്രാമർ-I | 2 |

| | |
|---|---|
| പ്രോഗ്രാമർ | 16 |
| സീനിയർ പ്രോഗ്രാമർ | 8 |
| മാനേജർ, ടെക്നിക്കൽ | 5 |

(സി) 1999 മുതൽ 26-11-2015 വരെ 83,02,45,335 രൂപ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു പ്രവർത്തന ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാലും ആയത് ഒരു തുടർപ്രവർത്തനം ആയതിനാലും ഈ മിഷന്റെ ലക്ഷ്യം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

**തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ**

281 (1755) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

കുട്ടനാട് നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും തദ്ദേശസ്വയം ഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

**കുടുംബശ്രീയുടെ പുനർജനി പദ്ധതി**

282 (1756) ശ്രീ. ബി. സത്യൻ :

ശ്രീമതി പി. അയിഷാ പോറ്റി :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പുനർജനി പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകുന്നതിന് ഏതൊക്കെ ഏജൻസികളുമായാണ് കരാറൊപ്പിട്ടത്;

(സി) പ്രസ്തുത ഏജൻസികൾ പരിശീലന പരിപാടി പൂർത്തിയാക്കിയവർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ ചെലവഴിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാകുമോ ?

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം അവലോകനം ചെയ്യാറുണ്ട്.

(ബി) ഇഷാ ലേണിംഗ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, എസ്.ബി. ഗ്ലോബൽ എഡ്യൂക്കേഷണൽ റിസോഴ്സസ് പ്രൈവറ്റ് ലിമിറ്റഡ്, ശ്രീരാമകൃഷ്ണാ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ ഏജൻസികളുമായാണ് കരാർ ഒപ്പിട്ടിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെയായി 1,03,63,485 രൂപ (ഒരു കോടി മൂന്ന് ലക്ഷത്തി അറുപത്തിമൂവായിരത്തി നാന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ ശാക്തീകരണം**

283 (1757) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ കൂട്ടായ്മയെ ശാക്തീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

<u>ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

1. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുക.

2. ഗ്രാമപഞ്ചായത്ത്/നഗരസഭാ തദ്ദേശസ്വയംഭരണ പ്രദേശത്ത് പ്രവർത്തിക്കുന്ന/ സമാരംഭിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും (എൻ.എച്ച്.ജി.) ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളുടെയും (എ.ഡി.എസ്.) ഏകോപനവും വ്യാപനവും മോണിറ്ററിംഗും നടത്തുക.

3. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മാനസികവുമായ പുരോഗതിക്കായി ഒരു അപ്പെക്സ് സന്നദ്ധ സംഘമായി പ്രവർത്തിക്കുക.

4. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി മോണിറ്ററിംഗ് ഏജൻസിയായി പ്രവർത്തിക്കുക.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും സദ്ഭരണത്തിനും വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

6. പ്രാദേശിക ആസൂത്രണം ശക്തിപ്പെടുത്തുവാനും ഗുണനിലവാരം ഉയർത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

7. പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ഘടക പദ്ധതി, സ്ത്രീശാക്തീകരണം, സദ്ഭരണം തുടങ്ങിയ രംഗങ്ങളിലെ വികസനാസൂത്രണത്തിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കുക.

8. സർക്കാർ ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടാംഗങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്നുവരുന്ന മദ്യാസക്തി, കൊള്ളപ്പലിശ, എന്നിവയ്ക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക. 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക.

9. അയൽക്കൂട്ട തലത്തിൽ മിതവ്യയ സമ്പാദ്യ/വായ്പാ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകുക.

10. സി.ഡി.എസ്. പ്രതിനിധാനം ചെയ്യുന്ന ഭൂപ്രദേശത്തിന്റെ പൊതുവെയും അയൽക്കൂട്ട കുടുംബങ്ങളുടെ പ്രത്യേകിച്ചുമുള്ള സ്വാശ്രയത്വത്തിന് ഉതകുന്ന തരത്തിൽ സാമൂഹിക സാമ്പത്തിക സൗകര്യങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള സർക്കാർ വകുപ്പുകൾ, അംഗീകൃത സ്ഥാപനങ്ങൾ, സർക്കാർ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയുമായി അയൽക്കൂട്ടങ്ങളെ ബന്ധപ്പെടുത്തുവാനും സഹകരണ സ്ഥാപനങ്ങളുടെ ഓഹരികൾ വാങ്ങുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനും വായ്പയെടുക്കുന്നതിനും സഹായിക്കുക.

11. അയൽക്കൂട്ടാംഗങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നൽകുക.

12. സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുക.

13. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പ്രായോഗികമാക്കുക.

14 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി.-എയ്ഡ്സ് രോഗികൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(സി) പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായി ഒരു ഗവേണിംഗ്

ബോഡിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഐ.എ.എസ്/റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന സംസ്ഥാന കുടുംബശ്രീ മിഷനും 14 ജില്ലാ മിഷനുകളും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ പ്രാദേശിക അടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ സി.ഡി.എസ്. വിലയിരുത്തൽ സമിതിയും പ്രവർത്തിച്ചുവരുന്നുണ്ട്.

**കുടുംബശ്രീയുടെ മീഡിയാശ്രീ പദ്ധതി**

284 (1758) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പാക്കാനുദ്ദേശിക്കുന്ന മീഡിയാശ്രീ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്ന ഏജൻസി ഏതാണ്;

(സി) പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മീഡിയാശ്രീയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ചെലവ് ഏത് കുടുംബശ്രീയുടെ ഏത് ഹെഡ്സിൽ നിന്നാണ് നടത്തുന്നത്; നാളിതുവരെയായി പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിക്കപ്പെട്ടു; വിശദമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീ നിരവധി വ്യത്യസ്തമായ പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തോടെ സ്ത്രീകളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മീഡിയാശ്രീ. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള

ഒരു സൂക്ഷ്മസംരംഭക പദ്ധതിയാണിത്. 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യം നൽകിയും ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ദ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന മറ്റ് ചെലവുകൾ കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ 'സി.ബി.ഒ. ശാക്തീകരണം' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു. നാളിതുവരെ ഈയിനത്തിൽ 51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**പെർഫോർമൻസ് ഓഡിറ്റിംഗ് സംവിധാനം**

285 (1759) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർഫോമൻസ് ഓഡിറ്റ് സംവിധാനം പുനഃപരിശോധിക്കുമോ ;

(ബി) ഇത് പഞ്ചായത്തിനു പുറത്തുള്ള ഒരു ഏജൻസി വഴി ചെയ്യാമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

286 (1760) <u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. എം. ഹംസ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ മുഖേന സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കെൽട്രോണിന് സ്വന്തമായുള്ള യൂണിറ്റുകളിലാണോ കിയോസ്കുകൾ തയ്യാറാക്കപ്പെട്ടത്; എങ്കിൽ എത്ര യൂണിറ്റുകൾ തയ്യാറാക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഏത് സ്വകാര്യ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണ യനുസരിച്ചാണ് കിയോസ്കുകൾ തയ്യാറാക്കപ്പെട്ടതെന്നും ഇത് രൂപകൽപന ചെയ്തത് ഏത് സ്ഥാപനമാണ് എന്നും ; ഇതിന്റെ നിരക്ക തീരുമാനിച്ചത് ആരാണ്എന്നും വിശദമാക്കുമോ ;

(ഡി) ഇതിനകം എത്ര പഞ്ചായത്തുകൾ കിയോസ്കുകൾ വാങ്ങിയിട്ടുണ്ടെന്നും ഇത് വഴി കെൽട്രോണിന് നൽകിയ മൊത്തം തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഇടപാടിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിതലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോൺ മുഖേന സ്ഥാപിക്കുന്നതിന് 22-7-2015-ലെ സ.ഉ.(കൈ) നമ്പർ 241/2015/തസ്വഭവ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെൽട്രോൺ കിയോസ്കുകൾ നിർമ്മിക്കുന്നില്ല. മികച്ച ഗുണനിലവാരവും വിൽപ്പനാനന്തര സേവനവും ഉറപ്പാക്കുന്നതിനായുള്ള സ്പെസിഫിക്കേഷനുകളും നിർദ്ദേശങ്ങളും പ്രകാരം ടെണ്ടർ ചെയ്ത് കിയോസ്കുകൾ സ്ഥാപിക്കുകയും അവയുടെ സർവ്വീസ് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കെൽട്രോണിന്റെ ചുമതല.

(സി) ഇതുസംബന്ധിച്ച തുടർനടപടികൾ കെൽട്രോൺ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ഡി) പ്രസ്തുത ഉത്തരവുപ്രകാരം പഞ്ചായത്തുകൾ കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല.

(ഇ) പഞ്ചായത്തു വകുപ്പുമന്ത്രി തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാന ത്തിലാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്**

287 (1761) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വർഷത്തെ പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ, ഈ സാമ്പത്തിക വർഷം നാളിതുവരെ അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പഞ്ചായത്തിന്റെ ഭരണാനുമതിയോടെയുള്ള ആസ്തി വികസന പദ്ധതി**

288 (1762) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പ് ഭരണാനുമതി നൽകുന്ന ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസമൊഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ;

(സി) പദ്ധതി പൂർത്തീകരണത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഗ്രിമെന്റ്വച്ച പ്രവൃത്തികൾ കാലാവധിയ്ക്കകം പൂർത്തിയാക്കുന്നതിനും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വീഴ്ചവരുത്തിയതായി കണ്ടെത്തുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിലെ ഭരണസ്തംഭനം**

289 (1763) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കക്ഷിക്കും ഒറ്റയ്ക്ക ഭൂരിപക്ഷമില്ലാത്ത പഞ്ചായത്തുകളിലെ ഭരണസ്തംഭനം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യുമോ ; വ്യക്തമാക്കുമോ?

ഉത്തരം

ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ/ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല. അതിനാൽ പഞ്ചായത്ത് രാജ് നിയമഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട്, ടൈപ്പിസ്റ്റ് തസ്തികകൾ

290 (1764) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ജൂനീയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്തതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുമെന്ന് കണ്ട് ആയത് നിരസിക്കുകയുമുണ്ടായി.

(ബി) ഇക്കാര്യം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

## ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർ തസ്തിക

291(1765) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിക്കുന്നതിന് 12-6-2015-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ.10-34379/11 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2012-13 | ഇല്ല. |
| 2013-14 | 9 എണ്ണം(അമരമ്പലം, വളവന്നൂർ, ഇരിമ്പിളിയം, മേലാറ്റൂർ, ഏ.ആർ. നഗർ, നന്നമ്പ്ര, കുഴിമണ്ണ, കാവന്നൂർ, വെട്ടം) |
| 2014-15 | 10 എണ്ണം(നന്നമുക്ക്, പുറത്തൂർ, എടപ്പാൾ, ഊരകം, ചേലേമ്പ്ര, വെട്ടത്തൂർ, പൊന്മള, നിറമരുതൂർ, താനാളൂർ, പൊന്മുണ്ടം) |

(ബി) ഇ.10-34379/11 നമ്പർ കത്തിനോടൊപ്പം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പേരു വിവരവും തസ്തികകളുടെ എണ്ണവും സംബന്ധിച്ച രേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാനുള്ള തീരുമാനം

292 (1766) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. കെ.വി.അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> :
<u>ശ്രീ. കെ. കെ.നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് എകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നഗരങ്ങളിലെ കെട്ടിടങ്ങൾക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത ആവശ്യം ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ;

(സി) കാസർകോട് ജില്ലാകമ്മിറ്റി ഇത്തരമൊരു ആവശ്യം ഉന്നയിക്കുകയും, വകുപ്പുമന്ത്രി യോഗം വിളിച്ച് ചേർക്കുകയും ഉണ്ടായോ ; എങ്കിൽ തീരുമാനം എന്തായിരുന്നു ;

(ഡി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും പ്ലേറ്റുകളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണനിലവാരവും നിരക്കും പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായോ ; കമ്മിറ്റിയിൽ ധനകാര്യവകുപ്പിനെ പ്രതിനിധീകരിച്ച് ഉണ്ടായിരുന്നത് ആരാണ് ;

(ഇ) പ്രസ്തുത നടപടിയ്ക്കായി ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി ; കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാപനം ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായോ ;

(എഫ്) ഏതെല്ലാം സ്ഥാപനങ്ങൾ എന്തു തുക വീതം ഒരു നമ്പർ പ്ലേറ്റിന് ക്വാട്ട് ചെയ്യുകയുണ്ടായി ; കരാർ ഉറപ്പിച്ചത് ഏത് കമ്പനിയുമായാണ് ; വിശദമാക്കുമോ ;

(ജി) മൊത്തം എത്ര നമ്പർ പ്ലേറ്റുകൾ ആവശ്യമാണ്; സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളിൽ ഇത് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ് ; നമ്പർ പ്ലേറ്റ് തയ്യാറാക്കുന്ന സ്ഥാപനത്തിന് എന്തു തുക നൽകേണ്ടതായി വരുമെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഗരകാര്യവകുപ്പിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത നമ്പർ പ്ലേറ്റ് പതിക്കണമെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷനും കാസർഗോഡ് ജില്ലാക്കമ്മിറ്റിയും സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി 14-10-2014-ൽ ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ ഏകീകൃത സവിശേഷ തിരിച്ചറിയൽ നമ്പർ (Unique Identification Number) പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) 30-6-2015-ലെ സ.ഉ.(സാധാ) 1974/2015/തസ്വഭവ. നമ്പർ ഉത്തരവു പ്രകാരം ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റുകളുടെ ഗുണനിലവാരം, നിരക്ക് എന്നിവ പരിശോധിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ധനകാര്യ വകുപ്പിനെ പ്രതിനിധീകരിച്ച് അംഗങ്ങൾ ആരും ഉൾപ്പെട്ടിട്ടില്ല.

(ഇ) നിശ്ചിത മാതൃകയിലുള്ള നമ്പർ പ്ലേറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതിന് താൽപ്പര്യമുള്ള കമ്പനികളിൽ നിന്നും Expression of Interest ആണ് ക്ഷണിച്ചിട്ടുള്ളത്. പ്ലേറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(എഫ്) Expression of Interest ക്ഷണിച്ചതിൽ 9 കമ്പനികൾ താൽപര്യപത്രം സമർപ്പിച്ചിട്ടുണ്ട്. കരാർ നടപടികൾ ആയിട്ടില്ല.

(ജി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ആകെ ഒരു കോടി നാൽപ്പത് ലക്ഷം കെട്ടിടങ്ങൾ ഉള്ളതായി ഐ.കെ.എം. മുഖേന കണക്കാക്കിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് പ്രസ്തുത എണ്ണം നമ്പർ പ്ലേറ്റ് ആവശ്യമാണ്. തുക കണക്കാക്കിയിട്ടില്ല.

**ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം**

293 (1767) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയ എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നികുതി പിരിവ് കമ്പ്യൂട്ടർവൽക്കരിച്ച എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഡെവലപ്പ് ചെയ്ത പ്രധാനപ്പെട്ട സോഫ്റ്റ്‌വെയർ എല്ലാം എല്ലാ പഞ്ചായത്തിലും വിന്യസിച്ചിട്ടുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും സഞ്ചയ സോഫ്റ്റ്‌വെയർ വഴിയാണ് കെട്ടിട നികുതി പിരിവു നടക്കുന്നത്.

(ഡി) പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റം വേണമെങ്കിൽ തീരുമാനിക്കാവുന്നതാണ്.

**പഞ്ചായത്തംഗങ്ങൾക്ക് ഓണറേറിയം**

294 (1768) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളത്; പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റിയംഗങ്ങൾ എന്നിവരടക്കമുള്ള പഞ്ചായത്തംഗങ്ങൾക്ക് എത്ര രൂപയാണ് പ്രതിമാസം ഓണറേറിയമായി ലഭിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓണറേറിയം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിച്ചു; എന്നു മുതൽ ഇത് ലഭിക്കുന്നു;

(സി) മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അശരണരായും അസുഖബാധിതരായും ചികിത്സയ്ക്ക് മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്തംഗങ്ങൾക്ക് ചികിത്സാ സഹായധനം എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളുമാണുള്ളത്.

| അംഗങ്ങൾ | പ്രതിമാസ ഓണറേറിയം | | |
|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| പ്രസിഡന്റ് | 6600 | 7300 | 7900 |
| വൈസ് പ്രസിഡന്റ് | 5300 | 6000 | 6600 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4100 | 4400 | 4700 |
| അംഗങ്ങൾ | 3500 | 3800 | 4400 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനപ്രതിനിധികളുടെ ഓണറേറിയം തുക 2 തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 20-10-2011-ലെ സ.ഉ.(അച്ചടി) നമ്പർ 260/2011/തസ്വഭവ പ്രകാരം 1-4-2011 മുതൽ പ്രാബല്യത്തോടെ 1000

രൂപയും 4-9-2013-ലെ ജി.ഒ.(അച്ചടി) നമ്പർ 292/2013/തസ്വഭവ പ്രകാരം 1-4-2013 മുതൽ പ്രാബല്യത്തോടെ 1000 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കേരള സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച 6-5-2013-ലെ ജി.ഒ.(ആർ.റ്റി) 1209/2013/തസ്വഭവ. പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ**

295 (1769) ശ്രീ. രാജു എബ്രഹാം :

ശ്രീ. സാജു പോൾ :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയും അവ കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ 19-12-2014, 8-4-2015 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർ അയച്ച പ്രൊപ്പോസലുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) 25-12-2014-ന് IB1/135/2014/LSGD നമ്പറായി ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കെൽട്രോൺ ചീഫ് ജനറൽ മാനേജരുടെ 7-7-2015-ലെ TVM/ITBG/SK/0707/15-16 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-7-2015 ലെ സ.ഉ.(കൈ) നമ്പർ 241/2015/ തസ്വഭവ നമ്പർ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ

പുറപ്പെടുവിച്ചത് ; പ്രസ്തുത കാര്യത്തിൽ അന്തിമമായി തീരുമാനം എടുത്തത് ആരാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഇ) അല്ല. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

**മാതൃകാ അംഗൻവാടി**

296 (1770) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറക്കടവ് പഞ്ചായത്തിലെ വാർഡ് മൂന്നിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 6-2-2014-ൽ സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും ടി കെട്ടിട നിർമ്മാണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**വൃദ്ധർ, കുട്ടികൾ എന്നിവരുടെ സുരക്ഷയും പുനരധിവാസവും**

297 (1771) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റയിൽവേ സ്റ്റേഷനുകൾ, ബസ് ഷെൽറ്ററുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധർ, കുട്ടികൾ എന്നിവരുടെ സുരക്ഷയും പുനരധിവാസവും സംബന്ധിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആളുകളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ ശേഖരിച്ച വിവരം നല്കുമോ;

(സി) ഇവരെ ബന്ധുക്കളെ ഏൽപ്പിക്കുന്നതിനോ സുരക്ഷിതമായി പുനരധി വസിപ്പിക്കുന്നതിനോ ഇന്ന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധർക്കും കുട്ടികൾക്കും പ്രത്യേക പുനരധിവാസ സംവിധാനങ്ങളില്ല. എന്നാൽ സംസ്ഥാനത്ത് 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള 532 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ മൂന്ന് ഓപ്പൺ ഷെൽട്ടർ ഹോമുകൾ സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത വൃദ്ധരെയും കുട്ടികളെയും സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല.

(സി) റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധരെക്കുറിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാറുള്ളപ്പോൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തരം വൃദ്ധസദനങ്ങളിൽ താൽക്കാലികമായി പുനരധിവസിപ്പിക്കുകയും ബന്ധുക്കളുണ്ടെങ്കിൽ അവരെ ഇക്കാര്യം അറിയിച്ച് ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ബന്ധപ്പെട്ട ജില്ലയിലെ ചൈൽഡ്

വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും (പോലീസ്/ചൈൽഡ് ലൈൻ വഴി) അന്വേഷണം നടത്തി ബന്ധുക്കളോ മാതാപിതാക്കളോ ഉണ്ടെങ്കിൽ ഇവരെ സ്വീകരിക്കാൻ തയ്യാറാണെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി ആയതിന് അനുമതി നൽകുന്നതാണ്. മാതാപിതാക്കളോ ബന്ധുക്കളോ ഇല്ലാത്തതോ ഇവർ സ്വീകരിക്കാൻ തയ്യാറാവാത്തതോ ആയ സാഹചര്യത്തിൽ അത്തരം കുട്ടികളെ ഫോസ്റ്റർ കെയറിനോ അഡോപ്ഷനോ നൽകുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് അനുമതി നൽകുന്നു. മേൽപ്പറഞ്ഞ രണ്ടുതരത്തിലും കുട്ടികളെ പുനരധിവസിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അവസാന ആശ്രയം എന്ന നിലയിൽ കുട്ടികളെ ചൈൽഡ് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകളിൽ സംരക്ഷിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

**മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

298 (1772) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അംഗൻവാടി മുതൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എത്ര രൂപ വീതമാണ് ധനസഹായമായി അനുവദിക്കുന്നതെന്നും ഇത് തുടർവർഷങ്ങളിൽ ലഭ്യമാകുന്നതിന് അപേക്ഷകൾ സമർപ്പിക്കേണ്ടതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(ഡി) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അപേക്ഷ സമർപ്പിക്കുവാൻ സ്വീകരിക്കേണ്ട രീതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ ഗവ. 'എയ്ഡഡ്' സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ബിരുദം/ പ്രൊഫഷണൽ ബിരുദം വരെ പഠനം നടത്തുന്നതിന് 'സ്നേഹപൂർവ്വം' പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തേക്ക് തുക അനുവദിക്കുന്നു. അപേക്ഷകൾ വിദ്യാർത്ഥികൾ പഠിക്കുന്ന ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി ആണ് സ്വീകരിക്കുന്നത്. തുടർവർഷങ്ങളിൽ ഈ പദ്ധതി ധനസഹായം ലഭ്യമാകുന്നതിനും സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷ പുതുക്കാനായി സമർപ്പിക്കണം. ഇപ്രകാരം അപേക്ഷ പുതുക്കിയ വിദ്യാർത്ഥികളുടെ പേരുവിവരം അടങ്ങിയ Computer Generated Print വിദ്യാഭ്യാസ സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കണം. ഇപ്രകാരം ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

(ഡി) സ്നേഹപൂർവ്വം പദ്ധതി അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് ബാധകമാക്കിയിട്ടില്ല.

**ഷീ ടാക്സി പദ്ധതി**

299 (1773) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ' ഷീ ടാക്സി പദ്ധതി 'നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഒരുക്കുകയാണ് ഷീ ടാക്സി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ സ്വയം തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) സർക്കാർ സ്ഥാപനമായ ജെന്റർ പാർക്കിന്റെ പൂർണ്ണ മേൽ

നോട്ടത്തിലാണ് ഷീ ടാക്സി പദ്ധതി നടപ്പിലാക്കിവരുന്നത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താൽപ്പര്യപത്രം ക്ഷണിക്കുകയും പ്രസ്തുത താൽപ്പര്യ പത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റെയ്ൻ കൺസേർട്ട് ടെക്നോളജീസിനെ ടി പദ്ധതിയുടെ ഫ്ലീറ്റ് ഓപ്പറേഷൻസ് കൈകാര്യം ചെയ്യുന്നതിനുവേണ്ടി ചുമതലപ്പെടുത്തുകയുമുണ്ടായി. സ്വയംതൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഷീ ടാക്സി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഡ്രൈവിംഗ് ലൈസൻസും, ബാഡ്ജും ഉള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഡ്രൈവിംഗ് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുത്തതിനുശേഷം വനിതകൾ സ്വന്തമായി വാഹനം വാങ്ങേണ്ടതാണ്. വാഹനം വാങ്ങുന്നതിന് വായ്പ ആവശ്യമുള്ളവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും സ്ത്രീ സംരംഭകർക്കായുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി 8 ശതമാനം പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുന്നു. പദ്ധതി തുകയുടെ 10 ശതമാനം സംരംഭകർ മുടക്കേണ്ടതും ബാക്കിയുള്ള 90 ശതമാനം വായ്പയായി ലഭിക്കുന്നതുമാണ്. അപേക്ഷിച്ച എല്ലാ വനിതാ സംരംഭകർക്കും കോർപ്പറേഷൻ മുഖേന വാഹന വിലയുടെ 90 ശതമാനം വരെ വായ്പ നൽകിയിട്ടുണ്ട്. പുരുഷ കേന്ദ്രീകൃതമായ ടാക്സി മേഖലയിലേയ്ക്ക് സ്ത്രീകൾ സധൈര്യം മുന്നോട്ടുവന്ന് ടാക്സി ഡ്രൈവിംഗ് തൊഴിലായി സ്വീകരിക്കുകയും പ്രസ്തുത പദ്ധതി വിജയിപ്പിച്ചെടുത്തതിന്റെയും അടിസ്ഥാനത്തിൽ ഷീ ടാക്സി ഗുണഭോക്താക്കൾക്കുവേണ്ടി ഒറ്റത്തവണ സാമ്പത്തിക സഹായമായി 50,000 രൂപ സർക്കാർ അനുവദിച്ചിട്ടുമുണ്ട്.

**വിവിധ ക്ഷേമ പെൻഷനുകൾ**

300 (1774) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണ്; ഓരോ ക്ഷേമ പെൻഷനും എന്നു മുതൽ കുടിശ്ശിക ആയിരിക്കുന്നു എന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ക്ഷേമ പെൻഷനുകൾ എപ്രകാരമാണ് വിതരണം നടത്തി വരുന്നത്; വിശദാംശം നൽകാമോ;

(സി) ക്ഷേമപെൻഷനുകൾ കുടിശ്ശിക സഹിതം എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ സാധിക്കും ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ. 2015 വർഷത്തിൽ 2/2015, 3/2015 എന്നീ മാസങ്ങളിലെ കുടിശ്ശികയടക്കം സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ തുക അനുവദിച്ചു കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷേമ പെൻഷനുകൾ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ  വിവിധ പ്രകാരത്തിലാണ് കുടിശ്ശിക വന്നിട്ടുള്ളത്. എന്നിരുന്നാലും 2014 സെപ്റ്റംബർ മാസം മുതൽ 2015 ജനുവരി മാസം വരെ കുടിശ്ശികയായിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതും ലാന്റ് റവന്യൂ കമ്മീഷണർ ചീഫ് കൺട്രോളിംഗ് ഓഫീസറായിട്ടുള്ളതുമായ പെൻഷനുകൾക്ക് അനുവദിക്കുന്ന തുക പഞ്ചായത്ത് ഡയറക്ടർ ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്ത് പെൻഷൻ വിതരണം സാദ്ധ്യമാക്കുന്നു.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.

**മാതൃക അംഗൻവാടികൾ**

301 (1775) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃക അംഗനവാടികൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മാതൃക അംഗനവാടിക്ക് വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇതിന് വേണ്ട ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോട് അസംബ്ലി നിയോജക മണ്ഡലത്തിൽ മാതൃക അംഗനവാടി സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥലം എന്ന് വ്യക്തമാക്കാമോ; നിർമ്മാണം എപ്പോഴാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ വിവിധ ജില്ലകളിലായി 115 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 51 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | അനുവദിച്ച എണ്ണം | പൂർത്തീകരിച്ചവ |
|---|---|---|
| തിരുവനന്തപുരം | 11 | 8 |
| കൊല്ലം | 7 | 4 |
| പത്തനംതിട്ട | 5 | 1 |
| ആലപ്പുഴ | 8 | 2 |
| കോട്ടയം | 9 | 1 |
| ഇടുക്കി | 5 | 3 |
| എറണാകുളം | 9 | 5 |
| തൃശ്ശൂർ | 8 | 3 |
| പാലക്കാട് | 10 | 5 |
| മലപ്പുറം | 15 | 8 |
| വയനാട് | 3 | 1 |
| കോഴിക്കോട് | 10 | - |
| കണ്ണൂർ | 11 | 7 |
| കാസർഗോഡ് | 4 | 3 |
| ആകെ | 115 | 51 |

(ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത്. ഇതിന് ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലം ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. ഇതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതവും 6.75

ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ. വിഹിതവുമാണ്. പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും എം.എൽ.എ. വിഹിതം ലഭ്യമാക്കാമെന്ന സമ്മതവും ആവശ്യമാണ്.

(സി) കാസർഗോഡ് നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടിക്കായി തിരഞ്ഞെടുത്ത മാധൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടി സെന്റർ നമ്പർ 80-ന് സർക്കാർ ഭൂമി അനുവദിച്ച് കിട്ടുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി**

302 (T* 1776) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക ഇനി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഏറ്റവും ഒടുവിൽ തപാൽ വകുപ്പിന് കൈമാറിയ തുക എത്ര ; പ്രസ്തുത തുക എന്നാണ് കൈമാറിയത് ; ഇതിൽ എത്ര തുക വിതരണം ചെയ്യാതെ തപാൽ വകുപ്പിന്റെ കൈവശമുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അക്രമ സംഭവങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സാമൂഹ്യ**

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**സുരക്ഷാ പദ്ധതി**

303 (1777) ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രമ സംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവർക്കും സാമ്പത്തിക സഹായം നല്കാൻ പദ്ധതി നിലവിലുണ്ടോ;

(ബി) അക്രമ സംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരാകുന്നവരുടെ കുടുംബത്തിന് ധനസഹായം നല്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ എങ്കിൽ വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അക്രമസംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവരുടെ കാര്യത്തിൽ അവർ ടി പരിക്കുമൂലം 40 ശതമാനമെങ്കിലും അംഗപരിമിതരായവരാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ സഹായവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വികലാംഗ പെൻഷനും അനുവദിച്ചുവരുന്നുണ്ട്.

(ബി&സി) അക്രമസംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരായി ശിക്ഷ ലഭിക്കുന്നവരിൽ രണ്ടുവർഷം വരെ തടവ് ശിക്ഷ ലഭിക്കുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും 5 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ ലഭിക്കുന്നവരുടെ

ആശ്രിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായവും അനുവദിക്കുന്നുണ്ട്.

**ക്ഷേമപെൻഷനുകളുടെ വിതരണം**

304 (1778) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകളുടെ വിതരണം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ ക്ഷേമപെൻഷനുകളിലായി 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്റ്റംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ തുക കുടിശ്ശികയായിട്ടുണ്ട്.

(സി&ഡി) ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചുവരുന്നു. ഇതിനുശേഷം ഉചിതമായ നടപടികൾ ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്.

**താലോലം പദ്ധതി**

305 (1779) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി, കുട്ടികൾക്കുണ്ടാവുന്ന ഏതെല്ലാം രോഗങ്ങളുടെ ചികിൽസക്ക് എത്ര രൂപവരെയാണ് ഫണ്ട് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം ആശുപത്രികളിൽ നിന്നുള്ള ചികിൽസയ്ക്കാണ്

ഫണ്ട് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; ഇനി എത്ര രൂപ കൊടുക്കുവാൻ കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകി വരുന്ന പദ്ധതിയാണ് താലോലം. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിൽസാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിൽസയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്ത വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാക്കുന്നു. നിലവിൽ പദ്ധതിയിലൂടെ ചികിൽസാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

(ബി) ചുവടെപ്പറയുന്ന 18 സർക്കാർ ആശുപത്രികളിലൂടെയാണ് താലോലം പദ്ധതി നടപ്പിലാക്കിവരുന്നത്.

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്., കോഴിക്കോട്

7. ഐ.സി.എച്ച്., കോട്ടയം

8. ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം

9. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ

10. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ

11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി., തിരുവനന്തപുരം

12. ആർ.സി.സി., തിരുവനന്തപുരം

13. എസ്.എ.റ്റി., തിരുവനന്തപുരം

14. മലബാർ കാൻസർ സെന്റർ, കണ്ണൂർ

15. ജില്ലാ ആശുപത്രി, ആലുവ

16. ICCONS, ഷൊർണ്ണൂർ, മഞ്ചേരി, മലപ്പുറം

17. ICCONS, തിരുവനന്തപുരം

18. ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം.

(സി) പരിയാരം മെഡിക്കൽ കോളേജിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ചികിൽസയ്ക്കായി നാളിതുവരെ 1,30,00,000 രൂപ ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഫണ്ട് തീരുന്ന മുറയ്ക്ക് ആശുപത്രി അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡിയുടെ അനുമതിക്ക് വിധേയമായി തുക അനുവദിക്കുന്നു.

**ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം**

306(1780) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിലി കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

വിശദമാക്കുമോ;

(ബി) മാറി വരുന്ന സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിൽ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ അന്വേഷണ ഉദ്യോഗസ്ഥർ ഫാമിലി കൗൺസിലിംഗ് സെന്ററുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

(ബി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും കൗൺസിലിംഗ് സെന്ററുകളിൽ വരുന്ന കേസ്സുകൾ കൗൺസിലിംഗിനുശേഷം മദ്യപാനവുമായി ബന്ധപ്പെട്ട കേസ്സുകളാണെങ്കിൽ അവരെ ലഹരിവിമുക്ത കേന്ദ്രങ്ങളിൽ വിടുകയും മാനസിക പ്രശ്നങ്ങളുമായി വരുന്നവർക്ക് മനോരോഗവിദഗ്ദ്ധരുടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഗാർഹിക അതിക്രമങ്ങളിൽ ഇരയായിവരുന്നവർക്ക് സൗജന്യ നിയമസഹായവും ആവശ്യമെങ്കിൽ താൽക്കാലിക സൗജന്യതാമസം, ഭക്ഷണം, വൈദ്യസഹായം എന്നിവ ഷോർട്ട് സ്റ്റേ ഹോം/ഷെൽട്ടർ ഹോം വഴിയും നൽകിവരുന്നുണ്ട്.

**മാതൃകാ അംഗൻവാടികൾ**

307 (1781) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽ പുതിയതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ള 115 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടികളിൽ 51 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | ഭരണാനുമതി നൽകിയവയുടെ എണ്ണം | പൂർത്തീകരിച്ചവ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 11 | 8 |
| കൊല്ലം | 7 | 4 |
| പത്തനംതിട്ട | 5 | 1 |
| (1) | (2) | (3) |
| ആലപ്പുഴ | 8 | 2 |
| കോട്ടയം | 9 | 1 |
| ഇടുക്കി | 5 | 3 |
| എറണാകുളം | 9 | 5 |
| തൃശ്ശൂർ | 8 | 3 |
| പാലക്കാട് | 10 | 5 |
| മലപ്പുറം | 15 | 8 |
| വയനാട് | 3 | 1 |
| കോഴിക്കോട് | 10 | -- |
| കണ്ണൂർ | 11 | 7 |
| കാസർഗോഡ് | 4 | 3 |
| ആകെ | 115 | 51 |

(ബി) മാതൃകാ അംഗനവാടികളിൽ 3 തലമുറകൾക്കുള്ള സേവനങ്ങളാണ്

നൽകുന്നത്. 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കായി പ്രീ-സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്പ്, പോഷകാഹാര വിതരണം എന്നിവ നൽകുന്നു. സ്ത്രീകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നു. കൂടാതെ വിവിധ പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്ക് പകൽവീട് സൗകര്യം മാതൃകാ അംഗനവാടികളിൽ ഒരുക്കുന്നു.

## ദുബായിൽ നടന്ന മേളയിൽ പങ്കെടുത്തവർ

308 (1782) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുബായിൽ നടന്ന മേളയിൽ പങ്കെടുക്കാൻ കുടുംബശ്രീയുടെ പണം വിനിയോഗിച്ച് എത്ര പേരാണ് പോയതെന്നും അവരിൽ ഓരോരുത്തരുടെയും വിശദാംശങ്ങളും ഇതിനായി ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ദുബായിൽ നടന്ന മേളയിൽ ആകെ 36 പേർ പങ്കെടുത്തിട്ടുണ്ട്. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഫീസ് സ്റ്റാഫ് അംഗങ്ങൾ

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി കെ. ബി. വൽസലകുമാരി | കുടുംബശ്രീഎക്സിക്യൂട്ടീവ് ഡയറക്ടർ |
| 2 | ശ്രീ. ശ്രീകുമാർ | ഡയറക്ടർ(എ &എഫ്) |
| 3 | ശ്രീ. സഞ്ജയ് കുമാർ | പ്രോഗ്രാം ഓഫീസർ(എംഇ) |
| 4 | ശ്രീ. ഷാഹുൽ ഹമീദ് | പ്രോഗ്രാംഓഫീസർ (സംഘടന) |

| | | |
|---|---|---|
| 5 | ശ്രീമതി ജാസ്മി ബീഗം | കൺസൾട്ടന്റ് (മാർക്കറ്റിംഗ്) |
| 6 | ശ്രീമതി അഖിലാദേവി.പി. | കൺസൾട്ടന്റ് (മൈക്രോ എന്റർപ്രൈസസ്) |

യൂണിറ്റ് സംരംഭകരുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | പേര് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | ശ്രീമതി ബിന്ദു.എസ്.ആർ.<br>ശ്രീമതി ശർമ്മിള<br>ശ്രീമതി പുഷ്പലത |
| 2 | കൊല്ലം | ശ്രീമതി അനിത പ്രേംകുമാർ<br>ശ്രീമതി ഉഷകുമാരി<br>ശ്രീമതി ഷീലകുമാരി |
| 3 | പത്തനംതിട്ട | ശ്രീമതി മിനി അമ്മിണി |
| 4 | കോട്ടയം | ശ്രീമതി ഷംലാ ഷുക്കൂർ<br>ശ്രീമതി ഷൈജ<br>ശ്രീമതി ബിസ്മി |
| (1) | (2) | (3) |
| 5 | എറണാകുളം | ശ്രീമതി ഷൈബി പൗലോസ്<br>ശ്രീമതി മല്ലിക ഹരിദാസ്<br>ശ്രീമതി ഉഷ ഭാസ്കരൻ |
| 6 | തൃശ്ശൂർ | ശ്രീമതി ഗീത പി. കെ.<br>ശ്രീമതി രാധാകുമാരി<br>ശ്രീമതി തങ്കമ്മ |
| 7 | കോഴിക്കോട് | ശ്രീമതി ഷറീന<br>ശ്രീമതി പ്രബീന.എ<br>ശ്രീമതി നൗസർ ഭാനു |
| 8 | മലപ്പുറം | ശ്രീമതി രാജി സി.<br>ശ്രീമതി സിന്ധു പി.<br>ശ്രീമതി ശരഞ്ജന കെ. എം |
| 9 | കണ്ണൂർ | ശ്രീമതി സുഹറ പി. പി<br>ശ്രീമതി ജസീന പി. കെ |

| | | |
|---|---|---|
| | | ശ്രീമതി ഖൈറുന്നിസ |
| 10 | കാസർഗോഡ് | ശ്രീമതി സൊഹ്റ<br>ശ്രീമതി സജ്ന<br>ശ്രീമതി സെമീന |

കഫേ മാനേജ്മെന്റ് ടീം മെമ്പേഴ്സ്

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. അജയകുമാർ | ഫെസിലിറ്റേറ്റർ (കഫേ) |
| 2 | ശ്രീ. റിജേഷ് | ഫെസിലിറ്റേറ്റർ (കഫേ) |

ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | യാത്രാച്ചെലവ് | 20,34,280 |
| 2 | മലയാള മനോരമയ്ക്ക് നൽകിയത് | 38,62,600 |
| 3 | മറ്റുള്ളവ | 7,59,896 |
| | ആകെ | 66,56,776 |

ആകെ ചെലവായ തുക - 66,56,776 രൂപ.

(അറുപത്താറ് ലക്ഷത്തി അമ്പത്താറായിരത്തി എഴുന്നൂറ്റി എഴുപത്താറ് രൂപ മാത്രം)

**വികലാംഗ ക്ഷേമ പദ്ധതികൾക്ക് ചെലവഴിച്ച തുക**

309 (1783) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ;

(ബി) അവയ്ക്ക് ഓരോന്നിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമ

കോർപ്പറേഷന് ബഡ്ജറ്റിൽ ആകെ അനുവദിച്ചതും ഇതുവരെ ചെലവഴിച്ചതുമായ തുക സംബന്ധിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി)

| പദ്ധതികൾ | ബഡ്ജറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| മാനസികവെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും പുനരധിവാസത്തിനുള്ള മാതൃകാപദ്ധതി (2013-14) H/a (2235 02-101-73) | 1 കോടി (13-14)<br>7 കോടി (14-15)<br>2 കോടി (15-16) | 7,33,500 (തുക ചെലവഴിക്കാത്തതിനാൽ Fundreappropriate ചെയ്തു.) (ഈസാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് ചെലവഴിക്കുന്നതാണ്.) |
| സെറിബ്രൽപാൾസി, ഓട്ടിസംതുടങ്ങിയ മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയുംപുനരധിവാസത്തിനുള്ള പരിപാടി(2015-16)H/a (2235-02-101-70) | 5 കോടി | തുക ചെലവഴിച്ചിട്ടില്ല. (NGO പങ്കാളിത്തം കണ്ടെത്തി തുകചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചു) |
| (1) | (2) | (3) |
| പാർശ്വവൽക്കരിക്കപ്പെടുന്നവർക്കുള്ള സാമൂഹ്യസുരക്ഷിതത്വ സംരംഭത്തിൽ 2015-16 വർഷം പുതിയതായി ചുവടെ പറയുന്നസ്കീമുകൾ | | തുക ചെലവഴിച്ചിട്ടില്ല. (നടപ്പുസാമ്പത്തിക വർഷം തന്നെ തുക ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.) |

| | | |
|---|---|---|
| ഉൾപ്പെടുത്തിയിട്ടുണ്ട്. H/a(2235-60-200-83) | | (2016 മാർച്ചിനകം തുക വിനയോഗിക്കുന്നതാണ്.) |
| <u>കാഴ്ചവൈകല്യമുള്ളവർക്ക്</u> | | |
| a. Mobility white cane | 3 ലക്ഷം | |
| b.Magnifying glass | 25 ലക്ഷം | |
| c. Talking calculator | 5 ലക്ഷം | |
| d. Braile kit | 7.5 ലക്ഷം | |
| e. Daisy player | 95 ലക്ഷം | |
| കാഴ്ചവൈകല്യമുള്ള അമ്മമാരുടെ നവജാത ശിശുക്കൾക്കുള്ള പരിചരണത്തിന് ധനസഹായം | 48 ലക്ഷം | തുക ചെലവഴിച്ചിട്ടില്ല. (നടപ്പുസാമ്പത്തികവർഷം തന്നെ തുക ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.) 2016 മാർച്ചിനകം തുകവിനിയോഗിക്കുന്നതണ്. |
| മാനസിക വൈകല്യമുള്ളവരെ സ്വഭവനത്തിൽ സംരക്ഷിക്കുന്നതിനുള്ള (ആഹാരം,വസ്ത്രം, മരുന്ന്) ധനസഹായം | 3.75 ലക്ഷം | തുക ചെലവഴിച്ചിട്ടില്ല. (നടപ്പുസാമ്പത്തികവർഷം തന്നെ തുക ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.) 2016 മാർച്ചിനകം തുകവിനിയോഗിക്കുന്നതാണ്. |
| ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ്പ് | 55 ലക്ഷം | മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |

| (1) | (2) | (3) |
|---|---|---|
| സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യ വിതരണം | 338.50 ലക്ഷം | മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |
| ശ്രുതിതരംഗം | 3600 ലക്ഷം | 2581.19 ലക്ഷം രൂപ |

| | |
|---|---|
| 0-5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും കേൾവി ശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും രണ്ടുവർഷക്കാലം നീണ്ടുനിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി | ചെലവഴിക്കുകയുണ്ടായി. |

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്(SID) :

2012-13 സാമ്പത്തിക വർഷം ആരംഭിച്ച 'സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്' വികലാംഗ മേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങൾ,

വൈകല്യം നേരത്തെ കണ്ടെത്തൽ, നേരത്തേയുള്ള ഇടപെടലുകൾ, അവരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. ഇതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

എം.എം.ആർ. പ്രതിരോധ കുത്തിവയ്പ് :

മംമ്സ്, മീസിൽസ്, റൂബെല്ലാ എന്നീ വൈറസുകൾ ബാധിക്കുന്നതുമൂലം കുട്ടികൾക്കുണ്ടായേക്കാവുന്ന വൈകല്യങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ നൽകിവരുന്ന എം.എം.ആർ. പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സിൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആണ് ലഭ്യമാക്കുന്നത്. നാളിതുവരെ 300000 ഡോസ് വാക്സിനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

റൂബെല്ലാ വാക്സിനേഷൻ :

ഗർഭിണികളിൽ റൂബെല്ലാ വൈറസ് ബാധിക്കുകയാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യത തടയുന്നതിനായി സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരോഗ്യവകുപ്പ് നടത്തുന്ന റൂബെല്ലാ വാക്സിനേഷന് ആവശ്യമായ വാക്സിൻ SID-യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 544692 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിൻ നൽകിയിട്ടുണ്ട്.

ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം :

കുട്ടികളിലെ വളർച്ചാ വൈകല്യവും അനുബന്ധ പ്രശ്നങ്ങളും നേരത്തേ തന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം SID-യുടെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നവജാത ശിശുക്കളുടെ കേൾവി പരിശോധന :

കേൾവി സംബന്ധമായ വൈകല്യം പരിശോധിക്കുന്നതിനായി ഓട്ടോ അകൗസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് കേരളത്തിലെ 40 സർക്കാർ ആശുപത്രികളിൽ SID നൽകിയിട്ടുണ്ട്. ഇതിനായി ഓരോ ജെ.പി.എച്ച്.എൻ.-ന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. 105124 നവജാത ശിശുക്കളുടെ കേൾവി പരിശോധന നടത്തുകയും 13899 കുട്ടികളെ തുടർ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രതീക്ഷാ പദ്ധതി :

മലപ്പുറം ജില്ലാ പഞ്ചായത്ത് വൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന ഏർളി ഇന്റർവെൻഷൻ പദ്ധതിയായ പ്രതീക്ഷാ പദ്ധതിക്ക് കുട്ടികളെ സെന്ററുകളിൽ എത്തിക്കുവാൻ 10 വാഹനങ്ങൾ വാങ്ങുന്നതിന് 20 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. സമാനമായ പദ്ധതികൾ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തുകൾക്ക് വാഹനത്തിന്റെ വിലയുടെ 70 ശതമാനം SID ഫണ്ടിൽ നിന്നും നൽകുവാൻ തീരുമാനമായിട്ടുണ്ട്.

മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് :

വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന വളർച്ചാ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുവാൻ കോഴിക്കോട് പ്രവർത്തിക്കുന്ന IMHANS-നെ ചുമതലപ്പെടുത്തുകയും പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഓട്ടിസം :

ഓട്ടിസം നേരത്തെ കണ്ടെത്തുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും റിസോഴ്സ് ആന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ടി പദ്ധതികൾക്കായി ബഡ്ജറ്റിൽ 12000 ലക്ഷം രൂപ അനുവദിക്കുകയും 3260.22 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

| | | |
|---|---|---|
| അംഗപരിമിത സെൻസസ് : | | 474.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് അംഗ പരിമിതരുടെ എണ്ണവും അവരുടെ വിഭാഗം തിരിച്ചുള്ള കണക്കും അംഗപരിമിതിയുടെ തോതും അവരുടെ ജീവിതനിലവാരവും മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അംഗപരിമിതരുടെ എണ്ണം എടുക്കുന്നതിനും വൈകല്യത്തിന്റെ വിഭാഗം തിരിച്ചുള്ള കണക്കും ഇവരുടെ സാമൂഹ്യ സാമ്പത്തിക വിവര ശേഖരണത്തിനുമായി വിപുലമായ സെൻസസ് നടപ്പിലാക്കിവരുന്നു. | 505 ലക്ഷം | |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമ കോർപ്പറേഷന് പ്ലാൻ ഇനത്തിൽ 1330 ലക്ഷം രൂപ അനുവദിക്കുകയും അവയിൽ 1195.55 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നോൺ പ്ലാൻ ഇനത്തിൽ

70 ലക്ഷം രൂപ അനുവദിച്ചത് മുഴുവനായും ചെലവഴിക്കുകയും ചെയ്തു.

**സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം**

310 (1784) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കായി കഴിഞ്ഞ വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കുമോ;

(സി) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സുരക്ഷാ മിഷന്റെ കീഴിൽ ഏതൊക്കെ പദ്ധതികൾ പുതുതായി തുടങ്ങിയെന്നും അവയ്ക്ക് ഓരോന്നിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും വാങ്ങി ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) 1. 5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന ശ്രുതിതരംഗം പദ്ധതി.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2012-13 | 600 ലക്ഷം | 677 ലക്ഷം |
| 2 | 2013-14 | 1000 ലക്ഷം | 1000.02 ലക്ഷം |
| 3 | 2014-15 | 1000 ലക്ഷം | 634.07 ലക്ഷം |
| 4 | 2015-16 | 1000 ലക്ഷം | 269.92 ലക്ഷം (31-10-2015 വരെ) |
| | ആകെ | 3600 ലക്ഷം | 2581.01 ലക്ഷം |

2. മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിലൊരാൾ മരണപ്പെട്ടതോ ആയ കുടുംബങ്ങളിലെ കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2012-13 | 50 ലക്ഷം | 73.42 ലക്ഷം |
| 2. | 2013-14 | 225 ലക്ഷം | 421.19 ലക്ഷം |
| 3. | 2014-15 | 1700 ലക്ഷം | 902.10 ലക്ഷം |
| 4. | 2015-16 | 1300 ലക്ഷം | 1887.12 ലക്ഷം (31-10-2015 വരെ) |
| | ആകെ | 3275 ലക്ഷം | 3283.83 ലക്ഷം |

3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമേ ആവശ്യമായ വിഭവം കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സമാഹരിച്ച് സമയബന്ധിതമായി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് വി-കെയർ.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2014-15 | 100 ലക്ഷം | 26.04 ലക്ഷം |
| 2 | 2015-16 | 100 ലക്ഷം | 6.21 ലക്ഷം (31-10-2015 വരെ) |
| | ആകെ | 200 ലക്ഷം | 32.25 ലക്ഷം |

4. സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് അംഗപരിമിതരുടെ എണ്ണവും അവരുടെ വിഭാഗം തിരിച്ചുള്ള കണക്കും അംഗപരിമിതിയുടെ തോതും അവരുടെ ജീവിത നിലവാരവും മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അംഗപരിമിതരുടെ എണ്ണം എടുക്കുന്നതിനും വൈകല്യത്തിന്റെ വിഭാഗം തിരിച്ചുള്ള കണക്കും ഇവരുടെ സാമൂഹിക സാമ്പത്തിക വിവര ശേഖരണത്തിനുമായി വിപുലമായ ഒരു സെൻസസ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2014-15 | 500 ലക്ഷം | 13.29 ലക്ഷം |
| 2 | 2015-16 | 5 ലക്ഷം | 461.57 ലക്ഷം (31-10-2015 വരെ) |
| | ആകെ | 505 ലക്ഷം | 474.86 ലക്ഷം |

5. നിരന്തരമായ ഡയാലിസിസിൽ ഏർപ്പെടുന്നവർക്ക് പ്രതിമാസം 1100 രൂപ നിരക്കിലും വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, അരിവാൾ രോഗം ബാധിച്ചവർ എന്നിവർക്ക് പ്രതിമാസം 1000 രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതി. ടി പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. മിഷൻ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതി പ്രവർത്തനങ്ങൾക്കുമായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 315 ലക്ഷം രൂപയിൽ നിന്നുമാണ് ടി ചെലവുകൾക്ക് തുക കണ്ടെത്തുന്നത്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (നോൺ പ്ലാൻ) | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2013-14 | 315 ലക്ഷം | 315 ലക്ഷം | 92.93 ലക്ഷം |
| 2 | 2014-15 | 315 ലക്ഷം | 315 ലക്ഷം | 564.60 ലക്ഷം |
| 3 | 2015-16 | 315 ലക്ഷം | - | 402.71 ലക്ഷം (31-10-2015 വരെ) |

| | | | |
|---|---|---|---|
| ആകെ | 945 ലക്ഷം | 630 ലക്ഷം | 1060.24 ലക്ഷം |

6. 22 വയസ്സ് പൂർത്തിയായിട്ടും വിവാഹം കഴിയാത്ത നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000 രൂപ നിരക്കിൽ വിവാഹ ധനസഹായമായി അനുവദിക്കുന്ന പ്രത്യാശ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തി വരുന്നു. പദ്ധതി ആനുകൂല്യം 2049 പേർക്ക് അനുവദിക്കുകയുണ്ടായി. ആകെ 5.12 കോടി രൂപ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കുകയുണ്ടായി. ഇതിന് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

7. വൈകല്യമേഖലയിൽ സാമൂഹ്യനീതി വകുപ്പിലൂടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്. ഈ പദ്ധതിയുടെ കീഴിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിച്ച 9, 10, 11, 12 ക്ലാസ്സുകളിലെ 2,05,000-ഉം 2014-15 വർഷം 8, 9 ക്ലാസ്സുകളിലെ 3,39,692 പെൺകുട്ടികൾക്കും റൂബെല്ലാ വാക്സിൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 544692 പേർക്ക് ലഭിക്കുകയുണ്ടായി.

മംമ്സ്, മീസിൽസ്, റൂബെല്ല എന്നിവയെ പ്രതിരോധിക്കുന്നതിനായി കേരളത്തിലുടനീളമുള്ള സർക്കാർ ആശുപത്രികളിൽ 2014 ജനുവരി മുതൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടു കൂടി MMR വാക്സിനേഷൻ നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 300000 പേർക്ക് ലഭിക്കുകയുണ്ടായി. ആകെ 2,51,21,460 രൂപ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കുകയുണ്ടായി.

കുഞ്ഞുങ്ങളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻ തന്നെ കേൾവി പരിശോധിക്കുന്നതിനായി Otto Acoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്. ഈ ഉപകരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി ഒരു JPHN-ന്റെ സേവനവും പ്രസ്തുത ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 111776 പേർക്ക് ലഭിക്കുകയുണ്ടായി.

മലപ്പുറം ജില്ലാപഞ്ചായത്ത് മാനസിക വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ സ്കൂളുകളോട് ചേർന്ന് ഡേ കെയർ സെന്ററുകൾ പ്രതീക്ഷ പദ്ധതി എന്ന പേരിൽ നടത്തിവരുന്നു. ടി സ്കൂളുകളിലേക്ക് കുട്ടികളെ കൊണ്ടുവരുന്നതിനും തിരിച്ച് ഭവനങ്ങളിലേക്ക് അയയ്ക്കുന്നതിനും 10 വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (നോൺ പ്ലാൻ) | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2013-14 | 4000 ലക്ഷം | 3741.43 ലക്ഷം | 459.32 ലക്ഷം |
| 2 | 2014-15 | 4000 ലക്ഷം | 2739.93 ലക്ഷം | 2724.93 ലക്ഷം |
| 3 | 2015-16 | 4000 ലക്ഷം | 259.13 ലക്ഷം | 75.97 ലക്ഷം (31-10-2015 വരെ) |
| | ആകെ | 12000 ലക്ഷം | 6740.49 ലക്ഷം | 3260.22 ലക്ഷം |

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

311 (1785) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തീർക്കുന്നതിനായി എന്തു തുക ആവശ്യമായി വരുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുടിശ്ശികയുണ്ട്. 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്റ്റംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശികയായിട്ടുണ്ട്.

(ബി) എല്ലാ പെൻഷനുകളിലും കുടിശ്ശികയുണ്ട്. ആഗസ്റ്റ് 2015 വരെയുള്ള എല്ലാ പെൻഷനുകളും വിതരണത്തിനായി അയച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

312 (1786) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക അവരുടെ അക്കൗണ്ടിലേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹ്യ സുരക്ഷാ പെൻഷനുകൾ**

313 (1787) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് നൽകിവരുന്നത്;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് നിലവിൽ നൽകി വരുന്നത്;

(സി) ഇവയിൽ ഓരോന്നും നിലവിൽ കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ.

(ബി)

| ക്രമ നമ്പർ | ക്ഷേമ പെൻഷനുകളുടെ പേര് | പ്രതിമാസ വിഹിതം (രൂപയിൽ) |
|---|---|---|
| 1 | വികലാംഗപെൻഷൻ | 800 |

| | | |
|---|---|---|
| | 80%വും അതിനുമുകളിലും വൈകല്യമുള്ളവർക്ക് | 1100 |
| 2 | അഗതി (വിധവ) പെൻഷൻ | 800 |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ<br>80 വയസ്സിനുമുകളിൽ പ്രായമുള്ളവർ | 600<br>1200 |
| 4 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 800 |

(സി) ക്ഷേമപെൻഷനുകളുടെ കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷേമ പെൻഷനുകളുടെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | വികലാംഗപെൻഷൻ | 166,69,68,167 |
| 2 | അഗതി (വിധവ) പെൻഷൻ | 553,19,82,532 |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 366,09,21,915 |
| 4 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 35,88,57,856 |

## സാമൂഹ്യസുരക്ഷാ പെൻഷനുകൾ

314 (1788) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് വിതരണം ചെയ്യുന്നതെന്നും ഓരോന്നിലും പ്രതിമാസം പെൻഷൻ തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച പ്രതിമാസ പെൻഷനുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണെന്നും വിശദമാക്കുമോ;

(സി) ഏതൊക്കെ പെൻഷനുകൾ എത്ര തുക വീതം കുടിശ്ശികയായിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ, അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | - | 600 രൂപ |
| 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ | - | 1200 രൂപ |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 800 രൂപ |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 800 രൂപ |
| 80% വൈകല്യമുള്ളവർക്കുള്ള പെൻഷൻ | - | 1100 രൂപ |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | - | 800 രൂപ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 300 രൂപയിൽ നിന്ന് 400 രൂപയായും തുടർന്ന് 400 രൂപയിൽ നിന്ന് 600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80 വയസ്സിനുമേൽ പ്രായമുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ 300 രൂപയിൽ നിന്ന് 400 രൂപയായും 400 രൂപയിൽ നിന്നും 900 രൂപയായും തുടർന്ന് 900 രൂപയിൽ നിന്നും 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും 525 രൂപയായും തുടർന്ന് 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും തുടർന്ന് 525 രൂപയായും 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80%-നുമുകളിൽ അംഗവൈകല്യം സംഭവിച്ചവർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും 700 രൂപയായും തുടർന്ന് 700 രൂപയിൽനിന്നും 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)**

315 (1789) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)കൾക്ക് വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് പറയാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംയോജിത ശിശുവികസന സേവന പദ്ധതിയെ പി.പി.പി. മാതൃകയിൽപ്പെടുത്തി സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നയത്തിന്റെ തുടർച്ചയായി സംസ്ഥാനത്ത് ഏന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള പദ്ധതികളിൽ നിന്നും ഒഴിവാകുവാനും പ്രസ്തുതപദ്ധതി സർക്കാർ തലത്തിൽ തന്നെ തുടരുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതിക്കായി (ഐ.സി.ഡി.എസ്.) വകയിരുത്തിയ തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു :

| വർഷം | ഐ.സി.ഡി.എസ്.പദ്ധതിക്കായി വകയിരുത്തിയ തുക | വിനിയോഗിച്ച തുക |
|---|---|---|
| 2011-12 | 3,20,26,80,000 രൂപ | 3,16,55,46,244 രൂപ |
| 2012-13 | 2,00,00,00,000 രൂപ | 2,95,94,47,294 രൂപ |
| 2013-14 | 4,00,00,00,000 രൂപ | 3,01,45,74,380 രൂപ |
| 2014-15 | 4,40,00,00,000 രൂപ | 3,32,89,36,914 രൂപ |

(ബി) ഐ.സി.ഡി.എസ്. പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ തുക (ലക്ഷത്തിൽ ) |
|---|---|
| 2011-12 | 29313.72 |
| 2012-13 | 16014.58 |
| 2013-14 | 31147.08 |
| 2014-15 | 19520.23 |

(സി) ഇല്ല.

(ഡി) ബാധകമല്ല.

**നിർഭയ ഷെൽട്ടർ ഹോമുകൾ**

316 (1790) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയുമാണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. ഇവർക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടു വരാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും നിയമ സഹായത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു.

(സി) എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്ന് വീതവും പ്രവർത്തിച്ചുവരുന്നു.

**വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം**

317 (1791) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മുടാടി പഞ്ചായത്തിലുള്ള നന്നിയിൽ വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി സമൂഹ്യനീതി വകുപ്പിലെയും ജില്ലാ സാമൂഹ്യനീതി ഓഫീസിലെയും ബന്ധപ്പെട്ട ഫയലുകളുടെ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കിക്കൊണ്ട്

വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുള്ളത് എന്നത് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) തിക്കോടി ലൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിന് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ആഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ റവന്യൂ വകുപ്പുമായി ആലോചിച്ച് ചെയ്യുന്നതാണ്. ഈ വിഷയം സംബന്ധിച്ച സെക്രട്ടറിയേറ്റിലെ സാമൂഹ്യനീതി വകുപ്പിലെ ഫയലിന്റെ പകർപ്പും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പും ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഫയലിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

**നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം**

318 (1792) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് പുതിയ അംഗൻവാടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പ്രോജക്ട് | പഞ്ചായത്ത് | അംഗൻവാടി സെന്റർ നമ്പർ | നിർമ്മാണ പുരോഗതി |
|---|---|---|---|
| കല്ല്യാശ്ശേരി അഡീഷണൽ | ഏഴോം | 38 | നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. |
| കല്ല്യാശ്ശേരി അഡീഷണൽ | ഏഴോം | 48 | നിർമ്മാണം അവസാന ഘട്ടത്തിലാണ്. |

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് തെരഞ്ഞെടുത്ത അംഗൻവാടികളിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗൻവാടികളൊന്നും തന്നെ ഉൾപ്പെടുന്നില്ല.

**അംഗപരിമിതി സെൻസസ്**

319 (1793) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ അംഗപരിമിത സെൻസസിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന വിശദമാക്കാമോ;

(ബി) സെൻസസിന്റെ വിവരശേഖരണത്തിനായി നിയോഗിച്ചത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി കൊടുത്തതും ഇനി കൊടുത്തുതീർക്കാനുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഉള്ള വിവരം ലഭ്യമാക്കുമോ;

(ഡി) സെൻസസ് നടത്തിയവരുടെ പ്രതിഫലം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപയുമാണ് അംഗപരിമിത സെൻസസിനായി വകയിരുത്തിയിട്ടുള്ളത്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടി വർക്കർമാരെയും

ആരോഗ്യ വകുപ്പിലെയും തദ്ദേശസ്വയം ഭരണ വകുപ്പിലെയും നാഷണൽ ഹെൽത്ത് മിഷനിലെയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരെയുമാണ് സെൻസസിന്റെ വിവര ശേഖരണത്തിനായി നിയോഗിച്ചത്.

(സി) ആര്യനാട്, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും പൈലറ്റ് സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി 2,27,930 രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. സെൻസസിന്റെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഡാറ്റാ എൻട്രി പൂർത്തിയായതിനുശേഷം മാത്രമേ ഓരോ എന്യൂമറേറ്റർക്കും നൽകാനുള്ള തുക കൃത്യമായി കണക്കാക്കി നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) പ്രാഥമിക സെൻസസ് നടത്തിയ അംഗൻവാടി വർക്കർമാർക്ക് വീടൊന്നിന് 5 രൂപയും രണ്ടാംഘട്ട സെൻസസ് നടത്തിയ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വീടൊന്നിന് 15 രൂപയും പ്രതിഫലമായി നിശ്ചയിച്ചിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പ്രശ്നങ്ങൾ**

320 (1794) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർവ്വീസിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് സാധാരണക്കാർക്ക് ലഭിക്കുന്ന നീതി ലഭ്യമാക്കുവാൻ നിയമനിർമ്മാണമുൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക

എന്ന ലക്ഷ്യത്തോടെ ട്രാൻസ് ജെൻഡർ പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്. സമത്വത്തിനുള്ള അവകാശം അതിക്രമങ്ങളിൽ നിന്ന് മോചനം നേടുന്നതിനും അഭിമാനത്തോടുകൂടി ജീവിക്കുന്നതിനുമുള്ള അവകാശം, വികസനത്തിൽ തുല്യ അഭിപ്രായവും പങ്കാളിത്തവും ഉറപ്പാക്കുക, അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നിവയിൽ അധിഷ്ഠിതമായ ഒരു സമീപനമാണ് ട്രാൻസ് ജെൻഡർ പോളിസിയിൽ സ്വീകരിച്ചിരിക്കുന്നത്. ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡും ട്രാൻസ് ജെൻഡർ ഹെൽപ്പ് ലൈനും സ്ഥാപിക്കുമെന്ന് പോളിസിയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, ട്രാൻസ് ജെൻഡർ പോളിസി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ ചുമതലകളും ടി പോളിസിയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

**തപാൽ വഴി ക്ഷേമപെൻഷനുകൾ**

321 (T* 1795) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തപാൽ വഴി ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സാധാരണ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തപാൽ വകുപ്പിന്റെ ഏറ്റവും താഴെത്തട്ടിൽ തുക കൃത്യമായി എത്തിയോ എന്നറിയുന്നതിനും കൃത്യ സമയത്ത് വിതരണം ചെയ്തോ എന്നും അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല. കൂടാതെ തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു. ആയത് പരിശോധിച്ചു വരികയാണ്.

**അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ**

322 (1796) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കാൻ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാതൃകാ അംഗൻവാടികളിൽ കുട്ടികളെ ആകർഷിക്കാവുന്ന ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി 2015-ലെ കേരള അംഗൻവാടി വർക്കർമാരുടെയും അംഗൻവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൂടാതെ അംഗൻവാടി ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥയിൽ പരിഷ്കരണം വരുത്തുന്നതിനായി സമഗ്രമായ ഒരു ചട്ടം തയ്യാറാക്കുന്നതിനുള്ള നടപടി സാമൂഹ്യനീതി ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000 രൂപയിൽ നിന്നും 2600 രൂപയായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിഹിതം 100 രൂപയിൽ നിന്ന് 1000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അംഗൻവാടി സേവനം കൂടാതെ കലാപരമായ പരിശീലനവും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് മത്സരപരീക്ഷാ പരിശീലനം, ബോധവൽക്കരണ ക്ലാസ്സുകൾ, ലൈബ്രറി-ഇന്റർനെറ്റ് സൗകര്യം, മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യം, ഹെൽത്ത് ചെക്കപ്പ്, കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനങ്ങൾ എന്നിവ മാതൃകാ അംഗൻവാടി മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**ഓപ്പറേഷൻ വാത്സല്യ**

323 (1797) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ വാത്സല്യ' പദ്ധതി മുഖേന കാണാതായ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത് ഒരു സ്ഥിരം പദ്ധതിയായി നിലനിർത്തി കൃത്യമായി പുരോഗതി വിലയിരുത്തുന്ന തരത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

ഉത്തരം

(എ) 119 കുട്ടികളെ കണ്ടെത്താൻ സാധിച്ചു.

(ബി) പദ്ധതിക്ക് ആവശ്യമായ പ്രചാരണം നൽകി, ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതികൾ രൂപീകരിച്ച് പരിശോധനകൾ നടത്തി.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ "2015 ഒക്ടോബർ മുതൽ നവംബർ വരെ നീണ്ടുനിന്ന ഒരു തീവ്രയത്ന പരിപാടിയാണ് ഓപ്പറേഷൻ വാത്സല്യ." ഇത് ഒരു സ്ഥിരം സംവിധാനമാക്കുന്ന കാര്യം പരിഗണനയിലില്ല.

**കുടുംബശ്രീ ഭരണ സമിതിയംഗങ്ങൾ**

324 (1798) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയുടെ തിരുവനന്തപുരത്തുള്ള രണ്ടു ഭരണസമിതി അംഗങ്ങൾ കുടുംബശ്രീയുടെ ചെലവിൽ എവിടെയാണ് താമസിക്കുന്നതെന്നും അവർക്ക് താമസം, ഭക്ഷണം എന്നിവയ്ക്ക് പ്രതിമാസം എത്ര തുക ചെലവഴിക്കപ്പെടുന്നതെന്നും ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഈയിനത്തിൽ മാത്രം എത്ര തുക വിനിയോഗിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

കുടുംബശ്രീയുടെ ഭരണ സമിതിയംഗങ്ങൾ കുടുംബശ്രീയുടെ ചെലവിൽ താമസിക്കുന്നില്ല. ഈയിനത്തിൽ കുടുംബശ്രീ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**വികലാംഗരായ സർക്കാർ ജീവനക്കാർ**

325 (1799) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നിയമനത്തിൽ മാത്രമല്ല സ്ഥാനക്കയറ്റത്തിലും സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിലും സംവരണം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു തരുന്നതാണ്.

**അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധന**

326 (1800) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിനോടൊപ്പം അധിക ചുമതലകൾ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) അംഗൻവാടി ജീവനക്കാർക്ക് അധിക ചുമതലകൾ നൽകിയിട്ടില്ല.

(ബി) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000 രൂപയിൽ നിന്നും 2600 രൂപയായി വർദ്ധിപ്പിച്ചും പ്രസ്തുത വർദ്ധനവിന് 1-4-2015 മുതൽ പ്രാബല്യം നൽകിയും 24-8-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 50/2015/സാനീവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിഹിതം 100 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് 10-8-2015-ലെ സ.ഉ.(സാധാ) നമ്പർ 2469/2015/തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I, II* ആയി ചേർക്കുന്നു.

**അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധന**

327 (1801) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള അവരുടെ വേതനം സംബന്ധിച്ചുള്ള വിശദാംശം നല്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015 ജനുവരി മുതൽ വർദ്ധിപ്പിച്ച നിരക്കിൽ വേതനം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 33115 അംഗൻവാടി വർക്കർമാരും 32986 ഹെൽപ്പർമാരും നിലവിലുണ്ട്.

(ബി) അംഗൻവാടി ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ് :

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം | ആകെ |
|---|---|---|---|---|
| അംഗൻവാടി വർക്കർ | ₹ 3000 | ₹ 2600 | ₹ 1000 | ₹6600 |
| അംഗൻവാടി ഹെൽപ്പർ | ₹ 1500 | ₹2600 | ₹1000 | ₹ 5100 |

(സി) 2015 ജനുവരി പ്രാബല്യത്തിൽ വേതനം വർദ്ധിപ്പിച്ചിട്ടില്ല. 2015 ഏപ്രിൽ മുതൽ വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിലെ സംസ്ഥാന വിഹിതം 600 രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്.

**അംഗൻവാടി വർക്കർമാരുടെ വേതനം**

328 (1802) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിക്കുന്നത്; ആയതിന് എന്നുമുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അംഗൻവാടി ഹെൽപ്പർമാരുടെ വേതനം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അംഗൻവാടി വർക്കർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്.

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം | ആകെ |
|---|---|---|---|---|
| അംഗൻവാടി വർക്കർ | ₹ 3000 | ₹ 2600 | ₹ 1000 | ₹6600 |

(ബി&സി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ആശ്വാസകിരണം പദ്ധതി**

329 (1803) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, തേനാക്കുഴി ചേറങ്ങോട്ടു മലയിൽ സാവിത്രി അമ്മയെ രോഗശയ്യയിൽ പരിചരിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി ബിന്ദു കെ. സി. ആശ്വാസകിരണം പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് 2013 ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്ന് മുതൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്ത് തേനാക്കുഴി ചേറങ്ങോട്ടു മലയിൽ സാവിത്രി അമ്മയെ രോഗശയ്യയിൽ പരിചരിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി കെ. സി. ബിന്ദുവിന് 2013 ആഗസ്റ്റ് മാസം മുതലുള്ള കുടിശ്ശികയുൾപ്പെടെയുള്ള ആശ്വാസകിരണം പദ്ധതി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രീമതി ബിന്ദു കെ. സി. യുടെ അപേക്ഷ പ്രകാരം ടിയാൾക്ക് 2013 ആഗസ്റ്റ് മാസം മുതൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**ആശ്വാസകിരണം പദ്ധതി**

330 (1804) <u>ശ്രീ. വി. ടി. ബൽറാം</u> :

ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾമൂലവും പ്രായാധിക്യംമൂലവും നൂറുശതമാനം അന്ധതമൂലവും ഒരു പരിചാരകന്റെ സേവനം ആവശ്യമായവിധം ശയ്യാവലംബരായവരെ പരിചരിക്കുന്ന പാവപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതിയാണ് ആശ്വാസകിരണം. ഇത്തരം കിടപ്പുരോഗികളെ പരിചരിക്കേണ്ടി വരുന്നതുമൂലം ഇവർക്ക് പുറത്തുപോയി മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്. പലവിധ രോഗങ്ങളാലും മറ്റും ശയ്യാവലംബരായ പാവപ്പെട്ടവരെ അവരുടെ ഭവനങ്ങളിൽത്തന്നെ പരിചരിക്കുന്ന വ്യക്തിക്ക് (Care giver) സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണവും അനുവദിക്കുന്നുണ്ട്.

(സി) തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസം മൂലം അവശതയുള്ളവർ പലവിധ കാരണങ്ങളാൽ ശയ്യാവലംബരായവർ തുടങ്ങിയവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 250 രൂപ നിരക്കിലാണ് സ.ഉ.(എം.എസ്) നമ്പർ 47/2010/ സാ.ക്ഷേ.വ. തീയതി 2-8-2010 പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിരുന്നത്. ഈ ധനസഹായം 300 രൂപയായി സ.ഉ.(എം.എസ്) നമ്പർ 9/2011/സാ.ക്ഷേ.വ. തീയതി 28-1-2011 പ്രകാരവും 300 രൂപയിൽ നിന്ന് 400 രൂപയായും സ.ഉ.(സാധാ) നമ്പർ 374/2011/ സാ.ക്ഷേ.വ. തീയതി 14-10-2011 പ്രകാരവും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായി. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവ ബാധിച്ചവർക്ക് വരുമാനപരിധി ഒഴിവാക്കിയും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മറ്റ്

ജോലിക്ക് പോകാൻ സാധിക്കാത്തതു കൊണ്ടുള്ള ഗുരുതരമായ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പ്രതിമാസ ധനസഹായം 400 രൂപയിൽ നിന്ന് 525 രൂപയാക്കി വർദ്ധിപ്പിച്ച് കൊണ്ട് സ.ഉ.(എം.എസ്) നമ്പർ 67/2013/ സാ.നീ.വ. തീയതി 21-08-2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ പ്രകാരം സ്പെഷ്യൽ ആശ്വാസകിരണവും അനുവദിക്കുന്നുണ്ട്.

## പത്തനംതിട്ട ജില്ലയിലെ അംഗൻവാടികൾ

331 (1805) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എത്ര ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളാണ് ഉള്ളത്; ഓരോ പ്രോജക്ടിനു കീഴിലും എത്ര അംഗൻവാടികൾ വീതമാണ് പ്രവർത്തിക്കുന്നത്; ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള അംഗൻവാടികളുടെ എണ്ണം പ്രോജക്ടിന്റെ പേരു തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത അംഗൻവാടികളുടെ എണ്ണം എത്ര; വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ എത്ര; ഇവയുടെ എണ്ണം പ്രോജക്ട് തിരിച്ച് വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ അംഗൻവാടികൾക്കാണ് ഇപ്പോൾ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവയുടെ ഓരോന്നിന്റെയും സെന്റർ നമ്പർ സഹിതം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഏതു ഘട്ടം വരെയെന്നും ആർക്കാണ് ഇതു സംബന്ധിച്ച് ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

### ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ 12 ഐ.സി.ഡി.എസ്. പ്രോജക്ടുകളാണ് ഉള്ളത്. ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 713 അംഗനവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത 31 അംഗൻവാടികളാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉള്ളത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 577 അംഗൻവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. സ്വന്തമായി സ്ഥലം ലഭ്യമാക്കുന്ന മുഴവൻ അംഗൻവാടികൾക്കും വിവിധ പദ്ധതികളിലൂടെയും ഫണ്ടുകളിലൂടെയും കെട്ടിടം നിർമ്മിച്ച് നൽകുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ വക ഭൂമി, പഞ്ചായത്ത് ഭൂമി, സൗജന്യമായി ലഭ്യമാക്കുന്ന ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്വന്തമായി ഭൂമി ലഭ്യമായാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതാണ്.

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ വിശദവിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

**ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ**

332 (1806) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(ബി) മാതൃക അംഗൻവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടത്തിന്റെ വലിപ്പം, എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത 17 അംഗൻവാടി കൾ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു :

| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| കട്ടപ്പന അഡീഷണൽ | ചക്കുപള്ളം | 2 |
| കട്ടപ്പന | കട്ടപ്പന | 2 |
| കട്ടപ്പന | വണ്ടൻമേട് | 1 |

| | | |
|---|---|---|
| കട്ടപ്പന | ഇരട്ടയാർ | 5 |
| നെടുങ്കണ്ടം | നെടുങ്കണ്ടം | 3 |
| നെടുങ്കണ്ടം അഡീഷണൽ | രാജക്കാട് | 2 |
| നെടുങ്കണ്ടം അഡീഷണൽ | രാജകുമാരി | 1 |
| നെടുങ്കണ്ടം അഡീഷണൽ | സേനാപതി | 1 |
| ആകെ | | 17 |

(ബി) 10 സെന്റ് വിസ്തൃതിയുള്ള സ്ഥലത്ത് 1475 sqft വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക**

333 (1807) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ നിലവിലുള്ള സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഏതെല്ലാം പെൻഷനുകളിൽ എത്ര ഗഡു വീതം കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ;

(ബി) കുടിശ്ശിക തീർത്ത് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകളായ വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയ്ക്കുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷേമ പെൻഷനുകളുടെ പേര് | കുടിശ്ശിക തുക |
|---|---|---|

| | | |
|---|---|---|
| 1 | വികലാംഗപെൻഷൻ | 166,69,68,167 |
| 2 | അഗതി (വിധവ) പെൻഷൻ | 553,19,82,532 |
| 3 | ദേശീയവാർദ്ധക്യകാല പെൻഷൻ | 366,09,21,915 |
| 4 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 35,88,58,56 |

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.

**സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക**

334 (1808) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ;

(ബി) ഏതെല്ലാം പെൻഷനുകളാണ് വിതരണത്തിൽ കുടിശ്ശികയുള്ളതെന്നു വ്യക്തമാക്കാമോ;

(സി) ഏത് മാസം മുതലാണ് കുടിശ്ശികയുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക വിതരണത്തിന് എത്ര തുക വേണ്ടി വരും എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) കുടിശ്ശികയുണ്ട്. 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്തംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശികയായിട്ടുണ്ട്.

(ബി) എല്ലാ പെൻഷനുകളിലും കുടിശ്ശികയുണ്ട്. ആഗസ്റ്റ് 2015 വരെയുള്ള എല്ലാ പെൻഷനുകളും വിതരണത്തിനായി അയച്ചിട്ടുണ്ട്.

(സി) 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്തംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശികയായിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ചാണ് കുടിശ്ശിക തുക കണക്കാക്കുന്നത്.

**അംഗപരിമിതരുടെ പെൻഷൻ പരിഷ്കരണം**

335 (1809) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനുവേണ്ടി സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അംഗപരിമിതരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് സമാശ്വാസ/ക്ഷേമ പദ്ധതികൾ സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നത്. നിലവിലെ ക്ഷേമപദ്ധതികളിലേയും സമാശ്വാസ പദ്ധതികളിലേയും പോരായ്മകൾ തിരിച്ചറിഞ്ഞ് കാലോചിതമായ മാറ്റങ്ങൾ വരുത്തിയും നവീനങ്ങളായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയും ആനുകൂല്യങ്ങൾ അർഹരായ വിഭിന്നശേഷിയുള്ളവരിൽ എത്തിക്കുന്നതിനും സർക്കാർ തലത്തിൽ ശ്രദ്ധിച്ചുവരുന്നുണ്ട്. അംഗപരിമിതർക്കായുള്ള തൊഴിൽദാന പദ്ധതി, വായ്പ ധനസഹായ പദ്ധതികൾ, സഹായോപകരണ വിതരണ പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പും അതിന്റെ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവ മുഖേനയും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണം സർക്കാർതല ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് കൂടുതൽ ഊന്നൽ നൽകി ഫണ്ടുകൾ സമയബന്ധിതമായി അനുവദിക്കുന്നതിലൂടെയുമാണ് സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നത്.

(ബി) അംഗപരിമിതരുടെ ക്ഷേമ പെൻഷനുകളിൽ ഭൂരിഭാഗവും നടപ്പിലാക്കി വരുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. അംഗപരിമിതർക്കുള്ള നിലവിലെ ആനുകൂല്യങ്ങൾക്കുള്ള തുക അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുമ്പോഴും വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാകുന്ന സന്ദർഭങ്ങളിലും പരിശോധിച്ച് ആനുകൂല്യങ്ങൾ

കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

**ക്ഷേമപെൻഷൻ വിതരണം**

336 (T* 1810) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമപെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന പരാതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഓരോ ക്ഷേമപെൻഷനും എത്രമാസത്തെ വീതം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവശരും രോഗികളും വൃദ്ധരും വികലാംഗരും ഉൾപ്പെടെയുള്ളവർ പെൻഷൻ പോസ്റ്റാഫീസിൽ പോയി പെൻഷൻ തുക കൈപ്പറ്റണമെന്ന് തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) എല്ലാ ക്ഷേമപെൻഷനുകളും പോസ്റ്റ്മാൻ മുഖേന വീടുകളിൽ എത്തിച്ചിരുന്ന സംവിധാനം പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. ഡി.ബി.ടി. സമ്പ്രദായത്തിൽ പെൻഷൻ വിതരണം ചെയ്യുന്നതിന് സാങ്കേതിക വിദ്യയുടെ സഹായം അനുപേക്ഷണീയമാണ്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകൾ, ഇ.എം.ഒ. എന്നിവ മുഖാന്തിരം തുക വിതരണം ചെയ്യുതിൽ തപാൽ വകുപ്പിന് ഗുണഭോക്താക്കൾക്ക് യഥാസമയം തുക ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. തപാൽ വകുപ്പിന്റെ ഏറ്റവും താഴെത്തട്ടിൽ തുക കൃത്യമായി എത്തിയോ എന്നറിയുന്നതിനും കൃത്യസമയത്ത് വിതരണം ചെയ്തോ എന്നും അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല.
2. തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു.

(ബി) വിവിധ തദ്ദേശസ്ഥാപനങ്ങളിലെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഏകീകൃത സ്വഭാവം ഇല്ല. പൊതുവായി 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത്.

(സി) അവശരും രോഗികളും വൃദ്ധരും വികലാംഗരും ആയ ഗുണഭോക്താക്കൾക്ക് മണിയോർഡർ ആയി തുക ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട്, ഇ.എം.ഒ. എന്നീ വിതരണ രീതികളിൽ ഏത് രീതിയിൽ പെൻഷൻ ലഭിക്കണമെന്ന് തീരുമാനിക്കേണ്ടത് ഗുണഭോക്താവ് തന്നെയാണ്. കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായി ക്ഷേമപെൻഷനുകൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നതിനുവേണ്ടി ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട് മുഖേന നടപ്പിലാക്കി വരുന്ന ഡി.ബി.റ്റി.(Direct Benefit Transfer) പദ്ധതിയുടെ ഭാഗമായാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടത്.

(ഡി) പരിഗണനയിലില്ല.

**അംഗൻവാടിക്ക് കെട്ടിടനിർമ്മാണം**

337 (1811) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ 4-ാം വാർഡിലെ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുകിട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക 2015-16 വർഷത്തിൽ കുറുവ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 7,10,000 രൂപ പ്രോജക്ട് നമ്പർ 33 ആയി 2015-16 വർഷത്തിൽ കുറുവ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി

സ്വീകരിക്കുന്നതാണ്.

**വാർദ്ധക്യകാല പെൻഷൻ**

338 (1812) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്രപേർക്കാണ് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചു നൽകിയിട്ടുള്ളത് ;

(ബി) 2011 മേയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം എത്ര രൂപയായിരുന്നു;

(സി) ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ എത്ര രൂപയാണ്; എത്രമാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(ഡി) പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്?

ഉത്തരം

(എ) 1253563 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുണ്ട്.

(ബി) 2011 മേയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 400 രൂപയായിരുന്നു.

(സി) നിലവിൽ വാർദ്ധക്യകാല പെൻഷൻ 60 വയസ്സുമുതൽ 79 വയസ്സു വരെയുള്ളവർക്ക് പ്രതിമാസം 600 രൂപയും 80 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്ക് 1200 രൂപയും നൽകിവരുന്നു. ക്ഷേമപെൻഷനുകൾ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രകാരത്തിലാണ് കുടിശ്ശികയായിട്ടുള്ളത്. 2014 സെപ്റ്റംബർ മാസം മുതൽ 2015 ജനുവരി മാസം വരെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്.

(ഡി) വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്യുന്നതിനായി 3660921915 രൂപ വേണ്ടിവരും.

**സാമൂഹ്യസുരക്ഷാ പദ്ധതികൾ**

339 (1813) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുള്ള സാമൂഹ്യസുരക്ഷാ പദ്ധതി വിഹിതം കേന്ദ്ര സർക്കാർ ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിഹിതം പുനഃസ്ഥാപിച്ചുകിട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതുമൂലം ഏതെല്ലാം പദ്ധതികൾക്കാണ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ; ഈ പ്രതിസന്ധി എപ്രകാരം പരിഹരിക്കുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | നിലവിലുണ്ടായിരുന്ന കേന്ദ്ര-സംസ്ഥാന വിഹിതം | പുതുക്കിയ വിഹിതം |
|---|---|---|---|
| 1 | സംയോജിത ശിശുവികസന പദ്ധതി | 90:10 | 60:40 |
| 2 | കിശോരി ശക്തിയോജന | 100% | 60:40 |
| 3 | കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പദ്ധതി | 100% | 60:40 |
| 4 | ഐ.സി.ഡി.എസ്. പരിശീലനപരിപാടി | 90:10 | 60:40 |
| 5 | ഇന്ദിരാഗാന്ധിമാതൃത്വ സഹയോഗ് യോജന | 100% | 60:40 |

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുസംരക്ഷണം പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കും കേന്ദ്രസർക്കാർ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനം**

340 (1814) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഇത്തരം കുട്ടികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. എം. കെ. ജയരാജിനെ ഏകാംഗകമ്മീഷനായി നിയമിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ക്ഷേമ സ്ഥാപനങ്ങളും ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി HMDC കോഴിക്കോട് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും നൽകിവരുന്നു. കാഴ്ചവൈകല്യമുള്ളവരുടെ ഉന്നമനത്തിനായി വിദ്യാർത്ഥികൾക്ക് ബ്രെയിലി കിറ്റ്, ടാക്കിംഗ് കാൽക്കുലേറ്റർ, ഡെയ്സി പ്ലെയർ എന്നീ സഹായ ഉപകരണങ്ങളും ലോ വിഷൻ ഉള്ളവർക്ക് മാഗ്നിഫൈയിംഗ് ഗ്ലാസ് എന്നിവ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

**അനാഥാലയങ്ങളുടെ പ്രവർത്തനം**

341 (1815) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അന്തേവാസികളുടെ എണ്ണം സഹിതം വിശദമാക്കാമോ;

(സി) അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അനാഥാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 105 |
| 2 | കൊല്ലം | 59 |
| (1) | (2) | (3) |
| 3 | പത്തനംതിട്ട | 45 |
| 4 | ആലപ്പുഴ | 43 |
| 5 | കോട്ടയം | 107 |
| 6 | ഇടുക്കി | 71 |
| 7 | എറണാകുളം | 176 |
| 8 | തൃശ്ശൂർ | 135 |
| 9 | പാലക്കാട് | 103 |
| 10 | മലപ്പുറം | 112 |
| 11 | കോഴിക്കോട് | 77 |
| 12 | വയനാട് | 48 |
| 13 | കണ്ണൂർ | 85 |
| 14 | കാസർഗോഡ് | 39 |
| | ആകെ | 1205 |

(ബി) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ ലിസ്റ്റും അന്തേവാസികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിലുൾപ്പെട്ട അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഓർഫനേജുകളുടെ അംഗീകാര കാലാവധി 4 വർഷമാണ്. ഓർഫനേജ് കൺട്രോൾ ബോർഡ് നടത്തുന്ന പരിശോധനയിൽ എല്ലാവിധ ഭൗതിക സൗകര്യങ്ങളും തൃപ്തികരമാകുന്ന പക്ഷം സ്ഥാപനത്തിന് അംഗീകാരം പുതുക്കി നൽകുന്ന വകുപ്പിൽ നിന്ന് ഗസറ്റഡ് റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥൻ സ്ഥാപനം സന്ദർശിച്ച് ആനുവൽ ഇൻസ്പെക്ഷൻ നടത്തുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സമഗ്ര പരിശോധനയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുന്നുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ലീഗൽ സർവ്വീസ് അതോറിറ്റി, ഫുഡ് സേഫ്റ്റി കമ്മീഷണർ, ലോക്കൽ ഫണ്ട് ആഡിറ്റിലെ ഉദ്യോഗസ്ഥർ ഇവരും സ്ഥാപനം പരിശോധിക്കുന്നുണ്ട്. മേൽ പരിശോധനാ റിപ്പോർട്ടുകൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി അവലോകനം നടത്തുകയും ചെയ്തുവരുന്നു.

**അനാഥാലയങ്ങൾക്ക് അനുവദിച്ച തുക**

342 (1816) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ നീതി വകുപ്പിന് അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള അനാഥാലയങ്ങൾക്ക് കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ക്ഷേമപെൻഷനുകൾ മണിയോർഡർ വഴി അയയ്ക്കുന്ന സമ്പ്രദായം**

343 (1817) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ മണി ഓർഡർ വഴി അയയ്ക്കുന്ന സമ്പ്രദായം നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ഇനി മുതൽ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സംവിധാനം നിർത്തലാക്കുന്നതിലൂടെ അവശരായ പെൻഷൻകാർക്ക് കിലോമീറ്ററോളം സഞ്ചരിച്ച് പെൻഷൻ വാങ്ങേണ്ടിവരുന്ന ദുരിതാവസ്ഥ ഉണ്ടാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 1-4-2015 മുതൽ ക്ഷേമപെൻഷനുകൾ ഡി.ബി.റ്റി. സംവിധാനത്തിലൂടെയാണ് വിതരണം ചെയ്തുവരുന്നത്.

(ബി) ഡി.ബി.റ്റി. സംവിധാനത്തിൽ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ/ മണിയോർഡർ എന്നീ മൂന്ന് വിതരണ രീതികളിലാണ് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത്.

(സി) ഇല്ല. അവശരായ ഗുണഭോക്താക്കൾക്ക് മണിയോർഡറായി ക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം നിലനിൽക്കുന്നുണ്ട്.

**ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാർ**

344 (1818) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് കീഴിലുള്ള ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാരെ പാർട്ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്കും അംഗൻവാടി ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന വേതനമെങ്കിലും നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പഞ്ചായത്തുകൾക്ക് കീഴിൽ പതിനൊന്നിന പരിപാടി പ്രകാരം നിർമ്മിക്കപ്പെട്ട ശിശുമന്ദിരങ്ങളിൽ 2000 ഡിസംബർ 31-ന് മുമ്പ് ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് ജോലിയിൽ തുടർന്നുവന്നിരുന്ന 166 നഴ്സറി ടീച്ചർമാരേയും 145 ആയമാരേയും വിവിധ ഘട്ടങ്ങളിലായി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടാത്തതും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് 10 വർഷമായി തുടർന്നുവരുന്നവരേയും സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ബാധകമല്ല.

**അംഗൻവാടികൾക്ക് പുതിയതായി കെട്ടിടം**

345 (1819) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ, വക്കം, മണമ്പൂര്, ഒറ്റൂർ, കിളിമാനൂർ, പഴയകുന്നുമ്മേൽ, കരവാരം, നഗരൂർ, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലും ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലും 2011 ജനവരിക്ക് ശേഷം ഇതുവരെ ഏതെല്ലാം അംഗൻവാടികൾക്ക് പുതിയതായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും എന്തു തുക വീതമാണ് ഓരോന്നിനും അനുവദിച്ചതെന്നും ഫണ്ട് ലഭ്യമായത് എവിടെ നിന്നാണെന്നും തദ്ദേശഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭ്യമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടത് എവിടെ യൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ട് ലഭ്യമായതിൽ നിർമ്മാണം ആരംഭിക്കാത്ത അംഗൻവാടികൾ ഇല്ല.

**മിശ്രവിവാഹിതർക്ക് ധനസഹായം**

346 (1820) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്ക് എന്തെല്ലാം വിധത്തിലുള്ള ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് അനുവദിക്കുന്ന ധനസഹായം എത്രയാണെന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സഹായധനം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് സമർപ്പി ക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ഭാര്യയും ഭർത്താവും സംയുക്തമായാണോ ഓരോ വ്യക്തികളായാണോ, സമർപ്പിക്കേണ്ടത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള വിവാഹധനസഹായം മാത്രമാണ് സാമൂഹ്യനീതി വകുപ്പ് വഴി നൽകിവരുന്നത്. 30,000 രൂപ ഒറ്റത്തവണ ധനസഹായമായി മിശ്ര വിവാഹിതർക്ക് അനുവദിക്കുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാകുകയും 3 കൊല്ലം കഴിയാതിരിക്കുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ നൽകിയ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മിശ്രവിവാഹം രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് സബ് രജിസ്ട്രാർ, പഞ്ചായത്ത് പ്രസിഡന്റ്, ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്ര വിവാഹ സംഘടന, ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യകാരൻ, കരയോഗം സെക്രട്ടറി, എസ്.എൻ.ഡി.പി. ശാഖാ യോഗം സെക്രട്ടറി, പള്ളി അധികാരികൾ, ഇവരിലാരെങ്കിലും ഒരാളിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ച് താമസിക്കുന്നുവെന്നത് കാണിക്കുന്നത് സംബന്ധിച്ച് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ എം.പി./എം.എൽ.എ.-യോ നൽകിയ ഒരു സർട്ടിഫിക്കറ്റ് എന്നിവയുൾപ്പെടെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 20-9-2015 മുതൽ മിശ്രവിവാഹധന സഹായാർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 50,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഭാര്യയും ഭർത്താവും സംയുക്തമായാണ് സമർപ്പിക്കേണ്ടത്.

**അന്തേവാസികൾക്കുള്ള ധനസഹായം**

347 (1821) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള ധനസഹായം എത്രയായിരുന്നുയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും എത്രയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും ആയത് എന്നു മുതൽ നൽകി തുടങ്ങിയെന്നും വിശദമാക്കുമോ;

(സി) ധനസഹായ വിതരണത്തിൽ കുടിശ്ശികയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 5-1-2009 മുതൽ 150 രൂപയിൽ നിന്നും 200 രൂപയാക്കുകയും തുടർന്ന് 1-4-2010 മുതൽ പ്രാബല്യത്തിൽ 200 രൂപയിൽ നിന്നും 250 രൂപയായും 1-4-2012 മുതൽ പ്രാബല്യത്തിൽ 250 രൂപയിൽ നിന്നും 525 രൂപയായും 525 രൂപയിൽ നിന്നും 700 രൂപയായി 1-4-213 മുതൽ പ്രാബല്യത്തിലും 700 രൂപയിൽ നിന്നും 800 രൂപയായി 1-4-2014 മുതൽ പ്രാബല്യത്തിലും 800 രൂപയിൽ നിന്നും 1000 രൂപയായി 1-1-2015 മുതൽ പ്രാബല്യത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ഗ്രാന്റ് നൽകുന്നതിന് കുടിശ്ശിക ഉണ്ടായിരുന്നു. നടപ്പുവർഷം (2015-16) ലഭ്യമായ എല്ലാ അപേക്ഷകൾക്കും കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിന് 15,99,64,000 രൂപ ബഡ്ജറ്റ് പ്രകാരവും 32,58,10,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

**കടുത്തുരുത്തിയിൽ കിലയുടെ റീജിയണൽ സെന്റർ**

348 (1822) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് 5 ഏക്കർ വിട്ടു നൽകുന്നതു സംബന്ധിച്ച് 47573/RC4/LSGD/2014 ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ്;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉണ്ടായിട്ടുള്ള ആശയക്കുഴപ്പം പരിഹരിച്ച് കില യുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 47573/RC4/LSGD/2014 നമ്പർ ഫയൽ ഇപ്പോൾ തദ്ദേശസ്വയം ഭരണ(ആർ.സി.) വകുപ്പിലാണ് ഉള്ളത്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1637, 1669, 1695 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

ശ്രീ. എ. കെ. ബാലൻ : സർ... (ബഹളം)....

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ, ചോദ്യോത്തര സമയം കഴിഞ്ഞതിനാൽ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. പ്ലീസ്.....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചട്ടം 64 പ്രകാരം ബഹുമാനപ്പെട്ട കെ.എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്.

**II ചട്ടം 64 പ്രകാരമുള്ള പ്രസ്താവന**

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാരിന്റെ പുതുക്കിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യമാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ

പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്.

ശ്രീ. സി. ദിവാകരൻ : സർ, ഇത് എന്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പറയുന്നത്?

മി. സ്പീക്കർ : ചട്ടം 64 അനുസരിച്ച് മന്ത്രി രാജിവച്ചാൽ അത് സംബന്ധിച്ച് മന്ത്രിക്ക് പ്രസ്താവന നടത്താം.

ശ്രീ. സി. ദിവാകരൻ : സർ, ശ്രീ. കെ. എം. മാണി ഇപ്പോൾ മന്ത്രി അല്ല. .......(ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, ഒരു മന്ത്രി രാജി വച്ചാൽ രാജിവയ്ക്കുന്ന മന്ത്രിക്ക് നിയമസഭയിൽ പ്രസ്താവന നടത്താം. ചട്ടം 64 വായിച്ചുനോക്കു.................(ബഹളം)........... ബഹുമാനപ്പെട്ട കെ. എം. മാണി, അങ്ങേയ്ക്ക് പ്രസ്താവന നടത്താം.

ശ്രീ. കെ. എം. മാണി : സർ, .............(ബഹളം)...........

ശ്രീ. സി. ദിവാകരൻ : സർ, ചട്ടം 64-ൽ രാജിയെപ്പറ്റിയുള്ള വിശദീകരണം എന്നാണ് പറഞ്ഞിട്ടുള്ളത്. അദ്ദേഹം മന്ത്രി അല്ലാതായതിനുശേഷം ഇന്നലെയും ഇതിനുമുമ്പുള്ള ദിവസവും സഭയിൽ ഹാജരായി. അന്നൊന്നും പ്രസ്താവന നടത്തിയില്ല. അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചിട്ട് കുറേ നാളുകളായി. ............ (ബഹളം).........

മി. സ്പീക്കർ : ഇതിന് ബഹളം വേണ്ട. ബഹുമാനപ്പെട്ട സി. ദിവാകരൻ, എന്താണ് പറയാനുള്ളത്?

## III ക്രമപ്രശ്നം

രാജിവച്ച മന്ത്രിയുടെ പ്രസ്താവന

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട കെ. എം. മാണി രാജിവച്ചു, അത് മന്ത്രിസഭ അംഗീകരിച്ചു, മുഖ്യമന്ത്രി പ്രസ്താവന നടത്തി. അതിനുശേഷം ശ്രീ. കെ. എം. മാണി മന്ത്രി അല്ലാതെ സഭയിൽവന്നു. അദ്ദേഹം ചില ക്രമപ്രശ്നം ഇവിടെ ഉന്നയിച്ചു. അതിനുമുമ്പ് അദ്ദേഹം വന്ന് വോട്ട് ചെയ്തിട്ടുപോയി. ഈ

ദിവസങ്ങളിലൊന്നും പ്രസ്താവന നടത്താതെ ഇപ്പോൾ മുൻ മന്ത്രിയായ ഒരാളിന് എങ്ങനെ ഈ വകുപ്പ് ആപ്ലിക്കബിൾ ആകും. അതിന് റൂളിംഗ് തരണം.

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ, അങ്ങ് നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 64 വായിച്ചുനോക്കൂ. അതിൽ പറയുന്നത് രാജിവച്ച മന്ത്രി ചെയ്യുന്ന പ്രസ്താവന - 'മന്ത്രിസ്ഥാനം രാജിവച്ച ഒരംഗത്തിന് സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള വിശദീകരണമെന്ന നിലയ്ക്ക് വ്യക്തിപരമായ ഒരു പ്രസ്താവന നടത്താവുന്നതാണ് '. ഇത് പറഞ്ഞാൽ എന്തിനാണ് എതിർക്കുന്നത്? ഇതിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതനുസരിച്ചാണ് ചെയർ അനുവദിച്ചത്. ഇതിനെ എതിർക്കുന്നത് ശരിയാണോ? .........(ബഹളം)........... ഇനി അങ്ങേക്ക് പ്രത്യേക റൂളിംഗ് ആവശ്യമുണ്ടെങ്കിൽ അത് നൽകുന്നതാണ്. .......(ബഹളം)........ ഇപ്പോൾ ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തട്ടെ. അതുകഴിഞ്ഞ് ഞാൻ പ്രത്യേക റൂളിംഗ് നൽകാം .................(ബഹളം) ............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, അങ്ങനെയാണെങ്കിൽ അങ്ങ് റൂളിംഗ് നൽകണം.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ ഒരു ക്രമപ്രശ്നം കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ് .......(ബഹളം)........

മി. സ്പീക്കർ : ഇവിടെ ശ്രീ. സി. ദിവാകരനും പ്രതിപക്ഷ നേതാവും പറഞ്ഞു. ............(ബഹളം)......... ശ്രീ. എ. കെ. ബാലൻ, നിയമസഭാ നടപടിക്രമങ്ങളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതിലെ പ്രസക്ത ഭാഗങ്ങൾ ഞാനിവിടെ വായിച്ചതാണ്. അതിനുപുറമെ റൂളിംഗ് നൽകാൻ ചെയർ തയ്യാറാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം എനിക്ക് പറയാനുണ്ട്. നിയമസഭാ നടപടി ക്രമങ്ങളിലെ ചട്ടം 64-ൽ പറഞ്ഞിട്ടുള്ളത് അങ്ങ് വളരെ വ്യക്തമായി വായിച്ചു. എന്നാൽ 64 (a)- ൽ പറയുന്നത് ' A copy of the statement shall be forwarded to the Speaker and the Leader of the House one day in advance of the day

on which it is to be made:' എന്നാണ്. സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതിന് ഒരു ദിവസംമുമ്പ് ഇത് സ്പീക്കർക്ക് നൽകണം. അല്ലാതെ എന്ന് നൽകണം, എന്ന് പറയണം എന്നൊന്നും റൂളിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു ദിവസംമുമ്പ് സ്പീക്കർക്ക് തന്നാൽ അത് ഓർഡറിലാണ്. എല്ലാ റൈറ്റും ഒരു മുൻമന്ത്രിക്കുണ്ട്....... (ബഹളം)............

ശ്രീ. സി. ദിവാകരൻ : സർ, ചട്ടം 64(3)-ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയുള്ള പ്രസ്താവനകൾ അന്നത്തെ കാര്യവിവരപ്പട്ടികയിൽ വരണമെന്നാണ്.

മി. സ്പീക്കർ : അങ്ങനെയല്ല. പ്രസ്താവന നടത്തുന്ന ദിവസത്തെ ചോദ്യോത്തരം കഴിഞ്ഞാൽ മറ്റ് നടപടികളിലേക്ക് കടക്കുന്നതിനുമുമ്പ് അനുവദിക്കണമെന്നാണ്.

**റൂളിംഗ്**

മി. സ്പീക്കർ : നിയമസഭാ നടപടി ചട്ടം 64 പ്രകാരം മന്ത്രിസ്ഥാനം രാജിവച്ച ഒരു അംഗത്തിന്, സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള വിശദീകരണമെന്ന നിലയ്ക്ക് വ്യക്തിപരമായ ഒരു പ്രസ്താവന ചെയ്യുവാൻ അവകാശമുണ്ട്. പ്രസ്താവനയുടെ കോപ്പി അത് നടത്താൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഒരു ദിവസംമുമ്പ് സ്പീക്കർക്കും സഭാനേതാവിനും നൽകണമെന്നുണ്ട്. അങ്ങനെയുള്ള പ്രസ്താവന ഏത് ദിവസമാണോ നടത്തുന്നത് ആ ദിവസത്തെ കാര്യവിവര പട്ടികയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചെയ്യണമെന്ന് ചട്ടം 64(3) അനുശാസിക്കുന്നതിനാലാണ് ഇപ്പോൾ പ്രസ്താവന ചെയ്യുവാൻ ശ്രീ. കെ. എം. മാണിയെ ക്ഷണിച്ചത്. സഭയിൽത്തന്നെ 8-10-1962-ൽ രാജി സമർപ്പിച്ച ഡി. ദാമോദരൻ പോറ്റി, കെ. ചന്ദ്രശേഖരൻ എന്നിവർ 10-10-1962-നും 17-10-1969-ൽ രാജി സമർപ്പിച്ച എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ്, റ്റി. കെ. ദിവാകരൻ എന്നിവർ 21-10-1969-ലും 1-4-2013-ൽ രാജി സമർപ്പിച്ച ശ്രീ. കെ. ബി. ഗണേഷ് കുമാർ 2-4-2013-ലുമാണ് ഇപ്രകാരമുള്ള പ്രസ്താവന നടത്തിയത്. മേൽപ്പറഞ്ഞ രാജികളെല്ലാം നിയമസഭ നടക്കുന്ന സമയത്താണുണ്ടായത്. ഇന്റർസെഷൻ സമയത്ത് രാജിവച്ച ഒരു മന്ത്രി ഇപ്രകാരം ഒരു പ്രസ്താവന നടത്തുവാൻ അനുമതി ആവശ്യപ്പെടുന്നത് ആദ്യമായിട്ടാണ്.

രാജിവച്ച മന്ത്രി ഇത്ര ദിവസത്തിനകം പ്രസ്താവന നടത്തണമെന്ന് നമ്മുടെ ചട്ടത്തിൽ നിബന്ധനയില്ല. എന്നാൽ ലോക്സഭാ ചട്ടത്തിൽ (ചട്ടം 199) രണ്ട് സമ്മേളനങ്ങൾക്കിടയ്ക്കുള്ള സമയത്ത് രാജിവയ്ക്കുന്ന മന്ത്രി ലോക്സഭാ സമ്മേളനം ആരംഭിച്ചശേഷം 7 ദിവസത്തിൽ അധികരിക്കാത്ത ഒരു ദിവസം അപ്രകാരമുള്ള പ്രസ്താവന നടത്താവുന്നതാണെന്നും നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധന നിയമസഭാ ചട്ടം 314 പ്രകാരം ഇവിടെയും പ്രാവർത്തികമാക്കുകയാണ്. നമ്മുടെ ചട്ടത്തിൽ ഇത്ര ദിവസത്തിനകത്ത് പ്രസ്താവന നടത്തണമെന്ന് പറഞ്ഞിട്ടില്ല. ലോക്സഭാ ചട്ടത്തിൽ 7 ദിവസമെന്നാണ് പറഞ്ഞിട്ടുള്ളത്. അത് ഇവിടെയും പ്രാവർത്തികമാക്കുന്നു. ഇന്ന് സഭാസമ്മേളനം ആരംഭിച്ചിട്ട് അഞ്ചാം ദിവസമാണ്. ശ്രീ. കെ. എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്. ................(ബഹളം).........

ശ്രീ. സി. ദിവാകരൻ : ഇതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് സഭാനേതാവ് പറയണം, ഉണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങനെ എല്ലാ നോട്ടീസും മേശപ്പുറത്ത് വയ്ക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി : സർ, പലതവണ എഴുന്നേറ്റ് ഞാൻ പ്രസ്താവന വായിക്കാൻ ശ്രമിച്ചതാണ്. .......(ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ. പി. ജയരാജൻ, നിങ്ങൾ രണ്ടുപേരും ചേർന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുകയാണോ? ഒരു കാര്യവുമില്ലാതെ സഭാ സമ്മേളനം തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ല.

## ചട്ടം 64 പ്രകാരമുള്ള പ്രസ്താവന (തുടർച്ച)

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ, ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്. കോടതി എനിക്കെതിരെ യാതൊരു കുറ്റാരോപണവും നടത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സ്വതന്ത്രമായ കേസന്വേഷണത്തിന് ഞാൻ അധികാരസ്ഥാനത്ത് തുടരുന്നത് ഭൂഷണമാണോയെന്ന്

എന്റെ മനസ്സാക്ഷിയോട് തന്നെ ചോദിക്കട്ടെ എന്നതായിരുന്ന പരാമർശത്തിന്റെ അന്തഃസത്ത. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതമൂല്യങ്ങൾ മുൻനിർത്തിയാണ് ഞാൻ 10-11-2015-ൽ സ്വമനസ്സാലെ മുഖ്യമന്ത്രി സമക്ഷം രാജി സമർപ്പിച്ചത്. സഭയോടും സഭാനാഥനോടും കഴിഞ്ഞ 50 വർഷം നീണ്ടുനിന്ന എന്റെ നിയമസഭാ ജീവിതത്തിലുടനീളം അകൈതവമായ ആദരവും കൂറുമാണ് ഞാൻ പുലർത്തിയിട്ടുള്ളത്. എല്ലാ സഭാംഗങ്ങളോടും പ്രത്യേകിച്ച് പ്രതിപക്ഷാംഗങ്ങളോടും അതേ രീതിയിലുള്ള ആദരവ് പുലർത്തുന്നതിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ സൗഹൃദവും സ്നേഹവുമാണ് എന്റെ കൈമുതൽ. എനിക്കെതിരെ നടക്കുന്ന അന്വേഷണത്തെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ചോ കൂടുതലായി ഒന്നും പറയാൻ ഇപ്പോൾ ഞാൻ ഉദ്ദേശിക്കുന്നില്ല. സത്യം ആത്യന്തികമായി വിജയിക്കുമെന്ന് മാത്രം പറയട്ടെ. എന്റെ ഔദ്യോഗിക ജീവിതത്തിൽ സഭാംഗങ്ങൾ എനിക്ക് നൽകിയ സഹകരണങ്ങൾക്കും പകർന്നുതന്ന സ്നേഹത്തിനും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. ഈ പരസ്പര സ്നേഹവും വിശ്വാസവും എന്നും നിലനിൽക്കട്ടെയെന്ന പ്രാർത്ഥനയോടെ ഹൃദയംഗമമായ എന്റെ ലഘു പ്രസ്താവന ഉപസംഹരിക്കുന്നു.

## IV അടിയന്തരപ്രമേയം

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

<u>മി. സ്പീക്കർ</u> : പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ അനിശ്ചിതമായി അടച്ചിട്ടിരിക്കുന്ന സാഹചര്യം മുതലെടുത്ത് മിനിമം കൂലിപോലും നൽകാതെ സ്വകാര്യ ഫാക്ടറി മുതലാളിമാർ നിയമനിഷേധം നടത്തി കശുവണ്ടി വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി. എസ്. സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. .....(ബഹളം)........

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, കശുവണ്ടിത്തൊഴിലാളികളുടെ ഗുരുതരമായ വിഷയംപോലും ഇവിടെ അവതരിപ്പിക്കാൻ സമ്മതിക്കില്ലെങ്കിൽ എന്തുചെയ്യും? കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുകീഴിൽ 30 ഫാക്ടറികൾ ഉള്ളതിൽ 10 ഫാക്ടറികൾ കോർപ്പറേഷന് സ്വന്തമായുള്ളതും ബാക്കി 20 ഫാക്ടറികൾ തൊഴിലാളി സംരക്ഷണത്തിനുവേണ്ടി

ഏറ്റെടുത്ത് നടത്തുന്നതുമാണ്. ഏകദേശം 13,000 തൊഴിലാളികളാണ് നിലവിൽ ജോലി ചെയ്യുന്നത്. കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മാസം 18-ാം തീയതി മുതൽ അടഞ്ഞുകിടക്കുകയാണ്. ഫാക്ടറികളുടെ പ്രവർത്തനത്തിന് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ കുറവുമൂലം ആവശ്യത്തിന് തോട്ടണ്ടി സംഭരിക്കാൻ കഴിയാത്തതാണ് ഫാക്ടറികൾ അടഞ്ഞുകിടക്കാൻ കാരണം. ലാഭനഷ്ട കണക്കെടുക്കാതെ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയെന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനുവേണ്ടി സർക്കാർ സാമ്പത്തിക സഹായമായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 186.35 കോടി രൂപ നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനാണ് മേൽത്തുക മുഖ്യമായും ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ വിവരങ്ങൾ പ്രകാരം 2011-12-ൽ 288-ഉം 2012-13-ൽ 202-ഉം 2013-14-ൽ 198-ഉം 2014-15-ൽ 190-ഉം ദിവസങ്ങൾ തൊഴിൽ നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാനും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ഫാക്ടറികളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ച്, തൊഴിലെടുക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ഭാഗികമായി യന്ത്രവൽകൃത സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രശ്നങ്ങൾ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ കമ്മിറ്റി വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുരോഗതിയിലേക്ക് നയിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അടുത്തകാലത്ത് കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് ഉയർന്ന പരാതികളും തുടർന്നുണ്ടായ കോടതി ഇടപെടലുകളും തൽഫലമായുണ്ടായ സി.ബി.ഐ. അന്വേഷണവും കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ വർഷം നൽകിയ 30 കോടി രൂപയ്ക്ക് പുറമെ കൂടുതൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള നടപടികളുടെ ഭാഗമായി വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി 2-12-2015-ന് ചർച്ച നടത്തുകയുണ്ടായി. വ്യവസായ-ഐ.ടി. വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും നിയമസഭാ സാമാജികരും പ്രസ്തുത ചർച്ചയിൽ പങ്കെടുത്തു. സ്റ്റാറ്റ്യൂട്ടറി വിഭാഗത്തിൽപ്പെടുന്ന കുടിശ്ശിക

ഉൾപ്പെടെയുള്ളവ നൽകുന്നതിന് ഏകദേശം 65 കോടിരൂപ വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ ഒരു ഭാഗമെങ്കിലും നൽകുന്നതിനും പ്രവർത്തന മൂലധനമായി ആവശ്യം വേണ്ടി വരുന്ന തുക അനുവദിക്കുന്നതിനും ധാരണയായിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷൻ തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിരിക്കുന്ന അവസരത്തിൽ തൊഴിലാളികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുപോലെ 18-9-2015 മുതൽ കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. കശുവണ്ടി വ്യവസായത്തിന്റെ ഒരു മാതൃകാ സ്ഥാപനമായി ആരംഭിച്ചതാണ് കാഷ്യൂ കോർപ്പറേഷൻ, അതുപോലെ 1984-ൽ ആരംഭിച്ച സ്ഥാപനമാണ് CAPEX. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴെല്ലാം കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികളെ തകർക്കുന്ന നയമാണ് സ്വീകരിച്ചിരുന്നത്. ഇപ്രാവശ്യവും അതിൽനിന്നും വ്യത്യസ്തമായ അനുഭവങ്ങളുണ്ടായില്ല. 2006-2011 കാലത്തെ ഗവൺമെന്റിന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും തൊഴിൽ കൊടുക്കാൻ സാധിച്ചിരുന്നു. 2011 മേയ് മാസംവരെ ഭംഗിയായി നടന്നിരുന്ന വ്യവസായ സ്ഥാപനമാണിത്. 2011 സാമ്പത്തിക വർഷം ഏതാണ്ട് 280-ലധികം തൊഴിൽ ദിവസം കൊടുത്തുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് വന്ന് ഓരോ വർഷം കഴിയുന്തോറും ജോലി ദിവസങ്ങൾ കുറഞ്ഞുകുറഞ്ഞു വരികയാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ തന്നെ അക്കാര്യം പറയുകയുണ്ടായി. ഈ വർഷം 57 ദിവസമാണ് ജോലി കൊടുത്തത്. കശുവണ്ടി തൊഴിലാളികളുടെ കൂലി തുലോം തുച്ഛമാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് അത് നല്ലതുപോലെ അറിയാവുന്നതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി ഈ പ്രശ്നം ഞങ്ങൾ രണ്ടുപേരും ചർച്ച ചെയ്തതാണ്. കശുവണ്ടി തൊഴിലാളികളുടെ കൂലി 1-3-2015 മുതൽ പുതുക്കി നിശ്ചയിച്ചിരുന്നു. ഒരു വർഷക്കാലം നീണ്ടുനിന്ന ഉജ്ജ്വല സമരത്തിന്റെ ഫലമായി മിനിമം വേജസ് കമ്മിറ്റിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരമാണ് ഗവൺമെന്റ് പുതുക്കിയ കൂലി പ്രഖ്യാപിച്ചത്. ഈ വ്യവസായത്തിൽ ഏകദേശം 3 ലക്ഷത്തിലധികം തൊഴിലാളികളുണ്ട്, അതിൽ 98 ശതമാനവും സ്ത്രീകളാണ്. മഹാഭൂരിപക്ഷവും ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് തൊഴിലാളികളാണ്. 85 ശതമാനമുള്ള ഷെല്ലിംഗ്, പീലിംഗ് തൊഴിലാളികളുടെ മിനിമം കൂലി 265 രൂപയാണ്. മിനിമം കൂലി വർദ്ധിപ്പിച്ചുവെന്ന് പറയുമ്പോൾ യഥാർത്ഥത്തിലുള്ള കൂലി ഇതാണ്; ഷെല്ലിംഗ്കാർക്ക് 265 രൂപ 94 പൈസ, പീലിംഗ്കാർക്ക് 265 രൂപ 77 പൈസ ഗ്രേഡിംഗ്കാർക്ക് 297 രൂപ

12 പൈസ. മഹാഭൂരിപക്ഷം തൊഴിലാളികൾക്കും വളരെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. 1-3-2015-ൽ പുതുക്കിയ കൂലി നടപ്പിലായ സമയത്ത് കോർപ്പറേഷൻ ഫാക്ടറി അടച്ചിട്ടു. അപ്പോൾ സ്വകാര്യ മുതലാളിമാർക്ക് പ്രസ്തുത കൂലി നിഷേധിക്കാനുള്ള അവസരമായി, മുതലാളിമാർ അത് ലംഘിച്ചുതുടങ്ങി. പിന്നെ മുതലാളിമാരുടെ മുമ്പിൽ തൊഴിലാളികൾക്ക് വീണ്ടും സമരം ചെയ്യേണ്ടതായി വന്നു. യഥാർത്ഥത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലം മുഴുവൻ കശുവണ്ടി തൊഴിലാളികൾ കഴിഞ്ഞ കാലത്തെന്നപോലെ നിരന്തരമായി സമരം നടത്താൻ വിധിക്കപ്പെട്ടവരായി മാറി. 2010-നു ശേഷം ഗ്രാറ്റുവിറ്റി ഇനത്തിൽ 50 കോടിയിലധികം രൂപ കൊടുക്കാനുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എനിക്ക് തന്ന മറുപടിയിൽ പറയുന്നുണ്ട്. ഇ.എസ്.ഐ., ഇ.പി.എഫ്. വിഹിതം അടച്ചിട്ടില്ല, ഒരു സാധാരണ മുതലാളി ചെയ്യുന്ന കാര്യമല്ല അത്. ഇ.എസ്.ഐ. വിഹിതം അടയ്ക്കാതിരുന്നാൽ തൊഴിലാളികൾക്ക് ചികിത്സാ സൗകര്യം ലഭിക്കില്ല. ചികിത്സാ സൗകര്യം നിഷേധിക്കുക മാത്രമല്ല, അവർക്ക് ലീവ് എടുക്കാൻപോലും സാധിക്കില്ല. ഇ.പി.എഫ്. അടയ്ക്കാതെ വന്നാൽ പെൻഷൻ കിട്ടില്ല. ഇ.പി.എഫും ഇ.എസ്.ഐ.യും അടയ്ക്കാത്ത ഒരു സ്ഥിതി നമ്മുടെ പൊതുമേഖലാ സ്ഥാപനം സ്വീകരിക്കുക എന്നുപറഞ്ഞാൽ അത് അത്യന്തം ഗൗരവതരമാണ്. ഈ നിലയിൽ 15 കോടിയലധികം രൂപ ഇ.എസ്.ഐ.-യ്ക്കും ഇ.പി.എഫ്-നും അടയ്ക്കാനുണ്ട്. ഇതാണ് ബഹുമാനപ്പെട്ട മിനിസ്റ്റർ 65 കോടി രൂപയുടെ വിഷയം പറഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടിവറുപ്പ് ശാലകൾ ആരംഭിച്ചു. 1-3-2015-ൽ നടപ്പിലാക്കിയ കൂലി നിഷേധിച്ചുകൊണ്ട് ഇവിടെ നിയമം ലംഘിക്കുകയാണ്. ലേബർ ഡിപ്പാർട്ട്മെന്റ് ഒരു നടപടിയും ഇതിനെതിരെ സ്വീകരിക്കുന്നില്ല. കുടിവറുപ്പ് ശാലകൾ നിരോധിക്കുന്ന ഒരു നിയമം 1967-ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നതാണ്; 'Unregistered Cashew Factories Prohibition Act, 1967'. അതിൽ മുതലാളിമാരെ ശിക്ഷിക്കാൻ ചില വ്യവസ്ഥകളുണ്ട്. ആ നിയമം അപര്യാപ്തമായതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2008-ൽ വീണ്ടും ആ നിയമം ഭേദഗതി ചെയ്തത്. ഇപ്രകാരം കുടിവറുപ്പ് ശാലകൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിലെ മുതലാളിമാരെ 6 മാസം മുതൽ 2 വർഷക്കാലംവരെ തടവുശിക്ഷ നൽകാനുള്ള ഭേദഗതിയാണ് കൊണ്ടുവന്നത്. ഈ ഗവൺമെന്റ് അത് നടപ്പിലാക്കുന്നില്ല. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് അത് നടപ്പിലാക്കി. തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള കൂലി കൃത്യമായി നടപ്പിലാക്കി. കുടിവറുപ്പ് ശാലകൾ അടച്ചിട്ടു. ഇപ്പോൾ കുടിവറുപ്പ് ശാലകൾ വ്യാപകമാണ്.

സ്വകാര്യ മേഖലയിൽ കൂലി നിഷേധം വ്യാപകമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കേണ്ടത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പുമാണ്. അതിനുപകരം നോക്കുകുത്തിയായി നിൽക്കുകയാണ്. ഇത് വളരെ ദയനീയമായ കാഴ്ചയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 3 ലക്ഷത്തിലധികം കശുവണ്ടി തൊഴിലാളികൾ ഈ പ്രതിസന്ധി നേരിടുകയാണ്. കൂടാതെ വടക്കൻ ജില്ലകളിലും ഈ പ്രതിസന്ധി നേരിടുന്നുണ്ട്. കേരളത്തിലെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം.

പല വ്യവസായ സ്ഥാപനങ്ങളും തകർന്നു. കയർ മേഖലയെക്കുറിച്ച് ബഹുമാനപ്പെട്ട അടൂർ പ്രകാശ് ഇന്നലെ മറുപടി പറഞ്ഞു. എനിക്ക് ഒരു ചോദ്യമുണ്ടായിരുന്നെങ്കിലും ചോദിക്കാൻ അവസരം ലഭിച്ചില്ല. യഥാർത്ഥത്തിൽ കയർ വ്യവസായത്തിൽ 10 ശതമാനംപോലും തൊഴിലാളികൾ ഇപ്പോഴില്ല. കൈത്തറി വ്യവസായം ദുർബലപ്പെട്ടു, ബീഡി വ്യവസായം തകർന്നു. അങ്ങനെ എല്ലാ പരമ്പരാഗത വ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുമ്പോൾ കഷ്ടിച്ച് നിലനിൽക്കുന്ന ഒരു വ്യവസായത്തെ സംരക്ഷിക്കേണ്ട ബാധ്യത ഈ ഗവൺമെന്റിനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഐ.എൻ.ടി.യു.സി.-യുടെ പ്രസിഡന്റ്. അദ്ദേഹം പ്രസിഡന്റും ശ്രീ. സത്യശീലൻ സെക്രട്ടറിയുമാണ്. അദ്ദേഹം ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതായിരുന്നു. പക്ഷേ ഇപ്രാവശ്യം അദ്ദേഹവും ശ്രദ്ധിച്ചില്ല എന്നുള്ളതാണ് ഏറ്റവും ദയനീയമായ അവസ്ഥ. തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് സാധിക്കണം. ഫാക്ടറി എന്ന് തുറക്കും? അനിശ്ചിതമായി ഇക്കാര്യം നീട്ടിക്കൊണ്ടു പോകാൻ സാധിക്കില്ല. 34 കാഷ്യു കോർപ്പറേഷൻ ഫാക്ടറികൾ ആയിരുന്നു ഉണ്ടായിരുന്നത്. അതിൽ ഇപ്പോൾ 30 ഫാക്ടറികളാണുള്ളത്. 2002-ൽ സ്വകാര്യമുതലാളിമാർക്ക് 4 ഫാക്ടറികൾ തിരിച്ചു കൊടുക്കാൻ സുപ്രീംകോടതി വിധിയായി. കാരണം 10 ഫാക്ടറികൾ സ്വന്തം ഫാക്ടറികളും 24 ഫാക്ടറികൾ പാട്ടത്തിനെടുത്ത ഫാക്ടറികളുമാണ്. ആ സുപ്രീംകോടതിവിധിയെ മറികടക്കാൻ ഒരു നിയമം കൊണ്ടുവരണമെന്ന് അന്ന് ബഹുമാനപ്പെട്ട എ. കെ. ആന്റണിയോട് ഞങ്ങൾ റിക്വസ്റ്റ് ചെയ്തതാണ്. ശ്രീ. എ. എ. അസീസും ശ്രീ. സി. ദിവാകരനും ഞങ്ങളെല്ലാംകൂടി പോയി പറഞ്ഞതാണ്, പക്ഷേ ചെയ്തില്ല. അന്ന് തൊഴിലാളികൾ ശക്തമായി സമരം നടത്തിയതാണ്. അവസാനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അത് നിയമമാക്കി. ഈ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാൻ 2010 നവംബർ മാസം വരെ കാത്തിരിക്കേണ്ടി വന്നു. ആ നിയമത്തിൽ 20 ഫാക്ടറികൾക്ക് 25 കോടി

രൂപ നഷ്ടപരിഹാരമായി കൊടുക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഇത് എൽ.ഡി.എഫ്. ഗവൺമെന്റിന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതിയ ഗവൺമെന്റാണ് ഇത് നടപ്പിലാക്കേണ്ടത്. ഞങ്ങൾ ഈ പ്രശ്നം നിരവധി തവണ ഉന്നയിച്ചപ്പോൾ അവസാനം മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പറഞ്ഞത് 25 കോടി രൂപ കൊടുത്ത് ഈ വ്യവസായ സ്ഥാപനങ്ങൾ നമ്മുടെ സ്വന്തമാക്കുമെന്നാണ്, പക്ഷേ ഇതുവരെ നടപ്പാക്കിയില്ല. ഫലമെന്താണ്? 2002-ൽ ഇതുപോലെ ഫാക്ടറികൾ അടച്ചിട്ടപ്പോഴാണ് 4 ഫാക്ടറികൾ തിരിച്ചു കൊടുക്കേണ്ടി വന്നത്. ഇപ്പോൾ ഫാക്ടറികൾ അടച്ചിടുമ്പോൾ ഈ 20 ഫാക്ടറികളും തിരിച്ചുകൊടുക്കേണ്ട സാഹചര്യമാണ് വരാൻ പോകുന്നത്. മുതലാളിമാർ കോടതിയിൽ പോയിരിക്കുകയാണ്. കാപ്പക്സിന്റെ കഥ നമുക്കറിയാം. സ്വകാര്യ മുതലാളിമാരുടെ കൊള്ളയടി അവസാനിപ്പിക്കാൻവേണ്ടി മാതൃകാ സ്ഥാപനമായി പ്രവർത്തിക്കേണ്ട, തൊഴിലാളികൾക്ക് പ്രചോദനമായി പ്രവർത്തിക്കേണ്ട ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാത്തത് കശുവണ്ടി വ്യവസായത്തിൽ അങ്ങേയറ്റത്തെ അരാജകാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയുടെ നേതൃത്വത്തിൽ 16 തൊഴിലാളികൾ ഇവിടെ നിരാഹാരം കിടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം മിക്കവാറും നിയമസഭാംഗങ്ങൾ അവിടെ പോയി. ഈ നിലയ്ക്ക് ആ തൊഴിലാളികൾ സമരം ചെയ്യുമ്പോൾ, സ്വകാര്യമേഖലയിലെ തൊഴിലാളികൾ ആ ഫാക്ടറികൾ അടച്ചിടുന്നതിനെതിരായി കൊല്ലത്ത് സമരം ചെയ്യുകയാണ്. അങ്ങേക്ക് ഇക്കാര്യം നല്ലതുപോലെ അറിയാവുന്നതാണ്. ഇതിനെന്താണ് പരിഹാരം? ഈ കുടിവറുപ്പ് ശാലകൾ അവസാനിപ്പിക്കുന്നതിന് എന്താണ് പരിഹാരം? തീരുമാനമെടുത്തു കഴിഞ്ഞാൽ സ്വകാര്യമുതലാളിമാർ ആ തീരുമാനം നടപ്പിലാക്കിയില്ലെങ്കിൽ, അവർക്കെതിരെ നടപടി സ്വീകരിക്കാൻ എന്താണ് മാർഗ്ഗം? എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ എന്നു തുറക്കും? തുറക്കുക എന്നുള്ള തീരുമാനം എന്നെങ്കിലും എടുത്താൽ പോരാ. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികളിൽ ഈ വർഷം ഡിസംബർ ആകുമ്പോൾ 1500-ഓളം തൊഴിലാളികൾ റിട്ടയർ ചെയ്യും. റിട്ടയർമെന്റ് ആകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുക്കണ്ടേ? അതുപോലെ 4000-ഓളം തൊഴിലാളികൾ ഈ ഗവൺമെന്റ് വന്നതിനുശേഷം റിട്ടയർ ചെയ്തിട്ടുണ്ട്. അവരുടെ ഗ്രാറ്റുവിറ്റി കൊടുക്കണ്ടേ? ഇങ്ങനെയുള്ള നിരവധി നിരവധി പ്രശ്നങ്ങളുണ്ട്. ഈ വിഷയങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തുന്ന തിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചേ മതിയാകൂ. അതിന് പരിഹാര മുണ്ടാകുന്നതുവരെ ഈ സമരം തുടരും. ബഹുമാനപ്പെട്ട മിനിസ്റ്ററോട് പറയുകയാണ്, അങ്ങ് എത്ര അനുകൂലമായ മറുപടി പറഞ്ഞാലും വ്യക്തമായ തീരുമാനമില്ലാതെ ഈ

സമരം പിൻവലിക്കാൻ സാധിക്കില്ല. 365 ദിവസവും തൊഴിലാളികൾക്ക് സമരം ചെയ്യാൻ സാധിക്കുമോ? ഒരു കൊല്ലം നടത്തിയ സമരത്തിലാണ് കൂലി പുതുക്കി നിശ്ചയിച്ചത്. ആ കൂലി പ്രഖ്യാപിക്കാൻ പിന്നേയും സമരം ചെയ്യേണ്ടി വന്നു. പ്രഖ്യാപിച്ച കൂലി നടപ്പിലാക്കാൻ സ്വകാര്യ മുതലാളിമാരുടെ മുമ്പിൽ സമരം ചെയ്യേണ്ടി വരികയാണ്. ഇപ്പോൾ കോർപ്പറേഷൻ തന്നെ നിയമലംഘനം നടത്തുകയാണ്. കോർപ്പറേഷൻ ഫാക്ടറികൾ തുറക്കാൻ നമ്മൾ ഇവിടെ സമരം ആരംഭിക്കുകയാണ്. സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികൾ തുറക്കാൻവേണ്ടി അതാത് ഫാക്ടറികളിലെ തൊഴിലാളികൾ സമരം നടത്തുകയാണ്. ഈ നിലയ്ക്ക് കശുവണ്ടി വ്യവസായത്തെ ബാധിച്ചിരിക്കുന്ന അങ്ങേയറ്റം പ്രയാസകരമായ ഈ സാഹചര്യം കേരളത്തിലെ ആകെ തൊഴിലാളികളെ ബാധിക്കുന്ന ഒരു വിഷയമാണ്. അതുകൊണ്ട് ഈ സമരം പിൻവലിക്കണമെന്നുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അഭ്യർത്ഥനയിൽ വ്യക്തമായ വ്യവസ്ഥകളോടുകൂടി മാത്രമെ അതിന് കഴിയൂ എന്നുള്ള വസ്തുത വിനയപൂർവ്വം ഞാൻ അറിയിക്കുകയാണ്. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനുവേണ്ടി ഈ നിയമസഭ സമയം കണ്ടെത്തണമെന്നും സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നും ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്.

10.00 A.M]

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മുൻ തൊഴിൽ വകുപ്പുമന്ത്രി കൂടിയായ ശ്രീ. പി. കെ. ഗുരുദാസൻ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നു. യു.ഡി.എഫ്. സർക്കാർ വരുമ്പോഴൊക്കെ കശുവണ്ടി വികസന കോർപ്പറേഷനെ തകർക്കാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞത് ദൗർഭാഗ്യ കരമായിപ്പോയി. അദ്ദേഹം പറഞ്ഞതുപോലെ കണക്കുകൾ വച്ചു കൊണ്ടുതന്നെ പറയാം. ശരാശരി 200 ദിവസത്തിൽ കൂടുതൽ തൊഴിൽ കൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ കൊടുത്തിട്ടുള്ളത് 288 ദിവസമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിനുപോലും കൊടുക്കാൻ സാധിക്കാത്ത 288 ദിവസമാണ് 2011-12 വർഷത്തിൽ തൊഴിൽ കൊടുത്തത്. ഞാൻ ആരെയും കുറ്റം പറയുന്നതല്ല. പല സാഹചര്യങ്ങൾ കാരണം പലപ്പോഴും തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. പി. കെ. ഗുരുദാസൻ, കശുവണ്ടിയുടെ ചുമതല വഹിച്ചിരുന്ന കൊല്ലത്തുനിന്നുള്ള മന്ത്രിയായിട്ടുകൂടി 2006-07-ൽ 164 ദിവസവും 2007-08-ൽ 165 ദിവസവും മാത്രമേ തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. എല്ലാ ഗവൺമെന്റുകളും ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങയുടെ

കാലഘട്ടത്തിൽ, അതായത്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷന് 177 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഈ ഗവൺമെന്റ് നാലര വർഷം കൊണ്ട് 186 കോടി രൂപ കൊടുത്തു കഴിഞ്ഞു. നാല് വർഷവും സുഗമമായി നടത്തിക്കൊണ്ടു പോയ കശുവണ്ടി വികസന കോർപ്പറേഷൻ, എല്ലാവർക്കും അറിയാവുന്നതു പോലെതന്നെ നമ്മുടെയൊക്കെ നിയന്ത്രണത്തിനതീതമായിട്ടുള്ള കോടതികളുടെ ഇടപെടലുകളും മറ്റ് കാര്യങ്ങളും വന്നതോടെ ഒരു സി.ബി.ഐ. അന്വേഷണത്തിന് ഗവൺമെന്റ് തന്നെയാണ് തയ്യാറാണെന്ന് കോടതിയെ അറിയിച്ചത്. അതിനെ നമ്മൾ എതിർത്തില്ല. അങ്ങനെയൊരു അന്വേഷണം വന്നപ്പോൾ അതുമായി ബന്ധപ്പെട്ട പശ്ചാത്തലത്തിലാണ് ഒരു സ്തംഭനാവസ്ഥയുണ്ടായത്. അത് പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. കഴിഞ്ഞ ദിവസം സമരം ആരംഭിക്കുന്നുവെന്ന് അറിഞ്ഞപ്പോൾത്തന്നെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ജനപ്രതിനിധികളെയും ട്രേഡ് യൂണിയൻ നേതാക്കന്മാരെയും ചർച്ചയ്ക്ക് വിളിക്കുകയും എല്ലാവരേയും അതിൽ പങ്കെടുപ്പിച്ചുകൊണ്ട് കോർപ്പറേഷൻ തുറക്കാൻ ഉദ്ദേശിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കിയതുമാണ്. 65 കോടി രൂപ സ്റ്റാറ്റ്യൂട്ടറിയായി കുടിശ്ശിക കൊടുക്കാനുണ്ട്. അതിൽ ഗ്രാറ്റുവിറ്റി അടക്കമുള്ള കാര്യങ്ങൾക്ക് 52 കോടി രൂപയോളവും 13 കോടി രൂപ മറ്റ് സ്റ്റാറ്റ്യൂട്ടറി, അതായത് ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ഇനങ്ങളിലും കൊടുക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഗ്രാറ്റുവിറ്റി അടക്കമുള്ള തുക ഈ ഗവൺമെന്റ് കൊടുക്കുന്നതായിരിക്കുമെന്ന് ഉറപ്പ് നൽകുകയാണ്. അതിനാവശ്യമുള്ള തുക റിലീസ് ചെയ്യാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. നല്ലൊരു വിഭാഗം ഗ്രാറ്റുവിറ്റിയും സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങളും കൊടുക്കാൻ ഈ സർക്കാർ തയ്യാറാണ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

രണ്ടാമത്, ഫാക്ടറി തുറക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. അത് തുറക്കാൻ തീരുമാനിച്ചുകഴിഞ്ഞു. അതിനാവശ്യമുള്ള പ്ലാനും ചാർട്ടും തയ്യാറാക്കി. ഇന്ന ദിവസം തുറക്കണമെന്ന് പറയുമ്പോൾ..... ഞങ്ങൾക്ക് ഡിസംബർ മാസത്തിൽ തന്നെ തുറക്കണമെന്നാണ് ആഗ്രഹം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, തുറക്കാൻ സന്നദ്ധമാണെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത് മനസ്സിലായി. സന്നദ്ധത ദിവസങ്ങളായി നിന്നുകൊള്ളും. എന്ന് തുറക്കുമെന്ന് വ്യക്തമായി പറഞ്ഞില്ലെങ്കിൽ സമരം ചെയ്യുന്ന തൊഴിലാളികളോട് ഞങ്ങൾ എന്ത് പറയും? അതുപോലെ അടിയന്തരപ്രമേയത്തിന്റെ പ്രതികരണമെന്ന നിലയ്ക്ക് ഞാൻ എന്തെങ്കിലും പറയേണ്ടി വരും. അതെല്ലാം ഒഴിവാക്കാൻ തക്കവിധത്തിൽ എന്ന് തുറക്കുമെന്ന് മിനിസ്റ്റർ തന്നെ പറഞ്ഞാൽ മതി.

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ പറഞ്ഞത് അക്കാര്യമാണ്. ഈ മാസം തന്നെ ഫാക്ടറി പുനരാരംഭിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ ഇതിനാവശ്യമായ തോട്ടണ്ടി ആഫ്രിക്കയിൽ നിന്നാണ് വരുത്തേണ്ടത്, അതാണ് പ്രശ്നം. ടെണ്ടർ പ്രോസസ്സിലെ സുതാര്യത കുറവാണല്ലോ ആക്ഷേപമായി വന്നിരിക്കുന്നത്, നമുക്ക് ഇ-ടെണ്ടർ പ്രോസസിംഗ് ഉണ്ട്. തോട്ടണ്ടി പർച്ചേസ് ചെയ്യാൻ ഇ-ടെണ്ടർ വേണം. ഇ-ടെണ്ടർ ചെയ്യുമ്പോൾ മിനിമം 15 ദിവസമെങ്കിലും ടെണ്ടറിന് കൊടുക്കണം. ആ ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞതിനു ശേഷമാണ് ആഫ്രിക്കയിൽനിന്ന് തോട്ടണ്ടി കയറ്റിവിടുന്നത്. തോട്ടണ്ടി അവരുടെ സ്ഥാപനങ്ങളിൽനിന്ന് പോർട്ടിലെത്താൻ ഒരാഴ്ച സമയമെടുക്കും. അവിടെ നിന്ന് കപ്പലിൽ നമ്മുടെ നാട്ടിലെത്താൻ 15-20 ദിവസമെടുക്കും. അത് കഴിയുമ്പോൾ നമ്മുടെ ഫാക്ടറിയിൽ പോയി പ്രോസസിംഗ് ആരംഭിക്കാൻ വീണ്ടും സമയമെടുക്കും. എന്നാൽ ഇതിന് 40 ദിവസമെങ്കിലും വേണ്ടിവരുമെന്നും അത്രയും കാത്തുനിൽക്കാൻ ഗവൺമെന്റിന് കഴിയില്ലായെന്ന് അറിയാവുന്നതുകൊണ്ടും ഇതല്ലാതെ എങ്ങനെ തോട്ടണ്ടി അവയിലബിളാക്കാൻ കഴിയുമെന്നുള്ളതാണ് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് തീർച്ചയായും ഈ മാസം തന്നെ, പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതുപോലെ അതേ ആത്മാർത്ഥതയോടുകൂടി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എത്രയും പെട്ടെന്ന് കശുവണ്ടി കോർപ്പറേഷൻ തുറക്കണമെന്ന് തന്നെയാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തതാണ്. ഈ മാസം തന്നെ തുറക്കാനും അതിന്റെ ആനുകൂല്യം നൽകാനുമുള്ള നടപടികൾ കൈക്കൊള്ളുമെന്ന് തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

പക്ഷേ, തോട്ടണ്ടി എന്ന് നമ്മുടെ ഫാക്ടറിയിൽ വരുമെന്ന് എനിക്കിപ്പോൾ പറയാൻ സാധ്യമല്ല. അതുകൊണ്ട് നേരത്തേ വന്ന ആക്ഷേപം, അതുകൂടി പറയാം. വ്യവസായം നേരിടുന്ന പ്രശ്നത്തെപ്പറ്റി ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ പറഞ്ഞു. പണ്ട് അഞ്ചാറ് വൻകിട വ്യവസായികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കുറേ വൻകിട മുതലാളിമാർ മാത്രമായിരുന്നു ഇത് കുത്തകയായി വച്ചിരുന്നത്. ഇപ്പോൾ അത് മാറി. വഴിയേ പോകുന്നവരെല്ലാം എക്സ്പോർട്ടേഴ്സാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ തോട്ടണ്ടി സംഭരിക്കുന്നതെല്ലാം അവരാണ്, ട്രേഡേഴ്സ് എന്ന നിലയിൽ അവരുടെ കയ്യിലാണ് സ്റ്റോക്കുള്ളത്. പലർക്കും അവരുമായി മത്സരിച്ച് തോട്ടണ്ടി സംഭരിക്കാൻ കഴിയുന്നില്ല. കൂടിവറുപ്പും കമ്മീഷൻവറുപ്പുമുണ്ട്. എനിക്ക് ആകെയുള്ള ആക്ഷേപം, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്

കുടിവറുപ്പും കമ്മീഷൻവറുപ്പും തുടങ്ങിയതെന്ന് അദ്ദേഹം പറഞ്ഞതിലാണ്. അത് എക്കാലവും നടന്നിട്ടുണ്ട്, ഈ ഗവൺമെന്റും പരിശോധനകൾ നടത്തുന്നുണ്ട്. പക്ഷെ, അങ്ങനെ വരുമ്പോൾ അടിയന്തരമായി ഫാക്ടറി തുറക്കണമെങ്കിൽ ഏതെങ്കിലും ട്രേഡറുടെ കയ്യിലുള്ളത് വാങ്ങിക്കണമെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള ആകെയുള്ള മാർഗ്ഗം. ട്രേഡറുടെ കയ്യിൽ നിന്ന് വാങ്ങുമ്പോൾ, ആ ടെണ്ടറിംഗിന്റെ സ്വഭാവം, ടെണ്ടറിംഗിന്റെ സുതാര്യത നിലനിർത്തിക്കൊണ്ട് മുമ്പ് ഉയർന്നുവന്ന ആക്ഷേപങ്ങൾ ഒഴിവാക്കി, എങ്ങനെ ട്രേഡറുടെ കയ്യിൽ നിന്ന് വാങ്ങിക്കാമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നുണ്ട്. ഞാൻ അസന്നിഗ്ദ്ധമായി പറയുന്നു, സീരിയസ്നെസ്സോടുകൂടി തന്നെ ഇക്കാര്യത്തിൽ അടിയന്തരമായി ഇതിനാവശ്യമുള്ള സമ്പത്ത് അവയിലബിളാക്കും. ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ടിയുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

സ്വകാര്യ മേഖലയിലെ വിഷയത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. കശുവണ്ടി തൊഴിലാളികൾ സമരം ചെയ്തു, അത് മുമ്പും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സീനിയർ ട്രേഡ് യൂണിയൻ ലീഡറായ ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്നപ്പോൾ ആദ്യത്തെ മിനിമം കൂലി പുതുക്കിയതിനുശേഷം നാല് വർഷവും ഒരു മാസവും കഴിഞ്ഞതിനു ശേഷമാണ് അടുത്ത മിനിമം വേജസ് പ്രാബല്യത്തിൽ വന്നത്. ഈ ഗവൺമെന്റ് വന്നപ്പോഴും അതുപോലെ തന്നെ കൃത്യം നാലുവർഷവും ഒരു മാസവും കഴിഞ്ഞപ്പോൾ പുതിയ മിനിമം വേജസ് നിലവിൽ വന്നു. അങ്ങയുടെ കാലഘട്ടത്തിൽ 35 ശതമാനം വർദ്ധനവുണ്ടാക്കി. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും 35 ശതമാനം വർദ്ധനവുണ്ടാക്കി. ആ കാര്യത്തിൽ ഒരു വിവേചനമോ കശുവണ്ടി വ്യവസായത്തിന് എതിരായിട്ടോ അല്ല നിന്നത്. അങ്ങ് ഫോളോ ചെയ്തു അതേ മോഡൽ തന്നെ ഫോളോ ചെയ്ത് പോവുകയാണ്. തുക വച്ച് നോക്കുകയാണെങ്കിൽ ഇപ്പോഴത്തെ 35 ശതമാനം എന്നുപറയുമ്പോൾ അതാണ് ഗണ്യമായി കൂടുതൽ. അതുകൊണ്ട് കശുവണ്ടി വ്യവസായത്തിൽ ചില പ്രശ്നങ്ങളുണ്ട്. അത് നമുക്ക് കൂട്ടായിട്ടിരുന്ന് ആലോചിച്ച് പരിഹരിക്കേണ്ടതുണ്ട്. ട്രേഡ് യൂണിയൻ നേതാക്കന്മാരെയും കശുവണ്ടി വ്യവസായികളെയുമൊക്കെ പങ്കെടുപ്പിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടി സ്വകാര്യ മേഖലയിലടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പരിശ്രമമുണ്ടാകും. 1985-ൽ

കശുവണ്ടി തൊഴിലാളികളുടെ മിനിമം ബോണസ് 260 രൂപയായിരുന്നു. എന്നാൽ 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്നപ്പോൾ 4000 രൂപയായി അത് വർദ്ധിപ്പിച്ചു. അപ്പോൾ 25 വർഷം കൊണ്ട് 3740 രൂപ വർദ്ധിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന് 2015 ആയപ്പോൾ അത് 8500 രൂപയായി. 25 വർഷം കൊണ്ട് കശുവണ്ടി തൊഴിലാളികളുടെ മിനിമം ബോണസ് 3740 രൂപയാണ് വർദ്ധിച്ചതെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ നാല് വർഷംകഴിഞ്ഞ് അഞ്ചാമത്തെ വർഷമായപ്പോൾ 4500 രൂപയുടെ വർദ്ധനവാണ് ഉണ്ടായത്. ഇതെല്ലാം ഈ ഗവൺമെന്റിന്റെ ഗുണമാണെന്നല്ല, ട്രേഡ് യൂണിയനുകളേയും മുതലാളിമാരേയും എല്ലാവരെയും ഇരുത്തി സമവായം ഉണ്ടാക്കിയതിന്റെ ഫലമായാണ് അങ്ങനെയൊരു വർദ്ധനവ് കൊടുക്കാൻ സാധിച്ചതെന്നുള്ളതാണ് ഞങ്ങൾ നേട്ടമായി കാണുന്നത്. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകും. കശുവണ്ടി വികസന കോർപ്പറേഷൻ തുറന്ന് പ്രവർത്തിപ്പിക്കും. ഈ മാസംതന്നെ അതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, തോട്ടണ്ടിയുടെ വില ഇരട്ടിയായി, നിത്യോപയോഗസാധനങ്ങളുടെ വില മൂന്നിരട്ടിയായി.... മുഖ്യമന്ത്രി ഇക്കാര്യമൊന്ന് ശ്രദ്ധിക്കണം. മുഖ്യമന്ത്രി ആ യൂണിയന്റെ ഭാരവാഹിയാണ്. നമുക്ക് ഈ ഫാക്ടറി എന്ന് തുറക്കുമെന്നുള്ളതിന് വ്യവസ്ഥ വേണം. അതുപോലെ സ്വകാര്യ മുതലാളിമാർക്കും നിയമം ലംഘിക്കുന്ന മുതലാളിമാർക്കുമെതിരെ എന്ത് നടപടി സ്വീകരിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ തൊഴിൽ വകുപ്പുമന്ത്രിയോ മറുപടി പറയണം. ഫാക്ടറി എന്ന് തുറക്കും; ഗ്രാറ്റുവിറ്റിയും മറ്റ് ആനുകൂല്യങ്ങളും എന്ന് കൊടുക്കും; ഗ്രാറ്റുവിറ്റി കൊടുത്തില്ലായെന്നുണ്ടെങ്കിൽ തൊഴിലാളികൾക്ക് അവിടെനിന്ന് പിരിയാൻ കഴിയില്ല. മാത്രമല്ല ഇ.എസ്.ഐ. അടച്ചില്ലെങ്കിൽ ചികിത്സാ സൗകര്യം കിട്ടില്ല. അവർക്ക് ലീവ് കിട്ടില്ല. മാത്രമല്ല, ഇ.പി.എഫ്. അടച്ചില്ലെങ്കിൽ പെൻഷൻ കിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ മാസം തന്നെ ഇതിന് പരിഹാരമുണ്ടാക്കാൻ സന്നദ്ധമാകുമെന്ന് പ്രഖ്യാപിക്കണം. അതോടൊപ്പം ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., യു.ടി.യു.സി., സി.ഐ.ടി.യു. തുടങ്ങിയ തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചുകൂട്ടി ശക്തമായിട്ടുള്ള വ്യവസ്ഥ ഇന്നുതന്നെ ഉണ്ടാക്കുമെന്ന് ഉറപ്പുതന്നാൽ വളരെയധികം സന്തോഷമാകും.

ശ്രീ. ഷിബു ബേബി ജോൺ : സർ, തീർച്ചയായും ഗ്രാറ്റുവിറ്റി അടക്കമുള്ള തൊഴിലാളികളുടെ ആനുകൂല്യം ഈമാസം തന്നെ കൊടുത്തുതുടങ്ങും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇ.എസ്.ഐ. ഇല്ലാത്തതുകൊണ്ട് ചികിത്സ നിഷേധിക്കപ്പെടുന്നില്ല. ചികിത്സ ലഭിക്കുന്നുണ്ട്. അവർക്ക് ലീവ് കിട്ടുന്നില്ലായെന്നുള്ളത് സത്യമാണ്. അത് കൊടുത്താലല്ലേ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആ കാര്യങ്ങൾ ചെയ്യുന്നതായിരിക്കും. ബാക്കി കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഉറപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകും. ഗവൺമെന്റ് നിങ്ങളുടെ സമീപനത്തോട് യോജിക്കുന്നു. തുറന്ന് പ്രവർത്തിക്കുകയെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്നുള്ളതുകൊണ്ട് സമരം പിൻവലിക്കണമെന്നും സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലായെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിച്ചില്ല എന്ന് ബഹുമാന്യനായ ഗുരുദാസൻ പറഞ്ഞു. കശുവണ്ടി വ്യവസായം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ്. വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഞാനുംകൂടി മൂന്നു പ്രാവശ്യമെങ്കിലും ഈ സമയത്തിനുള്ളിൽ ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. നിങ്ങൾ ഇവിടെ ഉന്നയിച്ച രണ്ട് ആവശ്യങ്ങളും ന്യായമാണ്. തൊഴിലാളിക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുത്തുതീർക്കേണ്ടതും ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കേണ്ടതും അത്യാവശ്യമാണ്. ഇതിലേക്ക് നയിച്ച സാഹചര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ, വർഷങ്ങളായി അവിടെ നിലനില്ക്കുന്ന ഒരു സമ്പ്രദായമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും തൊഴിലാളികളുടെ നേതാക്കന്മാരും കൂടിയാണ് ഈ കോർപ്പറേഷന്റെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്. യു.ഡി.എഫ്. ഭരണത്തിൽ വന്നാലും എൽ.ഡി.എഫ്. ഭരണത്തിൽ വന്നാലും ആ പാരമ്പര്യമായിരുന്നു. പക്ഷേ, ആ നടത്തിപ്പിനെക്കുറിച്ച് ചില പരാതികളും ആക്ഷേപങ്ങളും വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുപോലും ആ ആക്ഷേപം അംഗീകരിച്ചുകൊണ്ടാണ് കഴിഞ്ഞ ദിവസം ഈ പ്രശ്നം ഇവിടെ അവതരിപ്പിച്ചത്. ആ സാഹചര്യത്തിൽ ഇതിനൊരു മാറ്റം വരുത്താൻ ഞങ്ങൾ നിർബന്ധിതരായി. വളരെ വർഷങ്ങളായി നിലനില്ക്കുന്ന ഒരു സമ്പ്രദായമാണിത്. അതിൽ എന്തെങ്കിലും പോരായ്മയുണ്ടോയെന്ന് നമുക്കറിയില്ല. തൊഴിലാളികൾക്ക് ജോലി കിട്ടുന്നതിനുവേണ്ടി ഫാക്ടറി തുറന്നു പ്രവർത്തിക്കുന്ന ഒരു സാഹചര്യം എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും ഉൾക്കൊള്ളുന്ന ബോർഡ് അവിടെ നടത്തിക്കൊണ്ടിരുന്നു. അതിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ വന്നപ്പോൾ ഗവൺമെന്റ് അതിനൊരു മാറ്റം വരുത്താൻ തീരുമാനിച്ചു. ഇതിനെ

കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും അന്വേഷണം നടത്തുകയും ചെയ്തു. പുതിയൊരു സംവിധാനമാണ് ഇപ്പോൾ അവിടെയുള്ളത്. അവരുടെ ഈ രണ്ട് ആവശ്യങ്ങളും ന്യായമാണ്. അതിനാവശ്യമായ പണം കണ്ടെത്തുന്നതിനുള്ള നടപടികളായിട്ടുണ്ട്. എന്ന് ഫാക്ടറി തുറക്കും എന്ന് ചോദിച്ച ചോദ്യത്തിന്, തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറി തുറക്കാൻ ഏറ്റവും വേഗത്തിലുള്ള തീയതി ഏതെന്നുള്ളതാണ് ഇന്നത്തെ പ്രശ്നം. തോട്ടണ്ടിയുടെ ലഭ്യത ഒഴിച്ച് ബാക്കി കാര്യങ്ങളിൽ ഗവൺമെന്റ് തയ്യാറായി കഴിഞ്ഞു. തോട്ടണ്ടിയുടെ ലഭ്യത, അത് എത്ര ദിവസത്തിനകം കിട്ടും; അതിന്റെ നടപടിക്രമങ്ങളൊക്കെ പാലിച്ച വരേണ്ടതാണ്. എങ്ങനെ വന്നാലും ഡിസംബർ അവസാനവാരം ഫാക്ടറി തുറക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആനുകൂല്യം കൊടുക്കുന്നതിന് തടസ്സമില്ല; അത് ഈ മാസം തന്നെ കൊടുത്തു തുടങ്ങും. ജനുവരിയിൽ നിശ്ചയമായും ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യം.......

ശ്രീ. പി. കെ. ഗുരുദാസൻ : സർ, കാപ്പെക്സ് ഉള്ളതുകൊണ്ട് ഗവൺമെന്റിന് തോട്ടണ്ടിയെടുക്കാൻ പ്രയാസമൊന്നുമില്ല; കാപ്പെക്സിൽ നിന്ന് എടുത്താൽ മതി. ഇവിടത്തെ പ്രശ്നമെന്താണെന്നുവച്ചാൽ, സ്വകാര്യ മുതലാളിമാരുടെ നേരെ സമരം ആരംഭിച്ചിരിക്കുന്നതുകാരണം അവർ നിഷേധിച്ച് ഫാക്ടറി അടയ്ക്കുകയാണ്. നമ്മൾ കാലതാമസം വരുത്തിയാൽ അത് അവർക്കൊരു സൗകര്യമാവും. അതുകൊണ്ട് ഡിസംബറിൽ തന്നെ ഫാക്ടറി തുറക്കണം. അതിനുതക്ക നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, കാപ്പെക്സിന് ആകെയുള്ളത് ആയിരം ടൺ തോട്ടണ്ടിയാണ്. ഒരുമാസം ഫാക്ടറി നടത്തണമെങ്കിൽ കുറഞ്ഞത് 3000 ടൺ തോട്ടണ്ടിയെങ്കിലും വേണ്ടിവരും. 2000 ടൺ ആണെങ്കിലും തൽക്കാലം 10-20 ദിവസത്തെ പണി കൊടുത്ത് കൊണ്ടുപോകാം. തോട്ടണ്ടി വാങ്ങുമ്പോൾ ട്രേഡേഴ്സിന്റെ കയ്യിലുള്ളത് വാങ്ങണം; നമ്മൾ ലാഭ-നഷ്ടം നോക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അതേ ആവശ്യം, അതേ ജാഗ്രത ഗവൺമെന്റിനുമുണ്ട്. ഇത് എത്രയും നേരത്തെ തുറന്ന് പ്രവർത്തിക്കുക എന്നുള്ളതാണ്. ഡിസംബറിൽ ഫാക്ടറി തുറക്കുമെന്ന് സഭയ്ക്ക് ഉറപ്പുതരുമ്പോൾ തോട്ടണ്ടി ലഭ്യമല്ലാതെ വന്നാൽ അതൊരു അവകാശലംഘനമായി വരില്ലേ; സഭയ്ക്ക് കൊടുക്കുന്ന ഒരു പാഴ്‌വാക്കായി വരില്ലേ? അതുകൊണ്ടാണ് മുഖ്യമന്ത്രി സുരക്ഷിതമായി, ജനുവരിയിൽ എന്തുതന്നെയായാലും തുറന്നിരിക്കും എന്നു പറഞ്ഞത്. തോട്ടണ്ടി ലഭ്യമാകുന്ന പക്ഷം ഡിസംബറിൽ തന്നെ ഫാക്ടറി തുറന്ന് പ്രവർത്തിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ഒരു ഉറപ്പ് എന്നുള്ള നിലയിൽ പ്രതിപക്ഷ നേതാവിന്റെയടുത്ത് ഡിസംബറിൽ ഞങ്ങൾ തുറക്കുമെന്ന് പറഞ്ഞിട്ട് തുറക്കാതിരിക്കുന്ന ഒരു സാഹചര്യം ഉണ്ടായാൽ; ആഫ്രിക്കയിലിരിക്കുന്ന തോട്ടണ്ടി ഇവിടെ എത്തുന്നതിനെക്കുറിച്ചുള്ള കാര്യമല്ലേ പറയുന്നത്; അതു കൊണ്ടുള്ള ബുദ്ധിമുട്ട് മാത്രമേയുള്ളൂ. ഡിസംബറിൽ തന്നെ ഫാക്ടറി തുറക്കാൻ വേണ്ടി പരിശ്രമിക്കുന്നതായിരിക്കും.

ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യം ഞാൻ പറയാൻ വിട്ടുപോയതാണ്. ഇന്ന് ഉച്ചയ്ക്ക് 12.00 മണിക്ക് കശുവണ്ടി മേഖലയിലെ സമരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ ഒരു മീറ്റിംഗ് വച്ചിട്ടുണ്ട്. രാവിലെ 9.00 മണിക്ക് അതവരെ അറിയിച്ചിട്ടുണ്ട്. കൊല്ലത്തു നിന്ന് അവർക്ക് വരാൻ പറ്റുന്നെങ്കിൽ അവരുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നു. അതിൽ ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട ഗുരുദാസനുമായി ആലോചിച്ചിട്ട് ബാക്കി കാര്യങ്ങൾ ചെയ്യാം. കാരണം ഐ.എൻ.ടി.യു.സി. നേതാക്കന്മാരൊക്കെ ഏതോ പ്ലീനത്തിൽ പങ്കെടുക്കാൻ പോയിരിക്കുകയാണ്. എങ്കിൽപ്പോലും ഇന്നുതന്നെ ചർച്ച വയ്ക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, എന്തെങ്കിലും പറയണമെന്ന് വിചാരിച്ചതാണ്; പക്ഷേ, ഒന്നും പറയുന്നില്ല. പക്ഷെ ഇക്കാര്യത്തിൽ ഒരു വ്യക്തതയില്ല. എല്ലാ രംഗത്തുമുള്ള തൊഴിലാളികൾ ഉറ്റുനോക്കി കൊണ്ടിരിക്കുന്ന പ്രശ്നമെന്നുള്ള നിലയിൽ കുറച്ചുകൂടി ദാർഢ്യത്തോടു കൂടിയുള്ള ഒരു മറുപടിയാണ് ഞങ്ങൾ സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നത്. മുഖ്യമന്ത്രി, തൊഴിൽ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കാനും സമരക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള നടപടിയെടുത്തിരുന്നെങ്കിൽ നന്നായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ആനുകൂല്യങ്ങൾ ഈ മാസംതന്നെ കൊടുത്തു തുടങ്ങും. തോട്ടണ്ടി ഉണ്ടെങ്കിൽ മാത്രമേ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ ഫണ്ട് നല്കുന്ന കാര്യത്തിലും മറ്റും ഞങ്ങൾക്ക്

തീരുമാനമെടുക്കാം. തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ച് അത് ലഭ്യമാക്കുന്ന ഒരു സാഹചര്യം, നമ്മുടെ കൈവശം ആയിരം ടൺ തോട്ടണ്ടി മാത്രമേയുള്ളൂ എന്ന വിവരം മന്ത്രി ഇവിടെ നേരത്തെ പറഞ്ഞു. അങ്ങനെയൊരു സാഹചര്യത്തിൽ അതിന്റേതായ ബുദ്ധിമുട്ടുണ്ട്. ഇങ്ങനെയൊരു സാഹചര്യ മുണ്ടായതിന് കാരണം അവിടെ നിലവിലുള്ള സിസ്റ്റം മാറ്റേണ്ടിവന്നതു കൊണ്ടാണ് എന്നുകൂടി എല്ലാവരും അറിയണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ, തോട്ടണ്ടി ലഭ്യമാക്കാനുള്ള എന്തെങ്കിലും നിർദ്ദേശം മുൻ തൊഴിൽവകുപ്പുമന്ത്രിക്കടക്കം നൽകാനുണ്ടെങ്കിൽ അത് ഗവൺമെന്റ് തുറന്ന മനസ്സോടെ സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കേണ്ട ഒരു കാര്യം, ട്രേഡർമാരുടെ കയ്യിൽനിന്ന് തോട്ടണ്ടി വാങ്ങിയതാണ് വലിയൊരു ആക്ഷേപമായി ഉയർന്നുവന്നത്. അതേ നടപടിക്രമം വീണ്ടും മുന്നോട്ടുകൊണ്ടുപോകുമ്പോൾ ആക്ഷേപം ഉയർന്നുവരാൻ സാധ്യതയുള്ളതു കൊണ്ടാണ് നമ്മൾ ഒരു thorough transparent process-ൽ അവിടെ നിന്ന് ഇംപോർട്ട് ചെയ്യാമെന്ന് വിചാരിച്ചിരിക്കുന്നത്. എസ്.റ്റി.സി. മുഖേന ഇറക്കുമതി ചെയ്യാനാണെങ്കിലും സമയമെടുക്കും. ഇക്കാലമത്രയും freedom with responsibility എന്നുള്ള നിലയിലേക്ക് ട്രേഡ് യൂണിയനുകളും മറ്റെല്ലാവരുംകൂടി ചേർന്നാണ് ഇത് നടത്തിക്കൊണ്ടുപോയത്. ഇപ്പോൾ അത് തകിടം മറിഞ്ഞ പശ്ചാത്തലത്തിലാണ് ഈ ഒരു അവ്യക്തത നിലനിൽക്കുന്നത്. എങ്കിലും ഒരു ട്രാൻസ്പരന്റ് പ്രോസസ്സിൽക്കൂടി നമുക്ക് ഇവിടെയുള്ള ഏതെങ്കിലും ട്രേഡർമാരുടെ കയ്യിൽ തോട്ടണ്ടി ഉണ്ടെങ്കിൽ അത് വാങ്ങാനുള്ള നടപടി പരിശോധിക്കാവുന്നതാണ്. അങ്ങനെയുണ്ടെങ്കിൽ ഫാക്ടറികൾ ഈ മാസം തന്നെ തുറക്കാനും സാധിക്കും.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, എവിടെ നിന്ന് തോട്ടണ്ടി വാങ്ങണം എന്നുള്ളത് ഗവൺമെന്റിന്റെ ബാധ്യതയാണ്. അത് പ്രതിപക്ഷമോ ട്രേഡ് യൂണിയനുകളോ പറയേണ്ടതല്ല. ഈ മാസത്തിൽ ഫാക്ടറികൾ തുറന്നില്ലെങ്കിലുള്ള ആപത്ത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടതാണ്. ഈ ഡിസംബർ മാസത്തിൽ ആയിരക്കണക്കിന് തൊഴിലാളികൾ റിട്ടയർ ചെയ്യുകയാണ്. അപ്പോൾ അരാജ കാവസ്ഥയുണ്ടാകും. തൊഴിലാളികളെ അരാജകത്വത്തിലേയ്ക്ക് നയിക്കാൻ പാടില്ല. അതുകൊണ്ടാണ് ഈ മാസംതന്നെ ഫാക്ടറി തുറക്കാൻ പറയുന്നത്. നാളെ തുറക്കണമെന്നല്ല, ഡിസംബർ മാസം 31-നകം തുറക്കുമെന്ന് പറഞ്ഞാൽ മതി.

ശ്രീ. ഷിബു ബേബി ജോൺ : സർ, ഡിസംബർ മാസം 31-ന് മുമ്പ് തുറക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. പക്ഷേ സഭയ്ക്ക് ഒരു ഉറപ്പുനൽകാൻ പറ്റുന്ന സാഹചര്യമല്ല ഇപ്പോൾ നിലവിലുള്ളത്. അത് അങ്ങേക്കുമറിയാം. തോട്ടണ്ടി ലഭ്യമാക്കാൻവേണ്ടി മുൻതൊഴിൽവകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങേക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അത് പരിഗണിക്കാമെന്ന നിലയിലാണ് ഞാൻ പറഞ്ഞത്. അതിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ല. അതുകൊണ്ട് തീർച്ചയായും അതിന് ശ്രമിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ജനുവരിയിൽ ഫാക്ടറികൾ തുറക്കാമെന്ന് ഉറപ്പുനൽകാം. ഒരു ടെണ്ടർ പ്രോസസ് തുടങ്ങി, കപ്പൽ ഇവിടെ വന്ന്, തോട്ടണ്ടി അവയിലബിളാകാൻ 40 ദിവസം വേണ്ടിവരുമെന്നാണ് ഒരു കണക്കെടുത്തപ്പോൾ മനസ്സിലായത്. അതുകൊണ്ടാണ് ജനുവരി മാസത്തിൽ തുറക്കാമെന്ന് ഉറപ്പ് പറയുന്നത്. അതിനുമുമ്പ് മറ്റ് ആരുടെയെങ്കിലും കയ്യിൽ തോട്ടണ്ടി ഉണ്ടെങ്കിൽ അത് നമുക്ക് വാങ്ങാം. പക്ഷേ അതിന് ഇ-ടെണ്ടറിംഗ് നടപടിയുണ്ടാകണം. ഗവൺമെന്റിനെ വിശ്വാസത്തിലെടുക്കുക, സീനിയർ ട്രേഡ് യൂണിയൻ നേതാവായ അങ്ങ് ഇടപെട്ട് അത് പരിഹരിക്കുക. നമുക്ക് അസാധ്യമായിട്ടുള്ള കാര്യം ഇവിടെ പ്രഖ്യാപിക്കണമെന്ന് പറഞ്ഞാൽ സാധിക്കുമോ? അതുകൊണ്ട് ജനുവരി മാസത്തിൽ ഫാക്ടറികൾ തുറക്കാനുള്ള നടപടികൾക്കുവേണ്ടി തീർച്ചയായും പരിശ്രമിക്കുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ഭിന്നശേഷിക്കാരുടെ പുനരധിവാസം

ശ്രീ. സി. മോയിൻകുട്ടി : സർ, ശാരീരികമായും മാനസികമായും വൈകല്യങ്ങളനുഭവിക്കുന്ന പാർശ്വവത്ക്കരിക്കപ്പെട്ട വളരെ വലിയൊരു വിഭാഗത്തിന്റെ അത്യന്തം ഗൗരവതരമായിട്ടുള്ള വിഷയമാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. വിദ്യാഭ്യാസ-സംരക്ഷണ-പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള ചുമതല ഏറ്റെടുത്ത് നടത്തുന്ന വ്യക്തികളും സ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗൗരവമായി ഗവൺമെന്റ് കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരുണ്യ പ്രവർത്തനത്തിന് ഏറെ ഗൗരവം നൽകിയിട്ടുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ എല്ലാ ക്ഷേമപദ്ധതികളും നിരവധി ഇരട്ടിയായി വർദ്ധിപ്പിച്ച് ലോകത്തിനുതന്നെ മാതൃകയായ സർക്കാർ എന്നുള്ള നിലയിൽ അത്യന്തം ഗൗരവതരമായി ഈ ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇവിടെ ചൂണ്ടി കാണിക്കാൻകൂടി ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ആകെ ഒരു ഗവൺമെന്റ് സ്ഥാപനമാണ് മുൻ മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദ്കോയയുടെ നാമധേയത്തിൽ

തിരുവനന്തപുരത്ത് പാങ്ങപ്പാറയിലുള്ളത്. അവശേഷിക്കുന്ന മുന്നൂറോളം സ്ഥാപനങ്ങൾ ഈ രാജ്യത്തെ ചാരിറ്റബിൾ സംഘടനകൾ, സാമൂഹ്യ-മത-സാംസ്കാരിക സംഘടനകൾ സംഘടിപ്പിച്ച് നടത്തുന്നവയാണ്. അതിന് ആവശ്യമായ കോടാനുകോടി രൂപ അവർ സ്വയം സ്വരൂപിച്ച് കണ്ടെത്തുന്നതാണ്. 2011-ലെ സെൻസസ് അനുസരിച്ച് 2.21 ശതമാനമാണ് ഈ രംഗത്തുള്ള ദുർബല വിഭാഗങ്ങൾ. ഈ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് മൊത്തം ചെലവിന്റെ 40 ശതമാനമാണ് സർക്കാർ നൽകി വരുന്നത്. അവശേഷിക്കുന്ന മുഴുവൻ ചെലവും ഈ മാനേജ്മെന്റ് സ്വയം ഏറ്റെടുക്കുകയാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളിൽ ഓട്ടിസം, സെറിബ്രൽ രോഗങ്ങൾ, ബുദ്ധിമാന്ദ്യം, ശൈശവ മനോരോഗം, പഠനവൈകല്യം എന്നിവ വർദ്ധിച്ചുവരികയാണ്. നമുക്കറിയാവുന്നതുപോലെ സമീപകാലത്തായി വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളും ഇത്തരം രോഗങ്ങളുടെ സാധ്യതയും വർദ്ധിച്ചുവരുന്നതായാണ് നമുക്ക് പഠനങ്ങളിലൂടെ കാണാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇത് സംബന്ധിച്ച് ഗവൺമെന്റ് നിയോഗിച്ച ഒരു ഏകാംഗ കമ്മീഷനുണ്ട്-ഡോ. ജയരാജ്, അദ്ദേഹത്തിന്റെ റിപ്പോർട്ട് അതീവ ഗൗരവത്തോടു കൂടിയാണ് ഈ ഗവൺമെന്റ് കാണുന്നത് എന്നുള്ളത് വളരെ സന്തോഷകരമാണ്. ഇത്തരം സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള ഗവൺമെന്റ് തീരുമാനം നാടാകെ സ്വാഗതം ചെയ്തിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള പ്രസ്തുത തീരുമാനം ജനങ്ങളെല്ലാം അങ്ങേയറ്റം അഭിവാദ്യം ചെയ്തിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്നലെയും ഈ സഭയിൽ ഇതുമായി ബന്ധപ്പെട്ട ഗൗരവതരമായ വിഷയം ചോദ്യത്തിലൂടെ വരികയും സഭ ഒന്നടങ്കം ഈ വിഷയത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. 57-ഓളം എം.എൽ.എ.-മാർ ഒപ്പിട്ട് സമർപ്പിച്ച ഒരു നിവേദനത്തെ തുടർന്നാണ് ഈ സ്വപ്നം സാക്ഷാത്ക്കരി ക്കപ്പെട്ടിട്ടുള്ളത്. 100 കുട്ടികളുള്ള ഇത്തരം സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. എങ്കിലും എല്ലാ ഭാഗത്തു നിന്നുമുള്ള അഭ്യർത്ഥന മാനിച്ചുകൊണ്ട് 50 കുട്ടികളുള്ള ഇത്തരം സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചത് അങ്ങേയറ്റം സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. തികഞ്ഞ അർപ്പണ ബോധത്തോടെ നാമമാത്രമായ (ഏകദേശം രണ്ടായിരവും മൂവായിരവും) ശമ്പളത്തിൽ, വളരെ പാവപ്പെട്ട ജീവനക്കാരാണ് അവിടെ ജോലി ചെയ്യുന്നത്. ഇത് എയ്ഡഡ് മേഖലയാക്കുമ്പോൾ സ്വാഭാവികമായും അവരുടെ ജോലി നിഷേധിക്കപ്പെടും. ഈ രംഗത്ത് സേവന

സന്നദ്ധതയോടുകൂടി പ്രവർത്തിച്ചിട്ടുള്ള ഇത്തരം പാവപ്പെട്ട ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുകൂടി തയ്യാറാകണമെന്ന് അപേക്ഷിക്കുകയാണ്. അവശേഷിക്കുന്ന ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവർക്ക് പി.എസ്.സി.-യിലൂടെ ജോലി നൽകാവുന്നതാണ്. അവശേഷിക്കുന്ന നിയമനങ്ങൾ ആ രംഗത്ത് പരിഗണിക്കാവുന്നതാണ്. അതോടൊപ്പം 18 വയസ്സ് കഴിഞ്ഞവരെ ഈ രംഗത്ത് അംഗീകരിക്കാനാവില്ല എന്ന സർക്കാർ നിലപാട് തീർച്ചയായും തിരുത്തിയെഴുതണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം അവർക്ക് ബുദ്ധിവികാസം സംഭവിച്ചിട്ടില്ലെങ്കിലും ശാരീരിക വളർച്ച സംഭവിച്ചിട്ടുണ്ട് എന്നതു കൊണ്ടാണ് 18 വയസ്സുകഴിഞ്ഞവരെ പരിഗണിക്കാൻ ഗവൺമെന്റ് മടി കാണിക്കുന്നത്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ സെപ്പറേറ്റ് ചെയ്തുകൊണ്ടും അവർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കിക്കൊടുത്തു കൊണ്ടും അവരെ സംരക്ഷിക്കാൻ തയ്യാറാവുകയാണെങ്കിൽ തീർച്ചയായും അവരെക്കൂടി ഈ രംഗത്ത് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് അനൗദ്യോഗിക പ്രമേയങ്ങളുള്ള ദിവസമാണ്. അതുകൊണ്ട്.....

ശ്രീ. സി. മോയിൻകുട്ടി : സർ, വേഗം തീർക്കാം. ഈ രംഗത്ത് പാർശ്വവത്ക്കരിക്കപ്പെട്ടവർ മഹാഭൂരിപക്ഷവും താരതമ്യേന വളരെ പാവപ്പെട്ട കുടുംബങ്ങളിൽനിന്നുള്ളവരാണ്. ഈ കുടുംബങ്ങൾ നിത്യവൃത്തിക്കുവേണ്ടി ജോലിക്ക് പോകാനുള്ള സാധ്യതപോലുമില്ലാതെ മക്കൾക്കുവേണ്ടി കാവലിരിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അങ്ങേയറ്റം പരിതാപകരമാണ്. മാനസിക വെല്ലുവിളി നേരിടുന്നവരെ കണ്ടെത്തുകയും കൃത്യമായി ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതിന് സംവിധാനമുണ്ടാകണം. ഇതോടൊപ്പം കൃത്യമായ പരിശീലനം നൽകിയാൽ നല്ലൊരു ശതമാനംപേരെയും ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഓരോരുത്തരുടേയും വയസ്സും സാഹചര്യവും കണക്കിലെടുത്തുകൊണ്ട് തൊഴിൽ പരിശീലനം നൽകി സ്വന്തം കാലിൽ ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്നതാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്. മനുഷ്യമുഖമുള്ള ഈ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ മുന്നോട്ടുവരണം.

ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി ഈ സന്ദർഭത്തിൽ ഞാൻ വയ്ക്കുകയാണ്. മനുഷ്യാവകാശ പ്രശ്നമായി ഈ വിഷയത്തെ കാണുകയും ഈ വിഭാഗത്തിന്റെ അവകാശങ്ങൾ ഒരു നിലയിലും കൊട്ടിയടയ്ക്കാതിരിക്കുകയും ചെയ്യണമെന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഈ വിഭാഗത്തിന് അനിവാര്യമായുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വിവിധ സർട്ടിഫിക്കറ്റുകൾ അത്യാവശ്യമാണ്.

ഓരോ ഓഫീസുകളിലും കയറിയിറങ്ങാനുള്ള ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ട് ഇവർക്ക് ഒരു സർട്ടിഫിക്കറ്റ് മാത്രമാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ദുർബലവിഭാഗത്തിന് ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവ് ഇല്ലാതെ പോകുന്നതുകൊണ്ട് അവരുടെ രക്ഷിതാക്കൾക്കും ബന്ധപ്പെട്ടവർക്കും ബോധവത്ക്കരണം നടത്താൻകൂടി ഗവൺമെന്റ് തയ്യാറാകണം. ഇത്തരക്കാർക്ക് ട്രാൻസ്പോർട്ട് ബസ്സിലെ കൺസഷൻ നിർബന്ധമാണ്. ഇവർക്ക് ആരോഗ്യ പ്രശ്നങ്ങൾ നിരവധിയായതിനാൽ മെഡിക്കൽ ചെലവ് സൗജന്യമായി നൽകുന്നതിനു വേണ്ടി ഗവൺമെന്റ് തയ്യാറാകണം. അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി നൽകാൻ സർക്കാർ മുൻകയ്യെടുക്കണം. കൂടാതെ ഇവർക്ക് തൊഴിൽ സംവരണവും ഉറപ്പുവരുത്തണം. ഇങ്ങനെയുള്ള കുട്ടികൾ ഏത് നിലയിൽ പീഡിപ്പിക്കപ്പെട്ടാലും അത്യന്തം ഗൗരവമായി കാണുകയും അതിന് മതിയായ ശിക്ഷ നൽകുകയും വേണം. തൊഴിൽ കേന്ദ്രങ്ങളിൽ ചൂഷണം നടക്കുന്നുണ്ടെങ്കിൽ അത് കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിക്കണം. രക്ഷിതാക്കളുടെ മരണശേഷം ഇവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും കൃത്യമായ നടപടികളും പരിപാടികളുമുണ്ടാകണം. തൊഴിൽ ദാതാക്കൾക്ക് തൊഴിൽ നൽകുന്നതിനു വേണ്ടിയുള്ള സാഹചര്യമുണ്ടാകണം. കിടപ്പിലാകുന്ന ദുർബല വിഭാഗങ്ങളെ പരിചരിക്കുന്നതിനും ചികിത്സ നൽകുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആരോഗ്യ വകുപ്പിനും ഉത്തരവാദിത്തമുണ്ടാകണം. ഈ രംഗത്ത് ഒറ്റക്കെട്ടായി നാടാകെ ഈ വിഷയത്തിൽ ഒന്നിച്ചുനിൽക്കുന്നതിനുവേണ്ടി നേതൃത്വപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി അപേക്ഷിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഓട്ടിസം, ബുദ്ധിമാന്ദ്യം തുടങ്ങിയ അംഗവൈകല്യം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസ കാലത്തിനുശേഷമുള്ള സംരക്ഷണ സംവിധാനം സംബന്ധിച്ച ഗൗരവമായ കാര്യമാണ് ശ്രദ്ധ ക്ഷണിക്കലിൽ പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുള്ളത്. മെന്റൽ റിട്ടാർഡേഷൻ/മെന്റൽ ചലഞ്ച് ബാധിച്ച കുട്ടികളുടെ കുടുംബജീവിതം സംബന്ധിച്ച സാധ്യത പരിമിതമായതുകൊണ്ട് ഈ വിഭാഗക്കാരുടെ ലൈഫ് ലോംഗ് കെയർ ഇത്തരം കുട്ടികളുടെ മാതാപിതാക്കളെ വിഷമിപ്പിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഇവർക്ക് ഗാർഡിയനെ നിയമിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും സാമ്പത്തിക പരിമിതിയുള്ള കുട്ടികളെ ഏറ്റെടുക്കാൻ ആളുകൾ തയ്യാറാകുന്നില്ലായെന്നുള്ളതും വളരെ ഗുരുതരമായ പ്രശ്നമാണ്. ഇക്കാര്യം സാമൂഹ്യനീതി വകുപ്പ് വളരെ ഗൗരവമായി പരിഗണിക്കുകയും Persons with Disabilities Act-ന്റെ കീഴിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ സംരക്ഷണാർത്ഥമുള്ള ഭവനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കാൻ

തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്കുവേണ്ടിയുള്ള Early Intervention Centre with Treatment and Training, Special School, Vocational Training Centre, Care Home including Lifelong Care Centres, Day Care Centres തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിന് എൻ.ജി.ഒ. സെക്ടറിൽ ഉള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്ഥാപനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ് നിശ്ചയിച്ചുകൊണ്ടുള്ളതുമായ ചട്ടങ്ങളുടെ വിശദമായ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളെ സപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ഗ്രാന്റ് ഇൻ എയ്ഡ് പ്രോഗ്രാമുകളും നടപ്പിലാക്കുന്നതാണെന്നാണ് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ച് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും മേൽനോട്ട നിയന്ത്രണവും ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയും നടപ്പിലാക്കുന്ന മുറയ്ക്ക് ഈ മേഖലയിലുള്ള ആളുകൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതാണ്. നിലവിൽ താഴെക്കാണുന്ന കെയർ സംവിധാനങ്ങൾ ഈ വിഭാഗത്തിനുവേണ്ടി പ്രവർത്തിച്ചു വരുന്നുണ്ട്.

1. വകുപ്പിലെ നേരിട്ടുള്ള നിയന്ത്രണത്തിൽ മലപ്പുറത്തും കോഴിക്കോട്ടും തൃശ്ശൂരും ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള സംരക്ഷണ ഭവനങ്ങൾ പ്രവർത്തിച്ചു വരുന്നു.

2. Persons with Disabilities Act- പ്രകാരം എൻ.ജി.ഒ. സെക്ടറിൽ 19 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

3. വീടുകളിൽ കഴിയുന്ന ഇത്തരം ആളുകളെ പരിചരിക്കുന്നതിനുവേണ്ടി സുരക്ഷാമിഷൻ ആശ്വാസകിരണം പദ്ധതിയിലൂടെ ദാരിദ്ര്യ രേഖ പരിഗണിക്കാതെ പ്രതിമാസം 525 രൂപ നൽകിവരുന്നു.

4. എൻ.ജി.ഒ. പാർട്ണർഷിപ്പോടുകൂടി ഈ മേഖലയിൽ ലൈഫ് ലോംഗ് കെയറിനുവേണ്ടി കൂടുതൽ ഭവനങ്ങൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് ഒരു എൻ.ജി.ഒ. പോളിസി വിഭാവനം ചെയ്തു. ഈ പദ്ധതി പ്രകാരം കൂടുതൽ കെയർ ഹോമുകൾ ആരംഭിക്കാൻ പദ്ധതിയിലുള്ള എൻ.ജി.ഒ.-മാരെ അക്രഡിറ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ State Initiative on Disability-ക്ക് നടപ്പുസാമ്പത്തിക വർഷം അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു.

ഇപ്പോൾ 50 കുട്ടികളുണ്ടെങ്കിൽ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

നൽകും. പക്ഷേ ബഡ്സ് സ്കൂളുകൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക അനുമതി നൽകിയിരിക്കുന്നു. പഞ്ചായത്തുകളുടെ കീഴിൽ കുടുംബശ്രീകൾ നടത്തുന്ന തായതുകൊണ്ട് 25 കുട്ടികളുണ്ടെങ്കിലും അതിനെ എയ്ഡഡ് സ്കൂളാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്ന കാര്യം സന്തോഷത്തോടെ അറിയിക്കുകയാണ്. ബഡ്സ് സ്കൂളിന് കീഴിൽ 18 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ 86 എണ്ണം കേരളത്തിൽ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞുവെന്ന കാര്യം കൂടി അറിയിക്കുകയാണ്. മാതാപിതാക്കളുടെ മരണശേഷം ഇത്തരം കുട്ടികൾക്ക് എന്തുസംഭവിക്കുമെന്ന അമ്മമാരുടെ വേദനിപ്പിക്കുന്ന ചോദ്യത്തിനുള്ള മറുപടിയെന്ന നിലയ്ക്കാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഈ സബ്മിഷനിലൂടെ അവതരിപ്പിച്ചത് തികച്ചും കാരുണ്യപരമായി നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. അതിൽ പറഞ്ഞിരിക്കുന്ന എല്ലാ ആവശ്യങ്ങളും നടപ്പിലാക്കുന്നതിനു വേണ്ടി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി ഇവിടെയുണ്ടെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. മോയിൻകുട്ടി : സർ, കേരളത്തിലുടനീളം ഇത്തരം മുന്നൂറോളം സ്ഥാപനങ്ങൾ വിവിധ മത-സാമൂഹ്യസംഘടനകൾ നടത്തിവരികയാണ്. ആയിര ക്കണക്കിന് കുട്ടികളുമുണ്ട്. ഇതിൽ 50 കുട്ടികൾ വരെയുള്ളവയെ എയ്ഡഡ് ആക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും 18 വയസ്സ് കഴിഞ്ഞവരെ പരിഗണിക്കുന്നില്ലായെന്ന പരാതിയുണ്ട്. 18 വയസ്സിന് മുകളിലുള്ളവരെ പ്രത്യേകമായി മാറ്റിത്താമസിപ്പിക്കുന്ന തിനുള്ള ഭൗതിക സാഹചര്യങ്ങളും സ്ഥാപനങ്ങളും ഒരുക്കിക്കൊടുത്താൽ അവരെ പരിഗണിക്കാൻ ഗവൺമെന്റ് കരുണ കാണിക്കുമോ?

ഡോ. എം. കെ. മുനീർ : സർ, അത്തരം സ്കൂളുകൾ വരുന്നത് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് വഴിയാണ് 50 കുട്ടികൾ വരെയുള്ള സ്കൂളുകൾ എയ്ഡഡ് ആക്കിയത്. 18 വയസ്സിനു മുകളിലുള്ളവർക്ക് ആവശ്യമായ പരിഗണന നൽകുന്ന കാര്യം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്യുന്നതാണ്.

## (2) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സാജു പോൾ : സർ, കേരളത്തെ ഏറ്റവും പ്രതികൂലമായി ബാധിച്ചിട്ടുള്ള ഒരു പ്രധാന പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.ഈ നൂറ്റാണ്ടിൽ കാർഷിക മേഖലയിൽ സംഭവിച്ച സുനാമി ദുരന്തമാണ് റബ്ബറിന്റെ വിലത്തകർച്ച. കഴിഞ്ഞ 100 വർഷത്തെ റബ്ബർ കൃഷി രംഗത്തെ ചരിത്രം പരിശോധിച്ചാൽ ഇത്ര

അത്യഗാധമായ പ്രതിസന്ധി മുമ്പ് ഉണ്ടായിട്ടില്ല. സർക്കാർ ഒന്നും ചെയ്തില്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ പ്രയോജനപ്രദമായ വിധത്തിൽ വലിയൊരു സാമ്പത്തിക ദുരന്തം നേരിടുന്നതിനുള്ള ഗൗരവമാർന്ന നടപടി ഉണ്ടായില്ല. റബ്ബറിന് ഇന്നുള്ളത് ആറു വർഷത്തിനുള്ളിലെ ഏറ്റവും താഴ്ന്ന വിലയാണ്. 2011-ലെ 243 രൂപയിൽ നിന്നും ഇന്ന് വില 103 രൂപയിലെത്തി. പാർലമെന്റിൽ നമ്മുടെ ബഹുമാന്യരായ എം.പി.-മാർ ഇക്കാര്യം ഉന്നയിച്ച് വില സ്ഥിരതാ പദ്ധതിക്ക് സഹായം നൽകുമെന്ന് പറയുന്നുണ്ട്. പക്ഷേ പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതുപോലെ യുദ്ധകാലാടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. കയറ്റുമതി ഇറക്കുമതി നയത്തിലെ അപാകതകൾ പരിഹരിക്കണം. റബ്ബർ ബോർഡ് പുനഃസംഘടന നടത്തിയിട്ടില്ല. ഒരു വർഷമായി റബ്ബർ ബോർഡിന് ചെയർമാൻ പോലും ഇല്ല. അതിന്റെ ആസ്ഥാനം തന്നെ കോട്ടയത്തുനിന്നും മാറ്റാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഇങ്ങനെയൊരു സ്ഥിതി ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. ബഹുമാന്യയായ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാറാമിനെ കണ്ട് അഖിലേന്ത്യാ ചെറുകിട റബ്ബർ കർഷക സമിതി കൺവീനർ ശ്രീ. പി. കൃഷ്ണപ്രസാദിന്റെ നേതൃത്വത്തിൽ നിവേദനം നൽകുകയുണ്ടായി. സമിതിയുടെ നേതൃത്വത്തിൽ പാർലമെന്റ് മാർച്ചും ധർണ്ണയും നടത്തുകയുണ്ടായി. മുമ്പ് അരി ആവശ്യപ്പെട്ട് സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ ഡൽഹിയിൽ പോയി സമരം ചെയ്തതുപോലെ എല്ലാവരുംകൂടി പോയി സമരം ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. മുൻവർഷങ്ങളിൽ 8.75 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം ശരാശരി ഉണ്ടായിരുന്നെങ്കിൽ ഇക്കൊല്ലം ഇതുവരെ അഞ്ചരലക്ഷം ടൺ മാത്രമാണ് ഉള്ളത്. അതിൽ ഇരുപത്തിയൊന്ന് ശതമാനം കോട്ടയം ജില്ലയിലും പന്ത്രണ്ട് ശതമാനം എറണാകുളം ജില്ലയിലുമാണ്. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് ഇരുപതിനായിരം കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിലസ്ഥിരതാ പദ്ധതി സർക്കാർ പ്രഖ്യാപിച്ചെങ്കിലും അത് ഫലപ്രദമായിട്ടില്ല. മുന്നൂറ് കോടി രൂപയിൽ ആകെ മുപ്പത്തിയഞ്ച് കോടിരൂപ മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ ആകെ റബ്ബർ കർഷകർ പതിനഞ്ച് ലക്ഷം പേരാണ്. അതിൽ 3,05,570 പേർ മാത്രമാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഞാനും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൃഷിക്കാരനാണ്. ടയർ കമ്പനികൾ വൻതോതിൽ ലാഭം കൊയ്യുകയാണ്. ഇറക്കുമതി ഗണ്യമായി കൂടി. ഇന്തോനേഷ്യ, വിയറ്റ്നാം, തായ്‌ലന്റ്, മലേഷ്യ എന്നിവിടങ്ങളിൽ ഉൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ്. ഇറക്കുമതി ചുങ്കം അഞ്ച് ശതമാനത്തിൽനിന്നും 25 ശതമാനമായി ഉയർത്തി.

എന്നിട്ടും 4,14,606 ടൺ റബ്ബർ ഇക്കൊല്ലം ഇറക്കുമതി ചെയ്തിരിക്കുകയാണ്. 2013 മുതൽ ഇതുവരെ 10,15,577 ടൺ റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഉപയോഗത്തിന്റെ 42 ശതമാനം ഇറക്കുമതിയാണ്. ശ്രീ. പി. സി. സിറിയക്കിനെ പോലെ ഈ മേഖലയിൽ വിദഗ്ദ്ധരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഇതിനുവേണ്ട പ്രതിവിധികൾ കണ്ടെത്തണം. കാർഷികോൽപ്പന്നത്തിന്റെ വിലയിടിഞ്ഞാൽ ന്യായവിലയ്ക്ക് സർക്കാർ ഏജൻസികൾ സംഭരിക്കണം. നെല്ല്, ഗോതമ്പ്, പരുത്തി, ചണം, കരിമ്പ്, നിലക്കടല, എണ്ണക്കുരുക്കൾ ഇവയെല്ലാം ഇങ്ങനെ സംഭരിച്ചിട്ടുണ്ട്. പരുത്തി ഉൽപ്പാദന സീസണിൽ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ പതിനേഴായിരം കോടി രൂപയുടെ പഞ്ഞി പരുത്തി കർഷകരിൽ നിന്നും സംഭരിച്ചു. റബ്ബർ, കാപ്പി, തേയില, ഏലം മുതലായവയ്ക്ക് വില സ്ഥിരതാ ഫണ്ടായി ആയിരം കോടി രൂപ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇന്തോനേഷ്യയിൽ മുൻപ് രണ്ടുലക്ഷം ടൺ റബ്ബർ ന്യായവിലയ്ക്ക് സംഭരിക്കുകയുണ്ടായി. സംരക്ഷണ ചുങ്കം ഏർപ്പെടുത്തിയും ഈ കർഷകരെ രക്ഷിക്കാം. ഇതിനുള്ള വ്യവസ്ഥ ലോക വാണിജ്യ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഡയറക്ടർ ജനറൽ ഓഫ് സേഫ്ഗാർഡ് ' എന്നൊരു ഉദ്യോഗസ്ഥനെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. കസ്റ്റംസ് ആക്ടിൽ ഇതിനുവേണ്ടി 8 (b), (c), (a), 9 (b), (c) തുടങ്ങിയ ഭേദഗതി ചെയ്ത വകുപ്പുകൾ ഇതിൽ ചേർത്തിട്ടുണ്ട്. ഉരുക്ക്, കാർബൺ ബ്ലാക്ക്, സോഡിയം സൾഫേറ്റ് മുതലായ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി കുറയ്ക്കാൻ സംരക്ഷണച്ചുങ്കം ഏർപ്പെടുത്തി കഴിഞ്ഞു. കെട്ടിടനിർമ്മാണം, തുണി, സ്വർണ്ണം, റിയൽ എസ്റ്റേറ്റ്, വാഹനം, വിവാഹം തുടങ്ങിയ എല്ലാ മേഖലകളെയും ബാധിച്ചിരിക്കുകയാണ്. തോട്ടം തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. അവരുടെ പട്ടിണി മരണം ഉറപ്പാണ്. റബ്ബർ കർഷകരും സ്ലോട്ട് ടാപ്പിംഗ് എടുത്തിട്ടുള്ളവരും ആത്മഹത്യയുടെ വക്കിലാണ്. റബ്ബർ തടിയുടെ വിലയും ഗണ്യമായി ഇടിഞ്ഞിരിക്കുകയാണ്. ഈ സാഹചര്യം മുൻനിർത്തി ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ സത്വര ശ്രദ്ധ നൽകി അടിയന്തര പരിഹാരം കണ്ടെത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് വളരെ വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ പൂർണ്ണമായും ശരിവയ്ക്കുകയാണ്. റബ്ബറിന്റെ വൻതോതിലുള്ള വിലയിടിവ് കേരളത്തിന്റെ സമ്പദ്ഘടനയെ ഏറ്റവും ദോഷകരമായി ബാധിച്ചിരിക്കുന്ന ഒന്നാണ്. അത് കർഷകരെ മാത്രമല്ല തൊഴിലാളികളെയും നമ്മുടെ വ്യാപാര മേഖലയേയും സമ്പദ്ഘടനയെയും ഒന്നാകെ ഏറ്റവും ദോഷകരമായി ബാധിച്ചിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി റബ്ബറിന്റെ വില കുറഞ്ഞു തുടങ്ങിയപ്പോൾത്തന്നെ

ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചു. ആദ്യം മാർക്കറ്റ് വിലയേക്കാൾ രണ്ട് രൂപ കൂട്ടി വാങ്ങി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി. ക്രമേണ ആ വില ഉയർത്തിക്കൊണ്ടുവരാൻ പറ്റുമോയെന്ന് ശ്രമിച്ചുനോക്കി. അതിൽ കാര്യമായ ഫലം കണ്ടില്ല. ആ അവസരത്തിൽ വ്യവസായികളുടെ യോഗം വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ഗവൺമെന്റിനോട് സഹകരിക്കണമെന്ന് പറഞ്ഞു, അവർ സഹകരിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും സഹകരിക്കുകയും ചെയ്തു. വ്യവസായികളുമായുണ്ടാക്കിയ ധാരണ അനുസരിച്ച് അവർ റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുപകരം, ഇറക്കുമതി ചെയ്താൽ അവർക്ക് എന്ത് ചെലവാകുമോ ആ വില, അതായത് ഇന്റർനാഷണൽ പ്രൈസിന്റെ കൂടെ എക്സൈസ് ഡ്യൂട്ടി (അന്ന് ഇരുപത് ശതമാനമായിരുന്നു എക്സൈസ് ഡ്യൂട്ടി) കൂട്ടിയ ആ വില റബ്ബർ ബോർഡ് ഓരോ ദിവസവും പ്രഖ്യാപിക്കും. അത് വ്യവസായികൾ സമ്മതിക്കുകയും അവർ അതനുസരിച്ച് കുറേനാളുകൾ കർഷകരിൽനിന്ന് റബ്ബർ എടുക്കുകയും ചെയ്തു. അത് കർഷകർക്ക് കുറച്ച് ആശ്വാസം നൽകുന്ന ഒന്നായിരുന്നു. പക്ഷേ വ്യവസായികൾ എല്ലാ ദിവസവും മാർക്കറ്റിൽ വരികയില്ല. അവർക്ക് ആവശ്യമുള്ളപ്പോൾ മാത്രമാണ് വന്നിരുന്നത്. അവർ വരാത്ത ദിവസം ഇവിടത്തെ ചെറുകിട വ്യാപാരികൾക്ക് കിട്ടുന്ന വിലയ്ക്ക് റബ്ബർ വിൽക്കേണ്ടിവരുന്നു. വ്യവസായികൾ വരുമ്പോൾ ഈ വ്യാപാരികൾ അവരുടെ കൈവശമുള്ള റബ്ബറാണ് കൊടുക്കുന്നത്. ആ റബ്ബർ കുറഞ്ഞവിലയ്ക്ക് വാങ്ങിയതാണ്. ഫലത്തിൽ കർഷകന് അത് പ്രയോജനകരമല്ലെന്ന് കണ്ടതിനാൽ നമ്മൾ ഇടയ്ക്കുവച്ച് അതും നിർത്തിവച്ചു. ഇപ്പോൾ ബഡ്ജറ്റിൽ 300 കോടി രൂപ ഇതിനുവേണ്ടി മാറ്റി വച്ചുകൊണ്ട് ചെറുകിട കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന റബ്ബറിന് മാർക്കറ്റിലെ വില എന്തായിരുന്നാലും 150 രൂപ ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഈ തുക കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്ന ഒരു സിസ്റ്റമാണ് ഇപ്പോഴുള്ളത്. അതായത്, 103 രൂപയാണ് റബ്ബറിന്റെ ഇന്നത്തെ മാർക്കറ്റ് വിലയെങ്കിൽ 47 രൂപ വീതം ഗവൺമെന്റ് കർഷകന്റെ അക്കൗണ്ടിലടയ്ക്കും. ഇതിന് ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ഏരിയ സംബന്ധിച്ചും അതുപോലെ ഒരു വർഷം ഒരു ഏക്കറിന് 1800 കിലോ എന്നുമുള്ള ചില നിബന്ധനകളുണ്ട്. ഇതൊരു മാർക്കറ്റ് ഇന്റർവെൻഷനല്ല, മാർക്കറ്റ് വില കൂടുന്നതിന് ഒരു വിധത്തിലും സഹായകരവുമല്ല. പക്ഷേ ഈ സ്കീമിൽ ചേർന്നിട്ടുള്ള കർഷകർക്ക് അതിന്റെ പ്രയോജനം നൽകാൻ ഗവൺമെന്റിന് സാധിക്കും. 28-11-2015 വരെ 3,03,756 കർഷകർ ഈ സ്കീമിൽ ചേർന്നിട്ടുണ്ട്. ഇതുവരെ 1,35,274 സെയിൽസ് ബില്ലുകൾ ഇതിലേക്ക് പോയിട്ടുണ്ട്. അതിൽ കുറച്ച് ബില്ലുകൾ എല്ലാ പരിശോധനയും നടത്തി ക്ലിയർ ചെയ്യാൻ വന്നിട്ടുണ്ട്. അത് കുറച്ചുകൂടി വേഗത്തിലാക്കും. ഗവൺമെന്റ് പല സ്കീമുകൾ പരീക്ഷിച്ചുവെങ്കിലും

ചെറുകിട കർഷകർക്ക് അല്പമെങ്കിലും ആശ്വാസം നേരിട്ട് കൊടുക്കുന്ന ഈ സ്കീമാണ് ഇപ്പോഴുള്ളത്. ഇതുകൊണ്ട് എല്ലാമായെന്ന് പറയുന്നില്ല. എങ്കിലും 103 രൂപയുള്ളപ്പോൾ 150 രൂപ കിട്ടുന്നത് ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമാണ്. ആ സ്കീം മുന്നോട്ട് കൊണ്ടുപോകും. അതിൽ വരുന്ന കാലതാമസം പരമാവധി കുറയ്ക്കാൻ ശ്രമിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. ഇതുകൊണ്ടുമാത്രം പോരാ. ശ്രീ. സാജു പോൾ ഇവിടെ പറഞ്ഞതുപോലെ റബ്ബർ ബോർഡിന് നിലവിൽ ചെയർമാനില്ല. ചെയർമാൻ മാത്രമല്ല, ബോർഡുമില്ല. ഇത് പലവട്ടം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്. ഡിസംബർ 10, 11 തീയതികളിൽ ഞങ്ങൾ ഡൽഹിയിൽ പോകുന്നുണ്ട്. ആ അവസരത്തിൽ ഇതിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയേയും കാണുന്നുണ്ട്. അവരോട് ഈ ആവശ്യം വീണ്ടും ആവർത്തിക്കും. റബ്ബർ ബോർഡിന്റെ പുന:സംഘടനയുടെ കാര്യത്തിലും അതോടൊപ്പംതന്നെ റബ്ബറിന്റെ വിലയുടെ കാര്യത്തിലും ചില അടിയന്തര നടപടികൾ ആവശ്യമാണ്. ഇരുപത് ശതമാനമായിരുന്ന എക്സൈസ് ഡ്യൂട്ടി കേന്ദ്രഗവൺമെന്റ് ഇപ്പോൾ ഇരുപത്തിയഞ്ച് ശതമാനമായി വർദ്ധിപ്പിച്ചു. പക്ഷേ അതുകൊണ്ട് മാത്രമായില്ല, ഇറക്കുമതി ക്രമാതീതമായി കൂടുന്നുണ്ട്. അത് സംസ്ഥാനത്തെ റബ്ബറിന്റെ വില വളരെയധികം താഴോട്ടുകൊണ്ടുവരുന്നതിന്കാരണമായിരിക്കുകയാണ്.

റബ്ബർ ഇറക്കുമതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, വീണ്ടും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുക, പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിൽ നിന്നും കേരളത്തിന് സഹായം നൽകുക തുടങ്ങിയ കാര്യങ്ങളാണ് സംസ്ഥാനം ആവശ്യപ്പെടുന്നത്. റബ്ബർ വിലയിടിവ് നേരിടുന്നതിന് 300 കോടി രൂപ ഈ സാമ്പത്തികവർഷം ചെലവഴിക്കാൻ പോകുകയാണ്. അടുത്ത സാമ്പത്തികവർഷം 500 കോടി രൂപയെങ്കിലും വേണ്ടിവരും. അക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്നും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കണമെന്നും ഇറക്കുമതി നിയന്ത്രിക്കണമെന്നും ആവശ്യപ്പെടും. അതോടൊപ്പം റബ്ബർ ബോർഡിന്റെ പുനഃസംഘടനയും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. അത് സംബന്ധിച്ച് പ്രത്യേകമായിട്ടുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. സാജു പോൾ : സർ, ഈ പ്രതിസന്ധി ഇനിയും രൂക്ഷമാകാൻ പോകുകയാണ്. ഇന്നത്തെ രാജ്യാന്തര വില ബാങ്കോക്കിൽ 88 രൂപയും കോലാലമ്പൂരിൽ 78 രൂപയുമാണ്. അതുപോലെ ക്രൂഡ് ഓയിലിന്റെ വില ഇടിയുന്തോറും സിന്തറ്റിക് റബ്ബറിന്റെ ഉല്പാദനവും ഇറക്കുമതിയും വർദ്ധിക്കും. ഇത്

പൂർണ്ണമായും നേരിടാൻ കഴിയണമെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ, കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ. റബ്ബർ സംഭരിക്കുന്നതിനോ അല്ലെങ്കിൽ മറ്റ് പല കാർഷികോല്പന്നങ്ങൾക്കും നൽകിയതുപോലെ താങ്ങുവിലയോ വില സ്ഥിരതാ പദ്ധതിയോ റബ്ബറിന് ഏർപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് തയ്യാറായിട്ടില്ല. പക്ഷേ, കടുത്ത സമ്മർദ്ദം ചെലുത്തുന്ന സംസ്ഥാനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് നേടിയെടുക്കുന്ന സാമ്പത്തികസഹായം റബ്ബറിനും നേടിയെടുക്കാം. ഇന്ത്യയിലെ ആകെ റബ്ബർ ഉല്പാദനത്തിന്റെ 93 ശതമാനവും കേരളത്തിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്ത് 15 ലക്ഷം റബ്ബർ കർഷകരുണ്ട്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് മൂന്നരലക്ഷം പേർ മാത്രമാണ്. എങ്കിലും അതൊരു സഹായം തന്നെയാണ്. അത് അംഗീകരിച്ചു കൊണ്ടുതന്നെ കേന്ദ്രഗവൺമെന്റിൽ നിന്നും പ്രത്യേക സഹായം നേടിയെടുക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തണം. അത് രാഷ്ട്രീയ തലത്തിലാകാം, കൂട്ടായ പ്രക്ഷോഭ സമര പരിപാടി കളിലൂടെയുമാകാം. നമ്മൾ യോജിച്ച് പരിശ്രമിച്ചിട്ടുപോലും മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേന്ദ്രഗവൺമെന്റിന്റെ അനുഭാവം നമുക്ക് ലഭിച്ചില്ല. അതേസമയം ഇക്കാര്യത്തിലെങ്കിലും അത് നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ രൂക്ഷമാകുന്ന ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധിയോടൊപ്പം റബ്ബർമേഖലയിലെ തകർച്ച കൂടിയാകുമ്പോൾ കേരളത്തിലെ സമസ്തമേഖലകളേയും സർവ്വതല സ്പർശിയായി ബാധിക്കുന്ന സാമ്പത്തിക ദുരന്തമാകും സംഭവിക്കാൻ പോകുന്നതെന്ന് തിരിച്ചറിഞ്ഞു കൊണ്ട് യോജിച്ച രാഷ്ട്രീയ നീക്കത്തിന് സർക്കാർ സന്നദ്ധമാകുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ശ്രീ. സാജു പോൾ പറഞ്ഞതിലെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളുകയാണ്. ഇത് നമ്മുടെ സമ്പദ്ഘടനയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. കാർഷികമേഖലയിൽ നമുക്ക് ഏറ്റവുമധികം നേട്ടങ്ങളുണ്ടായിട്ടുള്ളത് റബ്ബർ മേഖലയിലാണ്. നമ്മുടെ ഏരിയ ഓഫ് കൾട്ടിവേഷൻ നോക്കിയാലും ടോട്ടൽ പ്രൊഡക്ഷൻ നോക്കിയാലും പ്രൊഡക്ടിവിറ്റി നോക്കിയാലും മൂന്നിലും നമ്മുടെ സംസ്ഥാനം മുന്നിലാണ്. നമ്മുടെ സ്വന്തമെന്ന് പറയുന്ന മറ്റ് കാർഷികവിളകളായ നാളികേരത്തിന്റെയും നെല്ലിന്റെയും കാര്യത്തിൽപ്പോലും അത്രയും നേട്ടങ്ങളുണ്ടാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. പക്ഷേ ആ നേട്ടങ്ങളെല്ലാം ഈ വിലത്തകർച്ചയിൽ തകർന്നിരിക്കുകയാണ്. അത് പരിഹരി ക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഏത് നിർദ്ദേശവും സ്വീകരിക്കാൻ

തയ്യാറാണ്. ഏത് വിധത്തിലും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകും. ഇന്നിവിടെ അവതരിപ്പിച്ച ഈ ശ്രദ്ധ ക്ഷണിക്കലിൽ വന്നിട്ടുള്ള നിർദ്ദേശങ്ങളും പ്രത്യേകമായി കണക്കിലെടുത്തായിരിക്കും സർക്കാർ പ്രവർത്തിക്കുന്നത്

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI സബ്മിഷൻ

### തൊഴിൽ വകുപ്പുമന്ത്രി സഭയിൽ നടത്തിയ വെളിപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ) : സർ, ഇന്നലെ നിയമസഭയിൽ അടിയന്തരപ്രമേയ ചർച്ചയിൽ മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ വ്യക്തിപരമായ വിശദീകരണം നടത്തി. ആ വിശദീകരണത്തിൽ ബിജു രാധാകൃഷ്ണൻ സോളാർ കമ്മീഷന് മുമ്പിൽ നടത്തിയ വെളിപ്പെടുത്തലിനു പിന്നിൽ പ്രവർത്തിച്ച ഒരു ഗൂഢശക്തിയുണ്ട് എന്ന് പറഞ്ഞു. പ്രതിപക്ഷം പേര് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിട്ട് അദ്ദേഹം തയ്യാറായില്ല. എന്നുമാത്രമല്ല, ഒരു സമയം പേര് വ്യക്തമാക്കാൻ മന്ത്രി മുതിർന്നതാണ്. അപ്പോൾ സഹമന്ത്രിമാരായ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. അനൂപ് ജേക്കബും പേര് പറയരുത്..... പറയരുത്... എന്നു പറഞ്ഞതുകൊണ്ടാണ് അദ്ദേഹം അത് പറയാതിരുന്നത്. പാവനമായ, കളങ്ക രഹിതമായ ഈ നിയമസഭയിൽ ഇപ്രകാരം ഒരു ഒളിച്ചുകളി നടത്തുന്നത് ശരിയാണോ? നിയമസഭാംഗങ്ങളെ മുഴുവൻ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഈ പ്രസ്താവന അതീവ ഗുരുതരമാണ്. ഇത് അങ്ങയോടുള്ള ഒരു അവഹേളനം കൂടിയാണ്. മന്ത്രിസ്ഥാനം രാജിവച്ച ശ്രീ. കെ. എം. മാണി ഇതുപോലെ ഒരു ഗൂഢാലോചനാ സിദ്ധാന്തം അവതരിപ്പിച്ചു. അത് അന്വേഷിക്കാൻ അദ്ദേഹത്തിന്റെ പാർട്ടിയിൽ ഒരു സംഘത്തെ നിയമിച്ചു. എന്നാൽ റിപ്പോർട്ട് പുറത്തുവന്നില്ല. താൻ പാലായിൽ എത്തുമ്പോൾ ആ ഗൂഢാലോചനാ സിദ്ധാന്തം വിശദീകരിക്കുമെന്ന് രാജിവച്ച മാണി പാലായിലേക്ക് പോകുന്ന ദിവസം ഔദ്യോഗിക വസതിയിൽ വച്ച് പറഞ്ഞു. എന്നാൽ കോട്ടയത്തെത്തിയപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവിടെയെത്തുകയും ശ്രീ. കെ. എം. മാണിയുടെ ചെവിയിൽ എന്തോ മന്ത്രിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഗൂഢാലോചന എന്ന വാക്ക് മിണ്ടിയിട്ടേയില്ല. അതുപോലെ ഇപ്പോൾ ശ്രീ. ഷിബു ബേബി ജോണും ഇവിടെ ഒരു ഗൂഢാലോചനാ വിവരം പുറത്തുവിട്ടിരിക്കുകയാണ്. ആരാണ് ഈ ഗൂഢാലോചനക്കാരൻ? നട്ടെല്ലുണ്ടെങ്കിൽ ഇത് പുറത്തുപറയുവാനുള്ള ചങ്കൂറ്റം ശ്രീ. ഷിബു ബേബി ജോൺ കാണിക്കേണ്ടതല്ലേ; നിയമസഭയിൽ പറയുന്നതിന് പരിരക്ഷ ഉണ്ടല്ലോ; ശ്രീ. ഷിബു ബേബി ജോൺ ആരെയാണ് ഭയപ്പെടുന്നത്; അദ്ദേഹം ഇത് തുറന്നുപറയണം. ആ പേര് അദ്ദേഹത്തിന്റെ നെഞ്ചകത്തിൽ തിരയിളക്കം സൃഷ്ടിക്കുന്നത് കേൾക്കുന്നില്ലേ; അങ്ങെങ്കിലും ഇക്കാര്യം തുറന്നുപറയാൻ ശ്രീ. ഷിബു ബേബി ജോണിനെ ഉപദേശിക്കണം. നമ്മുടെ മുഖ്യമന്ത്രിയുടെ കഴുത്തിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നതുതന്നെ സുതാര്യതയുടെ ഒരു മന്ത്രമോതിരമല്ലേ?

അതുകൊണ്ട് ശ്രീ. ഷിബു ബേബി ജോൺ ധൈര്യമായി പറയണം. തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ ആ മൂക്കങ്ങ് പോകട്ടെ. നമ്മുടെ മുഖ്യമന്ത്രിയെ പറ്റിയാണല്ലോ ഏറ്റവും വലിയ ആരോപണം ഉയർന്നിരിക്കുന്നത്. അദ്ദേഹത്തിന് ഈ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമുണ്ടല്ലോ; അദ്ദേഹമെങ്കിലും ഇക്കാര്യം പുറത്തുപറയാൻ തയ്യാറാകണം.

ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ചില റൂളുകളും ചട്ടങ്ങളും ഉന്നയിച്ച് ഞാൻ ആരോപണമുന്നയിച്ചുവെന്ന് പറയുന്നത് കേട്ടു. ഞാൻ എന്താണ് ഇവിടെ പറഞ്ഞത്; തലേദിവസം പത്രമാധ്യമങ്ങളിൽ വന്ന വാർത്തയും ബിജുരാധാകൃഷ്ണൻ സോളാർ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയുമല്ലേ ഞാൻ ഇവിടെ പറഞ്ഞത്. അതുകേട്ട് ചൂളിപ്പോയ നിങ്ങൾ എന്തിനാണ് എന്റെ മെക്കിട്ട് കയറുന്നത്? ഇതുപോലെ തോന്ന്യാസങ്ങൾ ചെയ്യുമ്പോൾ ആലോചിക്കേണ്ടതല്ലേ? കാര്യങ്ങൾ പുറത്തു വരുമ്പോൾ കിടന്ന് കയ്യും കാലുമടിച്ചിട്ട് വല്ല കാര്യവുമുണ്ടോ; അതിനാൽ ആരാണ് ഈ ഗൂഢാലോചനക്കാരൻ എന്നുപറയാൻ ശ്രീ. ഷിബു ബേബി ജോൺ തയ്യാറാകണം. അല്ലാത്തപക്ഷം കൂട്ടുത്തരവാദിത്വത്തിന്റെ പേരിൽ മുഖ്യമന്ത്രിയെങ്കിലും തയ്യാറാകണം. അങ്ങ് ഇതിന് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്റെ മനസ്സിന്റെ തിരയിളക്കം കണ്ട് ഇങ്ങനെയൊരു സബ്മിഷൻ അവതരിപ്പിച്ചതിൽ അദ്ദേഹത്തോട് നന്ദിയുണ്ട്. ഞാൻ ഇന്നലെ പറഞ്ഞത് എന്താണ്? എനിക്ക് ഈ പറയപ്പെടുന്ന വ്യക്തികളുമായി ജീവിതത്തിൽ ഒരിക്കലും ഒരു ബന്ധവുമുണ്ടായിട്ടില്ല. കണ്ടിട്ടില്ല, സംസാരിച്ചിട്ടില്ല. ബിജുരാധാകൃഷ്ണൻ ആണെങ്കിലും ആ സ്ത്രീയാണെങ്കിലും....(ബഹളം).....ഞാൻ പറയട്ടെ.... അങ്ങ് ഒരു സീനിയർ നേതാവല്ലേ; ഇങ്ങനെ തുടങ്ങാതെ.... അങ്ങനെ ഈ രണ്ടുവ്യക്തികളെയും എന്റെ ജീവിതത്തിൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ല, സംസാരിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കണ്ടിട്ടില്ലാത്ത, ഒരു പരിചയവുമില്ലാത്ത എന്നെക്കുറിച്ച് ഒരാക്ഷേപം ഉന്നയിക്കണമെങ്കിൽ ആർക്കെങ്കിലും എന്തോ ലക്ഷ്യമുണ്ടല്ലോ; അവർക്ക് പ്രത്യേകിച്ച് പരിചയമില്ലാത്ത എന്നെ ടാർഗറ്റ് ചെയ്യേണ്ട കാര്യമൊന്നുമില്ല. എന്നെ നേരിട്ട് പരിചയമുണ്ടെങ്കിലോ എന്തെങ്കിലും ഇടപാടുകളുണ്ടായിരുന്നുവെങ്കിലോ പറയുന്നത് മനസ്സിലാക്കാം. ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് തികച്ചും അവാസ്തവമായ ഒരു കാര്യം പറയണമെങ്കിൽ അതിന്റെ പിന്നിൽ ആരൊക്കെയോ ഉണ്ട്. സ്വാഭാവികമായും ആര് ആലോചിച്ചാലും അത് മനസ്സിലാകുന്നതാണ്. ഞാൻ പറയുന്നത്, നമ്മുടെ സമൂഹത്തിൽ വളരെ വികലമായ ചിന്താഗതിയുള്ള മനുഷ്യരില്ലേ; ഉണ്ടല്ലോ; നമുക്കറിയാമല്ലോ;

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കുറിച്ച് ഈ പ്രായത്തിൽ, ഈ

വാർദ്ധക്യത്തിൽ, മൂന്നുനാലുവർഷം മുമ്പ് ഒരാൾ പ്രസംഗിച്ച ആ വാക്ക് ഞാനിവിടെ ആവർത്തിക്കുന്നില്ല. അങ്ങയെക്കുറിച്ച് പ്രസംഗിച്ചത്, പ്രസംഗിച്ചതിന് കയ്യടിച്ചത് എല്ലാം നമുക്ക് അറിയാമല്ലോ; അവരിപ്പോൾ നിങ്ങളുടെ കൂടെത്തന്നെ ഉണ്ട്, അത് വേറെ കാര്യം. അതെല്ലാം നമ്മൾ കണ്ടതാണ്. അങ്ങനെ വികലമായ ചിന്താഗതിയുള്ളവർ സമൂഹത്തിലുണ്ട്. അങ്ങനെയുള്ളവരെ നമ്മൾ ഒറ്റപ്പെടുത്തുക എന്നല്ലാതെ......

ശ്രീ. ഇ. പി. ജയരാജൻ : സർ, പ്രതിപക്ഷത്തുള്ളവരല്ല എന്ന് നിങ്ങൾ പറയുമ്പോൾ ഏത് പക്ഷത്തെന്ന് താങ്കൾക്ക് അറിയാം. ക്ലൂ വേണോ എന്നവരെ താങ്കൾ ചോദിച്ചു. അപ്പോൾ വ്യക്തമായി താങ്കൾക്കറിയാം. ഈ സഭയിൽ താങ്കൾ അത് വ്യക്തമാക്കണം.

ശ്രീ. ഷിബു ബേബി ജോൺ : സർ, നിങ്ങൾ അങ്ങനെ വികല മനസ്സുള്ളവരല്ലെന്ന് എനിക്ക് ഉത്തമ വിശ്വാസമുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ കൂട്ടത്തിൽ ഇരിക്കുന്നവർ അങ്ങനെയുള്ളവരല്ല എന്നുള്ള ഉത്തമ വിശ്വാസം കൊണ്ടാണ് ഇതിനുപിന്നിൽ നിങ്ങളല്ലെന്ന് ഞാൻ പറഞ്ഞത്. അങ്ങനെ വികല മനസ്സുള്ള അല്ലെങ്കിൽ വൃത്തികെട്ട ചിന്താഗതിയുള്ള ആരെങ്കിലുമൊക്കെ ഇതിന്റെ പിന്നിലുണ്ടായിരിക്കും.

ശ്രീ. സി. ദിവാകരൻ : സർ, ഈ സഭയിൽ ഉണ്ടെന്ന് താങ്കൾ പറഞ്ഞല്ലോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, അങ്ങനെ ഞാൻ പറഞ്ഞില്ല. ഈ സഭയിൽ ഉണ്ടെന്നും പറഞ്ഞില്ല, ഇല്ലെന്നും പറഞ്ഞില്ല. രണ്ടും പറഞ്ഞിട്ടില്ല. അതുകൊണ്ട് അക്കാര്യം പറയേണ്ട. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നമുക്ക് ഇത് കണ്ടുപിടിക്കണം. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ഒരു ക്രിമിനലിന്റെ വാക്കിന് ഒരു വിലയും കൽപ്പിക്കേണ്ട, തള്ളിക്കളയേണ്ടതാണ്. .......(ബഹളം)....... അല്ലെങ്കിലും......ഞാൻ എന്റെ കാര്യം പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പ്രതിപക്ഷ നേതാവാണ് സബ്മിഷൻ അവതരിപ്പിച്ചത്. അദ്ദേഹം പറഞ്ഞതിന് മറുപടി നൽകിയാൽ മതി.

ശ്രീ. ഷിബു ബേബി ജോൺ: സർ, അതാണ് പറയുന്നത്.

മി. സ്പീക്കർ: ഞാൻ പറഞ്ഞത് പ്രതിപക്ഷത്തുനിന്ന് വരുന്ന ഉപചോദ്യങ്ങൾക്കെല്ലാം മറുപടി പറയേണ്ട ആവശ്യമില്ല എന്നാണ്.

ശ്രീ. ഷിബു ബേബി ജോൺ : സർ, സാധാരണഗതിയിൽ ഇതൊക്കെ അവഗണിക്കേണ്ടതാണ്, ഇതിനൊരു പ്രസക്തിയുമില്ല. പക്ഷേ ഇങ്ങനെയൊരു പ്രത്യേക സവിശേഷതയിൽ, ഒരിക്കൽപ്പോലും പരിചയമില്ലാത്ത ഒരാൾ ഇത് പറഞ്ഞപ്പോൾ അത് എന്താണെന്ന് അറിയണമെന്ന് ആഗ്രഹമുണ്ട്. അതുകൊണ്ടാണ്

ഞാൻ സോളാർ കമ്മീഷനിൽ കക്ഷിചേരാൻ തീരുമാനിച്ചതും ഇന്നലെത്തന്നെ വക്കീലിനെ ചുമതലപ്പെടുത്തിയതും. കക്ഷി ചേർന്ന് ബാക്കികാര്യങ്ങൾ അവിടെ അന്വേഷിക്കുകയാണ്. പ്രതിപക്ഷനേതാവ് ആവർത്തിച്ച് എന്നോട് ചോദിച്ച പേര് പറയണം, അല്ലെങ്കിൽ അത് തെറ്റാണല്ലോയെന്ന്. ഞാൻ പേര് പറയാം, ഒരു കണ്ടീഷനുണ്ട്. കിളിരൂരിലെ ആ വി.ഐ.പി. ആരാണെന്ന് പ്രതിപക്ഷനേതാവ് പറയുമോ? .....(ബഹളം)....... ഞാനൊന്നും മോശമായിട്ട് പറഞ്ഞില്ലല്ലോ; ഞാനൊന്നും മോശമായിട്ട് പറഞ്ഞില്ല. ........(ബഹളം)....... ചില സാഹചര്യങ്ങളിൽ നമ്മുടെ മനസ്സിൽ ചില സംശയമുണ്ടെങ്കിലും നമ്മൾ പുറത്ത് പറയുകയില്ല. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദനെ മാതൃകയാക്കുകയാണ്. .......(ബഹളം)....... ഞാൻ പ്രകോപിപ്പിക്കാൻ പറഞ്ഞതല്ല. ഞാൻ പറഞ്ഞല്ലോ; ഇതെല്ലാം നമുക്ക് കണ്ടുപിടിക്കണം. കണ്ടുപിടിക്കുമ്പോൾ, എനിക്ക് ഉത്തമ ബോദ്ധ്യം വരുമ്പോൾ, അതാരാണെന്ന് പ്രതിപക്ഷനേതാവിനോട് ഞാൻ തന്നെ പറയാം. പക്ഷേ, ഇപ്പോൾ ഊഹാപോഹം വച്ച് എനിക്ക് പറയാൻ പറ്റുകയില്ല. അതുകൊണ്ട് തീർച്ചയായും അത് കണ്ടുപിടിക്കാനുള്ള ശ്രമമുണ്ടാകും. അതിനെക്കുറിച്ച് എന്തെങ്കിലും വ്യക്തത വരുമ്പോൾ ആ നിമിഷം തന്നെ പ്രതിപക്ഷനേതാവിനെയും പ്രതിപക്ഷത്തുള്ള എല്ലാവരെയും അറിയിക്കുന്നതായിരിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ശ്രീ. ഷിബു ബേബി ജോൺ വസ്തുതയിൽ നിന്ന് ഒളിച്ചോടുകയാണ്. അദ്ദേഹം ഇന്നലെ ഈ സഭയിൽ നടത്തിയ പരാമർശങ്ങൾ അങ്ങ് കേട്ടുകാണും. അതിന്റെ യഥാർത്ഥ വസ്തുതകൾ പറയാൻ തുടങ്ങിയപ്പോൾ രണ്ട് സഹമന്ത്രിമാർ ഇടപെട്ടതിന്റെ ഫലമായി അദ്ദേഹത്തിന്റെ ചിന്ത എങ്ങോട്ടോ പോയി. വാസ്തവത്തിൽ വസ്തുതകൾ എന്താണെന്ന് പറയുകയായിരുന്നില്ലേ വേണ്ടത്? ഈ സഭയോടുള്ള ആദരവ് എന്തെങ്കിലും ഇപ്പോഴും അദ്ദേഹത്തിൽ അവശേഷിക്കുന്നുണ്ടെങ്കിൽ സത്യം പുറത്തുപറയാൻ തയ്യറാകണം.

മി. സ്പീക്കർ : സബ്മിഷന് മറുപടി നൽകുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് ആവശ്യമായ സമയം നൽകി. അദ്ദേഹം അതിന് മറുപടി പറഞ്ഞു. അതിൽ കൂടുതൽ എന്തെങ്കിലും പറയണമെന്ന് ചെയറിന് ആവശ്യപ്പെടാൻ പറ്റില്ല. അത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാമല്ലോ; മന്ത്രിക്ക് സംസാരിക്കാൻ ആവശ്യമുള്ള അത്രയും സമയം നൽകി. മന്ത്രി സംസാരിച്ചുകഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അദ്ദേഹം പറയാനുള്ളത് പൂർത്തീകരിച്ചു എന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?

മി. സ്പീക്കർ: എന്ത് പറയണമെന്ന് തീരുമാനിക്കേണ്ടത് മന്ത്രി തന്നെയാണ്. എന്തുപറയണമെന്ന് ചെയറിന് നിർദ്ദേശിക്കാൻ പറ്റില്ല. .....(ബഹളം).......

ശ്രീ. ഇ. പി. ജയരാജൻ : സർ, ഇന്നലെ ഉന്നയിച്ച കാര്യം സംബന്ധിച്ച് ഒരു വ്യക്തത ഉണ്ടാകണം.

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിച്ചുകഴിഞ്ഞു. അടുത്ത സബ്മിഷന് വിളിക്കുകയാണ്. ബഹുമാനപ്പെട്ട ബി. ഡി. ദേവസ്സി.... ......(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനടുത്ത് വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ, അങ്ങ് സബ്മിഷൻ അവതരിപ്പിക്കുന്നുണ്ടോ? ......(ബഹളം)...... ബഹുമാന്യരായ അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ......(ബഹളം)...... സബ്മിഷനുകൾ റദ്ദ് ചെയ്യുന്നു. മന്ത്രിമാർ അംഗങ്ങൾക്ക് സബ്മിഷനുകൾക്കുള്ള മറുപടികൾ നൽകണം.

11.00 A.M.]

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### (1). ലിസ്റ്റ് I പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(പി) നമ്പർ 10/2015/റ്റി.ഡി. തീയതി 13-1-2015 (എസ്.ആർ.ഒ. നമ്പർ 23/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
2. ജി.ഒ. (പി) നമ്പർ 11/2015/റ്റി.ഡി. തീയതി 13-1-2015 (എസ്.ആർ.ഒ. നമ്പർ 24/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
3. ജി.ഒ.(പി) നമ്പർ 32/2015/റ്റി.ഡി. തീയതി 10-3-2015 (എസ്.ആർ.ഒ. നമ്പർ 121/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
4. ജി.ഒ. (പി) നമ്പർ 33/2015/റ്റി.ഡി. തീയതി 10-3-2015 (എസ്.ആർ.ഒ. നമ്പർ 122/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
5. ജി.ഒ.(ആർറ്റി.) നമ്പർ 2740/2015/ഹോം തീയതി 29-10-2015 (എസ്.ആർ.ഒ. നമ്പർ 741/2015)
6. ജി.ഒ.(ആർറ്റി.) നമ്പർ 2802/2015/ഹോം തീയതി 03.11.2015 (എസ്.ആർ.ഒ. നമ്പർ 742/2015)
7. ജി.ഒ.(ആർറ്റി.) നമ്പർ 2842/2015/ഹോം തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 743/2015)

8. ജി.ഒ.(പി) നമ്പർ 227/2015/ഹോം തീയതി 5-11-2015 (എസ്.ആർ.ഒ. നമ്പർ 779/2015)

9. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

10. പത്തനംതിട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2012-13-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 196/2015/റ്റി.ഡി. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 748/2015)

2. ജി.ഒ. (പി) നമ്പർ 197/2015/റ്റി.ഡി. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 749/2015)

3. ജി.ഒ. (പി) നമ്പർ 198/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 752/2015)

4. ജി.ഒ. (പി) നമ്പർ 199/2015/റ്റി.ഡി. തീയതി 17.11.2015 (എസ്.ആർ.ഒ. നമ്പർ 753/2015)

5. ജി.ഒ. (പി) നമ്പർ 201/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 755/2015)

6. ജി.ഒ. (പി) നമ്പർ 202/2015/റ്റി.ഡി. തീയതി 17.11.2015 (എസ്.ആർ.ഒ. നമ്പർ 756/2015)

7. ജി.ഒ. (പി) നമ്പർ 203/2015/റ്റി.ഡി. തീയതി17-11-2015 (എസ്.ആർ.ഒ. നമ്പർ 757/2015)

III. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 187/2015/റ്റി.ഡി. തീയതി 15-10-2015 (എസ്.ആർ.ഒ.

നമ്പർ 693/2015)

2 ജി.ഒ. (പി) നമ്പർ 188/2015/റ്റി.ഡി. തീയതി 15-10-2015 (എസ്.ആർ.ഒ. നമ്പർ 694/2015)

3. ജി.ഒ. (പി) നമ്പർ 189/2015/റ്റി.ഡി. തീയതി15-10-2015 (എസ്.ആർ.ഒ. നമ്പർ 695/2015)

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2007-08-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി) നമ്പർ 146/2015/കോ-ഓപ്. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 746/2015)

V. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അച്ചടി) നമ്പർ 149/2015/വ്യവ. തീയതി 20-10-2015 (എസ്.ആർ.ഒ. നമ്പർ 733/2015)

2. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(എംഎസ്.) നമ്പർ 223/2015/ഹോം തീയതി 30-10-2015 (എസ്.ആർ.ഒ. നമ്പർ 717/2015)

VII. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അച്ചടി) നമ്പർ 66/2015/തൊഴിൽ തീയതി 10-6-2015 (എസ്.ആർ.ഒ. നമ്പർ 392/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. സ.ഉ. (പി) നമ്പർ 85/2015/എൽ.ബി.ആർ. തീയതി 10-7-2015

(എസ്.ആർ.ഒ. നമ്പർ 475/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. സ.ഉ. (അച്ചടി) നമ്പർ 161/2015/തൊഴിൽ തീയതി 26-10-2015 (എസ്.ആർ.ഒ. നമ്പർ 723/2015).

VIII. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 70/2015/ട്രാൻ. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 740/2015)

IX. നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് (2015-ലെ 17)-ന്റെ തിരുത്തൽ വിജ്ഞാപനം.

(2) ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ് II പ്രകാരമുള്ള കടലാസുകൾ

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1568 എട്ടാം സമ്മേളനത്തിലെ 3002, ഒൻപതാം സമ്മേളനത്തിലെ 2960, പത്താം സമ്മേളനത്തിലെ 1484, 3248, പതിനൊന്നാം സമ്മേളനത്തിലെ 1331, 2996, 3000, 5846, 7298, 7317, പതിമൂന്നാം സമ്മേളനത്തിലെ 1404, 1444, 3012, പതിനാലാം സമ്മേളനത്തിലെ 1373, 2668, 4051 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4150, 5409 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 1478, പന്ത്രണ്ടാം സമ്മേളനത്തിലെ 3470, പതിമൂന്നാം സമ്മേളനത്തിലെ

1532, 1555, 1560, 1561, 3101, 3112, പതിനാലാം സമ്മേളനത്തിലെ 5443, 5449, 5460, 5464, 5471, 5482 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

4. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6285, എട്ടാം സമ്മേളനത്തിലെ 3682, പത്താം സമ്മേളനത്തിലെ 3410, 4938, പതിമൂന്നാം സമ്മേളനത്തിലെ 1680, 1700, 3255 പതിനാലാം സമ്മേളനത്തിലെ 2792, 4300, 4326, 5567 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VIII റിപ്പോർട്ട് സമർപ്പണം

### പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാലും പതിനഞ്ചും റിപ്പോർട്ടുകൾ

ശ്രീ. സി. മമ്മൂട്ടി : സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാലും പതിനഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനടുത്ത് വന്ന് നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി നാലാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(........ബഹളം.............)

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, ഓട്ടിസം ബാധിച്ച നിരാശ്രയ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിന് ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ. ആണ് നോട്ടീസ് നൽകിയിട്ടുള്ളത്. ഓട്ടിസം ബാധിച്ചവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നാഷണൽ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള കേന്ദ്ര നിയമം നിലവിലുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ഏജൻസിയും കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

Persons with Disabilities Act-ൻ കീഴിൽ Early Intervention Centre with Treatment & training, Special School, Vocational Training Centre, Care Home including life long care centres, Day Care Centres തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിനും എൻ.ജി.ഒ. സെക്ടറിൽ ഉള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ചട്ടങ്ങൾ തയ്യാറാക്കിവരുന്നുണ്ട്. ഇത് നിലവിൽ വരുന്നതോടുകൂടി ഓട്ടിസം ബാധിച്ചവർക്ക് മെച്ചപ്പെട്ട സേവനം ചെയ്തുകൊടുക്കുവാൻ കഴിയുന്നതാണ്. വീടുകളിൽ കഴിയുന്ന ഇത്തരം ആളുകളെ പരിചരിക്കുന്നവർക്ക് വേണ്ടി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന 'ആശ്വാസകിരണം പദ്ധതി' നടപ്പിലാക്കിവരുന്നു. എൻ.ജി.ഒ. പാർട്ട്ണർ ഷിപ്പോടുകൂടി ഈ മേഖലയിൽ life long care-നുവേണ്ടി കൂടുതൽ ഭവനങ്ങൾ ആരംഭിക്കുന്നതിന് എൻ.ജി.ഒ. പോളിസി ഉത്തരവായിട്ടുണ്ട്. കൂടാതെ ഓട്ടിസം

ബാധിതരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 5 കോടി രൂപ SID മുഖേന നീക്കിവച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ "2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ" രൂപീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(........ബഹളം.............)

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഓട്ടിസം ബാധിച്ചവരെ സഹായിക്കുന്ന കാര്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓട്ടിസം രോഗവും അതുമൂലം ഉണ്ടാകുന്ന കടബാദ്ധ്യതയും അനാഥത്വവും ഏറ്റുവാങ്ങി ജീവിതം വഴിമുട്ടുന്ന കുടുംബങ്ങളിലെ വ്യക്തികളും കുടുംബമൊന്നാകെയും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ പെരുകിവരികയാണ്. തങ്ങളുടെ മരണശേഷം കുട്ടികളെ ആരും സംരക്ഷിക്കുകയില്ലെന്ന് കരുതി പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തിയാണ് മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്നത്. സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും സംരക്ഷണവും സുരക്ഷിതത്വവും സർക്കാരിന്റെ ചുമതലയിലായതിനാൽ ഇത്തരം കുടുംബങ്ങളുടെ സംരക്ഷണവും ബാധ്യതയും ഏറ്റെടുക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഇത്തരം കുടുംബങ്ങൾ ഉൾപ്പെടുന്ന സമൂഹത്തിനും ഈ ഉത്തരവാദിത്വത്തിൽ നിന്നും മാറിനിൽക്കാൻ കഴിയില്ല. ഓട്ടിസം ബാധിതരായ കുട്ടികളെ കഴിവതും മുഖ്യധാരാ സ്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ സാഹചര്യമൊരുക്കേണ്ടതും അനിവാര്യമാണ്. ഇപ്പോൾ നിലവിലുള്ള പല പദ്ധതികളും കുടുംബങ്ങൾക്ക് പൂർണ്ണമായി ആശ്രയം നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇതിനാവശ്യമായ പ്രത്യേക പദ്ധതിയും നിയമവും നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സമൂഹത്തിൽ ഏറെ വെല്ലുവിളികൾ ഉയർത്തുന്ന ഒന്നാണ് ഓട്ടിസം. തലച്ചോറിന്റെ ജൈവഘടനയിലെ അസാധാരണമായ അവസ്ഥയാണ് ഓട്ടിസം. അത് സാധാരാണ കുട്ടികളിൽ നിന്നും വ്യത്യസ്തമായി ചില കുട്ടികളിലെ തലച്ചോറിന്റെ ജൈവഘടന അസാധാരണമാംവിധം വ്യത്യാസപ്പെട്ടിരിക്കുകയാണ്. ആജീവനാന്തം നിലനിൽക്കുന്ന ഈ അസാധാരണാവസ്ഥ ജന്മനാൽ പ്രകടമാകാം. അല്ലെങ്കിൽ 23 വയസ്സിനുള്ളിൽ പ്രകടമാകാം. ഈ അസാധാരണമായ അവസ്ഥയുടെ യഥാർത്ഥ കാരണം പൂർണ്ണമായും കണ്ടെത്തുവാൻ ശാസ്ത്ര സമൂഹത്തിന് ഇന്നും കഴിഞ്ഞിട്ടില്ല.

(ചർച്ച തുടരും)

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(……..ബഹളം.............)

<u>മി. സ്പീക്കർ:</u> പ്ലീസ്...... പ്ലീസ്....... ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ശ്രീ. ടി. എൻ. പ്രതാപൻ അങ്ങേക്ക് പ്രസംഗം അടുത്ത ദിവസം തുടരാവുന്നതാണ്. ബഹളത്തിനിടയിൽ സഭ നടത്തി കൊണ്ടുപോകാൻ സാദ്ധ്യമല്ല. അതുകൊണ്ട് സഭ പിരിയുകയാണ്.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.10-ന് പിരിഞ്ഞു.)